

# ദുആ സ്വീകാര്യതയുടെ രഹസ്യം

റശീദുദ്ദീൻ ഖാൻ

Scanned by CamScanner

U. Basheer. Ahmed. Manjeshwar

# ദുആ സ്വീകാര്യതയുടെ രഹസ്യം


ഗ്രന്ഥകർത്താവ്:

**റശീദുദ്ദീൻ ഖാൻ**

വിവർത്തകൻ :

**മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ**



പ്രസാധകൻ:

**സി. സലീം അഹ്മദ്**

പഴയങ്ങാടി.

വിതരണം:

**അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്**

**P. O. പഴയങ്ങാടി - കണ്ണൂർ ജില്ല.**


Scanned by CamScanner

**DU'A SWIKARYATHAYUDE RAHASSYAM**

| | |
|---|---|
| Author : | **RASHEEDUDHEEN KHAN** |
| Translated by : | MOULAVI MOHAMMAD ISMAIL, Alleppy |
| Published by : | C. SALEEM AHMED (Payangadi, Kannur Dist) |
| Printed by : | **Wisdom Printers**, Phone: 64498 **Royal Agency**, Kannur - 670 001. |
| Copies : | 2500 March 1993 |
| Distribution : | Ahmadiyya Muslim Jama-ath, Payangadi, Kannur Dist. |
| Price : | Rs. 10/- Reduced Rate Rs. 5/- |


Scanned by CamScanner

# പ്രസ്താവന

ഈ പ്രസിദ്ധീകരണം എന്റെ ഒരു നേർച്ചയാണ്. ഞാനിതിനെ പരേതാത്മാവായ എന്റെ വന്ദ്യപിതാമഹൻ മൗലവി മൂസാൻകുട്ടി സാഹിബിന്റെ പാവനസ്മരണക്ക് മുമ്പിൽ അർപ്പിക്കുകയാണ്. വന്ദ്യനായ പിതാമഹൻ, വാഗ്ദത്ത മസീഹായി അവതരിച്ച ഹ: അഹ്മദ് (അ) ൽ സത്യം കണ്ടെത്തുകയും അഹ്മദിയ്യാ പ്രസ്ഥാനത്തിൽ ഉറച്ചു നില്ക്കുകയും അതിനുവേണ്ടി പോരാടുകയും ചെയ്തുകൊണ്ടാണ് കാലഗതി പ്രാപിച്ചത്. തൽഫലമായിട്ടാണ് ഞങ്ങളുടെ ഒരു വലിയ കുടുംബത്തിന്ന് ഹ: അഹ്മദ് (അ) ന്റെ അനുയായികളാവാൻ ഭാഗ്യമുണ്ടായത്. അനുവാചക സുഹൃത്തുക്കൾക്ക് അദ്ദേഹത്തെ സ്വല്പമൊന്നു പരിചയപ്പെടുത്തുന്നത് അനുചിതമായിരിക്കയില്ലെന്ന് കരുതുന്നു.

പഴയങ്ങാടിക്കടുത്തുള്ള മടക്കര സ്വദേശിയായ മൂസാൻകുട്ടി സാഹിബ് കേരളത്തിലെ ത്യാഗധനരായ ആദ്യകാല അഹ്മദികളിൽ ഒരാളായിരുന്നു. ഖാദിരിയ്യാ ത്വരീഖത്തിന്റെ പ്രചാരകനായി വർത്തിച്ചിരുന്ന മർഹൂം മൂസാൻകുട്ടി സാഹിബ്, അഹ്മദിയ്യത്ത് സ്വീകരിച്ചതു നിമിത്തം സഹിക്കേണ്ടിവന്ന യാതനകളും കഷ്ടപ്പാടുകളും വർണനാതീതമാണ്. പക്ഷേ, ആ ദുരിതങ്ങളും കഷ്ടപ്പാടുകളും അദ്ദേഹത്തിന്റെ സത്യവിശ്വാസത്തിന് മൂർച്ചയും ദാർഢ്യവും കൂട്ടുകയേ ചെയ്തിരുന്നുള്ളൂ. 1911-ൽ തന്റെ സീമന്തപുത്രനായ ജനാബ് സി. അഹ്മദ് സാഹിബിനെയും കൂട്ടി ഖാദിയാനിലെത്തിയ മൂസാൻകുട്ടി സാഹിബ് മകനെ അവിടത്തെ മദ്റസ്സ അഹ്മദിയ്യായിൽ ചേർക്കുകയുണ്ടായി. ഒരു കൊല്ലം കഴിഞ്ഞപ്പോഴേക്കും ജ്വരബാധ നിമിത്തം മകൻ കിടപ്പിലായി. രോഗം ചികിത്സകൊണ്ടൊന്നും വഴങ്ങാതിരുന്നപ്പോഴും, ഒന്നാം ഖലീഫ ഹസ്രത്ത് അല്ലാമാ ഹക്കീം നൂറുദ്ദീൻ സാഹിബ് [റ] സ്വദേശത്തേക്ക് മടങ്ങിപ്പോകുന്നതിനുള്ള അനുവാദം അവർക്ക് നല്കി. അതനുസരിച്ച് അദ്ദേഹം പുത്രനേയും കൂടി നാട്ടിൽ തിരിച്ചെത്തുകയും ചെയ്തു. നാട്ടിലെത്തി അധികം താമസിയാതെ പഴയങ്ങാടിക്കടുത്ത് മാങ്കടവിലുള്ള മാതൃഗൃഹത്തിൽ വച്ച് മകൻ നിര്യാതനായി.



Scanned by CamScanner

പുത്രന്റെ മരണശേഷം ജനാബ് മൂസാൻകുട്ടി സാഹിബിന് ബന്ധുമിത്രാദികളുടെ ശത്രുത സഹിക്കാനാവാതെ നാടും വീടും വിടേണ്ടിവന്നു. പഴയങ്ങാടിയിലും കണ്ണൂരിലുമായി ചില സുഹൃത്തുക്കളുടെ സഹായത്തോടെ കുറച്ചു നാൾ അദ്ദേഹം കഴിഞ്ഞുകൂടി. കണ്ണൂരിൽ മർഹൂം ജനാബ് കണ്ടത്തിൽ സയ്ദാറകത്ത് ഹസ്സൻ സാഹിബും പഴയങ്ങാടിയിൽ മർഹൂം ജനാബ് സീരെ വീട്ടിൽ കുഞ്ഞഹ്മദ് സാഹിബും അദ്ദേഹത്തിന്റെ വലിയ സഹായികളായിരുന്നു.

1914 ൽ പഴയങ്ങാടിയിലെ കുളംകര ജുമുഅത്ത് പള്ളിയിൽ മദ്രസ്സാധ്യാപകനായി മൂസാൻകുട്ടി സാഹിബിന് ജോലി ലഭിച്ചപ്പോൾ, മാങ്കടവിലുണ്ടായിരുന്ന ഭാര്യാമക്കളെ പഴയങ്ങാടിയിൽ കൊണ്ടുവരാനായി അദ്ദേഹം ഒരു ശ്രമം നടത്തി നോക്കിയെങ്കിലും, ഭാര്യവീട്ടുകാരുടേയും നാട്ടുകാരുടേയും അതികഠിനമായ എതിർപ്പുമൂലം ശ്രമം വിജയിച്ചില്ല. പക്ഷേ, പഴയങ്ങാടിയിലെ രണ്ടു സാഹസിക സുഹൃത്തുക്കൾ സീരെ വളപ്പിൽ-ഇരുമ്പൻ-അബ്ദുല്ലാഹ് സാഹിബും തായലെ പുരയിൽ-മാമ - ഖാദിർക്കയും അദ്ദേഹത്തിന്റെ സഹായത്തിനെത്തി. ഇവർ രണ്ടുപേരും അക്കാലത്ത് കച്ചവടച്ചരക്കുമായി വഞ്ചിയിൽ യാത്രചെയ്യാറുണ്ടായിരുന്നു. ഒരു രാത്രി, അവർ മാങ്കടവ് പുഴയിലൂടെ പഴയങ്ങാടിയിലേക്ക് മടങ്ങവേ, അസാധാരണമായ ധീരത പ്രദർശിപ്പിച്ചുകൊണ്ട് മൂസാൻകുട്ടി സാഹിബിന്റെ ഭാര്യയെയും മക്കളെയും തങ്ങളുടെ വഞ്ചിയിൽ പഴയങ്ങാടിയിലെത്തിക്കുകയുണ്ടായി. അങ്ങനെ മൂസാൻകുട്ടി സാഹിബ് പഴയങ്ങാടിയിൽ സന്തുഷ്ട കുടുംബ ജീവിതം നയിച്ചുപോന്നു. 1921-ൽ പഴയങ്ങാടിയിൽ സ്ഥാപിതമായ അഹ്മദിയ്യാ മദ്റസ്സയിലെ ഒന്നാമത്തെ അധ്യാപകനായി നിശ്ചയിക്കപ്പെട്ട മൂസാൻകുട്ടി സാഹിബ് അനവധി ശിഷ്യ സമ്പത്തിനുടമയായിരിക്കെ, 1933-ൽ ഇഹലോകവാസം വെടിഞ്ഞു.

മർഹൂം ജനാബ് മൂസാൻകുട്ടി സാഹിബിന്, അകാലചരമം പ്രാപിച്ച സി. അഹ്മദ് സാഹിബടക്കം നാലു പുത്രന്മാരും ഒരു പുത്രിയുമാണുണ്ടായിരുന്നത്. പുത്രി മർഹൂമ സി. റുഖിയ്യാ സാഹിബ വാഗ്ദത്തമസീഹിന്റെ സ്വഹാബിയായിരുന്ന ഹസ്റത്ത് ഡോ. മുഫ്തി മുഹമ്മദ് സാദിഖ് സാഹിബിന്റെ ഭാര്യയായിരുന്നു. അവർ 6-1-91 ന്



Scanned by CamScanner

കറാച്ചിയിൽ നിര്യാതയായി റബ്‌വയിലെ ബിഹിശ്‌തീ മഖ്ബറയിൽ അന്ത്യംവിശ്രമംകൊള്ളുന്നു. അദ്ദേഹത്തിന്റെ പുത്രന്മാരിൽ, എന്റെ വന്ദ്യപിതാവ് സി. അബ്ദുറഹിം സാഹിബും അനുജൻ അബ്ദുൽ ഖുദ്ദൂസ് സാഹിബും ഈ ലോകത്തില്ല. കനിഷ്ഠപുത്രൻ പഴയങ്ങാടി ജമാഅത്തിന്റെ ഇപ്പോഴത്തെ അമീറും കേരള അഹ്‌മദിയ്യാ സംസ്ഥാന സമിതിയുടെ ധനകാര്യ ദശിയുമായ ജനാബ് സി. കുഞ്ഞബ്ദുല്ലാഹ് സാഹിബാണ്. ഈ സന്താന പരമ്പരയിൽ ഏതാണ്ട് 125 പേർ അഹ്‌മദികളായി ജീവിച്ചിരിപ്പുണ്ട്.

പരലോകപ്രാപ്തരായ എന്റെ വന്ദ്യപിതാമഹൻ മൗലവി മൂസാൻകുട്ടി സാഹിബ്, പിതൃസഹോദരന്മാരായ അഹ്‌മദ് സാഹിബ്, എന്റെ വന്ദ്യപിതാവ് അബ്ദുർറഹിം സാഹിബ്, അബ്ദുൽ ഖുദ്ദൂസ് സാഹിബ്, പിതൃസഹോദരി റുഖിയാ ബീഗം സാഹിബ എന്നിവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും അവരുടെ ആത്മാക്കൾക്ക്‌വേണ്ടി പ്രാർത്ഥിക്കുവാൻ അനുവാചകരോട് ഞാൻ അഭ്യർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

ഈ പുസ്തകത്തിന്റെ അച്ചടിയും വിതരണവും ഏറ്റെടുത്തിരിക്കുന്നത് എന്റെ വന്ദ്യപിതൃവ്യൻ ജ: സി. കുഞ്ഞബ്ദുല്ലാഹ് സാഹിബാണ്. ഇത് സൗജന്യമായി വിതരണം ചെയ്യുവാനാണ് ഉദ്ദേശിച്ചിരുന്നത്. പക്ഷേ, ഇതിന്റെ മൊത്തം പ്രസിദ്ധീകരണച്ചെലവിന്റെ പകുതി സംഖ്യ വിലവെച്ച് വിതരണം ചെയ്യാമെന്നും അതിലൂടെ ലഭ്യമാകുന്ന തുക പഴയങ്ങാടി ജമാഅത്തിന്റെ ഇശാഅത്ത് ഫണ്ടിലേക്ക് സംഭാവന ചെയ്യാമെന്നുമുള്ള എന്റെ പിതൃവ്യന്റെ നല്ല അഭിപ്രായത്തെ ഞാൻ സാദരം സ്വീകരിച്ചിരിക്കുകയാണ്. എങ്ങനെയായാലും ഇതൊരു സംഭാവനയായിത്തന്നെ പരിഗണിക്കപ്പെടുമല്ലോ. ഈ തർജ്ജമോപഹാരം സത്യവിശ്വാസികൾക്ക് മാർഗ്ഗദീപമായി തീരുമാറാകട്ടെ. ആമീൻ.

ജനാബ് ചൗദരി റശീദുദ്ദീൻ ഖാൻ സാഹിബ് ഉർദുവിൽ എഴുതിയ മൂലകൃതിയുടെ ഈ തർജ്ജമ നിർവഹിച്ചുതന്ന ജ: മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബിന്ന് എന്റെ ഹൃദയംനിറഞ്ഞ നന്ദി ഞാനിവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

ദുബായി,
1—1—93.

**സി. സലീം അഹ്‌മദ്**



Scanned by CamScanner

# വിവർത്തക കുറിപ്പ്

ദൈവസാമീപ്യം കരസ്ഥമാക്കിയ അസംഖ്യം മഹാത്മാക്കൾ ഈ ലോകത്ത് കടന്നു കഴിഞ്ഞിട്ടുണ്ട്. ആത്മീയ നഭോമണ്ഡലത്തിൽ തങ്ങൾക്ക് അനുഭവവേദ്യമായിട്ടുള്ള കാര്യങ്ങൾ അവർ രേഖപ്പെടുത്തി; മറ്റുള്ളവരും ആ പരമാനന്ദം രുചിച്ചറിയുന്നതിനുവേണ്ടി. അവർ തെളിച്ച വഴിയിലൂടെ പ്രയാണം ചെയ്യുന്ന മനുഷ്യന് അതു ലഭിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അത്തരം ചില മഹാത്മാക്കളുടെ അനുഭവവേദ്യ കാര്യങ്ങളാണ് ഈ ലഘുകൃതിയിൽ സമാഹരിച്ചിട്ടുള്ളത്.

വന്ദ്യനായ റശീദ്ദീൻ ഖാൻ സാഹിബ് ഫയ്സലാബാദി, ഉർദുവിൽ എഴുതിയ 'ഖബൂലിയത്തെ ദുആ കെ റാസ്' എന്ന ഗ്രന്ഥത്തിന്റെ പരിഭാഷയാണ് ദുആ സ്വീകാര്യതയുടെ രഹസ്യം. ആശയം ചോർന്നു പോവാതിരിക്കാൻ കഴിയുന്നത്ര ശ്രമിച്ചിട്ടുണ്ട്. പരിപൂർണമായും അതിൽ വിജയിച്ചിട്ടുണ്ടെന്നു ഞാൻ അവകാശപ്പെടുന്നില്ല. ഇതിലെന്നെ സഹായിച്ചത് ജനാബുമാർ മൗലവി മുഹമ്മദ് അബുൽവഫാ സാഹിബ്, ബി. എം. കോയ സാഹിബ്, പ്രൊഫ. ബി. മഹ്മൂദ് അഹ്മദ് സാഹിബ്, സി. എച്ച്. അബ്ദുശ്ശുക്കൂർ സാഹിബ് എന്നിവരാണ്. എന്റെ ആത്മസഹോദരൻ ജനാബ്. സി. സലീം അഹ്മദ് പഴയങ്ങാടിയാണ് ഇതിന്റെ പ്രസിദ്ധീകരണച്ചെലവ് വഹിക്കുന്നത്. ഇവർക്കെല്ലാം ഇരുലോകങ്ങളിലും അല്ലാഹു വിജയം പ്രദാനം ചെയ്യട്ടെ ആമീൻ.

വിനീതൻ,

**മുഹമ്മദ് ഇസ്മായീൽ, ആലപ്പി.**

---

ഇത് പ്രസിദ്ധം ചെയ്യാനുള്ള അനുവാദവും, ആശീർവ്വാദവും ദുആയും ഹ. ഖലീഫത്തുൽ മസീഹ് IV, മിർസാ താഹിർ അഹമദ് സാഹിബും, സുബാഉ അമീർ ഡോ: മൻസൂർ അഹമ്മദ് സാഹിബും നല്കിയിട്ടുണ്ട്.

പ്രസാധകൻ.

Scanned by CamScanner

بسم الله الرحمن الرحيم

# ദുആയുടെ സ്വീകാര്യത

നമ്മുടെ പ്രിയങ്കരനായ ഇമാം ഹസ്റത്ത് ഖലീഫത്തുൽ മസീഹ് [സാലിസ്] ഒരു ഖുത്ബഃയിൽ ജമാഅത്തിനെ ഉപദേശിച്ചുകൊണ്ടു പറഞ്ഞു.

''പ്രാർഥന കൂടാതെ ജീവിതത്തിനു് ഒരു രസവുമില്ല.''

ഈ പ്രസ്താവമറിഞ്ഞപ്പോൾ സർവപ്രവർത്തനങ്ങളേയും ചൂഴ്ന്നുനില്ക്കുന്ന പ്രാർഥന എന്ന ആ അതിമഹത്തായ വിഷയം സംബന്ധിച്ച് പലേടങ്ങളിലുമായി ചിതറിക്കിടക്കുന്ന ഭണ്ഡാരത്തെ ഒരിടത്ത് ഒരുമിച്ചുകൂട്ടണമെന്ന ആഗ്രഹം എനിക്കുണ്ടായി. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും മസീഹുമൗഊദിന്റേയും പിന്നീടുള്ള ഖലീഫമാരുടേയും പ്രാർഥന സംബന്ധിച്ചുള്ള ഉപദേശങ്ങൾ നമ്മുടെ അകക്കാമ്പുകളിൽ അനുഗ്രഹവർഷമായിമാറുന്നതിനു് അല്ലാഹു നമ്മെ സഹായിക്കട്ടെ. ആ സർവലോക സ്രഷ്ടാവിന്റെ അപാരമായ സ്നേഹവിശേഷത്തെ പ്രാർഥനയുടെ ശക്തിയിലൂടെ സമ്പൂർണമായി സ്വരൂപിച്ച് നമ്മുടെ ജീവിതത്തെ ധന്യമാക്കുന്നതിനും, നമ്മുടെ രക്ഷിതാവിന്റെ അത്യുന്നതമായ സിംഹാസനത്തെ പിടിച്ചുകുലുക്കുമാറ് അവന്റെ തിരുസന്നിധിയിൽ സാഷ്ടാംഗം പ്രണമിക്കുന്നതിനും, നമുക്ക് നമ്മുടെ നാഥനോടുള്ള അനുപമമായ സ്നേഹത്തിന്റെ മുമ്പിൽ മാലാഖമാർപോലും അത്ഭുതപ്പെടുമാറാകുന്നതിനും സർവലോക പരിപാലകനായ, സ്നേഹവായ്പിനാൽ സർവരേയും സംരക്ഷിക്കുന്നവനായ നമ്മുടെ രക്ഷിതാവിന്റെ മുമ്പിൽ രാത്രിയുടെ നിശബ്ദയാമങ്ങളിൽ നമുക്ക് നിരുദ്ധകണ്ഠരായി പ്രാർഥിക്കാം. സർവലോക സ്രഷ്ടാവായ അല്ലാഹു നമുക്കുനേരെ തിരിയുമാറാകട്ടെ. അവൻ തന്റെ അപാരമായ സ്നേഹവാത്സല്യത്തിന്റെ മടിത്തട്ടിൽ



Scanned by CamScanner

നമ്മെയേയും നമ്മുടെ സന്താനങ്ങളേയും ഇരുത്തുകയും അവാച്യമായ ആനന്ദം പ്രദാനം ചെയ്യുകയും ചെയ്യട്ടെ. ആ അലൗകികമായ മടിത്തട്ടിൽനിന്ന് നിമിഷാർദ്ധഭാഗംപോലും നമ്മെ അകററാതിരിക്കട്ടെ. അവനെ നമുക്കെപ്പോഴും ആവശ്യമുണ്ട്. അവനില്ലെങ്കിൽ അവന്റെ സാന്നിദ്ധ്യം അതീവഹൃദ്യമായി നമുക്കനുഭവപ്പെടുന്നില്ലെങ്കിൽ നാം നഷ്ടപ്പെട്ടവരായിത്തീരും.

ഈ വിഷയത്തിന്റെ വിശദാംശങ്ങളിലേക്ക് ക്രമത്തിൽ കടക്കുന്നതിനുമുമ്പേ നമ്മുടെ ദൈവം ജീവനുള്ളവനാകുന്നുവെന്ന് നമുക്ക് ബോധ്യമുണ്ടാകേണ്ടതാണ്. അഥവാ ദൈവത്തിന്റെ അസ്തിത്വം തെളിയിക്കപ്പെടേണ്ടതാണ്. 'പ്രാർത്ഥന കൂടാതെ ജീവിതത്തിന് ഒരു രസവുമില്ല' എന്ന പ്രസ്താവത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക നമ്മുടെ നാഥനോട് പ്രാർത്ഥിക്കേണ്ട ആവശ്യകത സ്ഥാപിതമാകണം. പിന്നീട് പ്രാർത്ഥിക്കേണ്ട രീതിയും മനുഷ്യപുരോഗതിയുടെ രഹസ്യമായ 'ദുആ സ്വീകാരത്തിന്റെ രഹസ്യവും' വിവരിക്കപ്പെടണം.

## വിശുദ്ധ ഖുർആനിൽ നിന്നൊരു ദൃശ്യം.

വിശുദ്ധ ഖുർആൻ ഹൃദയാവർജകമായൊരു ദൃശ്യം വിവരിക്കുന്നു; ഹസ്റത്ത് ഇബ്റാഹീം അലയ്ഹിസ്സലാം തന്റെ നാഥനെ അന്വേഷിക്കുന്ന ദൃശ്യം.

ഒരു ദിവസം ''രാത്രി അദ്ദേഹത്തിന്റെ മേൽ ഇരുട്ടുമൂടിയപ്പോൾ അദ്ദേഹം ഒരു നക്ഷത്രം കണ്ടു. അത് കണ്ടിട്ട്'' അദ്ദേഹം പറഞ്ഞു. 'ഇതെന്റെ നാഥനാകാൻ സാധ്യതയുണ്ടോ?' പിന്നീട് അത് അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. 'അസ്തമിക്കുന്നതിനെ ഞാനിഷ്ടപ്പെടുന്നില്ല.' പിന്നീടൊരിക്കൽ ചന്ദ്രൻ പ്രകാശത്തോടെ ഉദിച്ചതുകണ്ടപ്പോൾ അദ്ദേഹം പറഞ്ഞു. 'ഇതെന്റെ നാഥനാകാൻ സാധ്യതയുണ്ടോ?' പിന്നെ അത് അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. 'എന്റെ നാഥൻ എനിയ്ക്ക് നേർമാർഗം കാണിച്ചില്ലെങ്കിൽ ഞാൻ വഴിപിഴച്ചവരുടെ സംഘത്തിൽപ്പെട്ടവനായിപ്പോകുമായിരുന്നു.' മറെറാരിക്കൽ സൂര്യൻ പ്രകാശിച്ചുയർന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു. 'ഇതായിരിക്കുമോ എന്റെ നാഥൻ? ഇത് എല്ലാററിനെക്കാളും വലുതെന്ന കാര്യത്തിൽ സംശ



Scanned by CamScanner

യമില്ല.' എന്നാൽ അതും അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. 'എൻെറ ജനമേ, തീർച്ചയായും നിങ്ങൾ [അല്ലാഹുവിന്] പങ്കാളികളെ നിശ്ചയിക്കുന്നതിൽനിന്ന് ഞാൻ വിരക്തനാകുന്നു. നിശ്ചയമായും എല്ലാ ദോഷമാർഗങ്ങളിൽ നിന്നും രക്ഷപ്പെട്ട് ഋജുമാനസനായിക്കൊണ്ട് ആകാശങ്ങളേയും ഭൂമിയേയും സൃഷ്ടിച്ചവനായ [അല്ലാഹുവിൻെറ] നേരെ ഞാനെൻെറ മുഖം തിരിച്ചിരിക്കുന്നു. ഞാൻ അല്ലാഹുവിനോട്, അവന് പങ്കാളികളെ ചേർക്കുന്നവരിൽപ്പെട്ടവനല്ല''. [അൻആം 77–80].

വീണ്ടും പറയുന്നു.

അവരുടെ ദൂതൻമാർ അവരോട് പറഞ്ഞു. ''ആകാശങ്ങളേയും ഭൂമിയേയും സൃഷ്ടിച്ചവനായ അല്ലാഹുവിൻെറ കാര്യത്തിൽ നിങ്ങൾ സംശയാലുക്കളാണോ? അവൻ നിങ്ങളെ വിളിക്കുന്നത് നിങ്ങളുടെ പാപങ്ങളിൽ ചിലത് പൊറുത്തുതരുവാനും ഒരു നിശ്ചിത അവധിവരെ നിങ്ങൾക്ക് അവസരം നീട്ടിതരുവാനുമാണ്.'' [ഇബ്റാഹീം 11]

## നിർമിതിയുടെ രഹസ്യം:

ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്, മസീഹ്മൗഊദ് അലയ്ഹിസ്സലാം പറയുന്നു.

''ആകാശങ്ങളേയും ഭൂമിയേയും സൃഷ്ടിച്ചവനായ അല്ലാഹുവിൻെറ അസ്തിത്വത്തിൽ സംശയിക്കാൻ പാടുള്ളതാണോ? നോക്കൂ! നിർമിതത്തെ കണ്ടുകൊണ്ട് നിർമാതാവിനെ അംഗീകരിക്കേണ്ടതായി വരുമെന്നുള്ളത് ലളിതവും സൂക്ഷ്മവുമായൊരു കാര്യമല്ലേ? ഭംഗിയുള്ള ചെരിപ്പോ തുകൽപെട്ടിയോ കണ്ടാൽ അത് നിർമിക്കുന്നതിന് നിർമാതാവ് ആവശ്യമുണ്ടെന്ന കാര്യം ഉടനെ സമ്മതിക്കേണ്ടതായിവരും. അത്ഭുതം, അത്ഭുതം! ഇതാണ് വാസ്തവമെങ്കിൽ, അല്ലാഹുവിൻെറ അസ്തിത്വത്തെ നിഷേധിക്കുവാൻ എങ്ങനെ സാധിക്കും. ആയിരക്കണക്കിന് വ്യത്യസ്ത വസ്തുക്കളുടെ സമാഹാരങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്ന, ആകാശങ്ങളുടേയും ഭൂമിയുടേയും നിർമാതാവിൻെറ അസ്തിത്വത്തെ എങ്ങനെ നിഷേധിക്കാൻ കഴിയും?'' [മൽഫൂസാത്ത് വാള്യം 1 പേ. 52]



Scanned by CamScanner

## ബദ്‌വിയുടെ മൊഴി

ഒരു ബദ്‌വിയുടെ നിഷ്‌കളങ്കമായ മൊഴി ഹസ്‌റത്ത് മിർസാ ബശീർ അഹ്‌മദ് റളിയല്ലാഹു അൻഹു ഇങ്ങനെ രേഖപ്പെടുത്തുന്നു.

''അറേബ്യയിലെ ബദ്‌വിയുടെ ഒരു മൊഴിയുണ്ട്. ആരോ അദ്ദേഹത്തോട് ഒരിക്കൽ ചോദിച്ചു. 'ദൈവം ഉണ്ടെന്നുള്ളതിന് നിൻെറ പക്കൽ വല്ല തെളിവുമുണ്ടോ?' ബദ്‌വി പറഞ്ഞു. ''ഏതെങ്കിലുമൊരു വ്യക്‌തി വിജനപ്രദേശത്തുടെ നടന്നുപോകുമ്പോൾ ഒട്ടകത്തിൻെറ വിസർജിതവസ്തു കണ്ടാൽ, ആ സ്ഥലത്തുടെ ഒരൊട്ടകം കടന്നുപോയിട്ടുണ്ടെന്ന് അയാൾ മനസ്സിലാക്കുന്നു. മണലാരണ്യത്തിൽ ആരുടെയെങ്കിലും കാല്‌പാടുകൾ കണ്ടാൽ വഴിയാത്രക്കാരൻ അതിലെ കടന്നുപോയിട്ടുണ്ടെന്നും അയാൾ കരുതുന്നു. അപ്പോൾ വിശാലമായ ജനപദങ്ങളോടുകൂടിയ ഈ ഭൂമിയും സൂര്യചന്ദ്രനക്ഷത്രാദികൾ ഉൾക്കൊള്ളുന്ന ഈ ആകാശവും കാണുമ്പോൾ ഇതിനേയും നിർമിച്ചിട്ടുള്ള ഒരു ശക്തി ഉണ്ടായിരിക്കാമെന്നുള്ള ചിന്ത നിങ്ങളിൽ ജനിക്കുന്നില്ലേ?'' [ഹമാര ഖുദാ പേജ്. 52]

## ഇസ്‌ലാമിൻെറ ദൈവം

ഹസ്‌റത്ത് മസീഹ്‌മൗഊദ് അലൈഹിസ്സലാം പറയുന്നു.

''ആവശ്യങ്ങളെന്താണെങ്കിലും അവനോട് ചോദിക്കണം. അവനൊഴികെ മറ്റുള്ള വസ്തുക്കളോട് ഏതൊരു കൂട്ടർ തങ്ങളുടെ ആവശ്യങ്ങൾ ചോദിക്കുന്നുവോ, അവ അവരുടെ പ്രാർഥനക്ക് ഒരുത്തരവും നല്കുന്നില്ല. അതിനുള്ള ഒരു ഉദാഹരണമിതാണ്. ആരെങ്കിലും വെള്ളത്തിനുനേരെ കൈനീട്ടി 'ഓ, വെള്ളമേ, നീ എൻെറ വായിൽ വരൂ' എന്ന് പറയുകയാണെന്നിരിക്കട്ടെ. ആരുടെയെങ്കിലും ശബ്‌ദംകേട്ട് അവരുടെ വായിലെത്തിച്ചേരാനുള്ള കഴിവ് വെള്ളത്തിനില്ലായെന്നത് വസ്തുതയാണ്. ബഹുദൈവ വിശ്വാസികൾ ഇപ്രകാരമാണ് തങ്ങളുടെ ദൈവങ്ങളോട് വ്യർഥമായ നിലയിൽ സഹായം തേടുന്നത്. ഇതിന് ഒരു ഫലവുമുണ്ടാകുകയില്ല.'' [ബറാഹീനെ അഹ്‌മദിയ്യാ പേ. 436 അടിക്കുറിപ്പിന് അടിക്കുറിപ്പ്]



Scanned by CamScanner

വീണ്ടും പറയുന്നു.

''പ്രാർത്ഥനകൾ കേൾക്കുന്നതും അതിനുത്തരം നല്കുന്നതുമായ ദൈവത്തെ അശേഷം അംഗീകരിക്കാത്ത എത്രയോ ജനപഥങ്ങൾ ഇന്ന് ലോകത്തുണ്ട്. ഒരു കല്ലിന്റെ മുന്നിൽ ഇരുന്നോ, എരുതിന്റെ മുമ്പിൽ കൈകൂപ്പിയോ, മരത്തിന്റെ മുന്നിൽ നിന്നോ, 'ഇതാണെന്റെ ദൈവം. ഇതിനോട് ഞാൻ പ്രാർത്ഥിക്കുമ്പോൾ എനിക്കിത് ഉത്തരം നല്കുന്നു' എന്നു പറയാൻ ഒരു ഹിന്ദുവിന് സാധിക്കുമോ? ഒരിക്കലും സാധ്യമല്ല. യേശുവിനെ ഞാൻ ദൈവമായി വിശ്വസിക്കുന്നുവെന്ന് പറയുന്ന ക്രിസ്ത്യാനിക്ക് യേശു എന്റെ പ്രാർത്ഥന കേൾക്കുകയും അതിനുത്തരം നല്കുകയും ചെയ്യുന്നുവെന്ന് സമർത്ഥിക്കാൻ കഴിയുമോ? ഒരിക്കലുമില്ല. സംസാരിക്കുന്ന ദൈവം ഒന്നേയുള്ളൂ. أُدْعُونِي أَسْتَجِبْ لَكُمْ 'നിങ്ങളെന്നെ വിളിക്കൂ. ഞാൻ നിങ്ങളുടെ വിളിക്കുത്തരം നല്കാം.' വിശുദ്ധ ഖുർആൻ വിഭാവന ചെയ്യുന്ന ഇസ്‌ലാമിന്റെ ദൈവമാകുന്നു അത്. നിറഞ്ഞ സത്യമാണിത്. ഉദ്ദേശ്യ ശുദ്ധിയോടും സത്യ ഹൃദയത്തോടും കൂടി അല്ലാഹുവിനെ ഏതാനും നാളെങ്കിലും വിശ്വസിക്കാനും വിഷയേച്ഛകളെ ചെറുത്ത് പ്രാർത്ഥനയിൽ മുഴുകാനും ആരെങ്കിലും തയ്യാറുണ്ടോ? ഉണ്ടെങ്കിൽ അയാളുടെ പ്രാർത്ഥനയ്ക്കുള്ള ഉത്തരം അയാൾക്ക് തീർച്ചയായും നല്കപ്പെടും.'' [മൽഫൂസാത്ത് വാള്യം 3 പേജ്: 201]

ഹസ്റത്ത് മിർസാ ബശീർ അഹ്‌മദ് റളിയല്ലാഹു അൻഹു പറയുന്നു.

''ദൈവമില്ലെങ്കിൽ വിശ്വാസിയും നിഷേധിയും തുല്യരാണ്. ആർക്കുമൊരു നഷ്ടവുമില്ല. എന്നാൽ, ദൈവമുണ്ടെങ്കിലോ? ഓർത്തുകൊൾക, നിഷേധികൾക്ക് പിന്നെ ഒരു രക്ഷയുമില്ല.'' [ഹമാരഖുദാ പേ. 40]

## അല്ലാഹുവിന്റെ അജയ്യമായ ശക്തി

അല്ലാഹു അവന്റെ അജയ്യമായ ശക്തിയെക്കുറിച്ച് പരിശുദ്ധ ഖുർആനിൽ ഇങ്ങനെ വിവരിക്കുന്നു



Scanned by CamScanner

''ആകാശങ്ങളുടേയും ഭൂമിയുടേയും നാഥനായ അല്ലാഹു സമസ്തലോകത്തിന്റേയും നാഥനാകുന്നു. സർവ്വസ്തുതിയും അവനത്രെ. ആകാശങ്ങളിലും ഭൂമിയിലുമുള്ള എല്ലാ മാഹാത്മ്യവും അവനുള്ളതാണ്. സർവശക്തനും സർവ തന്ത്രജ്ഞനും അവനത്രെ.'' [ ജാഥിയ 37 ]

''സപ്താകാശങ്ങളും ഭൂമിയും അവയിൽ അധിവസിക്കുന്നവരുമെല്ലാംതന്നെ അവനെ വാഴ്ത്തുന്നു. ഭൂമിയിലെ സർവ വസ്തുക്കളും അവനെ സ്തുതിച്ചുകൊണ്ട് സ്തോത്രം ചെയ്യുകയും ചെയ്യുന്നു. എന്നാൽ, [അവയുടെ] സ്തോത്രം നിങ്ങൾക്ക് മനസ്സിലാകുന്നില്ല. അവൻ തീർച്ചയായും [നിങ്ങളുടെ] ദോഷങ്ങൾ മാച്ചുവയ്ക്കുന്നവനും [പാപങ്ങൾ] പൊറുത്തു തരുന്നവനുമാകുന്നു.'' [ ബനൂ ഇസ്റായീൽ 45 ]

അല്ലയോ എന്റെ ദാസരേ, ''നിങ്ങളുടെ നാഥൻ നിങ്ങൾക്കായി കടലിൽ കപ്പലുകൾ ചലിപ്പിക്കുന്നു; നിങ്ങൾ അവന്റെ അനുഗ്രഹം തേടിപിടിക്കുന്നതിനുവേണ്ടി. തീർച്ചയായും അവൻ നിങ്ങളുടെമേൽ തുടരെത്തുടരെ കരുണ ചെയ്യുന്നവനാകുന്നു. കടലിൽ നിങ്ങൾക്ക് ആപത്തണയുമ്പോൾ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്നവരൊക്കെയും [നിങ്ങളുടെ മനസ്സിൽ നിന്ന്] മാറി മറയുന്നു; അവനൊഴികെ. എന്നാൽ അവൻ നിങ്ങളെ രക്ഷപ്പെടുത്തി കരയിലേക്ക് കൊണ്ടുവരുമ്പോൾ നിങ്ങൾ അവനിൽനിന്ന് തിരിഞ്ഞ് കളയുന്നു. മനുഷ്യൻ തീരെ നന്ദികെട്ടവൻ തന്നെ. അവൻ എപ്പോഴെങ്കിലും നിങ്ങളെ കരയിൽത്തന്നെ ആഴ്ത്തിക്കളയുകയോ, അല്ലെങ്കിൽ നിങ്ങളുടെമേൽ ചരൽ വർഷിക്കുകയോ ഇല്ലെന്നും അതിൽ നിന്നും [നിങ്ങൾ] പൂർണ്ണ സമാധാനത്തിലാണെന്നും പിന്നീട് നിങ്ങൾക്കുവേണ്ടി ഒരു കാര്യനിർവാഹകനെ നിങ്ങൾക്ക് കണ്ടെത്താനില്ലെന്നും നിങ്ങൾ മനസ്സിലാക്കുന്നുവോ? അല്ലെങ്കിൽ, മറ്റൊരിക്കൽ നിങ്ങളെ കടലിലേക്ക് അവൻ മടക്കി വിടുകയും നിങ്ങളുടെമേൽ ഒരു ശക്തമായ കാറ്റിനെ അയച്ച് നിങ്ങളുടെ നിഷേധ കാരണത്താൽ നിങ്ങളെ അവൻ മുക്കി കൊല്ലുകയില്ലെന്നും നിങ്ങൾ മനസ്സുറച്ചിരിക്കുകയാണോ ? പിന്നീട് നിങ്ങൾക്കൊരു തുണക്കാരനേയും നമുക്കെതിരെ കണ്ടെത്താനാവുകയില്ല.'' [ഇത് അസാധ്യമാണെന്ന് കരുതുന്നുണ്ടോ?] [ബനൂ ഇസ്റായീൽ 67 – 70]

Scanned by CamScanner

''ആകാശങ്ങളേയും ഭൂമിയേയും സത്യത്തോടെ അല്ലാഹു സൃഷ്ടിച്ചുവെന്ന് നീ കാണുന്നില്ലേ? അവൻ ഇച്ഛിക്കുന്നെങ്കിൽ നിങ്ങളെ നശിപ്പിക്കുകയും [തൽസ്ഥാനത്ത്] പുതിയൊരു സൃഷ്ടിയെ കൊണ്ടുവരുകയും ചെയ്യും. ഇത് അല്ലാഹുവിന് പ്രയാസമുള്ള കാര്യമല്ല''. [ഇബ്റാഹീം 20, 21]

''നിന്റെ നാഥൻ സ്വാശ്രയനും കാരുണ്യവാനുമാണ്. അവനുദ്ദേശിക്കുന്ന പക്ഷം നിങ്ങളെ അവൻ നശിപ്പിച്ചുകളയു കയും നിങ്ങൾക്കുശേഷം അവനുദ്ദേശിക്കുന്നവരെ [നിങ്ങളുടെ] പ്രതിനിധികളായി കൊണ്ടുവരുകയും ചെയ്യും; മറ്റൊരു ജന വിഭാഗത്തിന്റെ സന്തതികളിൽനിന്ന് നിങ്ങളെ സൃഷ്ടിച്ചതു പോലെ'' [അൻആം 134]

''ഒരു വസ്തുവുമില്ല; അതിന്റെ ഖജനാവ് നമ്മുടെയടു ക്കൽ ഉണ്ടായിട്ടല്ലാതെ. നാം ഇറക്കികൊടുക്കുന്നതെന്തും ഒരു നിശ്ചിത അളവിൽ മാത്രമാകുന്നു''. [ഹിജ്ർ 22]

''അദൃശ്യ [കാര്യങ്ങളുടെ] താക്കോലുകൾ അവന്റെ പക്ക ലാണുള്ളത്. അവനല്ലാതെ [മറ്റാരും] അതറിയുകയില്ല. കരയിലും കടലിലുമുള്ളതെല്ലാം അവനറിയുന്നു. ഒരു ഇലയും കൊഴിയുന്നില്ല; അവനറിയാതെ. ഭൂമിയുടെ അന്ധകാരങ്ങളി ലുള്ള ഒരു ധാന്യമണിയോ, പച്ചയോ ഉണക്കയോ ആയ [വസ്തുക്കൾപോലുമോ] അവന്റെ തുറന്ന സംരക്ഷണത്തിൽ അല്ലാതെയല്ല. രാത്രിയിൽ നിങ്ങളുടെ ജീവനെ പിടിക്കുന്ന ത് അവനാണ്. പകൽ സമയത്ത് നിങ്ങളെന്തു പ്രവർത്തി ക്കുന്നുവോ അതവനറിയുന്നു. പിന്നെ നിങ്ങളെ പകൽസമ യത്ത് അവനെഴുന്നേല്പിക്കുന്നു; നിശ്ചിത അവധി പൂർത്തിയാ കുന്നതിനുവേണ്ടി. പിന്നീട് അവന്റെയടുക്കലേക്കാണ് നിങ്ങ ളുടെ മടക്കം. പിന്നെ, നിങ്ങൾ പ്രവർത്തിക്കുന്നതിന്റെ വിവരം അവൻ നിങ്ങൾക്ക് പറഞ്ഞു തരും. അവൻ അവന്റെ ദാസന്മാരുടെമേൽ പരമാധികാരിയാകുന്നു. അവൻ നിങ്ങൾ ക്ക് കാവൽക്കാരെ അയച്ചുതരുന്നു. അങ്ങനെ ഒരാൾക്ക് മരണം വന്നെത്തിയാൽ നാം അയക്കുന്ന ദൂതൻമാർ അയാളുടെ ജീവനെ പിടിക്കുന്നു. അവർ [കല്പന നടപ്പാക്കുന്നതിൽ] വീഴ്ച വരുത്തു കയില്ല. പിന്നെ, അവരുടെ യഥാർത്ഥ രക്ഷാധികാരിയായ



Scanned by CamScanner

അല്ലാഹുവിലേക്ക് അവർ മടക്കപ്പെടും. അറിയുക! [അന്തിമ] തീരുമാനം അവന്റെ അധികാരത്തിൽ തന്നെയാണ്. അവൻ കണക്കെടുക്കുന്നവരിൽ ഏററവും വേഗതയുള്ളവനാണ്. നീ അവരോട് ചോദിക്കുക. കരയിലേയും കടലിലേയും ആപത്തുകളിൽ നിന്ന് നിങ്ങളെ രക്ഷിക്കുന്നതാരാണ്; അവൻ ഈ ആപത്തിൽനിന്ന് ഞങ്ങളെ രക്ഷിക്കുന്നതായാൽ തീർച്ചയായും ഞങ്ങൾ നന്ദിയുള്ളവരിൽപ്പെട്ടവരായിരിക്കും [എന്ന് പറഞ്ഞുകൊണ്ട്] വിനയത്തോടും രഹസ്യത്തോടും നിങ്ങൾ അവനെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ. നീ അവരോട് പറയുക. അല്ലാഹുതന്നെയാണ് അതിൽനിന്നും [മററ്] എല്ലാവിധ പരിഭ്രമങ്ങളിൽ നിന്നും നിങ്ങളെ രക്ഷിക്കുന്നത്. എന്നിട്ടും നിങ്ങൾ അല്ലാഹുവിന് പങ്കുകാരെ നിശ്ചയിക്കുന്നു.

[അൻആം 60 - 65]

## അല്ലാഹുവിന്റെ അസ്തിത്വം

മൽഫൂസാത്ത് വാല്യം 7 പേജ് 268 ൽ ഹസ്രത്ത് മസീഹ് മൗഊദ് അലയ്ഹിസ്സലാം വിശുദ്ധ ഖുർആനിലെ ഒരു സൂക്തം ഉദ്ധരിച്ചുകൊണ്ട് പറയുന്നു.

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ
دَعْوَةَ الدَّاعِ إِذَا دَعَانِ

അല്ലാഹു എവിടെ? അതിന് തെളിവെന്ത്? എന്ന് എന്റെ ദാസൻമാർ നിന്നോട് ചോദിക്കുമ്പോൾ നീ പറയുക. അവൻ വളരെ അടുത്താകുന്നു. അതിനുള്ള തെളിവ്, പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ അതിന് ഞാൻ ഉത്തരം നല്കുന്നു എന്നതാണ്. [2:186] ഈ ഉത്തരം ചിലപ്പോൾ സത്യമായി പുലരുന്ന സ്വപ്നങ്ങളിലൂടേയും ചിലപ്പോൾ ദർശനവും ഇൽഹാമും മുഖേനയും ലഭ്യമാകുന്നു. അല്ലാഹുവിന്റെ അപാരമായ ശക്തിയും അജയ്യമായ പ്രതാപവും പ്രാർത്ഥനയിലൂടെ വെളിപ്പെടുകയും പ്രയാസങ്ങൾ പരിഹരിക്കാൻ അവൻ സർവശക്തനാണെന്ന് അനുഭവപ്പെടുകയും ചെയ്യുന്നു.''

അതേഗ്രന്ഥത്തിൽ 227-ാം പേജിൽ പറയുന്നു. ''യാചകവൃത്തിയിലേർപ്പെട്ട ഒരാൾ ഒരു പിശുക്കന്റെ വീട്ടുപടിക്കൽ



Scanned by CamScanner

ദിവസവും ചെന്ന് യാചിക്കുമ്പോൾ ഒരു ദിവസം ആ പിശുക്കന് ലജ്ജതോന്നുമെന്നത് സ്വാഭാവികമാണ്. ഇത് വാസ്തവമെങ്കിൽ അത്യുദാരനായ അല്ലാഹുവിനോട് ശരണമർഥിക്കുന്ന ഒരാൾക്ക് അല്ലാഹുവിനെ പ്രാപിക്കാൻ കഴിയാതിരിക്കുന്നതെങ്ങനെ? ശരണാർഥിക്ക് ഒരിസ്സൽ അല്ലെങ്കിൽ മറെറാരിസ്സൽ അതിൻെറ ഫലം ലഭിക്കുന്നതാണ്.......മനുഷ്യരിൽ ചിലർ അവൻെറ അസ്തിത്വത്തെക്കുറിച്ച് സംശയിക്കുന്നു. 'നിങ്ങളെന്നെ വിളിക്കൂ, എന്നോട് ചോദിക്കൂ. അങ്ങനെ ചെയ്താൽ നിങ്ങളെ ഞാനും വിളിക്കും. നിങ്ങളുടെ വിളിക്കുത്തരം നല്കുകയും നിങ്ങളെ സ്മരിക്കുകയും ചെയ്യും.' എന്നതാണ് അല്ലാഹുവിൻെറ അസ്തിത്വത്തിനുള്ള തെളിവ്. 'ഞങ്ങൾ വിളിക്കുന്നുണ്ട്. പക്ഷേ, അവൻ ഉത്തരം തരുന്നില്ല' എന്ന് ജനങ്ങൾ പറഞ്ഞാൽ— നോക്കൂ! നിങ്ങൾ ഒരു സ്ഥലത്ത് നിന്നുകൊണ്ട് അങ്ങകലെ നില്ക്കുന്ന ഒരാളെ വിളിക്കുകയാണ്. നിങ്ങൾക്ക് അല്പം കേൾവിക്കുറവുണ്ടുതാനും. ആ വ്യക്തി നിങ്ങളുടെ ശബ്ദംകേട്ട് നിങ്ങൾക്ക് മറുപടി തരുന്നു. പക്ഷേ, അയാൾ അകലെനിന്ന് ഉത്തരം തരുന്നതിനാൽ ബധിരത കാരണം നിങ്ങൾക്കത് കേൾക്കാൻ സാധിക്കുന്നില്ല. നിങ്ങളിരുവരുടെയുമിടയിലുള്ള മറയും ദൂരതയും ഇല്ലാതാകുമ്പോൾ നിങ്ങൾ ആ ശബ്ദം കേൾക്കുകതന്നെ ചെയ്യും. തൻെറ പ്രത്യേക ദാസരോട് അല്ലാഹു സംസാരിക്കുന്നുവെന്ന കാര്യം മനുഷ്യോൽപത്തി മുതൽ നടന്നുവരുന്ന ഒരു ദൃഷ്ടാന്തമാണ്. ഇല്ലെങ്കിൽ, 'ഉണ്ട്'' എന്നുള്ള അവൻെറ അസ്തിത്വംതന്നെ ക്രമേണ നശിച്ചുപോകുമായിരുന്നു''.

## അല്ലാഹുവിൻെറ പരമാധികാരം

ഹസ്റത്ത് മിർസാ ബശീർ അഹ്മദ് റളിയല്ലാഹു അൻഹു പറയുന്നു.

'അല്ലാഹു ഉണ്ടെന്നും അവൻ കേൾക്കുന്നവനാണെന്നും തൻെറ ദാസൻമാരുടെ പ്രാർഥന അവൻ കേൾക്കുന്നുണ്ടെന്നും ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം. കാരണം, തികച്ചും അസാധ്യമെന്ന് പ്രത്യക്ഷത്തിൽ തോന്നിയേക്കാവുന്ന ചില കാര്യങ്ങളെക്കുറിച്ച് പ്രാർഥിക്കുമ്പോൾ അല്ലാഹു എനിക്കത് സാധ്യമാക്കിത്തരുന്നു. വരൂ, അവനെ ഉൾക്കൊള്ളൂ......... എല്ലാററിൻേറയും അധിപനായ അല്ലാഹുവിനെ ഞാൻ നിങ്ങൾ



Scanned by CamScanner

ക്ക് കാണിച്ചുതരാം. അവനത്രെ സർവാധികാരി. ഒരു സൃഷ്ടിയ്ക്കും ആ സർവാധികാരത്തെ ചോദ്യം ചെയ്യാൻ സാധിക്കുകയില്ല. ഏതു വസ്തുവിന്മേലും അവന്റെ ഇച്ഛക്കനുസരിച്ച് ആ അധികാരം പ്രയോഗിക്കാൻ അവനു സാധിക്കുന്നു. വരൂ! ആകാശത്തിൽ അവന്റെ പരമാധികാരം നിങ്ങൾക്ക് ഞാൻ ബോധ്യപ്പെടുത്താം. വായുവിലുള്ള അവന്റെ പരമാധികാരം നിങ്ങൾക്ക് അനുഭവവേദ്യമാക്കാം. വെള്ളത്തിൽ അവനുള്ള പരമാധികാരം നിങ്ങൾക്കു വ്യക്തമാക്കിത്തരാം. പർവതങ്ങളിൻമേൽ അവനുള്ള പരമാധികാരം നിങ്ങൾക്ക് തെളിയിച്ചു തരാം. സമസ്ത ജനതകളുടെയും മേലുള്ള അവന്റെ പരമാധികാരം നിങ്ങൾക്ക് പരിചയപ്പെടുത്തിത്തരാം. മരണങ്ങളുടെ മേൽ അവനുള്ള പരമാധികാരം പറഞ്ഞുതരാം. ഹൃദയങ്ങളുടെമേലുള്ള അവന്റെ പരമാധികാരം നിങ്ങൾക്ക് പ്രകടമാക്കിത്തരാം. നിങ്ങൾ വരൂ. അവനെ നന്നായി അറിയൂ. അവനെ പ്രാപിക്കൂ.'' [ഹമാമതുൽ ബുശ്‌റാ പേജ് 282]

ഹസ്റത്ത് മസീഹ് മൗഊദ് [അ] പറയുന്നു.

''നോക്കൂ! നിങ്ങളുടെ ദൈവം യഥാർഥമായുമുണ്ടെന്ന് ഞാൻ നിങ്ങളെ സുവാർത്ത അറിയിക്കുന്നു. എല്ലാവരും അല്ലാഹുവിന്റെ സൃഷ്ടികളാണ്. അവനെ തിരഞ്ഞെടുക്കുന്നവരെ അവനും തിരഞ്ഞെടുക്കുന്നു. അവനെ സമീപിക്കുന്നവരെ അവനും സമീപിക്കുന്നു. അവനെ ആദരിക്കുന്നവരെ അവനും ആദരിക്കുന്നു. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങളെ ഋജുവാക്കിക്കൊണ്ടും നിങ്ങളുടെ നാവുകളേയും കണ്ണുകളേയും കാതുകളേയും പരിശുദ്ധമാക്കിക്കൊണ്ടും അവനെ സമീപിക്കുക. അവൻ നിങ്ങളെ സ്വീകരിക്കും.''

[കിശ്തിനൂഹ് പേജ് 14]

വീണ്ടും പറയുന്നു.

''സർവശക്തനായ ഒരു രക്ഷിതാവ് തനിക്കുണ്ടെന്നുള്ള ബോധം പോലുമില്ലാത്ത ഒരുവൻ എത്രമാത്രം ഭാഗ്യഹീനനാണ്. നമ്മുടെ സ്വർഗം നമ്മുടെ ദൈവമാകുന്നു. നമ്മുടെ ഉയർന്ന ആനന്ദാനുഭൂതികളത്രയും നമ്മുടെ ദൈവത്തിലാകുന്നു. എന്തെന്നാൽ, ഞാൻ അവനെ കാണുകയും സകല സൗന്ദര്യങ്ങളും അവനിൽ ദർശിക്കുകയും ചെയ്തിരിക്കുന്നു. ജീവൻ കള



Scanned by CamScanner

ഞ്ഞും കൈവരിക്കേണ്ട സമ്പത്താണിത്. സകലവും നഷ്ടപ്പെടുത്തിയിട്ടും വിലകൊടുക്കേണ്ട മാണിക്യക്കല്ലാണിത്. അല്ലയോ നിർഭാഗ്യരേ, ഈ നീരുറവയിലേക്കു് ഓടിവരിൻ. ഇതു് നിങ്ങൾക്കു് ദാഹശമനം വരുത്തും. നിങ്ങളെ രക്ഷപ്പെടുത്തുന്ന ജീവിത സ്രോതസ്സാകുന്നു ഇതു്. ഞാനെന്തു ചെയ്യണം! ഞാനീ സന്തോഷവാർത്ത എങ്ങനെയാണു് നിങ്ങളുടെ ഹൃദയത്തിലെത്തിക്കേണ്ടതു്. 'നിങ്ങളുടെ ദൈവമിതാ' എന്നു് നിങ്ങളെ അറിയിക്കാനുള്ള വിളംബരം ഏതു് ചെണ്ട കൊട്ടിയാണു് ഞാൻ നടത്തേണ്ടതു്; നിങ്ങൾ കേൾക്കുമാറാകാൻ. നിങ്ങളുടെ കാതുകളിൽ ഏതുതരം ഔഷധം പ്രയോഗിച്ചാണു് ഞാൻ ചികിത്സ നടത്തേണ്ടതു്; അവ തുറക്കുമാറാകാൻ. നിങ്ങൾ ദൈവത്തിന്റേതായി മാറുമെങ്കിൽ, ഓർത്തുകൊള്ളൂ. നിശ്ചയമായും ദൈവം നിങ്ങളുടേതു് തന്നെയായിരിക്കും. നിങ്ങൾ ഉറങ്ങുമ്പോൾ അല്ലാഹു നിങ്ങൾക്കായി ഉണർന്നിരിക്കും. നിങ്ങൾ ശത്രുക്കളെക്കുറിച്ചു് അശ്രദ്ധരായിരിക്കുമ്പോൾ അല്ലാഹു അവരുടെ ചലനം വീക്ഷിക്കും. അവരുടെ പദ്ധതികളെയെല്ലാം പരാജയപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യും. നിങ്ങൾ വിശ്വസിക്കുന്ന ദൈവത്തിൽ എന്തെന്തെല്ലാം കഴിവുകളുണ്ടെന്നു് നിങ്ങൾക്കറിയില്ല. അതു് നിങ്ങളറിഞ്ഞിരുന്നെങ്കിൽ ഈ ഭൗതിക ലോകത്തിനുവേണ്ടി ആകുലചിത്തരാവുന്ന ഒരൊററദിവസവും നിങ്ങളുടെ ജീവിതത്തിലുണ്ടാകുമായിരുന്നില്ല. വൻനിധി കൈവശമുള്ള ഒരാൾ ചില്ലിക്കാശിനുവേണ്ടി വിലപിക്കുകയും മുറവിളികൂട്ടുകയും സ്വയം നശിപ്പിക്കാനൊരുങ്ങുകയും ചെയ്യുമോ? നിങ്ങളുടെ ആവശ്യങ്ങളെല്ലാം നിറവേററിത്തരുന്ന വൻനിധിയായ അല്ലാഹുവിനെക്കുറിച്ചു് നിങ്ങൾക്കറിവുണ്ടായിരുന്നെങ്കിൽ ഈ ഭൗതികലോകത്തിനുവേണ്ടി നിങ്ങളിങ്ങനെ പാരവശ്യപ്പെടുമോ? ദൈവം ഒരു അനർഘ നിധിയാണു്. അവനെ നിങ്ങൾ വിലമതിക്കുക. നിങ്ങളുടെ ഓരോ കാല്‌വെയ്‌പ്പിലും അവൻ നിങ്ങളുടെ സഹായിയാണു്. അവന്റെ സഹായം കൂടാതെ നിങ്ങൾക്കൊന്നും ചെയ്യാനാവില്ല. നിങ്ങളുടെ ഭൗതിക സാധനസാമഗ്രികൾക്കും പദ്ധതികൾക്കും ഒരു വിലയുമുണ്ടാകുകയുമില്ല...... ഭൗതികമായ മാർഗങ്ങളെ അവലംബമാക്കുന്നതിനെ ഒരു പരിധിവരെ ഞാൻ വിരോധിക്കുന്നില്ല. എന്നാൽ, ഇതര സമുദായങ്ങളെപോലെ പൂർണ്ണമായും ഭൗതികതയ്ക്കു് അടിമകളായിത്തീരു



Scanned by CamScanner

ന്നതിനേയും സകല സാധനസാമഗ്രികളും നമുക്ക് തന്നനുഗ്രഹിക്കുന്ന ദൈവത്തെ പാടെ വിസ്മരിക്കുന്നതിനേയുമാണ് ഞാൻ വിലക്കുന്നത്." എന്നും നിറഞ്ഞിരിക്കുന്നവനായ ദൈവം ഒരുവൻ മാത്രമെ ഉള്ളെന്നും മററുള്ളതെല്ലാം മിഥ്യയാണെന്നും നിങ്ങൾക്ക് കണ്ണുണ്ടെങ്കിൽ കാണാൻ സാധിക്കുന്നതാണ്. ദൈവവിധിയില്ലെങ്കിൽ കൈ നിവർത്താനോ മടക്കാനോ നിങ്ങൾക്ക് ഒരിക്കലും സാധിക്കുകയില്ല...... ഭൗതികമോ ആത്മീയമോ ആയ സകല കാര്യങ്ങളിലും ദൈവത്തിൽനിന്ന് നിങ്ങൾ ശക്തിയാർജ്ജിക്കുകയും അനുഗ്രഹം തേടുന്ന ശീലം സ്വായത്തമാക്കുകയും ചെയ്യേണ്ടതാണ്. കേവലം ഉണങ്ങിവരണ്ട ചുണ്ടുകൾകൊണ്ടുള്ള ഉരുവിടലല്ല ഞാനിത്കൊണ്ടുദ്ദേശിക്കുന്നത്. മറിച്ച് എല്ലാവിധത്തിലുമുള്ള അനുഗ്രഹങ്ങളും ദൈവത്തിൽനിന്നാണ് കിട്ടുന്നതെന്ന അവികലവും സംശുദ്ധവും ശക്തവുമായ വിശ്വാസം നിങ്ങളിലുണ്ടാവണം. ഓരോ പ്രവർത്തനവേളയിലും, കഷ്ടങ്ങൾ ഉണ്ടാകുമ്പോഴും നഷ്ടങ്ങൾ വന്നുഭവിക്കുമ്പോഴും സ്വയം പ്രതിവിധി കാണുന്നതിന് മുമ്പേ, നിങ്ങൾ വാതിലുകളടച്ച്, അല്ലാഹുവിന്റെ തിരുസന്നിധിയിൽ വീണ്, അവന്റെ മുമ്പിൽ കഷ്ടങ്ങളും നഷ്ടങ്ങളും ബോധിപ്പിച്ച്, അതിൽ നിന്ന് രക്ഷിക്കേണമേയെന്ന് അവനോടു അർത്ഥിച്ചുകൊണ്ടിരുന്നാൽ മാത്രമെ നിങ്ങൾ സാത്വികരായി ഗണിക്കപ്പെടുകയുള്ളൂ. അപ്പോൾ പരിശുദ്ധാത്മാവ് നിങ്ങളുടെ രക്ഷയ്ക്കായിട്ടെത്തുന്നതും അങ്ങനെ അഗോചരമായ വഴി നിങ്ങൾക്കായി തുറക്കപ്പെടുന്നതുമായിരിക്കും. നിങ്ങളുടെ ജീവനോട് കരുണ കാണിക്കുക .........നിങ്ങളുടെ എല്ലാ പദ്ധതികളുടേയും മോന്തായം നിങ്ങളുടെ ദൈവം മാത്രമാണെന്ന വസ്തുത മനസ്സിലാക്കാൻ അവൻ തന്നെ നിങ്ങളുടെ നയനങ്ങൾ തുറക്കട്ടെ. മോന്തായം തകർന്നാൽ മേൽപുര നിലനില്ക്കുമോ? ഇല്ല. ഒരിക്കലുമില്ല. കെട്ടിടം ഒന്നായി നിലംപതിക്കുന്നതാണ്. പലർക്കും ജീവഹാനി സംഭവിക്കാനുമിടയുണ്ട്. അപ്രകാരം ദൈവീകസഹായമില്ലാതെ നിങ്ങളുടെ പദ്ധതികൾക്കും നിലനില്പില്ലതന്നെ. നിങ്ങൾ അവനോട് സഹായം തേടുന്നില്ലെങ്കിൽ, അവനിൽ നിന്ന് ശക്തിയാർജ്ജിക്കുന്ന ശീലം നിങ്ങൾക്കില്ലെങ്കിൽ ഒരു വിജയവും നിങ്ങൾക്ക് ലഭിക്കുന്നതല്ല. അവസാനം അങ്ങേയററം പരിതാപത്തോടും നിരാശയോടുംകൂടി ഈ ലോകത്തെ വിട്ടുപിരിയേണ്ടിയും

വരും . . . . ഈ നീരുറവിനായി നിങ്ങൾ ദാഹിച്ച് വലഞ്ഞവരായിത്തീരുക; നിങ്ങൾക്ക് ജലം ലഭിക്കുന്നതായിരിക്കും. മുലപ്പാലിനുവേണ്ടി കൈകാലിട്ടടിച്ച് നിലവിളിക്കുന്ന പൈതങ്ങളെപോലെ നിങ്ങളും നിലവിളിക്കുക; മുലപ്പാൽ സ്വയം വെളിപ്പെടുന്നതായിരിക്കും. കാരുണ്യത്തിന്നർഹരായിത്തീരുക; നിങ്ങൾക്ക് കാരുണ്യം ലഭിക്കും. പാരവശ്യമടയുക; നിങ്ങൾക്ക് മനഃശാന്തി കൈവരും, മനഃസ്താപപ്പെടുക; അപ്പോൾ നിങ്ങൾക്ക് സഹായഹസ്തം ലഭിക്കുന്നതാണ്. ദൈവത്തെ പ്രാപിക്കാനുള്ള വഴി വളരെ ദുഷ്കരമാണ്. എന്നാൽ, മരണഭയമില്ലാതെ അഗാധമായ ഗർത്തത്തിൽ പതിക്കാൻ തയ്യാറുള്ളവർക്ക് ഈ വഴി വളരെ ലളിതമാക്കപ്പെട്ടിരിക്കുന്നു. ദൈവപ്രീതിയ്ക്കുവേണ്ടി തൻെറ നഫ്സുമായി [ശരീരേച്ഛ] യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നവർ ഭാഗ്യവാൻമാർ. എന്നാൽ സ്വന്തം നഫ്സിനുവേണ്ടി ദൈവവുമായി പോരാടുന്നവർ നിർഭാഗ്യവാൻമാരാണ്. സ്വന്തം ഇച്ഛക്കായി ദൈവവിധിയെ ലംഘിക്കുന്ന ആൾ ഒരിക്കലും ആത്മീയലോകത്ത് പ്രവേശിക്കുകയില്ല. അതുകൊണ്ട് വിശുദ്ധ ഖുർആൻെറ വള്ളിയോ പുള്ളിയോ നിങ്ങൾക്കെതിരിൽ സാക്ഷ്യം പറയാതിരിക്കാനും അങ്ങനെ നിങ്ങൾ പിടിക്കപ്പെടാതിരിക്കാനും അങ്ങേയററം ശ്രദ്ധയുള്ളവരായിരിക്കുക. കാരണം ഒരു കടുക മണിയോളം കുററം ചെയ്താൽപോലും പിടിക്കപ്പെടുന്നതായിരിക്കും. കാലം വളരെ കുറച്ചേയുള്ളൂ. നമ്മുടെ കടമകൾ എണ്ണമററതാണ്. ജാഗ്രതയോടെ കാലെടുത്ത് വയ്ക്കുക. ജീവിത സായാഹ്നം സമീപസ്ഥമായിരിക്കുന്നുവെന്ന് കരുതി, നാം ദൈവസന്നിധിയിൽ സമർപ്പിക്കേണ്ടവയെക്കുറിച്ച് അടിക്കടി പുനരവലോകനം ചെയ്തുകൊണ്ടിരിക്കുക. ഒന്നുംതന്നെ ഒഴിഞ്ഞുപോകരുത്. നാം, ദൈവത്തിൻെറ തിരുസന്നിധിയിൽ കാഴ്ചവയ്ക്കാൻ വിലകുറഞ്ഞ ചപ്പും ചവറും കൊണ്ടുപോകുന്നവരായിത്തീരരുത്.'' [കിശ്തിനൂഹ് പേജ് 31 – 43]

''അതുകൊണ്ട് നിങ്ങൾ പ്രാർഥിക്കുമ്പോൾ അജ്ഞരായ പ്രകൃതിവാദികളെപോലെയാകരുത്. അവർ തങ്ങളുടെ അഭീഷ്ടമനുസരിച്ച് ചില പ്രകൃതി നിയമങ്ങൾ ആവിഷ്കരിച്ചിരിക്കുകയാണ്. ഇതിൽ ദൈവത്തിൻെറ മുദ്രയില്ല. അവർ ദൈവസന്നിധിയിൽ നിന്ന് ദൂരത്തപ്പെട്ടവരാണ്. അവരുടെ പ്രാർഥന ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. അവർ കരു



Scanned by CamScanner

ശക്തി നഷ്ടപ്പെട്ട കരുടന്മാരാണ്; നിർജ്ജീവമായ പ്രേതങ്ങളും. ദൈവത്തിൻെറ തിരുമുമ്പിൽ സ്വനിർമ്മിത ചട്ടങ്ങളും നിയമങ്ങളും പ്രദർശിപ്പിക്കുകയാണവർ. അങ്ങനെ, അവർ അവൻെറ അതിമഹത്തായ ശക്തികൾക്ക് അതിര് കെട്ടാൻ നോക്കുന്നു; അവനെ ബലഹീനനായി ഗണിക്കുന്നു. അതുകൊണ്ട് തന്നെ അവരുടെ നിലപാടനുസരിച്ച് അല്ലാഹ്ഹ അവരോട് പെരുമാറുന്നു. എന്നാൽ, പ്രാർഥനയ്ക്കായി നിങ്ങൾ നില്ക്കുമ്പോൾ നിങ്ങളുടെ അല്ലാഹ്ഹ സർവശക്തനാണെന്നുള്ള ഉറച്ച വിശ്വാസം നിങ്ങൾക്കുണ്ടായിരിക്കണം. എങ്കിൽ മാത്രമെ നിങ്ങളുടെ പ്രാർഥന സ്വീകരിക്കപ്പെടുകയുള്ളൂ. അങ്ങനെ ഞാൻ കണ്ടതുപോലുള്ള ദൈവീകശക്തിപ്രഭാവത്തിൻെറ അത്ഭുത പ്രതിഭാസങ്ങൾ നിങ്ങൾക്കും ദർശിക്കാൻ സാധിക്കുന്നു. എൻെറ സാക്ഷ്യം, ഞാൻ സ്വയമനുഭവിച്ചറിഞ്ഞതാണ്. കേവലം കടങ്കഥകളല്ല. അല്ലാഹ്ഹ സർവശക്തനാണെന്ന ബോധവും വിശ്വാസവുമില്ലാത്തവൻെറ പ്രാർഥന അവനെങ്ങനെയാണ് സ്വീകരിച്ചംഗീകരിക്കുക? അതുകൊണ്ട്, നല്ലവനായ മനുഷ്യാ, നീ അത്തരക്കാരെപോലെയാകരുത്. നീ വിശ്വസിക്കുന്ന അല്ലാഹ്ഹ എണ്ണമററ നക്ഷത്രങ്ങളെ സ്തംഭങ്ങളൊന്നും കൂടാതെ [ഭൗതീകവും ബാഹ്യവുമായ ഒരു സഹായവുമില്ലാതെ] ശൂന്യതയിൽ തൂക്കിയിട്ടവനാണ്. ആകാശങ്ങളേയും ഭൂമിയേയും ശൂന്യതയിൽനിന്ന് സൃഷ്ടിച്ചതും അവൻതന്നെ. അത്തരത്തിലുള്ള സർവശക്തനായ അല്ലാഹ്ഹ നിൻെറ ആവശ്യം നിറവേററിത്തരാൻ അശക്തനാണെന്ന് നീ തെററിദ്ധരിക്കുന്നുവോ? ഈ തെററായ ധാരണ ദൈവാനുഗ്രഹം ലഭിക്കുന്നതിൽനിന്ന് നിന്നെ തടഞ്ഞു നിറുത്തുന്നു. അസംഖ്യം അത്ഭുതങ്ങളുടെ സമവായമാണ് നമ്മുടെ ദൈവം. സത്യഹൃദയത്തോടും ഭക്തിയോടും കൂടി അല്ലാഹുവുമായി ബന്ധം പുലർത്തുന്നവർക്കു മാത്രമെ പ്രസ്തുത അത്ഭുതങ്ങൾ ദർശിക്കാൻ സാധിക്കുകയുള്ളൂ. അവൻെറ മഹത്തായ ശക്തികളിൽ വിശ്വസിക്കുകയും അവനോടു വിശ്വാസം പുലർത്തുകയും ചെയ്യാത്തവർക്ക് അവൻ തൻെറ അത്ഭുതങ്ങൾ വെളിപ്പെടുത്തുന്നതല്ല.''

[കിശ്തിനൂഹ് പേജ്. 19]

ദൈവാസ്തിത്വത്തെകുറിച്ചുള്ള ജീവസ്സുററ തെളിവുകൾ നാം മനസ്സിലാക്കി കഴിഞ്ഞു. ഇനി പ്രാർഥനയുടെ യാഥാർ



Scanned by CamScanner

ഥ്യം ഗ്രഹിക്കുന്നതിനുമുമ്പേ ഒരു കാര്യം നാം അറിഞ്ഞിരിക്കണം. അല്ലാഹുവിൽനിന്ന് സഹായം തേടുന്നതാണ് പ്രാർഥന അല്ലാതെ, മനുഷ്യൻ ഒന്നും പ്രവർത്തിക്കാതെ പ്രാർഥന മാത്രം അവലംബമാക്കി ദൈവത്തെ പരീക്ഷിക്കുകയെന്നതല്ല.

ഹസ്റത്ത് അഹ്മദ് അലയ്ഹിസ്സലാം പറയുന്നു.

''പരിശ്രമവും പ്രാർഥനയുംകൊണ്ട് സത്യവിശ്വാസി ഫലമെടുക്കുന്നു. പ്രയത്നം പൂർത്തിയാക്കിയതിനുശേഷം പ്രശ്നം അല്ലാഹുവിൽ ഭരമേല്പിച്ചുകൊണ്ട് അവൻ പ്രാർഥിക്കുന്നു. വിശുദ്ധ ഖുർആൻ പ്രാരംഭ അധ്യായത്തിൽ തന്നെ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ

തനിക്ക് നല്കപ്പെട്ട ശക്തിയെ ഏതൊരുവൻ പ്രയോജനപ്പെടുത്തുന്നില്ലയോ അവൻ തന്റെ ശക്തി പാഴാക്കിക്കളയുകയും തന്നെത്താൻ അപമാനിക്കുകയും ചെയ്യുന്നുവെന്ന് മാത്രമല്ല, അയാൾ ചെയ്യുന്നത് പാപവുമാണ്.''

[മൽഫൂസാത്ത് വാള്യം 6 പേജ് 338]

''തങ്ങളുടെ കൈഊക്കിൽ വിശ്വാസമർപ്പിക്കുകയും അല്ലാഹുവിനെ കൈവെടിയുകയും ചെയ്യുന്നവരുടെ പര്യവസാനം നല്ലതായിരിക്കുകയില്ല. അല്ലാഹുവിൽ വിശ്വാസമർപ്പിക്കുക എന്നതിന്റെ അർഥം കൈകാലുകൾ തല്ലിയൊടിച്ച് ഒഴിഞ്ഞൊരിടത്ത് കുത്തിയിരിക്കുക എന്നല്ല. മറിച്ച് അല്ലാഹു ഉണ്ടാക്കിയിട്ടുള്ള സാധനസാമഗ്രികളെ അവലംബമാക്കിക്കൊണ്ട് പ്രവർത്തിക്കുകയും അവൻ നല്കിയിട്ടുള്ള ശക്തിയെ ശരിക്കും പ്രയോജനപ്പെടുത്തുകയും, എന്നിട്ട് അതിന്റെ ഫലത്തിനുവേണ്ടി അല്ലാഹുവിൽ എല്ലാം ഭരമേല്പിക്കുകയും ചെയ്യുക എന്നതാണ്. ഇതുതന്നെയാണ് അല്ലാഹുവിന്റെ സ്ഥാനവും യഥാർഥ മാർഗവും. ദൈവദത്തമായ കഴിവ് വിനിയോഗിക്കാതെ, തങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുന്നുവെന്ന് കേവലം നാവുകൊണ്ട് ഉരുവിടുന്നവർ അസത്യവാൻമാരും അല്ലാഹുവിന്റെ സ്ഥാനത്തെ അവമതിക്കുന്നവരുമാണ്. അല്ലാഹുവിനെ പരീക്ഷണ വിധേയനാക്കുകയും അവൻ നല്കിയിട്ടുള്ള ആന്തരികവും ബാഹ്യവുമായ കഴിവുകളെ നിരർഥക



Scanned by CamScanner

മാക്കിത്തള്ളുകയുമാണ് അവർ ചെയ്യുന്നത്. അങ്ങനെ അവർ അല്ലാഹുവിന്റെ തിരുസന്നിധിയിൽ വഷളത്തം കാട്ടുന്നു; അപമര്യാദയോടുകൂടി പെരുമാറുന്നു. إِيَّاكَ نَعْبُدُ എന്നതിന്റെ യഥാർഥ ഉദ്ദേശ്യത്തിൽ നിന്ന് വളരെ അകന്നുപോവുകയും അതനുസരിച്ച് പ്രവർത്തിക്കാതെ إِيَّاكَ نَسْتَعِينُ ന്റെ വെളിപ്പെടൽ അവർ ആഗ്രഹിക്കുകയും ചെയ്യുന്നു. ഇതൊരിക്കലും ശരിയല്ല. തന്റെ ശക്തിയും കഴിവും പ്രയോഗിച്ച് ചെയ്യാവുന്നതെല്ലാം മനുഷ്യൻ ചെയ്യുകതന്നെവേണം. എന്നാൽ, ഈ അവലംബ മാർഗങ്ങളെ ആരാധ്യവസ്തുവായോ വിഷമങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗമായോ കരുതാവതല്ല. കാര്യങ്ങൾ പൂർണമായി ചെയ്തതിനുശേഷം ബാക്കിയുള്ളവ അല്ലാഹുവിൽ ഭരമേല്പിക്കുക. അത് പൂർത്തിയാക്കാൻ അല്ലാഹു തനിക്ക് ശക്തിയും കഴിവും പ്രദാനം ചെയ്തുവെന്ന കാരണത്താൽ അവനോടുള്ള നന്ദിസൂചകമായി അയാൾ സാഷ്ടാംഗം പ്രണമിക്കട്ടെ'' [മൽഫൂസാത്ത് വാള്യം 1 പേജ് 367–368]

''കഴിവുകളെ പ്രയോജനപ്പെടുത്താത്തവൻ, ദുആ ചെയ്യുകയല്ല, മറിച്ച് അല്ലാഹുവിനെ പരീക്ഷിക്കുകയാണ് ചെയ്യുന്നത്. ഇതൊരു വസ്തുതയാണ്''. അതുകൊണ്ട് ദുആ ചെയ്യുന്നതിന്ന് മുമ്പേ കഴിയുന്നതൊക്കെ ചെയ്യേണ്ടത് അനിവാര്യമാണ്. ഇതേ അർഥമാണ് ഈ ദുആയിലുള്ളത്. ആദ്യം തന്റെ വിശ്വാസത്തിലും കർമങ്ങളിലും മനുഷ്യൻ നിർബന്ധമായും നോക്കണം. കാരണം, പരിഷ്കരണമുണ്ടാകുന്നത് മാർഗങ്ങളുടെ രൂപത്തിലാണ്. അതാകുന്നു അല്ലാഹുവിന്റെ സമ്പ്രദായം. പരിഷ്കരണത്തിന് കാരണമാകുന്ന ഏതെങ്കിലും തരത്തിലുള്ള വഴി അവനുണ്ടാക്കുന്നു.''

[മൽഫൂസാത്ത് വാള്യം 1 പേജ് 124]

''ഏതെങ്കിലും രീതിയിലുള്ള ആസൂത്രണമോ ചികിത്സാക്രമമോ സംബന്ധിച്ച് ചിന്തിക്കുകയോ അന്വേഷിക്കുകയോ ചെയ്യുമ്പോൾ അതിൽ നമുക്ക് നൈപുണ്യമില്ലെങ്കിൽ നാം മററുള്ളവരിൽനിന്ന് സഹായം തേടുന്നു. ഉദാഹരണത്തിന് ചികിത്സാരീതിയെ സംബന്ധിച്ച് നാം അശക്തരാണെങ്കിൽ



Scanned by CamScanner

അതിനെകുറിച്ച് ചിന്തിക്കുന്നതിനും ആലോചിക്കുന്നതിനുമായി ഏതെങ്കിലും ഡോക്ടറെ തിരഞ്ഞെടുക്കുന്നു. അദ്ദേഹം നമുക്ക്‌വേണ്ടി നമ്മുടെ അസുഖം സുഖമാകുന്നതിനുവേണ്ടുന്ന ഉചിതമായ മാർഗം ആലോചിക്കുന്നു. അപ്പോൾ പ്രകൃതിനിയമത്തിന്റെ പരിധികളുള്ളിലെ ഏതെങ്കിലും മാർഗം അദ്ദേഹത്തിന്റെ ചിന്തയിൽ വരുകയും അത് ഒരു പരിധിവരെ നമുക്ക് ഗുണപ്രദമായിത്തീരുകയും ചെയ്യുന്നു. വാസ്തവത്തിൽ, ഗഹനചിന്തയുടെയും അഗാധ ആലോചനയുടെയും ശ്രദ്ധയുടെയും ഫലമായാണ് ആ മാർഗം അദ്ദേഹത്തിന്റെ മനസ്സിൽ ഉരുത്തിരിഞ്ഞുവരുന്നത്. ഇതിനെ മററു വാക്കുകളിൽ ദുആ എന്നു പറയാവതാണ്. കാരണം മറഞ്ഞുകിടക്കുന്ന ഒരു കാര്യത്തിന്റെ അന്വേഷണത്തിൽ ആഴമുള്ള നദിയിലിറങ്ങി കൈകാലിട്ടടിക്കുകയും, ആരുടെ മുമ്പിലാണോ യാതൊന്നും മറഞ്ഞിട്ടില്ലാത്തത്, അങ്ങനെയുള്ള അത്യുന്നതമായ ശക്തിയോട് പ്രകാശം തേടുകയുമാണ് വാസ്തവത്തിൽ ചിന്തിക്കുമ്പോഴും ആലോചിക്കുമ്പോഴും നാം ചെയ്യുന്നത്. ചുരുക്കത്തിൽ നമ്മുടെ ആത്മാവ് ഒരു കാര്യത്തിന്റെ അന്വേഷണത്തിൽ അത്യന്തം ചുറുചുറുക്കോടും അങ്ങേയററം തീക്ഷ്ണതയോടുംകൂടി ഉദാരതയുടെ ഉൽപത്തിയിലേക്ക് കൈനീട്ടുമ്പോൾ, സ്വയം ബലഹീനനാണെന്നു് അറിഞ്ഞ് മറെറവിടെനിന്നെങ്കിലും ചിന്തയിലൂടെ പ്രകാശം തിരയുന്ന ആ അവസ്ഥയും യഥാർഥത്തിൽ ദുആയുടെ അവസ്ഥതന്നെയാണ്. ദുൻയാവിലെ ഹിക്മത്തുകളെല്ലാം ആ ദുആയിലൂടെയാണ് വെളിച്ചം കാണുന്നത്. ദുആ ജ്ഞാനഗേഹത്തിന്റെ താക്കോലാണ്. അതുകൂടാതെ ഭൗതികവും ആത്മീയവുമായ ജ്ഞാനം അല്പംപോലും വെളിപ്പെടുകയില്ല. നമ്മുടെ ചിന്തയും മറഞ്ഞ കാര്യം അറിയാനുള്ള ധിഷണാശക്തിപ്രയോഗവുമെല്ലാം തന്നെ ദുആയിൽപ്പെട്ടതാണ്. വ്യത്യാസം ഒന്നുമാത്രം. ദൈവജ്ഞാനികളുടെ ദുആ ദൈവജ്ഞാനത്തിന്റെ ഭവ്യമായ പെരുമാററങ്ങളുമായി ബന്ധപ്പെട്ട് അവരുടെ ആത്മാവ് ഉദാരതയുടെ ഉൽപത്തി തിരിച്ചറിഞ്ഞ് ഉറംക്കാഴ്ചയോടുകൂടി അതിന്റെ നേർക്ക് കൈനീട്ടുന്നു. എന്നാൽ മഹ്ജൂബുകളുടെ [ആത്മീയ കാര്യങ്ങളെപ്പററി അറിവില്ലാത്തവരുടെ] പ്രാർഥന കേവലം ഒരു പരിഭ്രമമാണ്. അത് പ്രകടമാകുന്നത് ഗഹനചിന്തയുടെയും അഗാധ ആലോചനയുടെയും അന്വേഷണതൃഷ്ണയുടെയും രൂപത്തിലാണെന്നു മാത്രം.



Scanned by CamScanner

മഅ്‌രിഫത്തിലൂടെ അല്ലാഹുവുമായി ബന്ധമില്ലാത്തവർ ആഗ്രഹിക്കുന്നത് ചിന്തയിലൂടെയും ആലോചനയിലൂടെയും വിജയപ്രദമായ കാര്യങ്ങളും തങ്ങളുടെ ഹൃദയത്തിൽ അദൃശ്യത്തിൽനിന്ന് ഉയർന്നുവരട്ടെയെന്നാണ്. ദൈവത്തിൽ അശേഷം വിശ്വാസമില്ലാത്തവരും ഇതു തന്നെ ആഗ്രഹിക്കുന്നു. വിജയത്തിന്റെ മാർഗം തനിക്കായി തുറക്കണമെന്ന് തന്നെയാണ് ആരിഫും [ദൈവജ്ഞാനി] ദുആ മുഖേന തന്റെ അല്ലാഹുവിനോട് ആഗ്രഹിക്കുന്നത്. ആരിഫ് ഉദാരതയുടെ ഉറവിടം അറിയുന്നു. എന്നാൽ, മഹ്ജൂബ് അതറിയുന്നില്ല. എങ്കിലും ഉഴലുന്ന സമയത്ത് ആരിഫിനെപോലെ അയാളുടെ പ്രകൃതിയും മറ്റൊരു സ്ഥലത്ത് നിന്ന് സഹായം ആഗ്രഹിക്കുകയും അത് ലഭിക്കുന്നതിനായി ചിന്തിക്കുകയും ചെയ്യുന്നു. അങ്ങനെ തങ്ങളുടെ ചിന്തയും ആലോചനയും ശേഷം മനസ്സിൽ പൊന്തിവരുന്നതെന്തോ, അത് അല്ലാഹുവിൽനിന്നുള്ളതാണെന്ന് മനസ്സിലാക്കാതെ അവർ അന്ധകാരത്തിൽ ഉഴലുന്നു. അല്ലാഹു ചിന്തിക്കുന്നവരുടെ ചിന്തയെ ദുആയായി പരിഗണിക്കുകയും അത് സ്വീകരിച്ച് അതിനെകുറിച്ചുള്ള അറിവ് അവരുടെ ഹൃദയത്തിൽ ഇടുകയും ചെയ്യുന്നു. [ഇതവർ അറിയുന്നില്ല] ചുരുക്കത്തിൽ, യുക്തിയുടെയും ജ്ഞാനത്തിന്റെയും തുള്ളികൾ ചിന്തകരുടെ ഹൃദയത്തിൽ വന്നു പതിക്കുന്നതും അല്ലാഹുവിൽനിന്നു തന്നെയാണ്. ചിന്തകൻ ഇത് മനസ്സിലാക്കുന്നില്ലെങ്കിലും തന്നോടുതന്നെയാണ് അവൻ ചോദിച്ചുകൊണ്ടിരിക്കുന്നതെന്ന് അല്ലാഹു അറിയുന്നു. അങ്ങനെ അല്ലാഹുവിൽ നിന്നും തന്റെ ലക്ഷ്യം അവസാനം ചിന്തകൻ നേടുന്നു.

ഞാനിപ്പോൾ വിവരിച്ചതുപോലെ, ജ്ഞാനപ്രകാശത്തിനായുള്ള ഈ അന്വേഷണമാർഗം ഉൾക്കാഴ്ചയോടും സാക്ഷാൽ മാർഗദർശിയെ തിരിച്ചറിഞ്ഞുകൊണ്ടുമാണെങ്കിൽ അതിന് 'ആരിഫാന' ദുആ എന്നും യഥാർഥ പ്രകാശത്തിന്റെ അസ്തിത്വത്തെ പരിപൂർണമായും മുന്നിൽ കാണാതെ അജ്ഞാത ഉറവിനോടാണെങ്കിൽ അതിന് 'മഹ്ജൂബാന' ദുആ എന്നും പറയുന്നു. ഇതിനും പുറമെ പരിശ്രമവും ദുആയും തമ്മിലുള്ള പരസ്പരബന്ധം പ്രകൃതി നിയമത്തിന്റെ ദൃഷ്ടാന്തങ്ങളാൽതന്നെ സ്ഥാപിതമാകുന്നുമുണ്ട്. പ്രകൃതിദേവത



Scanned by CamScanner

ത്തിൻെറ സാക്ഷ്യത്താൽ ഇത് തെളിയുകയും ചെയ്യുന്നു. വിപത്തുകളുണ്ടാകുന്ന സമയത്ത് മനുഷ്യപ്രകൃതി ഉപായം തേടുന്നതിലും ചികിത്സ നടത്തുന്നതിലും മുഴുകിക്കൊണ്ടുന്നത് പോലെതന്നെ പ്രകൃതിസിദ്ധമായആവേശത്താൽ അത് ദുആയിലേക്കും സദഖയിലേക്കും ദാനധർമങ്ങളിലേക്കും തിരിയുകയും ചെയ്യുന്നു. ചുരുക്കത്തിൽ മനുഷ്യൻെറ ആന്തരികമായ നിയമസംഹിതയും പുരാതനകാലം മുതൽക്കേ എല്ലാ ജനതകൾക്കും നല്കി വന്ന വിധി, അവർ ദുആയെ മാർഗങ്ങളിൽ നിന്നും പരിശ്രമങ്ങളിൽനിന്നും വേർപെടുത്തരുതെന്നാണ്. മറിച്ച് ദുആ മുഖേന മാർഗങ്ങൾ അന്വേഷിക്കുക. ഇക്കാര്യത്തിലുള്ള 'റൂഹാനീ ദലീൽ' ഇതു തന്നെയാണ്. ദുആയും മാർഗം അവലംബമാക്കലും മനുഷ്യപ്രകൃതിയുടെ രണ്ടാവശ്യങ്ങളാകുന്നു. മനുഷ്യൻ സൃഷ്ടിക്കപ്പെട്ട ആ പുരാതനകാലം മുതൽക്കേ അവ കൂടപ്പിറപ്പുപോലെ മനുഷ്യസൃഷ്ടിയുടെ സേവകരായി നടന്നുവരുന്നു. ദുആയുടെ ഫലമുളവാകുന്നതിന് മാർഗം ആവശ്യമെന്നതുപോലെ മാർഗം അവലംബമാക്കുന്നതിനുള്ള പ്രേരകവും ആകർഷകവുമാണ് ദുആ. മാർഗം തേടുന്നതിന് മുമ്പേ, അനന്തമായ ആ ഉറവിൽ നിന്നു് പ്രകാശം പ്രാപിച്ച് നല്ല മാർഗങ്ങൾ സ്വീകരിക്കുന്നതിനു വേണ്ടി അതിൻെറ ഉൽപത്തിയോടു സഹായം തേടിക്കൊണ്ട് പ്രാർഥിക്കുന്നതിലാണ് മനുഷ്യൻെറ ഭാഗ്യം കുടികൊള്ളുന്നത്.''

[അയ്യാമുസ്സുൽഹ് പേജ് 2, 3]

യുക്തമായ നിലയിൽ അറിവ് സമ്പാദിക്കുന്നത് അല്ലാഹുവിനു് വളരെ ഇഷ്ടമുള്ള കാര്യമാണ്. [മുജാദലഃ 12]

يَرْفَعِ اللَّهُ الَّذِينَ آمَنُوا مِنْكُمْ وَالَّذِينَ أُوتُوا الْعِلْمَ دَرَجَات

''നിങ്ങളിൽ സത്യവിശ്വാസികളേയും ജ്ഞാനം നല്കപ്പെട്ടവരേയും അല്ലാഹു പദവികളിൽ ഉയർത്തുന്നതാണ്.''

ഹദീസിൽ വന്നിരിക്കുന്നു:-

''അറിവ് ആഗ്രഹിക്കുന്ന ഒരുവൻ പകൽ നോമ്പു നോക്കുകയും രാത്രി ഉപാസനാ കർമങ്ങളിൽ മുഴുകുകയും ചെയ്യുന്ന ഒരുവനെപോലെയാണ്. 'ബൂഖുബയ്സ്''* എന്ന പർവത

* പരിശുദ്ധ കഅ്ബയുടെ പരിസരത്ത് സ്ഥിതിചെയ്യുന്നു.



Scanned by CamScanner

ത്തിന്റെ അത്രയും സ്വർണം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്ന ഒരുവനെക്കാൾ ഉത്തമനാണ് ഒരു 'അധ്യായം' അറിവ് സമ്പാദിക്കുന്നവൻ.''

ഹസ്റത്ത് അഹ്മദ് അലയ്ഹിസ്സലാം പറയുന്നു.

''ദീനിനു സേവനം ചെയ്യുക, അല്ലാഹുവിന്റെ കലാമിനെ ഉയർത്തിപിടിക്കുക, എന്നീ ഉദ്ദേശ്യത്തോടെ ആധുനിക അറിവുകൾ സമ്പാദിക്കേണ്ടത് ഇന്ന് അത്യന്താപേക്ഷിതമാണ്. അത്യദ്ധ്വാനം ചെയ്തിട്ടാണെങ്കിലും അത് കരസ്ഥമാക്കുക.'' [മൽഫൂസാത് ജിൽദ് 1 പേജ് 69]

പരിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു.

ليس للانسان الا ما سعى

''മനുഷ്യൻ എന്തിനുവേണ്ടി പരിശ്രമിക്കുന്നുവോ അതാണ് അവന് ലഭിക്കുന്നത്.''

മനുഷ്യൻ ബലഹീനനാണ്. മാനുഷികമായ ആ ബലഹീനത കാരണത്താൽ അവന്റെ പരിശ്രമത്തിൽ നിശ്ചയമായും കുറവുകൾ ഉണ്ടാകും. അവനത് പരാജയത്തിന് കാരണമാകാനുമിടയുണ്ട്. സഹായത്തിനുവേണ്ടിയുള്ളതാണ് ദുആ. കഴിവിനൊത്ത് പരിശ്രമിച്ചതിനുശേഷം എത്രത്തോളം ദുആ ചെയ്യുന്നുവോ അത്രത്തോളം അതിലുള്ള കുറവുകളെ അല്ലാഹു അത്ഭുതകരമാംവണ്ണം നികത്തുന്നതാണ്. ഇതാണ് ലോകത്തിലെ സകല പ്രവർത്തനങ്ങളുടേയും യാഥാർത്ഥ്യം.

ഇതിനു പുറമെ മനുഷ്യൻ ഓരോ നിമിഷവും ദുആ ചെയ്യേണ്ട ആവശ്യവുമുണ്ട്. അല്ലെങ്കിൽ തന്റെ ബലഹീനതകൊണ്ട് അവൻ നഷ്ടപ്പെട്ടവരിലായിപ്പോകും. അല്ലാഹു പറയുന്നു.

قُلْ مَا يَعْبَؤُا بِكُمْ رَبِّي لَوْلَا دُعَاؤُكُمْ

''ഏ, റസൂൽ നീ അവരോട് പറയുക, 'നിങ്ങളുടെ പ്രാർത്ഥന ഇല്ലായിരുന്നെങ്കിൽ എന്റെ നാഥൻ നിങ്ങളെ എന്ത് വില വെക്കാനാണ്.'' [ഫുർഖാൻ 78]

فَقَدْ كَذَّبْتُمْ فَسَوْفَ يَكُونُ لِزَامًا



Scanned by CamScanner

''എന്നാൽ, നിങ്ങൾ [സത്യത്തെ] നിഷേധിച്ചു കളഞ്ഞു. അതിനാൽ, അത് [ആ നിഷേധത്തിന്റെ ഫലമായുള്ള അത്യാപത്ത്] നിങ്ങളെ പിടികൂടുക തന്നെ ചെയ്യും.''

ഹസ്റത്ത് അബൂഹുറയ്റാ (റ) യിൽ നിന്ന് നിവേദനം. നബി [സ] തിരുമേനി പറഞ്ഞു. അല്ലാഹു പറയുന്നു: ''എന്നോടു ദുആ ചെയ്യാത്തവരെ ഞാൻ വെറുക്കുന്നു''.

ദുആ ചെയ്യാൻ പലവുരു താക്കീതു ചെയ്തിട്ടുള്ളതായി ഹ: അഹ്മദ് അലയ്ഹിസ്സലാമിന്റെ വെളിപ്പാടുകളിലും കാണാം. അല്ലാഹു അദ്ദേഹത്തോട് പറഞ്ഞു.

أُدْعُونِى اَسْتَجِبْ لَكُمْ

''എന്നെ വിളിക്കുവിൻ. ഞാൻ നിങ്ങളുടെ വിളി കേൾക്കുന്നു.''
[തദ്കിറ ഭാ. 215]

أُجِيبُ دَعْوَةَ الدَّاعِ اِذَا دَعَانِ

''പ്രാർഥിക്കുന്നവന്റെ പ്രാർഥനയ്ക്ക് അവനെന്നോട് പ്രാർഥിക്കുമ്പോൾ ഞാൻ ഉത്തരം നല്കും.'' [തദ്കിറ പേ. 81]

اِنَّهُ سَمِيعُ الدُّعَاء

''നിശ്ചയമായും അവൻ പ്രാർഥനകൾ വളരെ കേൾക്കുന്നവനാണ്.''
[തദ്കിറ പേജ് 96]

قُلْ مَا يَعْبَؤُ بِكُمْ رَبِّى لَوْلَا دُعَاءُكُمْ

''ഏ റസൂൽ നീ അവരോടു പറയുക, നിങ്ങളുടെ പ്രാർഥനയില്ലായിരുന്നെങ്കിൽ എന്റെ നാഥൻ നിങ്ങളെ എന്തു വില വെക്കാനാണ്.''
[തദ്കിറ പേ. 18]

قَدْ جَرَتْ عَادَةُ اللهِ اِنَّهُ لَا يَنْفَعُ الاَمْوَاتَ اِلَّا الدُّعَاءُ

''മരിച്ചുപോയവർക്ക് പ്രാർഥനയല്ലാതെ ഒരു വസ്തുവും പ്രയോജനം ചെയ്യുകയില്ല. അങ്ങനെയാണ് അല്ലാഹുവിന്റെ സമ്പ്രദായം നടന്നുകൊണ്ടിരിക്കുന്നത്''. [തദ്കിറ പേ. 415]



Scanned by CamScanner

انى انا الله فاعبدنى ولا تنسنى واجتهد ان تصلنى واسئل ربك وكن مسئولا

"നിശ്ചയമായും ഞാൻ തന്നെയാണ് അല്ലാഹു. അതുകൊണ്ട് എന്നെ ആരാധിക്കുകയും, മറക്കാതിരിക്കുകയും ചെയ്യുക. എന്നെ കണ്ടുമുട്ടുന്നതിനും എൻെറ സാമീപ്യത്തിന് ഭാഗ്യമുണ്ടാകുന്നതിനുംവേണ്ടി പരിശ്രമിക്കുകയും ചെയ്യുക. അതിനുള്ള മാർഗം നിങ്ങൾ നിങ്ങളുടെ നാഥനോട് ആവർത്തിച്ചാവർത്തിച്ച് പ്രാർഥിക്കുക എന്നതാണ്."

[തദ്കിറ പേജ് 394]

اَفَمَنْ يُجِيبُ الْمُضْطَرَّ اِذَا دَعَاهُ قُلِ اللهُ ثُمَّ ذَرْهُمْ فِى خَوْضِهِمْ يَلْعَبُونَ

"ബുദ്ധിമുട്ടിലകപ്പെട്ടവൻ ദുആ ചെയ്യുമ്പോൾ അവൻെറ ദുആ കേൾക്കുന്നതാരാണ്? നീ പറയുക. അത് അല്ലാഹു മാത്രമാണ്. അത് ജനങ്ങൾ മനസ്സിലാക്കുന്നില്ലെങ്കിൽ അവരുടെ ജല്പനങ്ങളിൽ നീ അവരെ വിട്ടേക്കുക."

[തദ്കിറ പേജ്. 729]

تو منزل ما چو بار بار آئى
خدا رامير رحمت بيارید یائے

"അല്ലയോ എൻെറ ദാസാ, നീ എൻെറ സന്നിധിയിൽ സദാ വന്നുകൊണ്ടിരിക്കുന്നു. നിൻെറമേൽ കാരുണ്യത്തിൻെറ വർഷം ഉണ്ടായിട്ടുണ്ടോ ഇല്ലേയെന്ന് നീ ഒന്നു നോക്കുക."

[തദ്കിറ പേജ്. 661]

أ تقنط من رحمة الله الذى يربيكم فى الارحام

"എന്ത്! ഗർഭാശയങ്ങളിൽ നിങ്ങളെ പരിപാലിക്കുന്ന അല്ലാഹുവിൻെറ കാരുണ്യത്തെപ്പററി നിങ്ങൾ നിരാശരാകുകയോ?"



Scanned by CamScanner

وَلَا تَيْـئَسْ مِنْ رَوْحِ اللهِ اِلَّا اِنَّ رَوْحَ اللهِ قَرِيْبٌ

''അല്ലാഹുവിൻെറ കാരുണ്യത്തിൽ നിരാശനാവണ്ട. അല്ലാഹുവിൻെറ കാരുണ്യം സമീപസ്ഥമാണ്.''

## ഒരു ദർശനം

ദുആ ചെയ്യാനുള്ള അല്ലാഹുവിൻെറ ഈ താക്കീതിനുശേഷവും/ദുആ ചെയ്യാത്തവരെകുറിച്ചും, തൻെറ നാഥൻെറ അഭീഷ്ടമനുസരിച്ച് ജീവിക്കാത്തവരെകുറിച്ചും വാഗ്ദത്ത മസീഹ് അലയ്ഹിസ്സലാമിനുണ്ടായ ഒരു ദർശനമുണ്ട്. ആ പുണ്യാത്മാവ് കണ്ടു.

''മൈലുകളോളം ദൈർഘ്യമുള്ള ഒരു കാന. അതിൻെറ അരികിൽ ആയിരക്കണക്കിന് ചെമ്മരിയാടുകളെ കിടത്തിയിരിക്കുകയാണ്. അവയുടെ കഴുത്ത് കാനയുടെ അരികിൽ വരത്തക്കവണ്ണം കിഴക്കു പടിഞ്ഞാറായിട്ടാണ് കിടത്തിയിട്ടുള്ളത്; അതായത് അറുത്താൽ രക്തം കാനയിൽ വീഴുകയും ശരീരം കരയിൽ കിടക്കുകയും വേണം. തല തെക്കോട്ട് ചായ്ച്ചുവച്ചിരിക്കുന്നു. ഓരോ ചെമ്മരിയാടിൻേറയും അരികെ കൈയിൽ കത്തിയുമായി കശാപ്പുകാർ ഇരിപ്പുണ്ട്. എല്ലാവരും ആകാശത്തേക്ക് കണ്ണും നട്ടിരിക്കുന്നു; അല്ലാഹുവിൽ നിന്നു് അനുവാദം ലഭിക്കാൻ. ആ മൈതാനത്തിൻെറ വടക്കഭാഗത്ത് ഞാൻ ഉലാത്തുകയാണ്. അനുവാദവും കാത്തിരിക്കുന്ന അവർ യഥാർഥത്തിൽ മലക്കുകളാണെന്നു് ഞാൻ കാണുന്നു. ഞാൻ അവരുടെ സമീപത്ത് ചെന്നു് ഈ ഖുർആനിക വചനമോതി.

قُلْ مَا يَعْبَؤُا بِكُمْ رَبِّي لَوْلَا دُعَاؤُكُمْ

''നീ അവരോടു പറയുക, നിങ്ങളുടെ പ്രാർഥനയില്ലെങ്കിൽ എൻെറ നാഥൻ നിങ്ങളെ എന്ത് വിലവെക്കാനാണ്.'' [25:78] ഞാനിത് പറഞ്ഞതേയുള്ളൂ, കശാപ്പുകാരെപ്പോലെ ഇരുന്നിരുന്ന ആ മലക്കുകൾ എൻെറ നാവിൽനിന്നും പുറപ്പെട്ട വാക്കുകൾ അല്ലാഹുവിൻെറ വാക്കുകളാണെന്നു് മനസ്സിലാക്കു



Scanned by CamScanner

കയും ചെമ്മരിയാട്ടകളെ അറുക്കാൻ തുടങ്ങുകയും ചെയ്തു. കത്തി ആഴ്ന്നിറങ്ങുമ്പോഠം വേദനാജനകമായ നിലയിൽ ആട്ടകഠം പിടച്ചു. അപ്പോഠം അവയുടെ കഴുത്തിലെ എല്ലാ ഞരമ്പുകളും ബലമായി മുറിച്ചുകൊണ്ട് മലക്കുകഠം പറഞ്ഞു, 'അഴുക്ക് തിന്നുന്ന ആട്ടകഠം, അല്ലാതെ നിങ്ങഠംക്കൊരു വിലയുമില്ല.' ഈ ദർശനം ഞാനിങ്ങനെ വ്യാഖ്യാനിച്ചു. 'ശക്തമായൊരു പകർച്ച വ്യാധിയുണ്ടാകും. ദുഷ്കൃത്യം നിമിത്തം ധാരാളമാളുകഠം അതു മുഖേന മരണമടയും.''

[തെരിയാഖുൽ ഖുലൂബ് പേജ്. 60]

## കൃഷിക്കാരന്റെ ഉപമ

വീണ്ടും പറയുന്നു:

ഓർമിക്കുക, അല്ലാഹുവിന്റെ കല്പനകഠം നിങ്ങഠം സ്വയം നിറവേററുകയും അവന്റെ ദീനിനെ കാത്തു രക്ഷിപ്പാൻ പരിശ്രമിക്കുകയുമാണെങ്കിൽ നിങ്ങളുടെ സകല വിഷമങ്ങളും അവൻ അകററുന്നതാണ്. അങ്ങനെ നിങ്ങഠം വിജയം വരിക്കുകയും ചെയ്യും. കർഷകൻ നല്ല ചെടികളെ സംരക്ഷിക്കുന്നതിനായി വയലിൽനിന്ന് കളകഠം പിഴുതെറിയുന്നതും ഫലപ്രദമായ മരവും സസ്യവുംകൊണ്ട് വയലിനെ അലങ്കരിക്കുന്നതും സകല ഉപദ്രവങ്ങളിൽ നിന്നും നഷ്ടങ്ങളിൽ നിന്നും അവയെ രക്ഷിക്കുന്നതും നിങ്ങഠം കാണുന്നില്ലേ? അവ ഉണങ്ങിപ്പോകുകയോ ചീഞ്ഞുപോകുകയോ ചെയ്താൽ കന്നുകാലികഠം തിന്നാലും വിറകുവെട്ടുകാരൻ മുറിച്ചുകൊണ്ടുപോയാലും അതിന്റെ ഉടമസ്ഥൻ കാര്യമാക്കുകയില്ല. അതുകൊണ്ട് നിങ്ങഠം ഓർത്തുകൊഠംവിൻ, നിങ്ങഠം സത്യവാൻമാരാകുകയാണെങ്കിൽ ആരെതിർത്താലും നിങ്ങഠംക്കൊരു ആപത്തും വരുകയില്ല. എന്നാൽ നിങ്ങളുടെ സ്ഥിതി നിങ്ങഠം ശരിയാക്കുന്നില്ലെങ്കിൽ അല്ലാഹുവിനോട് അനുസരണ പ്രതിജ്ഞ ചെയ്യുന്നില്ലെങ്കിൽ അവൻ ആരേയും കൂട്ടാക്കുകയില്ല. ആയിരക്കണക്കിന് ആട്ടമാട്ടകഠം നിത്യവും അറുക്കപ്പെടുന്നു. ആരും അവയോടു ദയ കാണിക്കുന്നില്ല. എന്നാൽ മനുഷ്യൻ വധിക്കപ്പെട്ടാൽ എത്ര ചോദ്യവും അന്വേഷണവുമുണ്ടാകും. അതുകൊണ്ട്, നിങ്ങഠം സ്വയം മൃഗങ്ങളെപോലെ കൊള്ളരുതാത്തവരും അശ്രദ്ധരുമായിത്തീർന്നാൽ നിങ്ങളുടെ സ്ഥിതിയും അതുതന്നെയായിരിക്കും. നിങ്ങളുടെമേൽ കൈവയ്ക്കാൻ,



Scanned by CamScanner

ഒരു പകർച്ചവ്യാധിക്കും ആപത്തിനും ധൈര്യമുണ്ടാവാതിരിക്കാൻ നിങ്ങൾ അല്ലാഹുവിന്റെ ഇഷ്ടദാസരിൽ ഉൾപ്പെടേണ്ടതാണ്. കാരണം ഒന്നുംതന്നെ അല്ലാഹുവിന്റെ അനുമതി കൂടാതെ ഭൂമിയിൽ നടക്കുന്നില്ല. പരസ്പരമുള്ള ശണ്ഠയും എടുത്തുചാട്ടവും ശത്രുതാ മനോഭാവവും നിങ്ങളുടെയിടയിൽ നിന്ന് വിപാടനം ചെയ്യുക. കൊച്ചുകൊച്ചു കാര്യങ്ങളിൽ നിന്നും പിന്മാറി സുപ്രധാനവും മഹോത്തമവുമായ പ്രവൃത്തികളിൽ ഏർപ്പെടേണ്ട കാലമാണിത്.''

[മൽഫൂസാത്ത് വാള്യം 1 പേജ്: 267]

## ആപത്തുകളെക്കുറിച്ചുള്ള പ്രവചനം

വീണ്ടും പറയുന്നു.

''ഓർത്തുകൊള്ളുവിൻ. അല്ലാഹു എനിക്ക് ഭൂകമ്പങ്ങളെ കുറിച്ച് അറിവ് നല്കിയിരിക്കുന്നു. പ്രവചനപ്രകാരം അമേരിക്കയിലും യൂറോപ്പിലും ഭൂകമ്പം ഉണ്ടായതുപോലെ ഏഷ്യയിൽ പല സ്ഥലങ്ങളിലും ഭൂകമ്പം ഉണ്ടാകും. അവയിൽ ചിലത് ഖിയാമത്തിന്റെ പ്രതീതി ഉളവാക്കും. രക്തപ്പുഴ ഒഴുകുമാറ് മരണങ്ങളുണ്ടാകും. പക്ഷിമൃഗാദികളും അതിൽ നിന്ന് വിമുക്തമാകുകയില്ല. മനുഷ്യനുണ്ടായ നാൾ തുടങ്ങി നാളിതുവരെ ഉണ്ടായിട്ടില്ലാത്തവിധം ഭയങ്കരമായ നാശം ഭൂമുഖത്ത് ഉണ്ടാകാൻ പോകുന്നു...... അപ്പോൾ മനുഷ്യർക്കിടയിൽ പരിഭ്രമം ജനിക്കുകയും സംഭവിക്കാൻ പോകുന്നതെന്താണെന്ന് ചോദിച്ചു തുടങ്ങുകയും ചെയ്യും. ആ നാളുകൾ അടുത്തു വരുന്നു. അല്ല. അത് പടിവാതിക്കൽ എത്തിയിരിക്കുന്നു. ഒരു മഹാപ്രളയത്തിന്റെ കാഴ്ച ലോകം കാണും. ഭൂകമ്പങ്ങൾ മാത്രമല്ല, ഭയാനകങ്ങളായ മറ്റു പല ആപത്തുകളും പ്രത്യക്ഷപ്പെടും. ചിലത് ആകാശത്ത്നിന്ന്. ചിലത് ഭൂമിയിൽ നിന്ന്. മനുഷ്യൻ ഭക്തി മാർഗത്തെ ഉപേക്ഷിക്കുകയും പൂർണമായും ലൗകികതയിൽ നിപതിക്കുകയും ചെയ്തതിനാലത്രെ ഇതെല്ലാം സംഭവിക്കുന്നത്. .... അമേരിക്കയിലും മറ്റും ഭയാനകമായ ഭൂകമ്പമുണ്ടായെന്നും നിങ്ങളുടെ രാജ്യം അതിൽനിന്ന് രക്ഷപ്പെട്ടുവെന്നും കരുതരുത്. നിങ്ങൾ, അതിനെക്കാളേറെ ആപത്തുകളുടെ മുഖം നോക്കുന്നതായി ഞാൻ കാണുന്നു. അല്ലയോ യൂറോപേ, നീ രക്ഷയിലല്ല. അല്ലയോ ഏഷ്യാ, നീയും



Scanned by CamScanner

രക്ഷയിലല്ല. ഓ, ദ്വീപുകളിൽ വസിക്കുന്നവരേ, ആ നാളിൽ നിങ്ങളാൽ നിർമിതമായൊരു ദൈവം നിങ്ങളെ രക്ഷിക്കുകയില്ല. മഹാനഗരങ്ങൾ മറിഞ്ഞു വീഴുന്നത് ഞാൻ കാണുന്നു. ജനബാഹുല്യമുള്ള സ്ഥലങ്ങൾ ശൂന്യമായി ഭവിക്കുന്നതും ഞാൻ കാണുന്നു. ''

[ഹഖീഖത്തുൽ വഹ്‌യ് പേജ് 256-257]

## അല്ലാഹുവിൻെറ ഖജനാവിൽ കുറവില്ല

ഹസ്‌റത്ത് അബൂസർ (റ) നിവേദനം ചെയ്ത ഖുദ്സിയായൊരു ഹദീസിൽ നബി (സ) തിരുമേനി പറയുന്നു.

''അല്ലാഹു പറയുന്നു, അല്ലയോ എൻെറ ദാസൻമാരേ, നിങ്ങൾക്ക് മുമ്പേയുള്ളവരും പിമ്പേയുള്ളവരുമായ ജിന്നും ഇൻസുമെല്ലാം ഒരു മൈതാനത്ത് സമ്മേളിക്കുകയും എന്നോട് തങ്ങളുടെ ആവശ്യങ്ങൾ ചോദിക്കുകയും അങ്ങനെ ഞാൻ എല്ലാവരുടേയും ആവശ്യങ്ങൾ നിറവേററുകയും ചെയ്തുവെന്ന് സങ്കല്പിക്കുക. എന്നാൽ, സമുദ്രത്തിൽ സൂചിമുക്കി വെളിയിലെടുത്താൽ എത്രമാത്രം വെള്ളം അതിൽ കുറവു വരുമോ അത്രപോലും എൻെറ ഖജനാവിൽ കുറവു വരുകയില്ല. എൻെറ ദാസൻമാരേ, നിങ്ങളുടെ ഓരോ കർമങ്ങളും കണക്കുകൂട്ടി അതിനുള്ള പ്രതിഫലം അശേഷം കുറക്കാതെ ഞാൻ നിങ്ങൾക്കു തരും. നല്ല പ്രതിഫലം ആർക്കാണോ ലഭിക്കുന്നത്, അതിനെക്കാൾ കൂടുതൽ കിട്ടുന്നതിനായി അയാളെന്നോടു നന്ദികാണിക്കട്ടെ. പരാജയത്തിൻെറ മുഖം കാണുന്നതാരോ, അതയാളുടെ ദുഷ്കർമത്തിൻെറ ഫലമായതിനാൽ അയാൾ സ്വയം നിന്ദിക്കട്ടെ.'' [മുസ്‌ലിം കിതാബുൽ ബിർറി വ സ്സിലഃ]

ജീവനുള്ള ദൈവത്തിൻെറ ജീവൽസത്തയുള്ള ജീവത്തായ തെളിവുകൾക്കുശേഷം ദുആ എന്നത് അല്ലാഹുവിൽ നിന്നു സഹായം തേടുന്നതിനുവേണ്ടിയുള്ളതാണ്, അവനെ പരീക്ഷിക്കുന്നതിന് വേണ്ടിയുള്ളതല്ലായെന്നു നാം തെളിയിച്ചിരിക്കുന്നു. അതായത്, പരിശ്രമമൊന്നും ചെയ്യാതെ മാർഗങ്ങളൊന്നും അവലംബമാക്കാതെ ദുആയിൽമാത്രം മുഴുകിയാൽ അതൊരു പരിഹാസമായി ഭവിക്കുകയും ദൈവശിക്ഷയ്ക്കിരയായിത്തീരുകയും ചെയ്യുന്നതാണ്. 'പ്രാർഥന കൂടാതെ ജീവിതത്തിനു് ഒരു രസവുമില്ല.' അങ്ങനെ, നമ്മുടെ നാഥ



Scanned by CamScanner

നോട് ദുആ ഇരക്കേണ്ടത് അനിവാര്യമാണെന്ന് നാം സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി നമുക്ക് ദുആ ചെയ്യേണ്ട വിധത്തെകുറിച്ചും അതിന്റെ രഹസ്യത്തെ സംബന്ധിച്ചും അല്പം നോക്കാം. തദ്കിറ 495ാം പേജിൽ മസീഹു മൗഊദിന്റെ കാലത്തുണ്ടായ ഒരു സംഭവം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

## മരിച്ചയാൾ ജീവിച്ചു

''നമ്മുടെ ബഹുമാന്യനായ ഖാൻസാഹിബ് മുഹമ്മദലീ ഖാൻസാഹിബിന്റെ ചെറിയ മകൻ അബ്ദുർറഹീമിന് കഠിനമായ രോഗം ബാധിച്ചു. 14 ദിവസം പനിവിടാതെ ഒരേ നിലയിൽനിന്നു. ഇതിനുപുറമെ ബോധക്ഷയവും ഉണ്ടായിക്കൊണ്ടിരുന്നു. അത്യാസന്ന നിലയിലെത്തി.........ഹസ്റത്ത് ഖലീഫത്തുല്ലാ അലയ്ഹിസ്സലാമിനോട് നിത്യവും ദുആ ചെയ്യാൻ അപേക്ഷിച്ചുകൊണ്ടിരുന്നു. ഹസ്റത്ത് സാഹിബ് ദുആ ഇരക്കുകയും ചെയ്തിരുന്നു. രക്ഷപ്പെടുമെന്നുള്ള ലക്ഷണങ്ങളൊന്നും അബ്ദുർറഹീമിൽ കാണുന്നില്ലായെന്ന് വളരെ വേദനയോടെ ഹസ്റത്ത് അഖ്ദസ്സിനെ ഒക്ടോബർ ഇരുപത്തഞ്ചാം തീയതി അറിയിച്ചു. ദയാലുവും കരുണാർദ്രനുമായ അദ്ദേഹം അബ്ദുർറഹീമിനുവേണ്ടി തഹജ്ജുദ് നമസ്കാരത്തിൽ ദുആ ചെയ്യുകയായിരുന്നു. അപ്പോൾ അല്ലാഹുവിൽനിന്ന് വഹ്‌യ്മുഖേന അദ്ദേഹത്തിന് വെളിപ്പാടുണ്ടായി. 'തഖ്ദീർ മുബ്റം ഹെ. ഔർ ഹലാക്കത്ത് മുഖദ്ദർ ഹെ.' [അചഞ്ചലമായ വിധിയാകുന്നു. മരണം സുനിശ്ചിതമാണ്] ......ഹസ്റത്ത് പറഞ്ഞു. അല്ലാഹുവിൽനിന്ന് ഭീതിജനകമായ ഈ വഹ്‌യ് ഇറങ്ങിയപ്പോൾ എനിക്കു വളരെ സങ്കടമുണ്ടായി. എന്റെ നാവിൽനിന്നും അവിചാരിതമായി പുറത്തുവന്നു: യാ ഇലാഹീ, ഈ അവസരം ദുആയുടേതല്ലെങ്കിൽ ഞാൻ ശുപാർശ ചെയ്യുന്നു; അതിനുള്ള അവസരമാണല്ലോ ഇത്. ഉടനെ വഹ്‌യുണ്ടായി.

يُسَبِّحُ لَهُ مَنْ فِي السَّمٰوٰتِ وَمَنْ فِي الْأَرْضِ مَنْ ذَا الَّذِي
يَشْفَعُ عِنْدَهُ إِلَّا بِإِذْنِهِ



Scanned by CamScanner

'' ആകാശങ്ങളിലും ഭൂമിയിലുമുള്ള എല്ലാ സൃഷ്ടികളും അവന് സ്തോത്രം ചൊല്ലുന്നു. അവൻെറ അനുമതി കൂടാതെ അവൻെറ സന്നിധിയിൽ ശുപാർശ ചെയ്യുന്നതാരാണ്?'' പ്രതാപദ്യോതകമായ ഈ വഹ്‌യ് നിമിത്തം എൻെറ ശരീരം വിറച്ചു. അനുമതികൂടാതെ ശുപാർശ ചെയ്തതിനാൽ അതിയായ ഭയവും പരിഭ്രമവുമുണ്ടായി. ഒന്നുരണ്ടു നിമിഷങ്ങൾക്കു ശേഷം വീണ്ടും വഹ്‌യുണ്ടായി. إِنَّكَ أَنْتَ الْمُجَازُ നിശ്ചയമായും നിനക്ക് അനുവാദമുണ്ട്. അതിനുശേഷം അബ്ദുർറഹീമിൻെറ ആരോഗ്യനില മെച്ചപ്പെടുവാൻ തുടങ്ങി. ഇപ്പോൾ അബ്ദുർറഹീമിനെ കാണുന്നവരെല്ലാം അറിയുന്നവരെല്ലാം 'മരിച്ചയാൾ ജീവിച്ചു, ഒരു സംശയവുമില്ല' എന്നു പറയുന്നു. നിറഞ്ഞ ഹൃദയത്തോടെ അവർ അല്ലാഹുവിനോട് നന്ദികാണിക്കുകയും ചെയ്യുന്നു.''

[അൽബദ്ർ 1903 ഒക്ടോ 29, നവ: 18 ഹ: മൗലാന അബ്ദുൽ കരീം സാഹിബ് (റ) രേഖപ്പെടുത്തിയത്.]

## ദുആയുടെ ഫലം

ഹസ്റത്ത് മസീഹ് മൗഊദ് [അ] ഒരു സംഭവം ഇങ്ങനെ വിവരിക്കുന്നു.

''1905 ലെ വസന്തകാലം. ഞങ്ങൾ തോട്ടത്തിലായിരുന്നു. അപ്പോൾ എന്നോടൊപ്പമുണ്ടായിരുന്ന നമ്മുടെ ജമാഅത്തിലെ ഒരാളെ സംബന്ധിച്ച് ഇപ്രകാരം ഇൽഹാമുണ്ടായി.

'ഖുദാ ക ഇറാദഃ ഹീ നഃ ഥാ കെഃ ഉസ്കൊ അച്ഛാ കരെ മഗർ ഫസ്ൽസെ അപ്നെ ഇറാദഃ കൊ ബദൽദിയാ.' അവളെ സുഖപ്പെടുത്തണമെന്ന് അല്ലാഹു ഉദ്ദേശിച്ചതേയല്ല. എന്നാൽ അനുഗ്രഹംകൊണ്ട് അവൻ തൻെറ ഉദ്ദേശ്യം മാററുകയാണുണ്ടായത്.

ഇതിനുശേഷം നമ്മുടെ കൂടെയുണ്ടായിരുന്ന, നമ്മുടെ ജമാഅത്തിലെ സയ്യിദ് മഹ്ദീ ഹുസയ്ൻ സാഹിബിൻെറ ഭാര്യക്ക് കഠിനമായ രോഗം ബാധിച്ചു. മുമ്പേ അവക്ക് പനിയും, മുഖത്തും കാലിലും ശരീരത്തിൻെറ മററു ചില ഭാഗത്തും



Scanned by CamScanner

നീർവീക്കവുമുണ്ടായിരുന്നു. അവർ അങ്ങേയററം അവശയായി രുന്നു; ഒപ്പം ഗർഭിണിയുമായിരുന്നു. പ്രസവം കഴിഞ്ഞതോടെ അവരുടെ നില കൂടുതൽ വഷളായി. നിരാശയുടെ ലക്ഷണ ങ്ങൾ കണ്ടുതുടങ്ങി. ഞാൻ അവർക്കുവേണ്ടി ദുആ ചെയ്തുകൊ ണ്ടിരുന്നു. അങ്ങനെ അല്ലാഹുവിൻെറ കൃപയാൽ രണ്ടാമതൊരു ജീവിതം അവർക്കു ലഭിച്ചു...... പിറേറദിവസം സയ്യിദ് മഹ്ദീ ഹുസയ്ൻ സാഹിബിൻെറ ഭാര്യയുടെ നാവിൽനിന്നും ഈ ഇൽഹാം പുറത്തുവന്നു.

> 'തൂ അച്ഛരീ തൊ നഃ ഹോത്തീ. മഗർ
> ഹസ്റത്ത് സാഹിബ് കീ ദുആ ക സബബ്ഹെ
> കെഃ അബ് തൂ അച്ഛരീ ഹോ ജായേഗീ.'

നീ സുഖപ്പെടുമായിരുന്നില്ല. എന്നാൽ, ഹസ്റത്ത് സാഹി ബിൻെറ ദുആയുടെ ഫലമായി ഇനി നീ സുഖം പ്രാപിക്കും.

[ഹഖീഖത്തുൽ വഹ്യ് പേ: 364, 365]

## അല്ലാഹുവിൻെറ കല്പന അനിവാര്യം

ഖലീഫത്തുൽ മസീഹ് മൂന്നാമൻ ഹസ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബ് [റഹ്] ഒരു ജുമുഅ ഖുത്ബഃ യിൽ പറയുന്നു.

''മനുഷ്യൻ തൻെറ അശ്രദ്ധമൂലം പ്രകൃതിനിയമത്തെ ലംഘിച്ചുകൊണ്ട് സ്വയം ദുരിതങ്ങളിലകപ്പെട്ടാൽ അവൻ അവനോടു തന്നെയാണ് പരാതിപ്പെടേണ്ടത്; അല്ലാഹുവി നോടല്ല. അല്ലാഹു പറയുന്നു. മനുഷ്യൻെറ അശ്രദ്ധമൂലം അവൻ രോഗഗ്രസ്തനാകുന്നു. എന്നാൽ, അവൻെറ പരിശ്രമം കൊണ്ടുമാത്രം അവന്നു് അതിൽനിന്നു് സുഖം ലഭിക്കുകയില്ല. കാരണം يَشْفِيْنِ (രോഗം സുഖപ്പെടുത്തുന്നവൻ അല്ലാഹു തന്നെയാണ്. അവൻ രോഗശാന്തി നല്കുന്നതു് രണ്ടു മാർ ഗങ്ങളിലൂടെയാകുന്നു. ഒന്നു്, അവൻ സൃഷ്ടിച്ചിട്ടുള്ള മരുന്നു് ശരിയായ നിലയിൽ ഉപയോഗിക്കുക. മരുന്നിനോട് 'ഫല ദായകമായിത്തീരുക' എന്നു് അവൻെറ കല്പനയുണ്ടാവണം. അതിനോടൊപ്പം ആ മരുന്നിനെ സ്വീകരിക്കാൻ ശരീരത്തി ലെ അണുക്കൾക്കും കല്പനയുണ്ടാവേണ്ടതാണ്. ഇതൊരു നിയ മമാകുന്നു. രണ്ടാമത്തേതു് ആത്മാർത്ഥമായ ദുആയാണ്. ഭൗതി



Scanned by CamScanner

കമായി എന്തെങ്കിലും ഇതിൽ കാണുന്നുണ്ടെങ്കിൽ അതൊരു ഉപാധി എന്ന നിലയിൽ മാത്രമായിരിക്കും. അതില്ലെങ്കിൽ തന്നെയും കാര്യങ്ങൾ മുറപോലെ നടക്കുന്നതാണ്.

കുറച്ചു മുൻപ് ഒരു സംഭവമുണ്ടായി. ഹസ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബിന്റെ വീടിനടുത്തുള്ള ഒരു ചെറുപ്പക്കാരന് അർദ്ധരാത്രിയിൽ അസഹ്യമായ വയറുവേദനയുണ്ടായി. അയാൾ വേദനകൊണ്ട് മത്സ്യത്തെപോലെ പിടഞ്ഞു. അയാളുടെ ശബ്ദം പരിസരവാസികളെ ഉണർത്തി. യുവാവായിരുന്നു. ശബ്ദവും ഉച്ചത്തിലായിരുന്നു. മുറവിളി കേട്ട് ഹസ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബ് അദ്ദേഹത്തിന്റെ അടുത്തെത്തി. ഡോക്ടറെ വിളിക്കാൻ ആളയച്ചു. അദ്ദേഹം [മിർസാ ശരീഫ് അഹ്മദ് സാഹിബ്] ഒരു കടലാസുകഷണം ഗുളികയുടെ രൂപത്തിൽ ചുരുട്ടി. വെള്ളം കൊണ്ടുവരാൻ പറഞ്ഞു. താൻ കടലാസ്സാണ് തിന്നുന്നതെന്ന് അയാളറിയാത്ത നിലയിൽ അത് വായിലിട്ട് വെള്ളം കുടിപ്പിച്ചു. ഡോക്ടർ വരുന്നതിനു മുമ്പേ അയാൾക്ക് ആശ്വാസം ലഭിച്ചു. അസുഖം അതോടെ മാറുകയും ചെയ്തു. ഇത് ദുആയുടെ ഫലമാണ്. ഭൗതിക വസ്തുവായ കടലാസ്സുകഷണം ഇവിടെ ഒരു ഉപാധിമാത്രം. [അൽഫസ്ൽ 1980 ജൂൺ 7]

**മലക്ക് മകനെ കാക്കുന്നു**

മറ്റൊരിക്കൽ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് [റഹ്] പറഞ്ഞു.

''നമ്മുടെ അഹ്മദീ കുടുംബത്തിലെ ഒരു മാന്യസ്ത്രീയുടെ മകൻ സിയാൽക്കോട്ട് യുദ്ധരംഗത്ത് പട്ടാളത്തിൽ മേജർ ആയിരുന്നു. ആ മഹതി ഇശാഅ് നമസ്കാരത്തിനുശേഷം സുജൂദിൽ വീണ് അപേക്ഷിച്ചു 'അല്ലാഹുവേ, എന്റെ മകനെ രക്ഷിക്കണം.' അപ്പോൾ അവൾക്ക് ഇൽഹാമുണ്ടായി. 'പാക്കിസ്ഥാന്റെ സംരക്ഷണത്തിനുള്ള ഏർപാട് ചെയ്തിരിക്കുന്നു'. അപ്പോൾ അവർ പറയാൻ തുടങ്ങി: 'ഇതു നല്ലതുതന്നെ. പക്ഷേ, ജീവത്യാഗം ഉണ്ടാകുകയില്ലെന്നു് ഈ വാക്കിന് അർഥമില്ലല്ലോ. എന്റെ മകനെപ്പററി ഇതിൽ പറഞ്ഞിട്ട



Scanned by CamScanner

മില്ല.' അല്പം കഴിഞ്ഞ് അവർ ഒരശരീരി കേട്ടു: 'നാം സിയാൽക്കോട്ട് സൈന്യത്തെ സംരക്ഷിക്കാനുള്ള ഏർപാടും ചെയ്തിരിക്കുന്നു.' അപ്പോൾ അവർ വീണ്ടും പറഞ്ഞു: 'എന്റെ മകനെകുറിച്ച് ഇതിലും പരാമർശമില്ലല്ലോ.' അപ്പോൾ ശബ്ദം കേട്ടു: 'നിന്റെ മകനെ രക്ഷിക്കുന്നതിന് മലക്കുകളെ കാവൽ നിറുത്തിയിരിക്കുന്നു.' അപ്പോൾ അവർക്ക് സമാധാനമായി.''

ഹസ്റത്ത് മസീഹ് മൗഊദ് അലയ്ഹിസ്സലാം പറയുന്നു: ''നിങ്ങൾ സുഖത്തിലായിരിക്കണമെന്നും നിങ്ങളുടെ വീട്ടിൽ സുരക്ഷിതത്വം വേണമെന്നും നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ വളരെയധികം ദുആ ചെയ്തുകൊണ്ടിരിക്കേണ്ടത് ആവശ്യമാണ്. സ്വഭവനങ്ങളെ ദുആകൾകൊണ്ട് നിറയ്ക്കുക. എപ്പോഴും ദുആ നടന്നുകൊണ്ടിരിക്കുന്ന വീടുകളെ അല്ലാഹു നശിപ്പിക്കുകയില്ല.'' [മൽഫൂസാത്ത് വാള്യം 7 പേ: 309] ആ മഹാത്മാവ് വീണ്ടും പറയുന്നു.

''എല്ലാ ഓരോ വസ്തുവിനും ഒരു ഉറവിടസ്ഥാനമുണ്ടായിരിക്കും. അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ ഉറവിട സ്ഥാനമെന്തായിരിക്കാം എന്നതിനെകുറിച്ച് ഞാൻ ചിന്തിച്ചു. അത് اُدْعُوْنِیْ اَسْتَجِبْ لَکُمْ (എന്നെ വിളിക്കുവിൻ. ഞാൻ നിങ്ങളുടെ വിളി കേൾക്കുന്നു) എന്നതാണെന്ന് അല്ലാഹു എന്റെ ഹൃദയത്തിലിട്ടുതന്നു. അവന്റെ അനുഗ്രഹമുണ്ടെങ്കിലല്ലാതെ മനുഷ്യന് തിൻമയിൽനിന്ന് മുക്തി നേടാനാവുകയില്ല ചുരുക്കത്തിൽ اُدْعُوْنِیْ اَسْتَجِبْ لَکُمْ എന്നു പറഞ്ഞുകൊണ്ട്, അവനിലേക്ക് തിരിയുന്നവർ തന്നെയാണ് സുരക്ഷിതർ എന്ന് മനസ്സിലാക്കി തന്നിരിക്കുകയാണ്.
[മൽഫൂസാത്ത് വാള്യം 6 പേജ് 3]

## തൗബയും ഇസ്തിഗ്ഫാറും

വീണ്ടും പറയുന്നു:

''സാധാരണയുണ്ടാകാറുള്ള സമാധാനാവസ്ഥയിൽ മനുഷ്യൻ ചിലപ്പോൾ നിർഭയനായിത്തീരുന്നു. പൂർണമായും സമാധാനപരമാണ് തന്റെ ജീവിതമെന്ന് അവൻ കരുതുന്നു.



Scanned by CamScanner

ഇതു ശരിയല്ല. കാരണം, കഴിച്ചുകൂട്ടിയ ജീവിതത്തിൽ എന്തെല്ലാം ദുഷ്കൃത്യങ്ങളും തെററുകുററങ്ങളും ഉണ്ടായിട്ടുണ്ടെന്ന് അവനറിയുകയില്ല. അതുകൊണ്ട് സത്യവിശ്വാസി ഒരിക്കലും നിർഭയനായിത്തീരരുത്. എപ്പോഴും തൗബഃയും ഇസ്തിഗ്ഫാറും ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ഇസ്തിഗ്ഫാർ മുഖേന കുററകൃത്യങ്ങളുടെ ദോഷഫലത്തിൽ നിന്നും അല്ലാഹു തൻെറ അനുഗ്രഹംമൂലം മനുഷ്യനെ രക്ഷിക്കുന്നു. തൗബഃയും ഇസ്തിഗ്ഫാറും മുഖേന പാപം പൊറുക്കപ്പെടുകയും പശ്ചാത്തപിക്കുന്ന ആളെ അല്ലാഹു സ്നേഹിക്കുകയും ചെയ്യുന്നു. എന്നതാണ് സത്യം.'' [മൽഫൂസാത്ത് വാല്യം 6 പേ: 374]

## പരിശ്രമവും ദുആ ആകുന്നു

ഹസ്റത്ത് അഹ്മദ് അലയ്ഹിസ്സലാം വീണ്ടും പറയുന്നു:

''കേൾക്കുക. اُدْعُوْنِیْ اَسْتَجِبْ لَكُمْ [എന്നെ വിളിക്കുവിൻ. ഞാൻ നിങ്ങളുടെ വിളി കേൾക്കുന്നു.] എന്ന വചനം യഥാർഥ ചൈതന്യത്തെ തേടുന്നവർക്കുവേണ്ടിയുള്ളതാണ്. ആ വിനയത്തിലും ഭയഭക്തിയിലും ആത്മീയ ചൈതന്യമില്ലെങ്കിൽ അത് തത്തയുടെ ഉരുവിടലിന് സമമായിരിക്കും. അപ്പോൾ പരിശ്രമം ആവശ്യമില്ലെന്ന് ആരെങ്കിലും പറയാനിടയുണ്ട്. ഇതൊരു തെററായധാരണയാണ്. പരിശ്രമിക്കുന്നത് ശരീഅത്ത് നിരോധിച്ചിട്ടില്ല. വാസ്തവത്തിൽ ദുആതന്നെ ഒരു പരിശ്രമമല്ലേ? അല്ലെങ്കിൽ പരിശ്രമം ദുആ അല്ലേ? പരിശ്രമത്തെ തേടുന്നതുതന്നെ ദുആയാണ്. മഹത്തായ പരിശ്രമങ്ങളുടെ ഉറവിടമാണ് ദുആ. അതെ! ഞാൻ പറയുന്നത് പ്രാർഥനയിലൂടെ പരിശ്രമിക്കുകയെന്നാണ്. പരിശ്രമങ്ങളെ പ്രകടമാക്കുവാനായി അല്ലാഹു നബിമാരുടെ പരമ്പരതന്നെ ലോകത്ത് സ്ഥാപിച്ചു. അവനിച്ഛിച്ചിരുന്നെങ്കിൽ, യാതൊരു തരത്തിലുള്ള സഹായത്തിൻെറയും ആവശ്യകത ആ നബിമാർക്കുണ്ടാകുമായിരുന്നില്ല. കാരണം, അവൻ സർവശക്തനാണ്. എന്നിട്ടും അവരിൽ ഒരു കാലം വരുന്നു. അപ്പോൾ مَنْ اَنْصَارِیْ اِلَی اللّٰهِ [അല്ലാഹുവിലേക്ക് എന്നെ സഹായിക്കുന്നവൻ ആരുണ്ട്?] എന്ന് ചോദിക്കാൻ അവർ നിർബന്ധിതരായിത്തീരുന്നു. തെണ്ടിത്തിരിഞ്ഞു നടക്കുന്ന ഒരു ഭിക്ഷക്കാരൻെറ യാചനപോലെയാണോ അത്?



Scanned by CamScanner

അല്ല. مَنْ أَنْصَارِي എന്ന് ചോദിക്കുന്നതിനും ഒരു അന്തസ്സുണ്ട്. പരിശ്രമങ്ങളെ സംബന്ധിച്ച് ജനങ്ങളെ പഠിപ്പിക്കാൻ അവരുദ്ദേശിക്കുന്നു; അത് ദുആയുടെ ഒരു ഭാഗമാകുന്നു.

[മൽഫൂസാത്ത് വാല്യം 1 പേജ് 168]

## കാലേകൂട്ടി ദുആ ചെയ്യുന്നവൻ ഭാഗ്യവാൻ

മസീഹ്മൗഊദ് [അ] വീണ്ടും പറയുന്നു:

''വിഷമങ്ങളും പ്രയാസങ്ങളും ഇല്ലാത്ത അവസ്ഥയിലും മനുഷ്യൻ ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. കാരണം അല്ലാഹുവിന്റെ ഉദ്ദേശമെന്താണെന്നും നാളെ എന്താണ് സംഭവിക്കുന്നതെന്നും അവനറിയുന്നില്ല. അതിനാൽ രക്ഷപ്പെടുവാനായി കാലേക്കൂട്ടി ദുആ ചെയ്യുവിൻ. ദുആ ചെയ്യാൻ ഇട ലഭിക്കുന്നതിനു മുമ്പേ ചിലപ്പോൾ വിപത്തിറങ്ങാറുണ്ട്. ദുആ മുൻകൂറായി ചെയ്തിട്ടുണ്ടെങ്കിൽ ആ സമയത്ത് അത് ഫലം ചെയ്യും.

[മൽഫൂസാത്ത് വാല്യം 10 പേജ് 122, 123]

''ഹൃദയത്തിൽ നോവും ഉരുക്കവുമുണ്ടാകുമ്പോഴാണ് ആപത്തുകളും ദൈവകോപവുമകറ്റുന്നതിനായി പ്രാർത്ഥന സ്വീകരിക്കപ്പെടുന്നത്. തലയ്ക്കുമീതെ ആപത്തു വരുമ്പോഴും ഒരു വേദനയുണ്ടാകുമെന്നുള്ളതിൽ സംശയമില്ല. എന്നാൽ, അത് ദുആ സ്വീകാരത്തിന്റെ ആകർഷണശക്തി ഉൾക്കൊള്ളുന്നതല്ല . ... ദൈവിക ശിക്ഷയുടെ വിധി വരികയും അത് കണ്ട് പശ്ചാത്തപിക്കുകയും പാപപ്പൊറുതി തേടുകയും ചെയ്തിട്ടെന്തു ഫലം ... ... ചുരുക്കത്തിൽ മുൻകൂറായി ചെയ്യുന്നതാണ് പുണ്യം. പിന്നീടായാൽ ഒരു ഫലവുമുണ്ടാവുകയില്ല. പ്രകൃതിയുടെ ആവേശത്താൽ മാത്രം ചെയ്യുന്ന പുണ്യകർമം അല്ലാഹു സ്വീകരിക്കുന്നില്ല. വഞ്ചിമുങ്ങാറാകുമ്പോൾ എല്ലാവരും നിലവിളിക്കുന്നു. ആ കരച്ചിലും നിലവിളിയും പ്രകൃതിയുടെ പ്രേരണയുടെ ഫലമാണ്. അപ്പോൾ അത് പ്രയോജനപ്പെടുകയില്ല. സമാധാനാവസ്ഥയിലായിരിക്കുമ്പോൾ മാത്രമേ അത് ഫലപ്രദമാകുകയുള്ളു അല്ലാഹുവിനെ പ്രാപിക്കാനുള്ള മാർഗം തീർച്ചയായും ഇതാണെന്ന് മനസ്സിലാക്കിക്കൊള്ളുക. അതായത് ആദ്യമേ തന്നെ, ഇടിത്തീ വീഴാൻ പോകുമ്പോൾ ജാഗരൂകരായിരിക്കുന്നതുപോലെ ഉണർന്നും ജാഗ്രതയോടും ഇരിക്കുന്നതാരാണോ അവരുടെമേൽ അത് വീഴില്ല. എന്നാൽ,



Scanned by CamScanner

ആരാണോ വീഴുന്നത് കണ്ടുകൊണ്ട് നിലവിളിക്കുന്നത് അത് അവന്റെ മേൽവീഴുകയും അവനെ നശിപ്പിക്കുകയും ചെയ്യുന്നതാണ് അത്തരക്കാർ ഭയപ്പെടുന്നത് ഇടിത്തീയെയാണ്. അല്ലാഹുവിനെയല്ല.''

[മൽഫൂസാത്ത് വാള്യം 3 പേജ് 261, 262]

''ആപത്തുകൾ ഉണ്ടാകുമ്പോൾ ഭയപ്പെടുന്നതുപോലെ അതില്ലാത്ത അവസ്ഥയിലും ഭയപ്പെടുകയും അല്ലാഹുവിനെ വിസ്മരിക്കാതിരിക്കുകയും ചെയ്യുന്ന ആളുടെമേൽ അവന്റെ കാരുണ്യമുണ്ടാകുന്നു. സമാധാന സന്ദർഭങ്ങളിൽ സുഖലോലുപതയിൽ ജീവിതം കഴിക്കുകയും ആപത്തുവരുമ്പോൾ പ്രാർഥനയിൽ മുഴുകുകയും ചെയ്യുന്നാളുടെ പ്രാർഥന സ്വീകരിക്കപ്പെടുകയില്ല. ദൈവശിക്ഷയിറങ്ങുമ്പോൾ പശ്ചാത്താപത്തിന്റെ കവാടം അടഞ്ഞുപോകുന്നു. അതിറങ്ങുന്നതിന് മുമ്പേ പ്രാർഥനയിൽ നിമഗ്നരാവുകയും ദാനധർമങ്ങൾ കൊടുക്കുകയും ദൈവകല്പനയെ ബഹുമാനിക്കുകയും അല്ലാഹുവിന്റെ സൃഷ്ടികളോടു കരുണ കാണിക്കുകയും തങ്ങളുടെ കർമങ്ങൾ നല്ലവിധത്തിൽ അനുഷ്ഠിക്കുകയും ചെയ്യുന്നവൻ എത്ര ഭാഗ്യവാൻ! അതുതന്നെയാണ് സൗഭാഗ്യത്തിന്റെ ലക്ഷണം.''

[മൽഫൂസാത്ത് വാള്യം 2 പേജ് 229, 230]

ആ മഹാത്മാവ് പറയുന്നു.

''പ്രബലമായ ശക്തിയാണ് ദുആ. അത്യന്തം സങ്കീർണമായ പ്രശ്നങ്ങൾ ഇതു മുഖേന പരിഹരിക്കപ്പെടുകയും ദുർഘടഘട്ടങ്ങൾ മനുഷ്യൻ അനായാസം തരണം ചെയ്യുകയും ചെയ്യുന്നു. അല്ലാഹുവിൽനിന്നു ലഭ്യമാകുന്ന അനുഗ്രഹശക്തിയെ വലിച്ചെടുക്കുന്ന നീരുറവയാണ് ദുആ. അധികമധികമായി ദുആയിൽ മുഴുകുന്ന വ്യക്തി അവസാനം ഈ അനുഗ്രഹത്തെ വലിച്ചെടുക്കുന്നു. അങ്ങനെ അല്ലാഹുവിന്റെ സഹായത്താൽ തന്റെ ലക്ഷ്യം നേടുകയും ചെയ്യുന്നു. കേവലമായ ദുആ അല്ല അല്ലാഹു ആഗ്രഹിക്കുന്നത്. സർവവിധ പ്രയത്നത്തോടും കഠിനാധ്വാനത്തോടും കൂടിയുള്ള പ്രവർത്തനവും, ഒപ്പം ദുആയും ആവശ്യമാണ്. മാർഗങ്ങൾ ഉപയുക്തമാക്കണം. അതില്ലാതെ ദുആ കൊണ്ടുമാത്രം അടങ്ങിയിരിക്കുകയെന്നത് ദുആയുടെ ചട്ടത്തിന്നെതിരാണ്. അത് അല്ലാഹുവിനെ പരീക്ഷിക്കലുമായിരിക്കും. ദുആക്ക് ഒരു വിലയും കല്പിക്കാതെ മാർഗങ്ങളെ



Scanned by CamScanner

മാത്രം അവലംബമാക്കുന്നത് നിരീശ്വരത്വവുമാണ്. ദുആ വലിയ സമ്പത്താണെന്ന്. തീർച്ചയായും നിങ്ങൾ മനസ്സിലാക്കിക്കൊള്ളുക. ദുആയിൽ വ്യാപൃതനായ വ്യക്തിക്ക് ഇഹലോകത്തും പരലോകത്തും ഒരാപത്തും വരുകയില്ല. ചുററും ആയുധധാരികളായ കാവൽക്കാർ നിലകൊള്ളുന്ന കോട്ടയ്ക്കുള്ളിൽ അയാൾ സുരക്ഷിതനാണ്. ദുആയെ അവഗണിക്കുന്നവൻ ബലഹീനനായ നിരായുധനെപ്പോലെയാണ്. ഹിംസ്രജന്തുക്കളും ക്രൂരമൃഗങ്ങളുമുള്ള ഘോരവനത്തിലാണവൻ. അവന്റെ അന്ത്യം ശുഭമായിരിക്കയില്ലെന്ന് അവനറിയാം. ഏതു നിമിഷത്തിലും അവൻ ഹിംസ്രജന്തുക്കളുടെ വേട്ടയായിത്തീരാം. അപ്പോൾ അവന്റെ അസ്ഥിയും മാംസവുംപോലും കാണുകയില്ല. അതിനാൽ, മനുഷ്യന്റെ സൗഭാഗ്യത്തിനും സംരക്ഷണത്തിനുമുള്ള യഥാർഥ മാർഗം ദുആ ഒന്നുമാത്രമാണെന്ന് ഓർക്കുക. അവൻ സദാ ദുആയിൽ മുഴുകുകയാണെങ്കിൽ അതവന് അഭയ സങ്കേതമായിത്തീരും.''

[മൽഫൂസാത്ത് വാള്യം 7 പേജ് 192, 193]

''മിന്നൽ പ്രകാശംപോലെ അന്ധകാര ഗർത്തത്തിൽ നിന്ന് പ്രകാശത്തിന്റെ വിശാലാന്തരീക്ഷത്തിലേക്ക് മനുഷ്യനെ വലിച്ചുകൊണ്ടുവരികയും അല്ലാഹുവിന്റെ സന്നിധിയിൽ എഴുന്നേല്പിച്ചു നിറുത്തുകയും ചെയ്യുന്നത് ദുആ തന്നെയാണ്. ആയിരക്കണക്കിന് ദുർമാർഗികൾ ദുആ നിമിത്തം സൻമാർഗികളായിത്തീരുന്നു. ആയിരക്കണക്കിന് വഴിപിഴച്ചവർ [അതു മുഖേന] നേർമാർഗത്തിലേക്ക് വരികയും ചെയ്യുന്നു.'' [അയ്യാമുസ്സുൽഹ് പേജ് 31]

''ജലത്തിന്റേയും അഗ്നിയുടേയും പ്രതിഫലനത്തേക്കാൾ ശക്തിയുള്ളതാണ് ദുആയുടെ പ്രതിചലനമെന്നത് എന്റെ ജീവിതാനുഭവത്തിൽ ഞാൻ കണ്ടറിഞ്ഞതാണ്. ദുആയ്ക്കുള്ളതുപോലുള്ള മഹത്തായ പ്രതിഫലന ശക്തി ഭൗതിക മാർഗങ്ങളിൽ മറെറാരു വസ്തുവിനുമില്ല.'' [ബർക്കാത്തുദ്ദുആ പേ: 11]

''യഥാർഥത്തിൽ ദുആ മഹോന്നതമാകുന്നു. ദുആ ചെയ്യുന്ന ആൾ ഒടുവിൽ വിജയം വരിക്കുന്നു.''

[മൽഫൂസാത്ത് വാള്യം 3 പേജ് 203]



Scanned by CamScanner

“ഉണങ്ങിയ മരക്കഷണത്തെപോലും പച്ചപ്പുള്ളതാക്കുകയും നിർജീവമായതിനെ ജീവസ്സുള്ളതാക്കുകയും ചെയ്യുവാൻ പര്യാപ്തമാണ് ദുആ.” [മൽഫൂസാത്ത് വാള്യം 5 പേ:121]

“വൈദ്യൻമാരും ഡോക്ടർമാരും ചികിത്സയില്ലായെന്ന് വിധിയെഴുതി തള്ളുന്ന രോഗങ്ങൾപോലും ദുആ നിമിത്തം സുഖപ്പെടുക സാധ്യമാണ്”. [അൽബദ്ർ 1905 ഏപ്രിൽ 20]

“ദുആയുടെ ഫലമായി ആയുസ്സ് വർധിക്കുന്നു”
[മൽഫൂസാത്ത് വാള്യം 7 പേജ് 395]

“താന്തോന്നിയായി ജീവിക്കുന്നവനെ അല്ലാഹു അവഗണിക്കുന്നു. നോക്കുക. ഈ ഭൗതികലോകത്ത് ഒരു അടിമ തന്റെ യജമാനനെ അല്പം ചില നാളുകൾപോലും വന്ദിക്കാതിരുന്നാൽ അവന് ദയാ കടാക്ഷം നഷ്ടപ്പെടുന്നു. എന്നിരിക്കെ അല്ലാഹുവുമായി ബന്ധം വിച്ഛേദിക്കുന്ന ഒരാളെ അല്ലാഹു എന്തിന് ഗൗനിക്കണം? അവരുടെ സന്താനങ്ങളെപ്പോലും പരിഗണിക്കാതെ, അവരെ അല്ലാഹു നശിപ്പിച്ചുകളയുമെന്നാണ് അത്തരക്കാരെപ്പററിയുള്ള അല്ലാഹുവിന്റെ തീരുമാനം. ഇതിൽനിന്ന് മനസ്സിലാകുന്നത് സദ്‌വൃത്തനായ ഒരു ദൈവഭക്തൻ മരണമടഞ്ഞാൽ അവരുടെ സന്താനങ്ങളെയും അവൻ പരിഗണിക്കുമെന്നാണ് وَكَانَ أَبُوهُمَا صَالِحًا [വ കാന അബൂഹുമാ സ്വാലിഹൻ] എന്ന ആയത്തിൽനിന്ന് വ്യക്തമാകുന്നതുപോലെ. ആ പിതാവ് ചെയ്ത നൻമയും സൽകർമവും നിമിത്തം ഹിസ്ർ, മൂസാ എന്നീ ദൃഢചിത്തരായ പ്രവാചകൻമാരെ ഭിത്തി ശരിപ്പെടുത്തുന്ന പ്രവർത്തകരാക്കി. ഇതിൽനിന്ന് ആ വ്യക്തിയുടെ പദവി എത്രയായിരിക്കുമെന്ന് മനസ്സിലാക്കാം. കുട്ടികളെ സംബന്ധിച്ച് അല്ലാഹു പറഞ്ഞില്ല. കാരണം, അവൻ ന്യൂനതകൾ മറച്ചുവെക്കുന്നവനാണ്. അതിനാൽ, ദോഷങ്ങൾ മറക്കുക എന്നതിന്റെ അടിസ്ഥാനത്തിലും പിതാവിന്റെ സ്ഥാനം വെളിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തിലും അവരെക്കുറിച്ച് ഒന്നും പ്രതിപാദിച്ചില്ല. ഇതുപോലുള്ള വിഷയങ്ങൾ, അതായത് ഏഴ് തലമുറ വരെ സംരക്ഷിക്കപ്പെടുമെന്ന് മുൻഗ്രന്ഥങ്ങളിലും പ്രസ്താവിച്ചിട്ടുണ്ട്. ഹസ്റത്ത് ദാവൂദ് അലയ്ഹിസ്സലാം പറയുന്നു.



Scanned by CamScanner

മുത്തഖിയുടെ മക്കളെ ഭിക്ഷയാചിച്ച് നടക്കുന്നത് ഞാനൊരിക്കലും കണ്ടിട്ടില്ല''. [അൽഹകം 1903 ആഗസ്റ്റ് 27 പേ: 7]

''സ്വന്തം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയുകയാണ്. ദുആ സ്വീകരണം മുഖേന ലഭിക്കുന്ന അല്ലാഹുവിന്റെ അനുഗ്രഹത്തേയും കാരുണ്യത്തേയും എന്നിലേക്ക് വലിച്ചെടുക്കുന്നത് ഞാൻ അനുഭവിച്ചറിഞ്ഞിട്ടുണ്ട്. അത്രയുമല്ല, അതനുഭവിക്കാനോ കാണാനോ ഇക്കാലത്തെ ആത്മീയാന്ധരായ തത്ത്വചിന്തകർക്ക് സാധിച്ചില്ലെന്ന് വന്നാലും ഈ പരമാർത്ഥം ലോകത്ത് നിന്ന് ദൂരത്തെറിയപ്പെടുകയില്ലെന്നു ഞാൻ പറയും; പ്രത്യേകിച്ച് എപ്പോഴും ദുആ സ്വീകാരത്തിന്റെ മാതൃക കാണിക്കാൻ ഞാൻ തയ്യാറായിരിക്കുന്ന ഈ അവസ്ഥയിൽ''. [മൽഫൂസാത്ത് വാള്യം 1 പേജ് 198]

വരൂ, ദുആയുടെ ആ ആകർഷണ നിർഭരവും പ്രിയങ്കരവും സുന്ദരവുമായ താഴ്‌വരയിൽ ഇറങ്ങൂ. അവിടെ സ്നേഹം മാത്രമേയുള്ളൂ. സ്നേഹത്തിന്റെ ഊഷ്മളമായ ആ വാദ്യമേളങ്ങൾക്കിടയിൽ الا بذكر الله تطمئن القلوب എന്ന ധ്വനി അവിടെ നമുക്കു കേൾക്കാം. 'അറിയുക. അല്ലാഹുവിനെ സ്മരിക്കുന്നതുകൊണ്ടു മാത്രമെ ഹൃദയം സമാധാനമടയുകയുള്ളൂ.' അതിലേക്കുള്ള വഴി ഹസ്റത്ത് ഇമാം മഹ്ദീ അലൈഹിസ്സലാം നമുക്കിങ്ങനെ പറഞ്ഞു തന്നിരിക്കുന്നു.

''ഞങ്ങളും എല്ലാ ദിവസവും ദുആ ചെയ്യുന്നവരാണെന്നും എല്ലാ നമസ്കാരവും ദുആ തന്നെയാണല്ലോ എന്നും വിചാരിച്ച് സമാധാനിക്കാതിരിക്കുക. എന്തെന്നാൽ, ദൈവജ്ഞാന സിദ്ധിക്കുശേഷവും അല്ലാഹുവിന്റെ അനുഗ്രഹം നിമിത്തവും ലഭ്യമാകുന്ന ദുആ മറ്റൊരു നിറവും നിലയുമുള്ളതായിരിക്കും. അത് ലയിപ്പിക്കുന്ന വസ്തുവും അലിയിക്കുന്ന അഗ്നിയും ദൈവകാരുണ്യത്തെ വലിച്ചെടുക്കുന്ന കാന്തിക ശക്തിയുമാണ്. അതു മരണമാണ്; എന്നാൽ, [അത്] അവസാനം ജീവൻ പ്രദാനം ചെയ്യുന്നു. അത് ഉഗ്ര ജലപ്രവാഹമാണ്; എന്നാൽ അവസാനം കപ്പലായിത്തീരുന്നു. തകരാറിലായ കാര്യങ്ങളെല്ലാം അതു മുഖേന നേരെയാകുന്നു. അതു മുഖേന ഓരോ വിഷവും സിദ്ധൗഷധമായി മാറുന്നു.



Scanned by CamScanner

തളരാതെ ദുആ ചെയ്യുന്ന തടവുകാർ അനുഗ്രഹീതരാകുന്നു. എന്തെന്നാൽ, ഒരുനാൾ അവർ സ്വതന്ത്രരാകും. ദുആയിൽ അലസത കാണിക്കാത്ത അന്ധർ അനുഗ്രഹീതരാകുന്നു. എന്തെന്നാൽ, ഒരു നാൾ അവർക്ക് കാഴ്ച ലഭിക്കും. ഖബ്റുകളിൽ കിടന്നു് ദുആ മുഖേന അല്ലാഹുവിനോട് സഹായം തേടുന്നവർ അനുഗ്രഹീതരാകുന്നു. എന്തെന്നാൽ, ഒരുനാൾ അവർ അതിൽ നിന്നു് പുറത്തുകൊണ്ടുവരപ്പെടും. ദുആ ചെയ്യുന്നതിൽ ഒരിക്കലും തളരാത്ത നിങ്ങൾ അനുഗ്രഹീതരാകുന്നു. നിങ്ങളുടെ ആത്മാവ് ദുആ ചെയ്യാൻ ഉരുകുകയും നിങ്ങളുടെ നയനം കണ്ണീരൊഴുക്കുകയും [അത്] നിങ്ങളുടെ മനസ്സിൽ ഒരു അഗ്നി ഉണ്ടാക്കുകയും ചെയ്യുന്നു. ഏകാന്തതയുടെ ആനന്ദം സ്വായത്തമാക്കുന്നതിനുവേണ്ടി അന്ധകാര നിബിഡമായ ചെറിയ മുറിയിലേക്കും, വിജനമായ വനങ്ങളിലേക്കും അത് നിങ്ങളെ കൊണ്ടുപോകുന്നു. നിങ്ങളെ അസ്വസ്ഥരും ഭ്രാന്തരും സ്വയം നഷ്ടപ്പെട്ടവരുമാക്കുന്നു; എന്നാൽ അവസാനം നിങ്ങൾക്ക് അനുഗ്രഹം ചെയ്യപ്പെടും. നാം ഏതൊരു അല്ലാഹുവിലേക്കാണോ നിങ്ങളെ വിളിക്കുന്നത്, അവൻ അളവററ ദയാപരനും പരമ കാരുണികനും ലജ്ജാശീലനും സത്യസന്ധനും വിശ്വസ്തനും വിനയം കാണിക്കുന്നവരുടെമേൽ കരുണ ചെയ്യുന്നവനുമാണ്. അതിനാൽ നിങ്ങളും വിശ്വസ്തരായിത്തീരുക. സത്യഹൃദയത്തോടും അത്യന്തം വിശ്വസ്തതയോടും നിങ്ങൾ ദുആ ചെയ്യുക; അവൻ നിങ്ങളിൽ കരുണചൊരിയും ...... പ്രാർഥിക്കുന്നവർക്ക് അസാധാരണമായ അനുഗ്രഹം നല്കുകയും ചെയ്യും. ദുആ അല്ലാഹുവിൽനിന്നു വരുന്നു. അവനിലേക്കു മടങ്ങുന്നു. നിങ്ങളുടെ ജീവൻ നിങ്ങളോട് അടുത്തിരിക്കുന്നപോലെ ദുആ നിമിത്തം അല്ലാഹു നിങ്ങളുടെ അടുത്തായിത്തീരുന്നു. ചുരുക്കത്തിൽ മണ്ണിനെ പൊന്നാക്കി തീർക്കുന്ന രാസപ്രവർത്തനമാണ് ദുആ. ആന്തരിക മാലിന്യങ്ങളെ കഴുകി വൃത്തിയാക്കുന്ന ജലമാണ് ദുആ. ആ ദുആ നിമിത്തം ആത്മാവ് ഉരുകുകയും വെള്ളംപോലെ പ്രവഹിച്ച് ദൈവസന്നിധിയിൽ പതിക്കുകയും ചെയ്യുന്നു''.

[ലക്ച്ചർ സിയാൽക്കോട്ട് പേജ് 26, 27]

''കുഞ്ഞ് വിശന്നു് നിലവിളിക്കുമ്പോൾ, മാതാവിൻെറ മാറിടത്തിൽ പാല് തിരതല്ലുന്നു. ദുആയുടെ പേരുപോലും



Scanned by CamScanner

ആ കുഞ്ഞിന് അറിയില്ല. എന്നാൽ, എങ്ങനെയാണ് ആ നിലവിളി പാലിനെ വലിച്ചുകൊണ്ടു വരുന്നത്. ഇതെല്ലാവർക്കും അനുഭവമുള്ള കാര്യമാണ്. ചിലപ്പോൾ മാതാക്കൾക്ക് പാലിനെകുറിച്ചുള്ള ഓർമ തന്നെയുണ്ടാവില്ല. അപ്പോൾ കുഞ്ഞിന്റെ കരച്ചിൽ പാല് വലിച്ചുകൊണ്ടുവരുന്നതായി കാണുന്നു. യാഥാർഥ്യം ഇതായിരിക്കെ, അല്ലാഹുവിന്റെ സന്നിധിയിൽ നാം നിലവിളിക്കുമ്പോൾ അത് ഒന്നുംതന്നെ ആകർഷിച്ചുകൊണ്ടുവരുകയില്ലെന്നോ? കൊണ്ടുവരുന്നുണ്ട്. തീർച്ചയായും എല്ലാംകൊണ്ടുവരുന്നുണ്ട്. എന്നാൽ, അന്ധരായുംകൊണ്ട് പണ്ഡിതൻമാരും തത്വചിന്തകൻമാരുമായി ചമയുന്നവർക്ക് അത് കാണുക സാധ്യമല്ല. കുഞ്ഞിനു മാതാവുമായി ഒരു പ്രത്യേക ബന്ധമുണ്ട്. ആ പരസ്പരബന്ധം മുന്നിൽ കണ്ടുകൊണ്ട് ദുആയുടെ തത്വത്തെപ്പററി ചിന്തിച്ചാൽ അത് വളരെ സരളവും ലളിതവുമാണെന്നു മനസ്സിലാകുന്നതാണ്.'' (മൽഫൂസാത്ത് വാള്യം 1 പേജ് 129)

''സൗഭാഗ്യവാനായ ദാസനും അവന്റെ രക്ഷിതാവും തമ്മിൽ ഒരു ആകർഷണ ബന്ധമുണ്ട്. അതാണ് ദുആയുടെ മർമം. അതായത് ആദ്യം അല്ലാഹുവിന്റെ കാരുണ്യം ദാസനെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നു. പിന്നീട് ദാസന്റെ നിഷ്കളങ്കതയുടെ ആകർഷണംമൂലം അല്ലാഹു അവന്റെ അടുത്തായി തീരുന്നു. അങ്ങനെ ദുആയുടെ അവസ്ഥയിൽ ആ ബന്ധം ഒരു പ്രത്യേക സ്ഥാനത്തെത്തി അതിന്റെ അത്ഭുതകരമായ സവിശേഷതകൾ സൃഷ്ടിക്കുന്നു. ചുരുക്കത്തിൽ കഠിനമായ ബുദ്ധിമുട്ടുകളിൽ അകപ്പെടുമ്പോഴും, പൂർണ്ണവിശ്വാസത്തോടും നിറഞ്ഞ പ്രതീക്ഷയോടും അളവററ സ്നേഹത്തോടും തികഞ്ഞ വിശ്വസ്തതയോടും വലിയ മനക്കരുത്തോടും അല്ലാഹുവിലേക്ക് കുനിയുകയും അത്യന്തം ജാഗ്രതയോടെ അശ്രദ്ധയുടെ പർദകൾ ഭേദിച്ച് സർവവും ത്യജിക്കുന്ന രംഗത്തേയ്ക്ക് മുന്നേറുകയും ചെയ്യുമ്പോൾ മുന്നിൽ ദൃശ്യമാകുന്നത് കൂട്ടുകാരാരുമില്ലാത്ത അല്ലാഹുവിന്റെ സന്നിധിയായിരിക്കും. അപ്പോൾ ആ പടിവാതിൽക്കൽ അവന്റെ ആത്മാവ് തലവയ്ക്കുന്നു. അവന്റെ ഉള്ളിൽ കുടികൊള്ളുന്ന കാന്തികശക്തി അല്ലാഹുവിന്റെ ഔദാര്യങ്ങളെ ആകർഷിച്ച് തന്നിലേക്ക് വലിച്ചെടുക്കുന്നു. അപ്പോഴാണ് അവന്റെ പ്രവൃത്തി പൂർത്തിയാക്കുന്നതിലേക്ക് പ്രതാപവാനായ അല്ലാഹു



Scanned by CamScanner

ശ്രദ്ധ ചെലുത്തുന്നത്. ആ ലക്ഷ്യപ്രാപ്തിക്കായിവേണ്ടുന്ന പ്രധാന മാർഗങ്ങൾ ഉണ്ടായിത്തീരാൻ അവയുടെ തുടക്കത്തിൽതന്നെ ആ ദുആയ്ക്ക് ഫലമുളവാക്കുന്നു. ഉദാഹരണമായി മഴയ്ക്കുവേണ്ടിയുള്ള പ്രാർഥന. പ്രാർഥന സ്വീകരിച്ചതിനുശേഷം മഴപെയ്യാനാവശ്യമുള്ള പ്രകൃതിപരമായ മാർഗങ്ങൾ അല്ലാഹു ഉണ്ടാക്കുന്നു. വരൾച്ചയ്ക്കുവേണ്ടിയുള്ള ശാപ പ്രാർഥനയാണെങ്കിൽ ശത്രുതാപരമായ മാർഗങ്ങൾ സർവശക്തൻ സൃഷ്ടിക്കുന്നു പൂർണത പ്രാപിച്ച മനുഷ്യന്റെ ദുആയിൽ അഥവാ പ്രാർഥനയിൽ ഒരു പ്രത്യേക ശക്തിയുണ്ടാകുമെന്ന കാര്യം അതിമഹത്തായ ദൃഷ്ടാന്തങ്ങൾ മുഖേന ദിവ്യാത്മാക്കൾക്ക് അനുഭവഗോചരമായിട്ടുള്ളതാണ്. അതായത് ആ ദുആ അല്ലാഹുവിന്റെ കല്പനയാൽ അധോലോകത്തും ഉപരിലോകത്തും നിയന്ത്രണമുണ്ടാക്കുന്നു. ആകാശ മണ്ഡലങ്ങളേയും പഞ്ചഭൂതങ്ങളേയും മനുഷ്യഹൃദയങ്ങളേയും ഉദ്ദിഷ്ടകാര്യത്തെ പിന്തുണക്കുന്നതാക്കിത്തീർക്കുന്നു. അതിനുള്ള ഉദാഹരണങ്ങൾ അല്ലാഹുവിന്റെ പരിശുദ്ധ ഗ്രന്ഥങ്ങളിൽ ഒട്ടും കുറവല്ല. ചിലതരം അൽഭുത പ്രവർത്തികളുടെ യാഥാർഥ്യവും ദുആ സ്വീകരണം തന്നെയാണ്. നബിമാർ നിമിത്തം പ്രകടമായിട്ടുള്ള ആയിരക്കണക്കിന് അത്ഭുത ദൃഷ്ടാന്തങ്ങളുടേയും വലിമാർ കാണിച്ച അത്ഭുത സിദ്ധികളുടേയുമെല്ലാം ഉറവിടം ഈ ദുആ തന്നെയാണ്. ദുആയുടെ സ്വാധീനംകൊണ്ടുതന്നെ മിക്കപ്പോഴും വിവിധ രീതിയിലുള്ള അൽഭുതങ്ങൾ സർവശക്തനായ അല്ലാഹു പ്രകടമാക്കുന്നു. അറേബ്യൻ മരുഭൂമിയിൽ ഒരു അൽഭുത സംഭവം നടന്നു. മൃതപ്രായരായ ലക്ഷക്കണക്കിനാളുകൾ അല്പദിവസംകൊണ്ട് ജീവനുള്ളവരായി. തലമുറയായി കളങ്കം ചാർത്തപ്പെട്ടുവന്ന അല്ലാഹുവിന്റെ നിറം വീണ്ടും വിളങ്ങി. കണ്ണുള്ള കുരുടൻമാർക്ക് കാഴ്ച ലഭിച്ചു. മൂകരുടെ നാവിൽ നിന്ന് ദൈവീക ജ്ഞാനം പുറപ്പെടാൻ തുടങ്ങി. മുമ്പൊരിക്കലും ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു കാതും കേട്ടിട്ടില്ലാത്തതുമായ രീതിയിൽ ലോകത്ത് ഒരു പ്രാവശ്യം മഹാവിപ്ലവമുണ്ടായി. അതെന്താണെന്ന് അറിയുമോ? അല്ലാഹുവിൽ വിലയം പ്രാപിച്ച ഒരു മനുഷ്യന്റെ ഇരുൾമുററിയ രാത്രികളിലെ ദുആ ആയിരുന്നു അത്. അദ്ദേഹം ലോകത്ത് ഒരു മഹാവിപ്ലവം സൃഷ്ടിച്ചു. നിരക്ഷരനും അശക്തനുമായ മനുഷ്യന് ഒരിക്കലും



Scanned by CamScanner

ചെയ്യാൻ സാധിക്കാത്ത, അത്യൽഭുതകരമായ കാര്യമാണ അവിടന്ന് ചെയ്തു കാണിച്ചത്.''

اللهم صل وسلم وبارك عليه وآله بعدد همه وغمه وحزنه بهذه الأمة و انزل عليه أنوار رحمتك

[ബർക്കാത്തുത്തുആ പേജ് 9-11]

(അല്ലാഹുവേ, മുഹമ്മദ് (സ) നും അദ്ദേഹത്തിന്റെ ആത്മീയ ബന്ധുക്കൾക്കും, അദ്ദേഹത്തിന്ന് ഈ സമുദായത്തെ സംബന്ധിച്ചുള്ള വിഷമവും വിമ്മിഷ്ടവുമെത്രമാത്രമാണോ ആ അളവിൽ അനുഗ്രഹവും രക്ഷയും ബർക്കത്തും നീ നല്കേണമേ. അദ്ദേഹത്തിൽ നിന്റെ കാരുണ്യത്തിന്റെ പ്രകാശം ചൊരിയേണമേ.)

''അവൻ പത്തുവട്ടവും പ്രാർഥന കേൾക്കുകയും ഉത്തരം നല്കുകയും ചെയ്യുന്നുവെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. ഞാനത് അനുഭവിച്ചറിഞ്ഞതാണ്. പക്ഷേ, ഏതു രീതിയിലാണോ വിളിക്കേണ്ടത് ആ രീതിയിൽ വിളിക്കണമെന്നു മാത്രം.'' [മൽഫൂസാത്ത് വാള്യം 6 പേജ് 220, 221]

''ദുആ നിരർഥകവും അയുക്തികവുമായ കാര്യമാണെന്ന് ഭോഷൻമാർ കരുതുന്നു. എന്നാൽ, ദുആ ഒന്നുകൊണ്ടു മാത്രമാണ് പ്രതാപവാനായ അല്ലാഹു, തന്നെ അന്വേഷിക്കുന്നവരുടെമേൽ തന്റെ ശ്രോതസ്സ് വെളിപ്പെടുത്തുന്നതെന്നും 'അനൽഖാദിർ' എന്ന ബോധനം അവരുടെ ഹൃദയങ്ങളിലിടുന്നതെന്നും അവരറിയുന്നില്ല. ഈ ജീവിതത്തിൽ ആത്മീയ പ്രകാശത്തിന്റെ ആവശ്യക്കാർക്ക് അല്ലാഹുവിന്റെ അസ്തിത്വത്തിൽ വിശ്വാസം പ്രദാനം ചെയ്യാനും എല്ലാ സംശയങ്ങളും സന്ദേഹങ്ങളും ദൂരീകരിച്ചുകൊടുക്കാനുമുള്ള മാർഗം ദുആ ഒന്നു മാത്രമാണെന്ന്, ദൃഢവിശ്വാസത്തിന്റെ വിശപ്പും ദാഹവുമുള്ള ഓരോരുത്തരും ഓർത്തുകൊള്ളട്ടെ.'' [അയ്യാമുസ്സുൽഹ് പേജ് 16]

''മനസ്സ് ഉരുകുകയും ആത്മാവ് അല്ലാഹുവിന്റെ സന്നിധിയിൽ വെള്ളംപോലെ വീഴുകയും സങ്കടവും സന്താപവും അതിലുണ്ടാകുകയും അതോടൊപ്പം മനുഷ്യൻ അക്ഷമനും



Scanned by CamScanner

ക്ഷിപ്രകാരിയുമാകാതെ സഹനത്തോടും സ്ഥിരചിത്തതയോടും കൂടി ദുആയിൽ മുഴുകുകയും ചെയ്താൽ ആ ദുആ സ്വീകരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്.''

[മൽഫൂസാത്ത് വാള്യം 9 പേജ് 109]

''ആജ്ഞാ ലംഘകനാകാതിരിക്കേണ്ടതും ദുആയിൽ കൂടുതൽ ശക്തി ചെലുത്തേണ്ടതും ദുആ സ്വീകരിക്കപ്പെടാൻ അനിവാര്യമാണ്. കാരണം, പാറയുടെമേൽ പാറ ശക്തിയായി പതിക്കുമ്പോഴാണ് തീയുണ്ടാകുന്നു.''

[മൽഫൂസാത്ത് വാള്യം 7 പേജ് 70]

''ദുആയിൽ വേദനകൊണ്ട് ഹൃദയം നിറയുകയും എല്ലാ മറകളേയും പൊട്ടിച്ചെറിയുകയും ചെയ്യുമ്പോഴാണ് അത് സ്വീകരിക്കപ്പെട്ടുവെന്ന് മനസ്സിലാക്കേണ്ടതാണ്. ഇത് മനുഷ്യത്വത്തിന്റെ പരിപൂർണതയാണ്. ഇതിന്റെ മുമ്പിൽ അസംഭവ്യമായതൊന്നുമില്ല.'' [മൽഫൂസാത്ത് വാള്യം 5 പേജ് 121]

''അല്ലാഹുവിന്റെ നടപടി ക്രമമനുസരിച്ച്, ദുആ അതിന്റെ പരമകാഷ്ഠയിലെത്തുമ്പോഴാണ് പ്രകാശത്തിന്റെ ഒരു ജ്വാല ദുആ ചെയ്യുന്ന ആളിന്റെ ഹൃദയത്തിൽ വീഴുന്നു. അത് അവനിലുള്ള മാലിന്യങ്ങളെ നിർമാർജനം ചെയ്ത് അന്ധകാരം അകറ്റുകയും അവന്റെ ഉള്ളിൽ ഒരു പ്രകാശമുണ്ടാക്കിത്തീർക്കുകയും ചെയ്യുന്നു.'' [മൽഫൂസാത്ത് വാള്യം 5 പേജ് 122]

''പൂർണ മനസാന്നിദ്ധ്യത്തോടും മനോവ്യഥയോടുംകൂടി പ്രാർഥിക്കുമ്പോഴാണ് ആത്മാവ് ഉരുകി ദൈവ സവിധത്തിൽ വീഴുന്നു. അതിന്റെ പേരാണ് ദുആ. അങ്ങനെയുള്ള പ്രാർഥനയുണ്ടാകുമ്പോഴാണ് അതിനെ സ്വീകരിക്കുകയോ, അതിന് ഉത്തരം നല്കുകയോ ചെയ്യുക എന്നതാണ് അല്ലാഹുവിന്റെ നടപടി ക്രമം.'' [മൽഫൂസാത്ത് വാള്യം 4 പേജ് 340]

''അനുഗ്രഹം ലഭിക്കുന്നതിനു് ഏററവും അടുത്ത മാർഗം ദുആയാണ്. ദുആ സമ്പൂർണമാകണമെങ്കിൽ അതിൽ വിനയവും അസ്വാസ്ഥതയും യാചനയുമെല്ലാം ഉണ്ടാവണം. വിനയത്തോടും അസ്വാസ്ഥതയോടും തകർന്ന ഹൃദയത്തോടുംകൂടി ചെയ്യ



Scanned by CamScanner

പ്പെടുന്ന ദുആ അല്ലാഹുവിന്റെ അനുഗ്രഹത്തെ ആകർഷിക്കുകയും അത് സ്വീകരിക്കപ്പെട്ടുകൊണ്ട് യഥാർത്ഥ ലക്ഷ്യസ്ഥാനത്തെത്തിക്കുകയും ചെയ്യുന്നു. ഇതും അല്ലാഹുവിന്റെ അനുഗ്രഹം കൂടാതെ ലഭ്യമാകുകയില്ല എന്നതാണ് പ്രയാസകരം. ഇതിനുള്ള ചികിത്സ, ശ്രദ്ധ ചെലുത്താൻ കഴിയുന്നില്ലെങ്കിലും അനുഭവത്തിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നില്ലെങ്കിലും ദുആ ചെയ്തുകൊണ്ടേയിരിക്കുക എന്നതാണ്. പക്ഷേ, അതിൽ മാത്രം തൃപ്തിയടയരുത്. ശുദ്ധവും യഥാർത്ഥവുമായ ദുആ ഉണ്ടാകണമെങ്കിൽ അതിനും ദുആ അനുപേക്ഷണീയമാണ്. അതുകൊണ്ട് കൃത്രിമമായിട്ടാണെങ്കിലും ദുആ ചെയ്തുകൊണ്ടേയിരിക്കുക. ധാരാളമാളുകൾ ദുആ ചെയ്യുന്നു. അവരുടെ ഹൃദയം അതിൽ തൃപ്തിയടയുകയും ചെയ്യുന്നു. 'ഒന്നും സാധിക്കുന്നില്ലെന്നു'' അവർ പറയാനും തുടങ്ങുന്നു. എന്നാൽ, അനുഗ്രഹം അതിൽതന്നെയാണെന്നാണ് നമുക്ക് ഉപദേശിക്കാനുള്ളത്. കാരണം ഉദ്ദിഷ്ടലക്ഷ്യം അതിൽനിന്ന് വെളിയിൽ വരുകയും ഒരുനാൾ അവന്റെ ഹൃദയം നാവിനോട് ചേരുകയും പിന്നീട് ദുആ സ്വീകരിക്കുന്നതിനുള്ള മാർഗങ്ങളായ വിനയവും വിങ്ങലും സ്വയമേവ ഉണ്ടായിത്തുടങ്ങുകയും ചെയ്യുന്നു. മനസ്സാന്നിധ്യമില്ലെങ്കിലും അക്ഷമയോടെയാണെങ്കിലും അവൻ രാത്രിയിൽ എഴുന്നേല്ക്കുന്നു. ആ അവസ്ഥയിലും അവൻ ദുആ ചെയ്യുന്നു. അല്ലാഹുവേ, മനസ്സ് നിന്റെ പിടിയിലും നിയന്ത്രണത്തിലുമാണ്. അതുകൊണ്ട് നീ അതിനെ ശുദ്ധമാക്കിയാലും. ഈ ബന്ധിതാവസ്ഥയിൽ ഹൃദയവിശാലതയാണ് ആഗ്രഹിക്കുന്നതെങ്കിൽ ആ ബന്ധനസ്ഥിതിയിൽ നിന്നു് ഹൃദയവിശാലത പുറത്തുവരുകയും ആർദ്രത ലഭ്യമാവുകയും ചെയ്യും. ഈ സമയം തന്നെയാണ് ദുആ സ്വീകാര്യത്തിന്റെ നിമിഷം എന്നു് പറയുന്നത്. ആ സമയത്ത് ആത്മാവ് ദൈവസന്നിധിയിൽ വെള്ളം പോലെ ഒഴുകുന്നത് അവൻ കാണും; മുകളിൽ നിന്നു് താഴേയ്ക്കു വീഴുന്ന ജലത്തുള്ളിപോലെ.

ദുആ ചെയ്യാൻ മനസ്സുവരുന്നില്ലെങ്കിലും പൂർണമായ ഭക്തിയും വിനയവും ദുആയിൽ ഉണ്ടാകുന്നില്ലെങ്കിലും അത് ലഭിക്കാനായും ദുആ ചെയ്യേണ്ടതാകുന്നു. 'എന്റെ ദുആ നാവിൽ മാത്രമേയുള്ളൂ. ഹൃദയത്തിൽനിന്നു് അത് വരുന്നില്ല.' തുടങ്ങിയ



Scanned by CamScanner

കാര്യങ്ങൾ പറഞ്ഞ് പരീക്ഷണത്തിൽ അകപ്പെടരുത്. ദുആയിലെ വാക്കുകൾ ഉരുവിട്ടുകൊണ്ടിരിക്കുക. ദൃഢനിശ്ചയവും ക്ഷമയുംകൊണ്ട് വാക്കുകളോടൊപ്പം തന്റെ ഹൃദയവും അവസാനം യോജിച്ചിരിക്കുന്നതായി ഒരുനാൾ അവൻ കാണുകയും വിനയം തുടങ്ങിയ മാർഗങ്ങൾ ദുആയിലുണ്ടാകുകയും ചെയ്യുന്നു.'' [മൽഫൂസാത്ത് വാല്യം 6 പേജ് 93, 94]

''ദുആയിൽ നിന്ന് പിന്തിരിയാതെ അതിൽ തന്നെ മുഴുകിയിരിക്കുമ്പോൾ ദുആ സ്വീകാര്യമാകുന്നുവെന്ന തത്ത്വം ഓർമിച്ചു കൊള്ളുക. പക്ഷേ, യഥാർഥമായ ദുആ അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നതിനായുള്ളതാവണം. ബാക്കിയുള്ള എല്ലാ ദുആകളും അതിനെ ആശ്രയിച്ചാണ് പരിഗണിക്കപ്പെടുക. അങ്ങനെ വരുമ്പോൾ മറ്റു ദുആകളും സ്വീകരിക്കപ്പെടുന്നതാണ്. കാരണം, പാപങ്ങൾ അകലുമ്പോൾ അനുഗ്രഹങ്ങൾ ആഗതമാവുന്നു. കേവലം ഭൗതിക കാര്യങ്ങൾക്കായി ചെയ്യുന്ന ദുആ അപ്പടി സ്വീകരിക്കപ്പെടുകയില്ല.''

[മൽഫൂസാത്ത് വാല്യം 6 പേജ് 385, 387]

''ദുആ ചെയ്യുന്നതിനും അത് സ്വീകരിക്കുന്നതിനുമിടയിലുള്ള സമയത്ത് ചില സന്ദർഭങ്ങളിൽ പരീക്ഷണത്തിനുമേൽ പരീക്ഷണമുണ്ടാകാറുണ്ട്. ധൈര്യം കെടുത്തുന്ന രീതിയിലുള്ള പരീക്ഷണവും അതിലുൾപ്പെടുന്നു. എന്നാൽ ദൃഢചിത്തനായ ഭാഗ്യവാൻ ആ പരീക്ഷണങ്ങളിലും കഷ്ടാരിഷ്ടകളിലും തന്റെ നാഥന്റെ ഉദാരതയുടെ സൗരഭ്യം ആസ്വദിക്കുകയും അതിനു ശേഷം സഹായം വരുമെന്ന് സൂക്ഷ്മദൃഷ്ടികൊണ്ട് നോക്കിക്കാണുകയും ചെയ്യുന്നു. ദുആ ചെയ്യുന്നതിനുള്ള ആവേശം വർധിക്കുന്നുവെന്നതാണ് ഈ പരീക്ഷണങ്ങൾ വരുന്നതിന്റെ ഒരു രഹസ്യം. കാരണം ആവശ്യവും അസ്വസ്ഥതയും വർധിക്കുന്നതനുസരിച്ച് ആത്മാവിൽ ഒരു തിളപ്പ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇത് ദുആ സ്വീകാര്യത്തിന്റെ മാർഗങ്ങളിൽപെട്ടതാണ്. ചുരുക്കത്തിൽ, ഒരിക്കലും പരിഭ്രമിക്കാൻ പാടില്ല. അക്ഷമയും അസ്ഥിരതയും കൊണ്ട് നമ്മുടെ അല്ലാഹുവിനെ തെറ്റിദ്ധരിക്കരുത്. എന്റെ ദുആ സ്വീകരിക്കപ്പെട്ടില്ലെന്നോ സ്വീകരിക്കുന്നില്ലെന്നോ ഒരിക്കലും വിചാരിക്കുകയുമരുത്.''

[മൽഫൂസാത്ത് വാല്യം 4 പേജ് 338]



Scanned by CamScanner

''ചില സമയങ്ങളിൽ മനുഷ്യൻ വഞ്ചിതനാകുന്നു. ദീർഘനാൾവരെ ഉദ്ദേശ്യലബ്ധിക്കായി ദുആ ചെയ്തിട്ടും അവന്റെ ഉദ്ദേശ്യം പൂർത്തിയാകുന്നില്ല. അപ്പോൾ അവൻ പരിഭ്രാന്തനായിത്തീരുന്നു. വാസ്തവത്തിൽ അവൻ പരിഭ്രമിക്കാൻ പാടില്ലാത്തതാണ്. പ്രത്യുത വളരെ ക്ഷമിച്ചും സഹിച്ചും കൂടുതൽ കാര്യസിദ്ധി കാംക്ഷിക്കുന്നവനാകണം; ദുആ സ്വീകരിക്കപ്പെടുന്നുണ്ട്. പക്ഷേ, ചില സന്ദർഭങ്ങളിൽ മനുഷ്യന് അതറിയാൻ കഴിയുന്നില്ല. കാരണം, അവൻ തന്റെ ദുആയുടെ പര്യവസാനവും അതിന്റെ ഫലവും അറിയുന്നവനല്ല. അദൃശ്യകാര്യങ്ങൾ അറിയുന്നവനായ അല്ലാഹു, ആ ദുആ ചെയ്യുന്ന ആൾക്ക് എന്താണോ ഗുണപ്രദമായിട്ടുള്ളത് അത് ചെയ്യുന്നു. തൽഫലമായി, അജ്ഞനായ മനുഷ്യൻ തന്റെ ദുആ സ്വീകരിക്കുന്നില്ലെന്ന് വിചാരിക്കുന്നു. വാസ്തവത്തിൽ അവൻ ചെയ്ത ദുആ അപ്പടി സ്വീകരിക്കാതെ മറ്റേതെങ്കിലും വിധത്തിൽ സ്വീകരിക്കുന്നതായിരിക്കും അല്ലാഹുവിന്റെ അറിവിൽ ഗുണപ്രദമായിട്ടുള്ളത്. ഉദാഹരണത്തിന് തീക്കനൽ കണ്ടിട്ട് ഒരു പൈതൽ അത് തന്റെ മാതാവിനോട് ചോദിച്ചാൽ ബുദ്ധിയുള്ള മാതാവ് അത് കൊടുക്കാൻ തയ്യാറാകുമോ? ഒരിക്കലുമില്ല. ഇതുതന്നെയാണ് ദുആയെ സംബന്ധിച്ചുമുള്ളത്. ചുരുക്കിപ്പറഞ്ഞാൽ, ദുആ ചെയ്യുന്നതുകൊണ്ട് ഒരിക്കലും ആരും ക്ഷീണിതരാവാൻ പാടില്ല.''

[മൽഫൂസാത്ത് വാള്യം 3 പേജ് 353]

''മനുഷ്യൻ തന്റെ അറിവില്ലായ്മയും അജ്ഞതയുംകൊണ്ട് ഒരു കാര്യത്തിനായി ചിലപ്പോൾ ദുആ ചെയ്യുന്നു. അതായത് തനിക്ക് ഒരു വിധത്തിലും ഗുണപ്രദവും പ്രയോജനകരവുമല്ലാത്ത കാര്യം അവൻ അല്ലാഹുവിൽ നിന്നു് ആഗ്രഹിക്കുന്നു. എങ്കിൽപോലും അല്ലാഹു അവന്റെ ദുആ നിഷ്ഫലമാക്കുകയില്ല. മറ്റേതെങ്കിലും വിധത്തിൽ അവന് അത് പൂർത്തിയാക്കിക്കൊടുക്കുന്നു./ ഉദാഹരണത്തിന്, നിലം ഉഴുന്നതിന് എരുതിനെ ആവശ്യമുള്ള കർഷകൻ രാജാവിനോട് ഒട്ടകത്തെ ചോദിക്കുന്നു. അയാൾക്ക് അപ്പോൾ എരുതിനെ കൊടുക്കുന്നതാണ് ഗുണപ്രദമെന്നു് രാജാവിന്നറിയാം. അയാൾക്ക് എരുതിനെ കൊടുക്കാൻ രാജാവ് കല്പിക്കുന്നു. അപ്പോൾ, തന്റെ



Scanned by CamScanner

മൂഢതകൊണ്ട് 'എന്റെ അപേക്ഷ സ്വീകരിച്ചില്ല' എന്നു ആ കർഷകൻ പറഞ്ഞാൽ അതയാളുടെ മഠയത്തരവും അറിവില്ലായ്മയുമാണ്. അതാണ് തനിക്ക് ഉത്തമമെന്ന് ചിന്തിച്ചിരുന്നെങ്കിൽ അയാൾക്ക് കാര്യം മനസ്സിലാകുമായിരുന്നു. ഇതുപോലെ തീക്കനൽ കണ്ടിട്ട് ഒരു പൈതൽ തന്റെ മാതാവിനോട് അത് ചോദിച്ചാൽ ദയാലുവും വാൽസല്യനിധിയുമായ മാതാവ് അത് കൊടുക്കാനിഷ്ടപ്പെടുമോ?

ചുരുക്കത്തിൽ ദുആ സ്വീകാര്യത്തെ സംബന്ധിച്ച് ഇങ്ങനെയുള്ള കാര്യങ്ങളും ചില സന്ദർഭങ്ങളിൽ സംഭവിക്കുന്നുണ്ട്. അക്ഷമയോടും ദുർധാരണയോടും കൂടി പ്രവർത്തിക്കുന്നവർ വാസ്തവത്തിൽ തങ്ങളുടെ ദുആയെ സ്വയം നിഷ്ഫലമാക്കുകയാണ് ചെയ്യുന്നത്. ചിലപ്പോൾ ദുആ സ്വീകാര്യത്തിന് കാലവിളംബം സംഭവിക്കാറുമുണ്ട്. ബനൂ ഇസ്റാഈൽ നാല്പത് വർഷംവരെ വിശുദ്ധ ഭൂമിയിൽ [ഫലസ്തീനിൽ] പ്രവേശിക്കുന്നതിൽനിന്നു് പിന്തള്ളപ്പെട്ടതിന്റെ കാരണം അതാണ്.''

[മൽഫൂസാത്ത് വാള്യം 4 പേജ് 335, 336]

''ഇനി മറെറാരു സംശയം ദൂരീകരിക്കേണ്ടത് അനിവാര്യമായി ഞാൻ മനസ്സിലാക്കുന്നു. മുത്തഖീകളുടെ ചില ദുആകളും അവരുടെ ഇഷ്ടാനുസൃതം പ്രത്യക്ഷത്തിൽ പൂർത്തിയാകുന്നില്ലെന്നുള്ളതാണ് അത്. ഇതെന്തുകൊണ്ടാണ്? വാസ്തവത്തിൽ അവരുടെ ദുആകളൊന്നുംതന്നെ നഷ്ടത്തിലായിപ്പോകുന്നില്ലെന്ന കാര്യം നാം ഓർമിക്കണം. പക്ഷേ, മനുഷ്യൻ അദൃശ്യകാര്യങ്ങളറിയുന്നവനല്ല. അവനിൽ ഏതു് നിലക്കാണ് ആ ദുആയുടെ ഫലം പ്രതിഫലിക്കാൻ പോകുന്നതെന്ന് അവനറിയില്ല. അല്ലാഹു, അങ്ങേയററം കാരുണ്യത്തോടും പൂർണ ദയയോടും കൂടി തന്റെ ദാസനു് സൽഫലമുളവാക്കുന്നേനിലയിലേക്ക് അവൻ ചെയ്യുന്ന ദുആയെ മാററുന്നതാണ്. ഇതുപോലെയെന്നാൽ, അറിവില്ലാത്ത കുട്ടി പാമ്പിനെ ഭംഗിയുള്ളതും മിനുസമുള്ളതുമായൊരു വസ്തുവായി മനസ്സിലാക്കി പിടിക്കാൻ തയ്യാറാവുകയോ, അഗ്നി ജ്വലിക്കുന്നതു കണ്ടിട്ട് തന്റെ മാതാവിനോടു അത് ചോദിക്കുകയോ ചെയ്യുന്നതുപോലെ. ആ മാതാവ് എത്ര അറിവില്ലാത്തവളാണെ



Scanned by CamScanner

ങ്കിലും തന്റെ കുഞ്ഞ് പാമ്പിനെ പിടിക്കുന്നതോ അവന്റെ ഇഷ്ടപ്രകാരം തീക്കനൽ അവന്റെ കൈയിൽവച്ചുകൊടുക്കുന്നതോ ഇഷ്ടപ്പെടുമോ? ഒരിക്കലുമില്ല. കാരണം അതവന്റെ ജീവിതത്തിന് ഹാനി വരുത്തുമെന്ന് അവർക്കറിയാം. അപ്പോൾ, അദൃശ്യ കാര്യങ്ങളറിയുന്നവനും സർവജ്ഞനും വാത്സല്യനിധിയായ മാതാവിനെക്കാൾ കൂടുതൽ ദയാലുവും ഉദാരമതിയുമായ അല്ലാഹു— ഈ അലിവും സ്നേഹവും മാതാവിന്റെ ഹൃദയത്തിലിട്ടതും അവൻ തന്നെയാണ്— അവന്റെ ഇഷ്ടദാസൻ തന്റെ ബലഹീനതയും വീഴ്ചയും അജ്ഞതയും നിമിത്തം തനിക്ക ആഘാതമുണ്ടാക്കുന്ന എന്തെങ്കിലും കാര്യത്തിനുവേണ്ടി ദുആ ചെയ്താൽ അതുടനെയങ്ങ് സ്വീകരിക്കുന്നതെങ്ങനെ? സ്വീകരിക്കുകയില്ല. പ്രത്യുത അതിനെ തടയുകയും തന്റെ ഇന്ന ദുആയുടെ ഫലമാണിതെന്ന് അവന് മനസ്സിലാകും വിധം അതിനെക്കാൾ ഉത്തമമായത് അതിനു പകരമായി അവന് നല്കുകയും ചെയ്യുന്നു... ... ...അതുകൊണ്ട് മുത്തഖികളുടെ ചില ദുആകളും സ്വീകരിക്കപ്പെടുന്നില്ലായെന്ന് പറയുന്നത് ഭീമമായ അബദ്ധമാണ്. അവരുടെ എല്ലാ ദുആകളും സ്വീകരിക്കപ്പെടുന്നുണ്ട്. അതെ, അവർ തങ്ങളുടെ വീഴ്ചയും അജ്ഞതയും നിമിത്തം തങ്ങൾക്ക് പ്രയോജനകരമല്ലാത്ത എന്തിനെങ്കിലും വേണ്ടി പ്രാർഥിച്ചുകൊണ്ടിരുന്നാൽ, ആ ദുആകൾക്ക് പകരമായി അവർക്ക് അവരുടെ ഇഷ്ടം പൂർത്തിയാകുമാറുള്ള കാര്യം അല്ലാഹു ചെയ്തുകൊടുക്കുന്നതാണ്.'' [മൽഫൂസാത്ത് വാള്യം 1 പേജ്. 418, 419]

''എന്താണ് കറാമത്ത്? സത്യവിശ്വാസിയുടെ ദുആ സ്വീകരിക്കപ്പെട്ടുകൊണ്ട് അതേത്തുടർന്ന് ദുഷ്കരവും ചിന്തയിൽപോലും ഉൾക്കൊള്ളിക്കാനാകാത്തതുമായ പ്രവൃത്തിയെ പൂർത്തീകരിക്കുകയും അങ്ങനെ സൃഷ്ടികളെയെല്ലാം അദ്ഭുതത്തിലാഴ്ത്തുകയും ചെയ്യുന്നതു തന്നെ. പിന്നെങ്ങനെയാണ് ദുആ സ്വീകരിക്കപ്പെടുന്നില്ലയെന്ന് പറയുവാൻ കഴിയുക. അങ്ങനെ കരുതുന്നവൻ അജ്ഞനാണ്. അങ്ങനെ മനസ്സിലാക്കുന്ന തത്വചിന്തകനും അവിവേകിയാകുന്നു.''

[ബർക്കാത്തുദുആ പേജ് 9]

''ദുആ ചെയ്യുമ്പോൾ നിരാശയോടും പരിഭ്രമത്തോടും പ്രവർത്തിക്കാതിരിക്കേണ്ടതാണ്. പെട്ടെന്ന് തളർന്നുപോകാനും

പാടില്ല. എന്നല്ല, ദുആ അതിന്റെ പൂർണമായ കാന്തി കശക്തി കാണിക്കാത്തിടത്തോളം അതിൽനിന്ന് പിൻമാറു കയും അരുത്. തളരുകയും പരിഭ്രമിക്കുകയും ചെയ്യുന്നവർ അബദ്ധമാണ് പ്രവർത്തിക്കുന്നത്. കാരണം, ഇത് പിന്തള്ള പ്പെടുന്നുവെന്നതിന്റെ ലക്ഷണമാണ്. എന്റെ പക്കൽ, ദുആ എത്രയും ഉദാത്തമാണ്. ഭാവനയിലല്ല; ഞാനെന്റെ അനുഭ വത്തിന്റെ വെളിച്ചത്തിലാണ് പറയുന്നത്. പരിശ്രമങ്ങ ളൊന്നുകൊണ്ടും പരിഹരിക്കപ്പെടാത്ത കാര്യംപോലും ദുആ നിമിത്തം അല്ലാഹു സരളമാക്കിത്തരുന്നു. ഞാൻ സത്യമായും പറയുന്നു. ദുആ ശക്തിമത്തായ സ്വാധീനമുളവാക്കുന്ന ഒന്നാണ്. രോഗത്തിൽനിന്ന് അതുമുഖേന മോചനം ലഭിക്കുന്നു. ജീവി തത്തിലെ കഷ്ടാരിഷ്ടതകൾ അകലുന്നു. ശത്രുക്കളുടെ കുതന്ത്ര ങ്ങളിൽനിന്ന് അതു രക്ഷിക്കുന്നു. ദുആ മൂലം ലഭ്യമല്ലാത്ത ഒരു വസ്തുവുമില്ല. ദുആയിൽ വിശ്വാസമുള്ളവൻ വലിയ ഭാഗ്യവാ നാകുന്നു. കാരണം, അവൻ അല്ലാഹുവിന്റെ അത്യത്ഭുതകര മായ കഴിവുകൾ ദർശിക്കുകയും അല്ലാഹു സർവശക്തനും അത് ദാരനുമാണെന്നു മനസ്സിലാക്കി വിശ്വസിക്കുകയും ചെയ്യുന്നു.'

[മൽഫൂസാത്ത് വാള്യം 7 പേജ്. 365, 366]

"ദുആ വലിയ അത്ഭുതകരമായ സംഗതിയാണ്. എന്നാൽ, ദുആ ചെയ്യുന്ന ആൾ ദുആയുടെ മര്യാദകളറിയുന്നില്ല യെന്നതാണ് ദുഃഖകരമായ വസ്തുത. ദുആ സ്വീകാര്യത്തിന്റെ രീതികളും ദുആ ചെയ്യുന്നവർക്ക് ഇക്കാലത്ത് അറിയില്ല ..... ദുആ ചെയ്യുന്നയാൾ ഒരിക്കലും തളർന്ന് നിരാശനാവാൻ പാടി ല്ലെന്ന കാര്യം ഒന്നാമതായി മനസ്സിലാക്കേണ്ടത് അത്യാവശ്യ മാണ്. ഇനിയൊന്നും നടക്കില്ലെന്ന ദുഷ്ചിന്തയും അല്ലാ ഹുവിനെ സംബന്ധിച്ച് ഉണ്ടാവാൻ പാടില്ല. അധികമായി ദുആ ചെയ്ത്, ഉദ്ദേശ്യലബ്ധിയുടെ തെളിവുകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങുമ്പോൾ ദുആ ചെയ്യുന്നയാൾ തളർന്നുപോകുന്നത് ചില പ്പോൾ കാണാറുണ്ട്. തൽഫലമായി പരാജയപ്പെടുകയും ഉദ്ദിഷ്ടകാര്യം സാധിക്കാതെ വരികയും ചെയ്യും .....ദുആയുടെ സ്ഥിതി കർഷകൻ തന്റെ വയലിൽ വിത്ത് വിതക്കുന്നതു പോലെയാണ്. പ്രത്യക്ഷത്തിൽ അയാൾ നല്ല ധാന്യമാണ് മണ്ണിലാഴ്ത്തിയിരിക്കുന്നത്. ഈ ധാന്യം നല്ല വൃക്ഷമായി വളർന്ന് ഫലംകൊണ്ടുവരുമെന്ന് അപ്പോൾ ആർക്കെങ്കിലും പറയാൻ കഴിയുമോ? ആർക്കും തന്നെ, കർഷകനുപോലും.



Scanned by CamScanner

ആ ധാന്യം ഭൂമിയുടെ ഉള്ളിൽ ചെടിയായി രൂപംകൊള്ളുന്നുവെന്ന സംഗതി കാണാൻ സാധിക്കുകയില്ല. എന്നാൽ, അല്പ ദിവസത്തിനുള്ളിൽ ആ ധാന്യം മുളച്ച് ഉള്ളിൽ ചെടിയാകാൻ തുടങ്ങുന്നുവെന്നതാണ് യാഥാർഥ്യം. അത് തയ്യാറായി അവസാനം മുള വെളിയിൽ വരുന്നു. അപ്പോൾ സകലരും അതു കാണുന്നു. ആ ധാന്യം മണ്ണിൽ കഴിച്ചിട്ടപ്പോൾ തന്നെ അത് ചെടിയാവാനുള്ള തയ്യാറെടുപ്പ് നടത്താൻ തുടങ്ങിയിരുന്നു. എന്നാൽ, ഭൗതിക കണ്ണുള്ള ആർക്കും അതിനെ സംബന്ധിച്ച് ഒരറിവുമുണ്ടായിരുന്നില്ല. അതിന്റെ മുള പുറത്തു വന്നപ്പോൾ എല്ലാവർക്കും അത് ദൃശ്യമായി. എല്ലാവരും അതുകണ്ടു. എന്നാൽ, അതിന്റെ കാലമാകുമ്പോൾ അതിൽ ഫലമുണ്ടാകുമെന്ന് അറിവില്ലാത്ത ബാലൻ മനസ്സിലാക്കുകയില്ല. അപ്പോൾ എന്തുകൊണ്ട് ഫലമുണ്ടാകുന്നില്ല എന്നായിരിക്കും അവൻ ചോദിക്കുന്നത്. എന്നാൽ, അത് കായ്ക്കുന്നതെപ്പോഴാണെന്ന് ബുദ്ധിമാനായ കർഷകൻ നല്ലവണ്ണം അറിയുന്നു. അവൻ അക്ഷമനാവാതെ അതിനെ നോക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. അങ്ങനെ അത് കായ്ക്കുന്ന സമയം വന്നെത്തുന്നു. അത് പക്വമാകുകയും ചെയ്യുന്നു. ഇതേ അവസ്ഥ തന്നെയാണ് ദുആയ്ക്കുമുള്ളത്. ഇതേ രീതിയിൽ ദുആ തഴച്ചു വളരുകയും ഫലമുള്ളതായിത്തീരുകയും ചെയ്യുന്നു. ക്ഷിപ്രകാരി മുമ്പേ തളരുന്നു. ക്ഷമാവാൻ ദൃഢചിത്തതയോടെ തന്റെ പ്രവൃത്തിയിൽ മുഴുകുകയും ലക്ഷ്യം നേടുകയും ചെയ്യുന്നു.

പ്രാർഥനയിൽ വലിയ വലിയ ഘട്ടങ്ങളും സ്ഥാനങ്ങളുമുണ്ടെന്നത് വാസ്തവമാണ്. ഇതറിയാത്ത കാരണത്താൽ ദുആ ചെയ്യുന്നയാൾ തന്റെ കൈകൊണ്ട് സ്വയം പിന്തള്ളപ്പെടുന്നു. അവർക്കു ധൃതിയാണ്. സഹനം പാലിക്കാൻ അവർക്ക് സാധിക്കുകയില്ല. എന്നാൽ, കൂടുകയും കുറയുകയും ചെയ്യുന്ന ഒരവസ്ഥ അല്ലാഹുവിന്റെ പ്രവൃത്തികളിലുണ്ട്. നോക്കുക, ഇന്ന് ഒരാൾ വിവാഹിതനായാൽ നാളെതന്നെ അയാളുടെ വീട്ടിൽ ഒരിക്കലും കുട്ടി ജനിക്കുന്നില്ല. അല്ലാഹു സർവശക്തനാണ്. അവൻ ഇച്ഛിക്കുന്നതെന്തും ചെയ്യാൻ അവന് കഴിവുണ്ട്. എന്നാൽ, നിയമവും വ്യവസ്ഥയും അവൻ നിശ്ചയിച്ചിരിക്കുന്നു...... ഇനി നിങ്ങൾ ചിന്തിക്കുക. സന്താനം



Scanned by CamScanner

ജനിക്കുവാനായി മാതാവിന് ഒരു മരണം തന്നെ സ്വയം വരിക്കേണ്ടി വരുന്നു. അപ്പോഴാണ് എന്നെങ്കിലും അവൾ ആ സന്തോഷത്തെ കാണുന്നത്. ഇപ്രകാരം ദുആ ചെയ്യുന്ന വ്യക്തി, തന്റെ സ്ഥിതിയിൽ മാററം വരുത്തുകയും ധൃതിപ്പെടാതെ എല്ലാ പ്രയാസങ്ങളേയും സഹിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ദുആ സ്വീകരിച്ചില്ലെന്ന് ഒരിക്കലും സംശയിക്കാൻ പാടില്ല. അവസാനം വരേണ്ടകാലം വരുന്നു. ദുആയുടെ ഫലം ഉണ്ടാവേണ്ട സമയമെത്തുന്നു; മനോരഥത്തിലെ കട്ടി പിറക്കുന്നതുപോലെ. എവിടെ ചെന്നിട്ടാണോ ദുആ ഫലപ്രദമായിത്തീരുന്നത് ആ സ്ഥാനംവരെ ആദ്യം അതിനെ എത്തിക്കേണ്ടത് നിർബന്ധമാണ്. ആഗ്നേയ സ്ഫടികത്തിനു താഴെ തുണിവസ്തുന്നതുപോലെ. സൂര്യരശ്മികൾ ആ സ്ഫടികത്തിൽ കേന്ദ്രീകരിക്കുകയും അങ്ങനെ ആ തുണി കത്തുന്നതുവരെ അതിന്റെ ഊഷ്മാവ് എത്തുകയും ചെയ്യുന്നു ഇതേപ്രകാരം നിർഭാഗ്യാവസ്ഥകളെ എരിച്ചുകളയുന്നതും ലക്ഷ്യത്തെ സാക്ഷാൽക്കരിച്ച് കാണിക്കുന്നതുമായ ശക്തിയുണ്ടാകുന്ന സ്ഥാനം എവിടെയാണോ അവിടംവരെ ദുആയെ എത്തിക്കേണ്ടത് നിർബന്ധമാണ്...... ദീർഘകാലംവരെ മനുഷ്യന് ദുആയിൽ മുഴുകേണ്ടതായി വരുന്നു. അവസാനം അല്ലാഹു [അതിന്റെ ഫലം] വെളിപ്പെടുത്തിത്തരുന്നു. ദീർഘനാൾവരെ ഏതെങ്കിലും കാര്യത്തിൽ മൗനമവലംബിച്ചാൽ വിജയത്തിന്റെ പ്രതീക്ഷ അതിലുണ്ടാകുമെന്നുള്ള കാര്യം ഞാൻ അനുഭവിച്ചറിഞ്ഞതാണ്. കഴിഞ്ഞു കടന്ന സാത്വികരുടെ അനുഭവവും ഇതിന് സാക്ഷിയാണ്. എന്നാൽ, ഏതൊരു കാര്യത്തിനാണോ ക്ഷണത്തിൽ ഉത്തരം കിട്ടുന്നത് അത് സംഭവിക്കാൻ പോകുന്നതായിരിക്കുകയില്ല. ഒരു യാചകൻ ഒരാളുടെ വീട്ടുപടിക്കൽ നിത്യവും ഭിക്ഷ യാചിക്കാൻ പോകുന്നു. അങ്ങേയററം വേദനയോടും വിനയത്തോടും അയാൾ ചോദിക്കുന്നു. കറെസമയം ശകാരം കേൾക്കേണ്ടി വന്നാലും അയാൾ തന്റെ സ്ഥാനത്തുനിന്ന് അനങ്ങുന്നില്ല. ചോദിച്ചുകൊണ്ടേയിരിക്കുന്നു. വീട്ടുകാരൻ എത്ര പിശുക്കനായാലും അവസാനം ലജ്ജതോന്നി എന്തെങ്കിലും ആ യാചകന് ദാനം ചെയ്യുന്നു. ഈ ലോകത്ത് നാം സാധാരണ ഇങ്ങനെ കാണുന്നുവെന്നുവരികിൽ, ദുആ ചെയ്യുന്ന ആൾക്ക് കുറഞ്ഞ പക്ഷം ആ യാചകന്റെ അത്രയെങ്കിലും ദൃഢനിശ്ചയമുണ്ടാവേ



Scanned by CamScanner

ണ്ടതല്ലേ? ഉദാരനും ലജ്ജാവാനുമായ അല്ലാഹു, ദീർഘകാലമായി അവന്റെ വിനീത ദാസൻ തന്റെ സന്നിധിയിൽ വീഴുന്നതു കാണുമ്പോൾ ഒരിക്കലും അവന്റെ അന്ത്യം ദുർഘടമാക്കുകയില്ല.

നാലഞ്ചുമാസം ഗർഭിണിയായ ഒരു സ്ത്രീ ഇപ്പോൾ എന്തുകൊണ്ട് കുട്ടി പിറക്കുന്നില്ലെന്ന് ചോദിക്കുന്നുവെന്നിരിക്കട്ടെ. അവളുടെ ആഗ്രഹമനുസരിച്ച് അപ്പോൾ എന്തെങ്കിലും മരുന്ന് കഴിച്ചാൽ കുട്ടിയുണ്ടാകുകയാണോ ചെയ്യുക അതോ അബദ്ധത്തിൽ ഝകപ്പെടുകയോ? ഇപ്രകാരം, നിശ്ചിത സമയത്തിനു മുമ്പേ ധൃതി കൂട്ടുന്നവൻ നഷ്ടമാണ് വഹിക്കേണ്ടി വരിക. അതു മാത്രമല്ല, അയാളുടെ വിശ്വാസത്തിനു തന്നെയും ക്ഷതമേല്ക്കുന്നതാണ്. ചിലർ ഇത്തരം സന്ദർഭങ്ങളിൽ ദൈവനിഷേധികളായിത്തീരും. നമ്മുടെ ഗ്രാമത്തിൽ ഒരു മരാശാരിയുണ്ടായിരുന്നു. അയാളുടെ ഭാര്യക്ക് സുഖമില്ലാതെയായി. അവസാനം അവൾ മരിച്ചു. അയാൾ പറഞ്ഞു: ''ദൈവമുണ്ടായിരുന്നെങ്കിൽ എന്റെ പ്രാർഥനയെല്ലാം സ്വീകരിക്കുമായിരുന്നു. എന്റെ ഭാര്യ മരിക്കുമായിരുന്നില്ല.'' അങ്ങനെ അയാൾ ദൈവ നിഷേധിയായി. എന്നാൽ, സൗഭാഗ്യവാൻ സത്യസന്ധതയോടും ആത്മാർഥതയോടും കൂടി പ്രവർത്തിക്കുമ്പോൾ അയാളുടെ വിശ്വാസം ദൃഢീകരിക്കുകയും എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുകയും ചെയ്യുന്നു. അല്ലാഹുവിന്റെ മുമ്പിൽ ഭൂമിയിലെ സമ്പത്തിന് എന്ത് പ്രസക്തിയാണുള്ളത്? ഒരു നിമിഷംകൊണ്ട് എല്ലാം ചെയ്യാൻ കഴിവുള്ളവനാണവൻ. ആരാലും അറിയപ്പെടാതിരുന്ന ആ ജനതയെ അവൻ ഭരണകർത്താക്കളാക്കിത്തീർത്തത് നിങ്ങൾ കണ്ടിട്ടില്ലേ? വലിയ വലിയ ഭരണകൂടങ്ങളെ അവൻ അവരുടെ കീഴിൽകൊണ്ടുവന്നു. അടിമകളെ രാജാക്കൻമാരാക്കി ഉയർത്തി. മനുഷ്യൻ തഖ്‌വ അവലംബിക്കുകയും അല്ലാഹുവിന്റേതായിത്തീരുകയും ചെയ്താൽ ലോകത്ത് ഉന്നതനിലയിലുള്ള ജീവിതം നല്കി [അല്ലാഹു അവനെ അനുഗ്രഹിക്കും]........ നോക്കൂ, തന്റെ സന്തതികളിൽ നിന്ന് അറേബ്യയിൽ ഒരു നബിയുണ്ടാകുന്നതിനായി ഇബ്‌റാഹീം [അ] ദുആ ചെയ്തു. അതുടനെ സ്വീകരിച്ചുവോ? ഇബ്‌റാഹീം നബിക്കുശേഷം ദീർഘകാലംവരെ ആ ദുആയുടെ



Scanned by CamScanner

ഫലമെന്തായി എന്നുള്ള വിചാരംപോലും ആർക്കുമുണ്ടായില്ല. എന്നാൽ, നബി (സ) തിരുമേനിയുടെ ആവിർഭാവത്തോടെ ആ ദുആ പൂർത്തിയായി. അതെത്ര മാഹാത്മ്യത്തോടെയാണ് പിന്നീട് പ്രാവർത്തികമായത്.''

[മൽഫൂസാത്ത് വാള്യം 4 പേജ് 415 - 420]

''അങ്ങേയററം മനഃസ്താപത്തോടും വേദനയോടുംകൂടി ദുആ ചെയ്യുന്ന സന്ദർഭം ദുആ ചെയ്യുന്ന ആൾക്കുണ്ടാകാറുണ്ട്. പക്ഷേ, ആ ദുആയ്ക്ക് പ്രതിഫലം കിട്ടുന്നതിൽ താമസമുണ്ടാകുന്നതായി അവൻ കാണുന്നു. ആ കാലവിളംബത്തിന്റെ രഹസ്യമെന്താണ്? അതിലടങ്ങിയിരിക്കുന്ന രഹസ്യം ഓർമ്മ വയ്ക്കേണ്ടതാണ്.

ഒന്നാമത്തേത്, ലോകത്തുള്ള വസ്തുക്കളിലെല്ലാം മാററത്തിന്റെ ഒരവസ്ഥയുണ്ട് എന്നതാണ്. ഒരു കുഞ്ഞു വളർന്നു മനുഷ്യനായിത്തീരാൻ എത്രയെത്ര ഘട്ടങ്ങളും സ്ഥാനങ്ങളും തരണം ചെയ്യേണ്ടിവരുന്നു. വിത്ത് വൃക്ഷമായിത്തീരാൻ എത്രമാത്രം താമസമുണ്ട്. ഇപ്രകാരം അല്ലാഹുവിന്റെ പ്രവർത്തനങ്ങളുടെ ഫലവും ക്രമേണ ക്രമേണയായിട്ടാണുണ്ടാകുന്നത്. രണ്ടാമതായി ആ കാലവിളംബത്തിലുള്ള ദൈവികയുക്തി, തന്റെ തീരുമാനവും പ്രതിജ്ഞ നിറവേററാനുള്ള തന്റേടവും മനുഷ്യന് അവന്റെ മനസ്സിൽ ദൃഢമായി പതിയണമെന്നും ദൈവജ്ഞാനത്തിൽ ശക്തിയും ദൃഢതയുമുണ്ടാകണമെന്നുമുള്ളതാണ്. മനുഷ്യൻ എത്രത്തോളം സഞ്ചിത സ്ഥാനങ്ങളും ഉയർന്ന പദവികളും കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നുവോ അത്രത്തോളം കഠിന പ്രയത്നവും സമയത്തിന്റെ ആവശ്യകതയും അതിനു വേണ്ടി വരുമെന്നുള്ളത് പ്രകൃതിപരമായ സമ്പ്രദായമാണ്. ദൃഢനിശ്ചയവും ധൈര്യവുമില്ലെങ്കിൽ മനുഷ്യന് പുരോഗതിയുടെ പാത തരണം ചെയ്യാൻ സാധിക്കുകയില്ല. അതുകൊണ്ട് ആദ്യം കഷ്ടാരിഷ്ടതകളിലൂടെ കടക്കേണ്ടതും അനിവാര്യമാണ്. إِنَّ مَعَ الْعُسْرِ يُسْرًا [പ്രയാസത്തോടൊപ്പം നിശ്ചയമായും ആശ്വാസമുണ്ട്] എന്നു പറയാൻ കാരണം അതാണ്. [മൽഫൂസാത്ത് വാള്യം 3പേജ് 202, 203]

''പ്രയാസത്തിന്റേയും വിപത്തിന്റേയും നേരത്ത് അല്ലാഹുവിനോടു ദുആ ചെയ്യുകയും പരിഹാരം തേടുകയും



Scanned by CamScanner

ചെയ്യുന്നയാൾ ദുആയെ അതിന്റെ പരമകാഷ്ഠയിലെത്തിച്ചാൽ അവനിൽ നിന്ന് സമാധാനവും സന്തുഷ്ടിയും പ്രാപിക്കുന്നതാണ്. ഉദ്ദിഷ്ട കാര്യം സാധിച്ചില്ലെന്ന് വന്നാലും വേറൊരു തരത്തിലുള്ള ആശ്വാസവും ശാന്തിയും അല്ലാഹുവിൽനിന്ന് അയാൾക്ക് ലഭിക്കുന്നു. അയാൾ ഒരിക്കലും തന്നെ പരാജിതനാവുകയില്ല. വിജയത്തിനു പുറമേ വിശ്വാസപരമായ ശാന്തിയും പുരോഗതി പ്രാപിക്കുന്നു. വിശ്വാസം ദൃഢീകരിക്കുന്നു. എന്നാൽ, ദുആയോടൊപ്പം അല്ലാഹുവിലേക്ക് മുഖമുയർത്തി നോക്കാത്തവൻ സദാ അന്ധനായിത്തന്നെയിരിക്കും. അവൻ അന്ധനായിത്തന്നെ മരിക്കുകയും ചെയ്യും... ... ആത്മാർത്ഥതയോടുകൂടി ദുആ ചെയ്യുന്നവൻ യഥാർത്ഥത്തിൽ പരാജിതനായിരിക്കാവതല്ല. ആ സന്തോഷാവസ്ഥ കേവലം സമ്പത്തുകൊണ്ട് ലഭ്യമല്ല. പരിപൂർണ്ണമായ ദുആകൊണ്ടാണ് അത് നല്കപ്പെടുന്നത്. സിംഹാസനം ലഭിച്ച രാജാവിനുണ്ടാകുന്നതിനെക്കാളധികം സന്തോഷം, വിപത്തിന്റെ നേരത്ത് ദുആയ്ക്കുശേഷം ഒരു സാത്വികനുണ്ടാകണമെന്ന് അല്ലാഹു ഉദ്ദേശിച്ചാൽ അവനതുണ്ടാകുന്നു. അതിന്റെ പേരാണ് ഉദ്ദിഷ്ട വിജയം. അത് ദുആ ചെയ്യുന്നവർക്ക് അവസാനം ലഭിക്കുന്നു.''

[അയ്യാമുസ്സുൽഹ് പേജ് 8, 9]

ധർമനിഷ്ഠരുടെ തസ്ബീഹിനേക്കാളും നമസ്കാരസ്ഥലത്തേക്കാളും അല്ലാഹുവിന് പ്രിയങ്കരം പാപികളുടെ നിലവിളിയും കേഴലുമാണെന്ന് ഖുദ്സിയായ ഒരു ഹദീസിൽ വന്നിരിക്കുന്നു. ലോക ന്യായ കോടതിയുടെ മുൻപ്രസിഡന്റായിരുന്ന ചൗധരി സർ സഫറുല്ലാഹ്ഖാൻ സാഹിബ് 'ഒരു സ്നേഹിതനുള്ള കത്ത്'' എന്ന തന്റെ ഗ്രന്ഥത്തിലെ 29-ാം പേജിൽ എഴുതുന്നു.

''വിശുദ്ധ ഖുർആൻ ഈ വിശേഷ ഗുണത്തിന്റെ പ്രകടനത്തെ ദൈവാസ്തിക്യത്തിനുള്ള തെളിവെന്നോണം അവതരിപ്പിച്ചിരിക്കുന്നു.

أَمَّنْ يُجِيبُ الْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ السُّوءَ
وَيَجْعَلُكُمْ خُلَفَاءَ الْأَرْضِ



Scanned by CamScanner

[പീഡിതൻ പ്രാർഥിക്കുമ്പോൾ ഉത്തരം നല്കുകയും വ്യഥ ദൂരീകരിക്കുകയും നിങ്ങളെ ഭൂമിയുടെ അനന്തരാവകാശികളാക്കുകയും ചെയ്യുന്നതാരാണ്. 27 : 63] പീഡിതാവസ്ഥയിൽ നിങ്ങൾ ദൈവസന്നിധിയിൽ വീഴുകയും അവൻെറ കരുണയെ ആവേശം കൊള്ളിക്കുകയും നിങ്ങളുടെ ദുരിതങ്ങളുടേയും അസ്വസ്ഥതകളുടേയും നിസ്സഹായവസ്ഥകളുടേയും മേൽ കരുണ ചൊരിഞ്ഞ് നിങ്ങളുടെ ബുദ്ധിമുട്ടുകളെ അവൻ അകററുകയും ചെയ്യുമ്പോൾ നിങ്ങൾക്കെങ്ങനെയാണ് അവനെ നിഷേധിക്കാൻ സാധിക്കുന്നതെന്ന് പറഞ്ഞു തരിക. പീഡിതൻെറ ദുആ സ്വീകാര്യമാകണമെങ്കിൽ തഖ്‌വ വേണമെന്നോ സല്കർമങ്ങളനുഷ്ഠിക്കണമെന്നോ ഉള്ള നിബന്ധനപോലും അല്ലാഹു വച്ചില്ല. അതായത് മനുഷ്യൻ പീഡിതാവസ്ഥയിൽ ആത്മാർഥമായ വിനയത്തോടും ദൈവഭയത്തോടും കൂടെ അവൻെറ തിരുസന്നിധിയിൽ വീഴുകയും ഉരുകിയ ഹൃദയത്തോടെ അവൻെറ കരുണ തേടുകയും ചെയ്യുമ്പോൾ നിശ്ചയമായും അവൻെറ കരുണാകടാക്ഷമുണ്ടാവുന്നു. തൻെറ ദാസൻെറ വിളി അവൻ കേൾക്കുന്നു. ആ മനുഷ്യൻ പൊതുവേ എത്രമാത്രം നന്ദികെട്ടവനും അക്രമിയുമാണെന്ന് ആ അവസ്ഥയിൽ അല്ലാഹു നോക്കുകയില്ല. അതെ, അവനുമായി ആത്മാർഥബന്ധം നിലനിറുത്തുകയും, അവൻെറ തൃപ്തിയിൽ സംതൃപ്തരാവുകയും അവൻെറ സന്തോഷത്തിനെതിരിൽ മററുള്ളതെല്ലാം ഒന്നുമല്ലെന്ന് മനസ്സിലാക്കുകയും ചെയ്യുന്ന, അവനെ അനുസരിക്കുന്നവരും നിരാലംബരും വിനയാന്വിതരുമായവരോട് വളരെ അടുത്ത നിലയിൽ അവൻ പെരുമാറുന്നു.''

ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) 'ദുആ സ്വീകാരത്തിൻെറ രീതി' എന്ന തൻെറ ഗ്രന്ഥത്തിൽ പറയുന്നു.

''ഒരു മഹാത്മാവിനെകുറിച്ച് എഴുതിയിരിക്കുന്നു. അദ്ദേഹം എല്ലാ ദിവസവും ദുആ ചെയ്യുന്ന പതിവുള്ള ആളായിരുന്നു. ഒരു ദിവസം അദ്ദേഹം ദുആ ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരു ശിഷ്യൻ അദ്ദേഹത്തിൻെറ അടുത്ത് വന്നിരുന്നു. അപ്പോൾ ആ മഹാത്മാവിന് ഇൽഹാമുണ്ടായി. അത് ആ ശിഷ്യനും കേട്ടു. പക്ഷേ മര്യാദ പാലിച്ച് നിശബ്ദനായിരുന്നു. അടു



Scanned by CamScanner

സംബന്ധിച്ച് ഒന്നും തന്നെ പറഞ്ഞില്ല. രണ്ടാം ദിവസവും ആ മഹാത്മാവ് ദുആ ചെയ്യാൻ തുടങ്ങിയപ്പോൾ അതേ ഇൽഹാമുണ്ടായി. അത് ശ്രവിച്ച ശിഷ്യൻ അന്നും നിശബ്ദത പാലിച്ചു. മൂന്നാം ദിവസവും അതേ ഇൽഹാമുണ്ടായി. അന്ന് ശിഷ്യന് ക്ഷമിക്കാൻ കഴിഞ്ഞില്ല. അയാൾ ആ മഹാത്മാവിനോട് ചോദിച്ചു. "നിന്റെ ദുആ സ്വീകരിക്കുകയില്ല" യെന്ന് മൂന്ന ദിവസമായി അല്ലാഹ്ല പറയുന്നത് ഞാൻ കേൾക്കുന്നു. അല്ലാഹ്ല ഇങ്ങനെ പറയുമ്പോൾ പിന്നെന്തിന് താങ്കൾ ദുആ ചെയ്യുന്നു. അത് ഉപേക്ഷിച്ചുകൂടേ! അദ്ദേഹം പറഞ്ഞു. മറയാ! വെറും മൂന്നുദിവസം അല്ലാഹ്ലവിൽനിന്നുള്ള ഈ ഇൽഹാം കേട്ട് നീ നിരാശനായിപ്പോയി. ദുആ ചെയ്യേണ്ടതില്ലെന്നും അത് ഉപേക്ഷിക്കണമെന്നുമാണ് നീ പറയുന്നത്. കഴിഞ്ഞ 30 വർഷമായി ഞാൻ ഈ ഇൽഹാം കേൾക്കുന്നു. പക്ഷേ, ഞാൻ പരിഭ്രമിച്ചില്ല. നിരാശനായതുമില്ല. സ്വീകരിക്കുക എന്നത് അല്ലാഹ്ലവിന്റെ പ്രവൃത്തിയാണ്. എന്റെ ജോലി ചോദിക്കുകയെന്നു മാത്രം. അനാവശ്യമായി ഇതിനിടക്കുവരാൻ നീയാര്? അവൻ (അല്ലാഹ്ല) അവന്റെ ജോലി ചെയ്യുന്നു. ഞാനെന്റെ ജോലിയും നോക്കുന്നു. പിറേറദിവസം തന്നെ അദ്ദേഹത്തിന് ഇൽഹാമുണ്ടായി. 'നീ 30 വർഷമായി ചെയ്തുപോരുന്ന എല്ലാ ദുആയും നാം സ്വീകരിച്ചിരിക്കുന്നു.' അതുകൊണ്ട് അല്ലാഹ്ലവിന്റെ കാര്യത്തിൽ ഒരിക്കലും നിരാശപ്പെടാൻ പാടില്ല. നിരാശപ്പെടുന്നവരുടെ മേൽ അല്ലാഹുവിന്റെ കോപമുണ്ടാകുന്നു."

ദുആ ചെയ്യുന്നതിനുള്ള മറെറാരു രീതിയിതാണ്. മനുഷ്യൻ തന്റെ കർമങ്ങളെല്ലാം ശരീഅത്തനുസരിച്ച് ചെയ്യുക. എന്തിനാണ് അങ്ങനെ ചെയ്യുന്നത്? തങ്ങളെ പൂർണമായും അനുസരിക്കുന്ന മക്കളുടെ കാര്യങ്ങളാണ് മാതാപിതാക്കന്മാർ ആദ്യം പരിഗണിക്കാറുള്ളത്. മാതാപിതാക്കൻമാരെ വകവെക്കാതെ നടക്കുന്ന കുട്ടികളെ അവരും വകവെക്കാറില്ല. നല്ലപോലെ പഠിക്കുകയും അത്യധ്വാനം ചെയ്യുകയും ചെയ്യുന്ന വിദ്യാർഥിയെ അധ്യാപകനും അംഗീകരിക്കുന്നു. ഇപ്രകാരം തന്നെയനുസരിക്കുന്ന ദാസൻമാർക്ക് അല്ലാഹുവും, അനുസരണംകെട്ടവരേക്കാളധികം സ്ഥാനം നല്കുന്നു. അതുകൊണ്ട്, ഒന്നാമതായി നിങ്ങളും നിങ്ങളുടെ പ്രവൃത്തിയെ ശരീഅത്തി



Scanned by CamScanner

നന്മസൃതമാക്കിത്തീർക്കുക. രണ്ടാമതായി, അല്ലാഹുവിന്റെ അനുഗ്രഹത്തിലും കാരുണ്യത്തിലും ഒരിക്കലും നിരാശരാവാതെ അല്ലാഹു നിങ്ങളുടെ പ്രാർഥന കേൾക്കുകതന്നെ ചെയ്യുമെന്ന് ദുആ ചെയ്യുമ്പോൾ ദൃഢമായും വിശ്വസിക്കുക. നിന്റെ ദുആ ഞാൻ സ്വീകരിക്കുകയില്ലെന്ന് അല്ലാഹു പറയുകയാണെങ്കിൽപോലും അതിൽനിന്ന് ഒരിക്കലും (നിങ്ങൾ) പിൻമാറരുത്. കാരണം, ഞാൻ നിന്റെ ദുആ സ്വീകരിക്കുകയില്ലെന്ന് അല്ലാഹു പറയുന്നതിന്റെ സൂചന, 'എന്റെ ദാസാ, നീ ചോദിച്ചുകൊണ്ടേയിരിക്കുക, ഇപ്പോൾ ഞാൻ സ്വീകരിക്കുന്നില്ല. എന്നാൽ മറെറാരു സമയത്ത് തീർച്ചയായും സ്വീകരിക്കും' എന്നാണ്.

നബി (സ) തിരുമനി പങ്കെടുത്ത ഒരു യുദ്ധാവസരത്തിൽ, നിഷേധികൾ തോററു പിൻവാങ്ങിയശേഷം സഹാബത്ത് തടവുകാരുടെ സാധനസാമഗ്രികൾ ഒരുമിച്ചു കൂട്ടുകയായിരുന്നു. ഒരു സ്ത്രീ ചുററിക്കറങ്ങി നടക്കുന്നതായി കണ്ടു. കാണുന്ന കുട്ടികളെയെല്ലാം വാരിപുണർന്നുകൊണ്ട് ഭ്രാന്തിയെപോലെ അവർ മുന്നോട്ടു നീങ്ങുന്നു. നടന്ന് നടന്ന് അവസാനം അവർക്ക് തന്റെ കുട്ടിയെ കിട്ടി. അവനെ അവർ നെഞ്ചോടമർത്തി. പിന്നെ സംതൃപ്തിയോടെ ഇരുന്നു. നബി (സ) തിരുമേനി സഹാബിമാരോടു പറഞ്ഞു, നിങ്ങൾ ആ സ്ത്രീയെ കണ്ടുവോ? തന്റെ കുട്ടിയെ അവർ എത്രമാത്രം സ്നേഹിക്കുന്നു. അല്ലാഹു തന്റെ ദാസൻമാരെ ഇതിനേക്കാളേറെ സ്നേഹിക്കുന്നുണ്ട്.'

ഒരാൾ മറെറാരാളെ സ്നേഹിക്കുമ്പോൾ ആ സ്നേഹിതന്റെ ഹൃദയത്തിൽ സ്നേഹിക്കുന്ന ആളോട് സ്നേഹവും പ്രേമവുമുണ്ടാകുന്നതുപോലെ അല്ലാഹുവിന്റെ ദാസരുടെമേൽ ആരെങ്കിലും ഉപകാരപ്രദമായ സ്നേഹമോ കാരുണ്യമോ കാണിച്ചാൽ അല്ലാഹുവും അവന്റെമേൽ കരുണചെയ്യുന്നതാണ്.

ദുആകൾ സ്വീകരിക്കപ്പെടുന്നതിന് മറെറാരു മാർഗമുണ്ട്. എന്തെങ്കിലും സുപ്രധാന പ്രശ്നമുണ്ടാകുമ്പോൾ അതിന്റെ പരിഹാരത്തിന്നായി സ്വയം ദുആ ചെയ്യുന്നതിനോടൊപ്പം ദുഃഖത്തിലോ ദുരിതത്തിലോ അകപ്പെട്ടിരിക്കുന്ന മറെറാരാളുടെ ദുഃഖത്തെ അകററുകയോ അകററാൻ ശ്രമിക്കുകയോ



Scanned by CamScanner

ചെയ്യുക. ഒരാം, അല്ലാഹുവിന്റെ ഏതെങ്കിലും ദാസനോട് അങ്ങനെ പെരുമാറുമ്പോൾ അക്കാരണംകൊണ്ട് അല്ലാഹു അയാളുടെ ദുഃഖവും ദുരിതവും അകററുന്നതായിരിക്കും. കാരണം, അയാൾ അല്ലാഹുവിന്റെ ഒരു ദാസന്റെ ദുഃഖത്തെയാണ് അകററിയത്. ഈ രീതി വളരെ ഉന്നതമായതാണ്. ദുആ ചെയ്യുന്നതിനുമുമ്പേ ആപത്തിലും കഷ്ടാരിഷ്ടതയിലും അകപ്പെട്ടിട്ടുള്ള ഏതെങ്കിലും വ്യക്തിയെ അന്വേഷിക്കേണ്ടതാണ്; ആ ബുദ്ധിമുട്ട് ജീവൻ സംബന്ധമായതോ സാമ്പത്തികമായതോ ആകാം. ഏതു തരത്തിലുള്ളതായാലും അതിനെ അകററാൻ ശ്രമിക്കുക. അതകന്നാലും ഇല്ലെങ്കിലും നിങ്ങൾ കുററക്കാരാവുകയില്ല. നിങ്ങൾ നിങ്ങളുടെ കഴിവനുസരിച്ച് പരിശ്രമിക്കുക. അതിനുശേഷം അല്ലാഹുവിന്റെ സന്നിധിയിൽ പോവുകയും നിങ്ങളുടെ ലക്ഷ്യപ്രാപ്തിക്കായി ദുആയിരക്കുകയും ചെയ്യുക. ഇങ്ങനെയായാൽ ദുആ അതിവേഗം സ്വീകരിക്കപ്പെടുന്നതാണ്. അല്ലാഹുവിന്റെ ഏതെങ്കിലും ദാസന്റെ ബുദ്ധിമുട്ടുകൾ അകററുന്നതിൽ എത്രത്തോളം നിങ്ങൾ ശ്രദ്ധിക്കുമോ അതിനെക്കാളുപരി നിങ്ങളുടെ കഷ്ടാരിഷ്ടതകൾ അകററുന്നതിന് അല്ലാഹു ശ്രദ്ധിക്കുന്നതായിരിക്കും. അല്ലാഹുവിന്റെ ശ്രദ്ധ നിഷ്ഫലമായിപ്പോകുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ! ഒരിക്കലുമില്ല. ആരുടെ ബുദ്ധിമുട്ടുകൾ അകററാനാണോ നിങ്ങൾ പരിശ്രമിക്കുന്നത് അതിൽ നിങ്ങൾക്ക് പരാജയം സംഭവിച്ചേക്കാം. കാരണം നിങ്ങൾ അടിമകളാണ്. ചെയ്യുന്ന കാര്യങ്ങളിലെല്ലാം വിജയം വരിക്കുകയെന്നത് അടിമയുടെ കഴിവിൽപ്പെട്ടതല്ല. പക്ഷേ, അല്ലാഹുവിന്റെ അസ്തിത്വം അങ്ങനെയല്ല. അവനെന്താണോ ചെയ്യാനാഗ്രഹിക്കുന്നത് അതുണ്ടാകുന്നു. അതുകൊണ്ട് നിങ്ങളുടെ പരിശ്രമം വിജയിച്ചില്ലെന്ന് നിങ്ങളൊരിക്കലും ധരിക്കരുത്. അങ്ങനെയായാൽ അല്ലാഹുവും നിങ്ങളുടെ ദുആ സ്വീകരിക്കുകയില്ല. നിങ്ങൾക്കായി പ്രവർത്തിക്കാൻ അല്ലാഹു തീരുമാനിച്ചാൽ, നിങ്ങളുടെ പ്രവർത്തി സഫലമാകുകതന്നെ ചെയ്യും. സകല കാര്യങ്ങളുടേയും സ്രഷ്ടാവും ഉടമസ്ഥനുമാണവൻ. അവൻ ഇച്ഛിക്കുന്നതുപോലെ അതിനെ ഫലപ്രദമാക്കുന്നു. അതുകൊണ്ട് നിങ്ങളും ഈ രീതിയെ പ്രയോജനപ്പെടുത്തുവിൻ.''



Scanned by CamScanner

മസീഹ് മൗഊദ് (അ) പറയുന്നു.

"അല്ലാഹുവിനെ തിരിച്ചറിയാൻ കഴിയുന്നതും, ആയിരക്കണക്കിന് പർദകൾക്കുള്ളിലിരിക്കുന്ന ആ പ്രതാപവാനെ മനസ്സിലാക്കാൻ സാധിക്കുന്നതും ഈ ദുആ ഒന്നുകൊണ്ടു മാത്രമാണ്." [അയ്യാമുസ്സുൽഹ് പേജ്: 11]

"നമസ്കാരം, ദുആ സ്വീകാരത്തിന്റെ താക്കോലാണ്. നമസ്ക്കരിക്കുമ്പോൾ അതിൽ ദുആ ചെയ്യുക. അശ്രദ്ധരാവരുത്." [മൽഫൂസാത്ത് വാള്യം 5 പേജ് 303]

"ആത്മാർഥതയോടെ ചെയ്യപ്പെടുന്ന ദുആകൾ അല്ലാഹു നിശ്ചയമായും കേൾക്കുന്നു. സഹായം തേടുന്നവരെ ഉചിതമായ നിലയിൽ സഹായിക്കുകയും ചെയ്യുന്നു. എന്നാൽ, സഹായം തേടലിലും പ്രാർഥനയിലും ആത്മാർഥത ഉണ്ടാവാത്ത സന്ദർഭങ്ങളും മനുഷ്യന് ഉണ്ടാവാറുണ്ട്. അവൻ ഹൃദയംഗമമായ നിലയിൽ ദൈവിക സഹായം ആഗ്രഹിക്കുന്നില്ല. അവന്റെ ആത്മീയസ്ഥിതി ശരിയായിരിക്കുകയുമില്ല. അവന്റെ അധരങ്ങളിൽ ദുആയും ഹൃദയത്തിൽ അശ്രദ്ധയുമായിരിക്കും." [ബറാഹീനെ അഹ്മദിയ്യാ ഹാശിയഃനമ്പർ11 പേജ് 360, 361]

## ഹൃദയാവേശത്തിന് രണ്ടേ രണ്ട് കാര്യം

"ദുആ ചെയ്യുമ്പോൾ ഒരു ഉത്സാഹം ഉണ്ടായിരിക്കേണ്ടത് ദുആ സ്വീകാര്യത്തിന് അത്യാവശ്യമാണ്. കാരണം, ദുആയിൽ ഉത്സാഹമില്ലെങ്കിൽ അത് യാഥാർഥ്യ ബോധമില്ലാത്ത വാചകമടി മാത്രമായിരിക്കും. ദുആ ചെയ്യുമ്പോഴെല്ലാം ഉത്സാഹമുണ്ടായിരിക്കുകയെന്നത് മനുഷ്യകഴിവിൽപ്പെട്ടതല്ല. എന്നാൽ ദുആ ചെയ്യുന്ന ആളിന്റെ ചിന്തയിൽ ദുആ ചെയ്യുമ്പോൾ ഹൃദയാവേശം ജനിപ്പിക്കുന്ന കാര്യങ്ങൾ വരേണ്ടത് അത്യന്താപേക്ഷിതമാണ്. ഹൃദയാവേശമുണ്ടാക്കുന്നതിന് രണ്ടേരണ്ട് കാര്യങ്ങൾ മാത്രമേയുള്ളൂവെന്ന് ഓരോ ധിഷണാശാലിയും സമ്മതിക്കും. ഒന്ന്, അല്ലാഹുവിനെ സമ്പൂർണനും സർവശക്തനും സകല ഉൽകൃഷ്ട ഗുണങ്ങളുടേയും സമ്മേളന കേന്ദ്രവുമായിക്കരുതുകയും അവന്റെ കാരുണ്യത്തേയും കൃപയേയും ആദ്യന്തം തന്റെ അസ്തിത്വത്തിനും അനശ്വരതയ്ക്കും അത്യാവശ്യമായി കാണുകയും എല്ലാ അനുഗ്രഹത്തിന്റേയും ഉറവിടം



Scanned by CamScanner

അവനാണെന്ന് വിചാരിക്കുകയും ചെയ്യുക. രണ്ട്, താനും തന്റെ വർഗത്തിലുള്ള മറെറല്ലാംതന്നെ കഴിവററതും സ്വാശ്രയമില്ലാത്തതും അല്ലാഹുവിന്റെ സഹായത്തെ ആശ്രയിച്ചു നില്ക്കുന്നതുമാണ് എന്ന് ദൃഢമായി വിശ്വസിക്കുക. ഈ രണ്ടു സംഗതികളും മുഖേനയാണ് ദുആയിൽ ആവേശമുണ്ടാകുന്നത്. ദുആ ചെയ്യുമ്പോൾ ഈ രണ്ടു ഭാവനകളും ഹൃദയത്തിൽ സമ്മേളിച്ചാൽ പെട്ടെന്ന് മനുഷ്യന്റെ അവസ്ഥയ്ക്ക് മാററമുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. എത്രത്തോളമെന്നാൽ, അതിന്റെ സ്വാധീനംകൊണ്ട് അഹങ്കാരിപോലും കരഞ്ഞു കരഞ്ഞ് നിലത്തു വീഴമാറാകുന്നു. പൊങ്ങച്ചക്കാരന്റേയും കഠിനഹൃദയന്റേയും കണ്ണീരൊഴുകാൻ തുടങ്ങുന്നു. അശ്രദ്ധ കൊണ്ട് നിർജീവമായിത്തീർന്ന ശരീരത്തിൽ ജീവൻ വീഴുന്ന പുനരുഥാന ദിനമാണിത്. ഓരോ ഹൃദയവും ഈ രണ്ടു കാര്യങ്ങളുടെ ഭാവനയാൽ ദുആ ചെയ്യുന്നതിലേക്ക് ആകർഷിക്കമൊറാകുന്നു........ ഈ രണ്ടു കാര്യങ്ങളും ഹൃദയത്തിൽ വരാത്തിടത്തോളം ദുആയിൽ ആവേശമുണ്ടാവുകയെന്നത് അസാധ്യമാണ്.'' [ബറാഹീനെ അഹ്മദിയ്യാ, ഹാശിയഃനമ്പർ 11 പേജ് 483, 484]

## ശത്രുക്കളെ ഒഴിച്ചു നിറുത്തരുത്

''ദുആ ചെയ്യുമ്പോൾ ശത്രുക്കളേയും ഒഴിച്ചുനിറുത്താൻ പാടില്ലയെന്നുള്ളതാണ് എന്റെ മതം. ദുആ വിശാലമാകുന്നതനുസരിച്ച് ദുആ ചെയ്യുന്നയാൾക്ക് പ്രയോജനമുണ്ട്. ദുആ ചെയ്യുമ്പോൾ പിശുക്ക കാണിച്ചാൽ അല്ലാഹുവിന്റെ സാമീപ്യത്തിൽ നിന്ന് അകന്നുപോകും. അല്ലാഹുവിന്റെ വിശാലമായ ദാനത്തെ ആരാണോ പരിമിതപ്പെടുത്തുന്നത് അവന്റെ ഈമാൻ ബലഹീനമായിരിക്കമെന്നതാണ് വാസ്തവം.''

[മൽഫൂസാത്ത് വാല്യം 2 പേജ് 74]

## നമസ്കാരത്തിന്റെ യഥാർഥ ഉദ്ദേശ്യം

''നമസ്കാരത്തിന്റെ യഥാർഥ ഉദ്ദേശ്യവും അതിന്റെ മർമവും ദുആ തന്നെയാകുന്നു. പ്രാർഥിക്കുകയെന്നത് അല്ലാഹുവിന്റെ പ്രകൃതി നിയമമനുസരിച്ചുള്ളതാണ്. ഉദാഹരണത്തിന്, കുട്ടി കരയുകയും വിഷമം പ്രകടിപ്പിക്കുകയും ചെയ്യു



Scanned by CamScanner

മ്പോൾ മാതാവ് വളരെ അസ്വസ്ഥയായി മുലകൊടുക്കുന്നത് നാം സാധാരണ കണ്ടുവരുന്നു. സ്രഷ്ടാവും സൃഷ്ടിയും തമ്മിൽ ഈ രീതിയിലുള്ള ഒരു ബന്ധമുണ്ട്. അത് മനസ്സിലാക്കാൻ എല്ലാവർക്കും സാധ്യമല്ല. മനുഷ്യൻ, അല്ലാഹുവിൻെറ പടി വാതിൽക്കൽ വീഴുകയും വളരെ വിനയത്തോടും ഭയഭക്തി യോടുംകൂടെ അവൻെറ തിരുമുമ്പിൽ തൻെറ അവസ്ഥ സമർ പ്പിക്കുകയും അവനിൽ നിന്ന് തൻെറ ആവശ്യം തേടുകയും ചെയ്യുമ്പോൾ അല്ലാഹുവിൻെറ ദയാബോധം വിജൃംഭിക്കുകയും ഭക്തദാസൻെറമേൽ കരുണചൊരിയുകയും ചെയ്യുന്നു അല്ലാഹു വിൻെറ അനുഗ്രഹാശിസ്സാകുന്ന പാൽ (ദാസനിൽ നിന്നു)ഒരു കരച്ചിൽ ആഗ്രഹിക്കുന്നു. അതുകൊണ്ട് അവൻെറ തിരുമുമ്പിൽ കണ്ണീർ വാർക്കുന്ന നയനം സമർപ്പിക്കേണ്ടതാണ്.''

[മൽഫൂസാത്ത് വാള്യം 1 പേജ് 382]

ആംഖ് കേ പാനീ സേ യാരോ കുഛ് കരോ ഉസ്കാ ഇലാജ്
ആസ്മാൻ ഏ ഗാഫിലോ അബ് ആഗ് ബർസാനേ കൊ ഹെ

പ്രിയമുള്ളവരേ, കണ്ണുനീരുവാർത്തുകൊണ്ട് അതിന് (സ്വന്തം ആത്മാവിന്) ശുശ്രൂഷ എന്തെങ്കിലും ചെയ്യുക. അശ്ര ദ്ധരായവരേ, ആകാശം ഇതാ അഗ്നി വർഷിക്കാൻ പോകുക യാണ്. [ദുർരെ സമീൻ]

''അല്ലാഹുവുമായി കൂടിക്കാഴ്ച നടത്താൻ ആഗ്രഹിക്കുന്ന വനും അവൻെറ സന്നിധിയിലെത്തിച്ചേരാൻ മോഹിക്കുന്നവ നുമുള്ള ഒരു വാഹനമാണ് നമസ്കാരം. ഇതിലൂടെ യാത്ര ചെയ്ത് അതിദ്രുതം അവർക്ക് ലക്ഷ്യത്തിലെത്താൻ കഴിയും. നമസ്കാരം ഉപേക്ഷിച്ചവൻ അതെങ്ങനെ പ്രാപിക്കാനാണ്.''

[മൽഫൂസാത്ത് വാള്യം 5 പേജ് 255]

ഖുദ്സിയായ ഒരു ഹദീസിൽ വന്നിരിക്കുന്നു. ''മനു ഷ്യൻ തൻെറ നാഥനോട് ഏററവും അധികം അടുക്കുന്നത് സുജൂദ് ചെയ്യുന്ന സമയത്താണ്. അതുകൊണ്ട് സുജൂദിൽ ധാരാളം ദുആ ചെയ്യുക.'' [മുസ്ലിം]

## പെട്ടെന്ന് ദുആ സ്വീകരിക്കുന്നു.

ഹസ്റത്ത് അഹ്മദ് (അ) പറയുന്നു.

''വേദന തിങ്ങുന്ന ഹൃദയത്തോടെ അനുഷ്ഠിക്കുന്ന നമ സ്കാരമൊന്നു മാത്രമാണ് സകല വിഷമങ്ങളിൽ നിന്നും മനു



Scanned by CamScanner

ഷ്യന് മോചനം നല്കുന്നത്. ഇത് പലപ്രാവശ്യവും നമുക്ക് അനുഭവപ്പെട്ടിട്ടുണ്ട്. അതായത് വിഷമസമയത്ത് ദുആ ചെയ്യുകയും, നമസ്കാരത്തിൽ നിന്നു് സലാം വീട്ടുന്നതിനുമുമ്പേ അല്ലാഹു ആ കാര്യം പരിഹരിച്ചു തരികയും ചെയ്യുന്നു. എന്താണ് നമസ്കാരത്തിലുള്ളത്? അപേക്ഷയും കൈനീട്ടിയുള്ള യാചനയും. (സാധാരണ ജീവിതത്തിൽ നാം കാണാറുണ്ട്) അപേക്ഷയും യാചനയും കേൾക്കപ്പെടുന്നു. കേട്ടിരുന്നവൻ അപേക്ഷകന്റെ ഉദ്ദേശ്യം മനസ്സിലാക്കി മറുപടികൊടുക്കുന്ന അവസരവും വന്നെത്തുന്നു. ഇതു തന്നെയാണ് നമസ്കരിക്കുന്നവന്റെയും അവസ്ഥ. അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുന്നു. തനിക്കു നേരിട്ടിരിക്കുന്ന ആപത്തുകളും തന്റെ അഭിലാഷങ്ങളും അവൻ അല്ലാഹുവിനെ കേൾപ്പിക്കുന്നു. യഥാർഥവും സത്യാധിഷ്ഠിതവുമായ നമസ്കാരത്തിന്റെ ഫലമായി അല്ലാഹു അതിന്ന് മറുപടികൊടുത്തുകൊണ്ട് സംസാരിക്കുകയും സമാധാനിപ്പിക്കുകയും ചെയ്യുന്ന സമയം പെട്ടെന്ന് വന്നുഭവിക്കുന്നു. എന്തു്! ഇത് യഥാർഥമായ നമസ്കാരം കൂടാതെ സാധ്യമാണോ? സാധ്യമല്ല, ഒരിക്കലും.

[മൽഫൂസാത്ത് വാല്യം 5 പേജ് 225]

## ചൈതന്യമററ നമസ്കാരം

''നമസ്കരിക്കുന്നവരായിരുന്നിട്ടും ചിലയാളുകൾ തിൻമകൾ പ്രവർത്തിക്കുന്നതായി നാം കാണുന്നു. അവർ നമസ്കരിക്കുന്നു എന്നത് ശരിതന്നെ. പക്ഷേ, അത് യഥാർഥ ചൈതന്യത്തോടും സത്യസന്ധതയോടും കൂടിയുള്ള നമസ്കാരമല്ലെന്നതാണ് വാസ്തവം. അവരുടെ കുമ്പിടൽ കേവലം ആചാരവും സമ്പ്രദായവുമാണ് അവരുടെ ആത്മാവ് ജീവനില്ലാത്തതായിരിക്കുന്നു. സത്യതയുടെ ആത്മാവ് ഉൾക്കൊള്ളുന്നതും പ്രകാശത്തിന്റെ പ്രതികരണമുള്ളതുമായിരിക്കും തിൻമകളെ അകററുന്ന നമസ്കാരം. അത്തരം നമസ്കാരം തീർച്ചയായും തിൻമകളെ ദൂരീകരിക്കുന്നു.''

[റിവ്യൂ ഓഫ് റിലീജിയൻസ് വാല്യം 3 നമ്പർ 1 പേജ് 5]

## വിനയവും വിലാപവും വേണം

''സൂറത്തുൽ ഫാത്തിഹാ ആവർത്തിച്ചാവർത്തിച്ച് ഓതേണ്ടതും പ്രസ്തുത ദുആയെപ്പററി ആഴത്തിൽ ചിന്തിക്കേണ്ടതും



Scanned by CamScanner

അനിവാര്യമാണ്. കാരണം താൻ തികച്ചും ആവശ്യക്കാരനും പൂർണമായും ആശ്രിതനുമാണെന്ന ചിന്താഗതി ഉണ്ടാക്കിയെടുക്കുകയാണ് മനുഷ്യൻെറ കർത്തവ്യം. യാചകൻ, അങ്ങേയററം വിനയം പ്രകടിപ്പിച്ചും ചിലപ്പോഠം തൻെറ രൂപം കാണിച്ചും ചിലപ്പോഠം ശബ്ദം വെളിപ്പെടുത്തിയും മററുള്ളവരിൽ അലിവുണ്ടാക്കുന്നതുപോലെ തികഞ്ഞ വണക്കത്തോടും വിലാപത്തോടും അല്ലാഹുവിൻെറ സന്നിധിയിൽ തൻെറ അവസ്ഥ സമർപ്പിക്കേണ്ടതാണ്. നമസ്കാരത്തിൽ വിനയം പ്രകടമാക്കാതേയും അതിൽ പ്രാർഥന നിർവഹിക്കാതെയും ആനന്ദം എങ്ങനെയുണ്ടാകാനാണ്?

ദുആ അറബി ഭാഷയിൽതന്നെ ചെയ്യണമെന്നു് നിർബന്ധമില്ല. കാരണം, വിനയം കാണിക്കുകയും കേഴുകയുമാണ് നമസ്കാരത്തിൻെറ യഥാർഥ ഉദ്ദേശ്യം അതുകൊണ്ടു് (നമസ്കാരത്തിൽ നിശ്ചിത കാര്യങ്ങഠം ചൊല്ലുന്നതിനു പുറമെ) മാതൃഭാഷയിലും ദുആ ചെയ്യേണ്ടതാണ്. മനുഷ്യന് അവൻെറ മാതൃഭാഷയോട് പ്രത്യേക പ്രതിപത്തിയുണ്ടാകുന്നു. അതിൽ തൻെറ കഴിവ് പൂർണമായും പ്രകടിപ്പിക്കാൻ അവന് കഴിയുന്നു. ഇതര ഭാഷയിൽ എത്ര അഗ്രഗണ്യനായാലും ഒരുതരം അറിവില്ലായ്മ നിലനില്ക്കുന്നു. അതുകൊണ്ടു്, മാതൃഭാഷയിൽ തന്നെ ദുആ ചെയ്യേണ്ടതാണ്.''

[മൽഫൂസാത്ത് വാല്യം 2 പേജ് 145, 146]

''നമസ്കാരത്തേക്കാളുപരി അല്ലാഹുവിലോളമെത്തിക്കുന്ന മററൊരു മാർഗവുമില്ലെന്നുള്ളത് നമ്മുടെയും, മുമ്പേ കഴിഞ്ഞു കടന്ന മഹാത്മാക്കളുടേയും അനുഭവമാണ്. മനുഷ്യൻ നമസ്കാരത്തിനായി നില്ക്കുമ്പോഠം വിനയത്തിൻെറ ഒരു രീതി കൈക്കൊള്ളുകയാണ് ചെയ്യുന്നത്. ഒരു അടിമ തൻെറ യജമാനൻെറ മുമ്പിൽ നില്ക്കുമ്പോഠം കൈകെട്ടിയാണല്ലോ നില്ക്കുക. നില്ക്കുന്നതിനെക്കാഠം അധികം വിനയം റുക്കൂഇൽ (കുനിയൽ) ഉണ്ടാകുന്നു. സുജൂദ് (സാഷ്ടാംഗ പ്രണാമം) എന്നത് വിനയത്തിൻെറ അങ്ങേയററത്തെ അവസ്ഥയാണ്. മനുഷ്യൻ സ്വയം (അല്ലാഹുവിൽ) അർപ്പിക്കുന്ന അവസ്ഥയിലെത്തുമ്പോഠം സുജൂദിൽ വീഴുകയായി.''

[മൽഫൂസാത്ത് വാല്യം 9 പേജ് 110]



Scanned by CamScanner

''യഥാർഥത്തിൽ നമസ്കാരമെന്നത് ഓരോ ഘട്ടത്തിലും ശ്രദ്ധ ചെയ്യാൻ വേണ്ടിയുള്ളതാകുന്നു. അശ്രദ്ധനായി ഉറക്കം തൂങ്ങിക്കൊണ്ടുള്ള നമസ്കാരം ശരിയായ നമസ്കാരമല്ല. ചിലർ അമ്പതിലേറെ വർഷംവരെ നമസ്കരിക്കുന്നതായി (നാം) കണ്ടുവരുന്നു. പക്ഷേ, അവർക്ക് ഒരു പ്രയോജനവും അതു കൊണ്ടുണ്ടാകുന്നില്ല. സത്യത്തിൽ അഞ്ചുദിവസംകൊണ്ട് ആത്മീയത നേടിത്തരുന്ന മാർഗമാണ് നമസ്കാരം. ചില നമസ്കാരക്കാരുടെ മേൽ അല്ലാഹു ശാപം വർഷിച്ചിരിക്കുന്നു. പറയുന്നു: ''ഫവയ്ലുല്ലിൽ മുസല്ലീൻ'' (നമസ്കാരക്കാർക്ക് വലിയ നാശം). 'വയല്'' എന്നതിന് ശാപമെന്നും അർഥമുണ്ട്. ചുരുക്കിപ്പറഞ്ഞാൽ നമസ്കാരത്തിൽ അശ്രദ്ധയും അലസതയും കാണിക്കാതിരിക്കേണ്ടതാണ്. നമ്മുടെ ജമാഅത്ത്, ജമാഅത്തായിത്തീരാൻ ആഗ്രഹിക്കുന്നെങ്കിൽ, അവർ ഒരു മരണം വരിക്കേണ്ടതാകുന്നു; ശാരീരികമായ ഇച്ഛകളിൽ നിന്നും ഭൗതികമായ താൽപര്യങ്ങളിൽനിന്നും രക്ഷപ്പെടുകയും എല്ലാററിനേക്കാളും അല്ലാഹുവിന് മുൻഗണന നല്കുകയും ചെയ്യേണ്ടതാണ്.'' [മൽഫൂസാത്ത് വാള്യം 6 പേജ് 177]

''നമസ്കാരമെന്താണ്? എല്ലാ മാന്യതയുടേയും ഉറവിടമായ റബ്ബിനോടുള്ള അർഥനയാണ് നമസ്കാരം. അവനെ കൂടാതെ മനുഷ്യന് ജീവിക്കാൻ സാധ്യമല്ല; ആരോഗ്യത്തിനും സന്തോഷത്തിനുമുള്ള സാമഗ്രികളും ലഭിക്കുന്നതല്ല മനുഷ്യന്റെ മേൽ അല്ലാഹുവിന്റെ അനുഗ്രഹമുണ്ടാകുമ്പോഴാണ് യഥാർഥ ആനന്ദവും സുഖവും ലഭ്യമാവുക. അപ്പോൾ അവന് നമസ്കാരങ്ങളിൽ അനുഭൂതിയും ആസക്തിയും ലഭിച്ചു തുടങ്ങുന്നു. വിഭവസമൃദ്ധമായ ഭക്ഷണത്തിലുണ്ടാകുന്ന അഭിരുചി പോലെ കരച്ചിലിലും വിലാപത്തിലും അനുഭൂതിയുണ്ടാകുന്നു. ഇത്തരത്തിൽ നമസ്കാരത്തിന്റെ യഥാർഥ അവസ്ഥ സംജാതമാകുന്നു. രോഗം മാറാൻ കയ്പുള്ള മരുന്ന് കഴിക്കുന്നതു പോലെ ആ അവസ്ഥ സംജാതമാകുന്നതിനു മുമ്പേയും മനസ്സാന്നിദ്ധ്യമുണ്ടാകുന്നില്ലെങ്കിലും നമസ്കാരം അനുഷ്ഠിക്കേണ്ടതും ശ്രദ്ധ ചെയ്യേണ്ടതും നിർബന്ധമാകുന്നു. ഈ താൽപര്യമില്ലാത്ത അവസ്ഥയിൽ ആ നമസ്കാരം മുഖേന ആനന്ദവും അഭിരുചിയും ലഭിക്കണമെന്ന ഉദ്ദേശ്യത്തോടെ ഇങ്ങനെ പ്രാർഥി



Scanned by CamScanner

ക്കക. 'അല്ലാഹുവേ, ഞാൻ എത്രത്തോളം അന്ധനും കുരുടനമാണെന്നു് നീ കാണുന്നു. ഞാനിപ്പോൾ തികച്ചും നിർജ്ജീവാവസ്ഥയിലാണു്. അല്പ സമയത്തിനുശേഷം എനിക്കു വിളി വരുമെന്നും, അപ്പോൾ നിൻെറയടുത്തേക്കു് ഞാൻ വരുമെന്നും എനിക്കറിയാം. അതിൽ നിന്നു് എന്നെ തടയാൻ ആർക്കും സാധ്യമല്ല. എൻെറ ഹൃദയം ഇരുളടഞ്ഞതും വെളിച്ചമില്ലാത്തതുമാകുന്നു. നിന്നോടുള്ള സ്നേഹവും പ്രതിപത്തിയും ഉണ്ടാകുംവിധമുള്ള പ്രകാശം നീ എൻെറ ഹൃദയത്തിൽ ഇറക്കിയാലും. ഞാൻ അന്ധനായി എഴുന്നേല്ക്കാതിരിക്കുന്നതിനും, അന്ധന്മാരിൽ ചെന്നു ചേരാതിരിക്കുന്നതിനും വേണ്ടി നീ എന്നിൽ അനുഗ്രഹം ചൊരിഞ്ഞാലും.' ഇങ്ങനെ തുടർച്ചയായി ദുആ ചെയ്യുമ്പോൾ രുചികരമല്ലാത്ത ആ നമസ്കാരത്തിൽ കരച്ചിലുണ്ടാകുന്ന വസ്തു ആകാശത്തുനിന്നു് ഇറങ്ങുന്നതായി അവൻ കാണുമാറാകും.''

[മൽഫൂസാത്തു് വാള്യം 4 പേജു് 321]

''തനിക്കു് സംതൃപ്തിയാകുന്നതുവരെ മദ്യപാനി തുടരെത്തുടരെ കുടിച്ചുകൊണ്ടിരിക്കുന്നതായി നാം കാണുന്നു. അവസാനം അയാൾക്കു് ഒരുതരം ലഹരിയുണ്ടാകുന്നു. ബുദ്ധിമാനും സാത്ത്വികനുമായ ഒരാൾക്കു് ഇതിൽനിന്നു് പാഠമുൾക്കൊള്ളാവുന്നതാണു്. നമസ്കാരം തുടർച്ചയായി അനുഷ്ഠിച്ചുകൊണ്ടിരിക്കുക. മദ്യപാനി തുടരെത്തുടരെ കുടിക്കുന്നതിൻെറ മുഖ്യോദ്ദേശ്യം അതുമുഖേന അയാൾക്കൊരു ആനന്ദമുണ്ടാകുകയെന്നതാണു്. അതുപോലെ നമസ്കാരത്തിൻെറ മുഖ്യോദ്ദേശ്യമായ പരമാനന്ദമുണ്ടാകുന്നതിനു് അതിൽ സകല കഴിവും പ്രയോഗിക്കേണ്ടതാകുന്നു. പിന്നീടു് ആത്മാർത്ഥതയോടും ആവേശത്തോടുംകൂടെ—കുറഞ്ഞപക്ഷം ആ മദ്യപാനിയുടെ വ്യാകുലതയും ഉൽക്കണ്ഠയും മനോവേദനയുംപോലുള്ള അവസ്ഥ സംജാതമാകുകയും ഒരു ദുആ ഉടലെടുക്കുകയും ചെയ്യണം. ഞാൻ സത്യമായും പറയുന്നു. ശീർച്ചയായും ആ ആനന്ദം ലഭ്യമാകും. അതിനുശേഷം നമസ്കരിക്കുമ്പോൾ അതുകൊണ്ടുണ്ടാകുന്ന ഫലം സ്വായത്തമാക്കാൻ ശ്രദ്ധിക്കുകയും അല്ലാഹുവിൻെറ ഔദാര്യത്തെ ഓർക്കുകയും ചെയ്യേണ്ടതാണു്.''

[മൽഫൂസാത്തു് വാള്യം 1 പേജു് 163, 164]



Scanned by CamScanner

## യഥാർഥ നമസ്കാരം:

''അമ്മയുടെ മടിത്തട്ടിലിരുന്ന് കുഞ്ഞ് നിലവിളിക്കുന്നുവെങ്കിലും മാതാവിൻെറ സ്നേഹവും വാത്സല്യവും അതനുഭവിക്കുന്നുണ്ട്. ഇതുപോലെ നമസ്കാരത്തിൽ, അല്ലാഹുവിൻെറ സന്നിധിയിൽ കരഞ്ഞുകൊണ്ടിരിക്കുന്ന ആൾ സമാധാനത്തിലാണിരിക്കുന്നത്. നമസ്കാരത്തിൽ ഇങ്ങനെ വിനയത്തോടെ അല്ലാഹുവിൻെറ തിരുമുമ്പിൽ താണുകേണ് യാചിക്കുന്ന ആൾ സ്വയം ദൈവിക സംരക്ഷണത്തിൻെറ കൃപാവലയത്തിൽ തന്നെയിട്ടു കൊടുക്കുന്നു. ഓർമിക്കുക! നമസ്കാരത്തിൽ ആനന്ദം പ്രാപിക്കാത്തവൻ സത്യവിശ്വാസത്തിൻെറ അംശം ലഭിക്കാത്തവനാണ്. നമസ്കാരം കേവലം ആംഗ്യങ്ങളുടെ പേരല്ല. ചിലയാളുകൾ കോഴി കൊത്തിപ്പെറുക്കുന്നതുപോലെ രണ്ടുമൂന്നുവട്ടം ചുണ്ടുമുട്ടിച്ച് നമസ്കാരം അവസാനിപ്പിക്കുന്നു. പിന്നീട് ദീർഘമായി ദുആ ഇരക്കുവാൻ തുടങ്ങുകയായി. അല്ലാഹുവിൻെറ മുമ്പിൽ അപേക്ഷിക്കാൻ കിട്ടിയ ആ സന്ദർഭം വെറും ആചാരവും സമ്പ്രദായവുമെന്ന നിലയിൽ അതിവേഗം കഴിച്ചു വിടുകയാണ് സത്യത്തിൽ അവർ ചെയ്യുന്നത്. അല്ലാഹുവിൻെറ സന്നിധിയിൽനിന്ന് പുറത്തുവന്ന ശേഷമാണ് അവരുടെ ദുആ. നിങ്ങൾ നമസ്കാരത്തിൽ ദുആ ചെയ്യുക. നമസ്കാരത്തെ ദുആയുടെ ഒരു മാർഗമായി മനസ്സിലാക്കുക.'' [മൽഫൂസാത്ത് വാള്യം 2 പേജ് 145]

''നമസ്കാരം അതർഹിക്കും വിധം അനുഷ്ഠിക്കുക. നില്ക്കുമ്പോൾ അല്ലാഹുവിനോടുള്ള ആജ്ഞാപാലനത്തോടും അനുസരണയോടുംകൂടി കൈകെട്ടി നില്ക്കുക. കുനിയുമ്പോൾ നിങ്ങളുടെ ഹൃദയവും കുനിയുന്നുവെന്ന് വ്യക്തമാകുംവിധം കുനിയുക. ഹൃദയത്തിൽ ഭയംതട്ടി സാഷ്ടാംഗം പ്രണമിക്കുന്നവനെപ്പോലെ സാഷ്ടാംഗം പ്രണമിക്കുക. നമസ്കാരങ്ങളിൽ ആത്മീയവും ഭൗതികവുമായ അഭിവൃദ്ധിയ്ക്കായി ദുആ ചെയ്യുക.''

[മൽഫൂസാത്ത് വാള്യം 3 പേജ് 248]

''എന്താണ് നമസ്കാരം? നമ്മുടെ ദൗർബല്യതയും ബലഹീനതയും അല്ലാഹുവിൻെറ മുമ്പിൽ സമർപ്പിക്കുക. അവനോടു നമ്മുടെ ആവശ്യങ്ങൾ ചോദിക്കുക. അവൻെറ മഹത്ത്വത്തിനും



Scanned by CamScanner

കല്പനകളുടെ അനുസരണത്തിനുംവേണ്ടി തയ്യാറായി നില്ക്കുക. നിന്ദ്യതയും അരിഷ്ടതയും വന്നെത്തുമ്പോൾ അവന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുകയും തങ്ങളുടെ ആവശ്യങ്ങൾ അവനോടു ചോദിക്കുകയും ചെയ്യുക. ഇതാണ് നമസ്കാരം. അതായത് ഭിക്ഷ കൊടുക്കുന്ന ആളെ ഭിക്ഷക്കാരൻ പുകഴ്ത്തുന്നതുപോലെ അല്ലാഹുവിന്റെ മാഹാത്മ്യവും പ്രതാപവും പാടിപുകഴ്ത്തി അവന്റെ കാരുണ്യത്തെ പ്രകമ്പനം കൊള്ളിക്കുക. എന്നിട്ട് അവനോട് ദുആ ഇരക്കുക. ഇതില്ലാത്ത മതം യഥാർഥ മതമാണോ? മനുഷ്യൻ സദാ ആശ്രിതനാണ്. അതുകൊണ്ട് അല്ലാഹുവിന്റെ തൃപ്തിയുടെ മാർഗം അവനോടുതന്നെ ചോദിക്കുകയും അനുഗ്രഹം തേടുകയും ചെയ്യുക. കാരണം അവൻ തരുന്ന തൗഫീഖ്കൊണ്ടു മാത്രമേ എന്തും ചെയ്യാൻ സാധിക്കുകയുള്ളൂ.'' [അൽഹക്കം വാല്യം 5 പേജ് 254, 255]

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു.

''സൂര്യൻ [മധ്യാഹ്നം] വിട്ടു തിരിയുന്നതുമുതൽ കൂരിരുട്ടാകുംവരെ വിവിധ സമയങ്ങളിൽ നമസ്കാരം നല്ലവണ്ണം അനുഷ്ഠിക്കുക. പ്രഭാത നേരത്ത് വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നത് നിർബന്ധമാക്കുക. പ്രഭാത നേരത്ത് ഖുർആൻ ഓതുന്നത് നിശ്ചയമായും അല്ലാഹുവിന്റെ സന്നിധിയിൽ സ്വീകാര്യമായ പ്രവർത്തിയാകുന്നു. ഉറങ്ങിയതിനുശേഷം രാത്രിയിലും നീ ഖുർആനുമായി ഉണർന്നിരിക്കുക. അതായത് തഹജ്ജുദ് നമസ്കാരം അനുഷ്ഠിക്കുക. നിനക്കു കൂടുതലായുള്ള പാരിതോഷികമാണത്. ഇപ്രകാരമായാൽ നിന്റെ നാഥൻ സ്തുത്യർഹമായ സ്ഥാനത്ത് നിന്നെ നിറുത്തിയേക്കുമെന്നു് നിനക്കു പ്രതീക്ഷിക്കാവുന്നതാണ്.'' [17 : 79-81]

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു.

''നമ്മുടെ ജമാഅത്ത് തഹജ്ജുദ് നമസ്കാരം നിത്യശീലമാക്കേണ്ടതാണ്. അധികം സാധ്യമല്ലെങ്കിൽ കുറഞ്ഞത് രണ്ട് റക്അത്തെങ്കിലും നമസ്കരിക്കുക. കാരണം അങ്ങനെയുള്ള ആൾക്ക് ദുആ ചെയ്യാനുള്ള അവസരം എന്തായാലും ലഭിക്കുന്നതാണ്. ആ നേരത്ത് ചെയ്യുന്ന ദുആകൾക്ക് ഒരു സ്വാധീന ശക്തിയുണ്ടായിരിക്കും. കാരണം, ആ ദുആ ഉദ്ഭവിക്കുന്നത് യഥാർഥമായ വേദനയും അത്യുത്സാഹവും മുഖേനയാണ്.



Scanned by CamScanner

ഹൃദയത്തിൽ സവിശേഷമായ ചൂടും വേദനയുമുണ്ടാകാതെ സുഖസുഷുപ്തി വിട്ട് ഒരാരാൾക്ക് ഉണരാൻ സാധിക്കുമോ? ചുരുക്കത്തിൽ ആ നേരത്തെ ഉണരൽതന്നെ ഒരു മനോവ്യഥ ഉണ്ടാക്കുന്നുണ്ട്. ഇതിൽനിന്ന് ദുആയിൽ വിങ്ങലിന്റേയും കണ്ണുനീരിന്റേയും അവസ്ഥ സംജാതമാകുന്നു. ഇതേ കണ്ണുനീരും അസ്വാസ്ഥ്യവുമാണ് ദുആ സ്വീകരിക്കപ്പെടുന്നതിന് ഹേതുവായിത്തീരുന്നത്.'' [മൽഫൂസാത്ത് വാള്യം 3 പേജ് 245] ഒരു ഹദീസിൽ വന്നിരിക്കുന്നു.

''രാത്രിയുടെ അവസാന യാമത്തിൽ സർവലോകപരിപാലകനായ അല്ലാഹ് ഭൂമിയിൽ ഇറങ്ങി വന്ന് വിളിച്ചു പറയും, ''ഞാൻ രാജാവാകുന്നു. എന്നോടു ചോദിക്കാൻ ആരെങ്കിലുമുണ്ടോ? ഉണ്ടെങ്കിൽ ഞാനവന് കൊടുക്കും.'' ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു.

## നമസ്കാരത്തിൽ ആനന്ദം:

''വിശുദ്ധ ഖുർആനിൽ രണ്ടു സ്വർഗത്തെക്കുറിച്ച് വിവരിച്ചിട്ടുണ്ട്. അതിലൊന്ന് ഈ ദുൻയാവിലെ സ്വർഗമാണ്. അത് നമസ്കാരത്തിലുണ്ടാകുന്ന ആനന്ദമാകുന്നു. നമസ്കാരം കേവലമൊരു നികുതിയല്ല. സൃഷ്ടിയായ മനുഷ്യന് സൃഷ്ടികർത്താവായ അല്ലാഹുവിനോട് അനശ്വരമായ ബന്ധവും ആകർഷണവുമാണുള്ളത്. ഈ ബന്ധം നിലനിറുത്തുന്നതിനായിട്ട് അല്ലാഹു നമസ്കാരം നിശ്ചയിക്കുകയും അതിൽ ഒരാനന്ദം ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. പ്രസ്തുത ആനന്ദത്തിലൂടെയാണ് ആ ബന്ധം നിലനില്ക്കുന്നത്. എതുപോലെയെന്നാൽ, സ്ത്രീയും പുരുഷനും വിവാഹിതരാകുന്നു. അവരുടെ സംഗമത്തിൽ അനുഭൂതിയുണ്ടാകുന്നില്ലെങ്കിൽ അത് കലഹത്തിന് കാരണമായിത്തീരും. ഇതുപോലെ നമസ്കാരത്തിൽ ആനന്ദമുണ്ടാകുന്നില്ലെങ്കിൽ അല്ലാഹുവും ദാസനും തമ്മിലുള്ള ബന്ധവും വേർപ്പെട്ടുപോകും. ആ ബന്ധം നിലനില്ക്കുന്നതിനും ആനന്ദാനുഭൂതി ഉണ്ടാകുന്നതിനുംവേണ്ടി കതകടച്ചിരുന്ന് പ്രാർഥിക്കേണ്ടതാണ്. ദാസത്വവും ദൈവത്വവുമായുള്ള ബന്ധം വളരെ അഗാധവും പ്രകാശ നിർഭരവുമാണ്; അത് വിവരണാതീതവുമാണ്. ആ ബന്ധം ഇല്ലാത്തിടത്തോളം മനുഷ്യൻ നാൽക്കാലി വർഗത്തിൽ തന്നെയായി



Scanned by CamScanner

രിക്കും. രണ്ടോ നാലോ പ്രാവശ്യമെങ്കിലും ദിവ്യാനുഭൂതി ആസ്വദിച്ചുവെങ്കിൽ ആ സമ്പ്രീതിയുടെ ഓഹരി ലഭ്യമായി. എന്നാൽ, അത്രപോലും കിട്ടിയിട്ടില്ലാത്തവൻ അന്ധനാണ്.

مَنْ كَانَ فِي هَٰذِهِ أَعْمَىٰ فَهُوَ فِي الْآخِرَةِ أَعْمَىٰ

(ഈ ലോകത്ത് അന്ധനായവൻ പരലോകത്തും അന്ധനായിരിക്കും)

[മൽഫൂസാത്ത് വാല്യം 6 പേജ് 371]

''കേൾക്കുക, നിങ്ങൾ അത്തരം നമസ്കാരം തേടുകയും നിങ്ങളുടെ നമസ്കാരം അങ്ങനെയുള്ളതാക്കി തീർക്കുകയും ചെയ്യാൻ പരിശ്രമിക്കുക. നമസ്കാരം അനുഗ്രഹങ്ങളുടെ ജീവനാണ്. അല്ലാഹുവിന്റെ പ്രകാശം പ്രതിഫലിക്കുന്നത് അത്തരം നമസ്കാരം മുഖേനയാണ്. അതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്തിന് അവകാശികളാകുവാൻ നമസ്കാരത്തെ നിഷ്ഠയോടെ നിർവഹിക്കുക.''

[മൽഫൂസാത്ത് വാല്യം 5 പേജ് 126]

''നമസ്കാരത്തിൽ താൽപര്യവും പ്രതിപത്തിയും ഉണ്ടാകുന്ന അവസ്ഥ കൈവിട്ടു പോയെങ്കിൽ ക്ഷീണിക്കാനോ നിരാശരാവാനോ പാടില്ല. സ്വയം സന്നദ്ധനായി ആ കളഞ്ഞുപോയ ജീവിതവിഭവം കൈവരിക്കാനുള്ള മാർഗം ആരായുകയാണ് വേണ്ടത്. അതിനുള്ള പ്രതിവിധി തൗബയും ഇസ്തിഗ്ഫാറുമാകുന്നു. താൽപര്യമില്ലാത്തതിനാൽ നമസ്കാരം ഉപേക്ഷിക്കരുത്. മറിച്ച് നമസ്കാരം അധികമധികമായി അനുഷ്ഠിക്കുകയാണ് വേണ്ടത്. മദ്യപാനിക്ക് ലഹരി ഉണ്ടാകുന്നില്ലെന്നുവച്ച് അയാൾ അത് ഉപേക്ഷിക്കുന്നില്ലല്ലോ. ആനന്ദവും സംതൃപ്തിയുമുണ്ടാകുന്നതുവരെ അയാൾ കുടിച്ചുകൊണ്ടേയിരിക്കുന്നു. ഇതുപോലെ ആർക്കെങ്കിലും നമസ്കാരത്തോടു താൽപര്യം കുറഞ്ഞുപോയെങ്കിൽ അയാൾ അധികമധികമായി നമസ്കരിക്കേണ്ടതാണ്. തളരുന്നതു ശരിയല്ല. അവസാനം ആ താൽപര്യമില്ലായ്മയിൽ നിന്ന് ഒരു താൽപര്യം ജൻമമെടുക്കും. നോക്കൂ! വെള്ളത്തിനുവേണ്ടി ഭൂമി എത്ര ആഴത്തിൽ കുഴിക്കേണ്ടി വരുന്നു. ആരാണോ തളർന്നു പോകുന്നത് അവർ പിന്തള്ളപ്പെടുന്നു. തളരാതെ പ്രവർത്തിക്കുന്നവർ അവസാനം ജലം പുറത്തുകൊണ്ടു വരിക തന്നെ



Scanned by CamScanner

ചെയ്യും. അതിനാൽ ആ പ്രതിപത്തി കൈവരിക്കുന്നതിന ഇസ്തിഗ്ഫാറും നമസ്കാരത്തിൻെറ ആധിക്യവും ദുആയും സ്ഥിരചിത്തതയും സഹനവും ആവശ്യമുണ്ട്.''

[മൽഫൂസാത്ത് വാള്യം 5 പേജ് 432]

''നാവിൽനിന്ന വരുന്ന കേവലമായ വാക്കുകൾ ദുആ ആകുന്നില്ല. പ്രത്യുത, അതിനോടൊപ്പം ഉൽക്കടമായ ആവേശവും താപവും ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണെന്ന് ['സ്വലാത്ത്'' എന്ന പദം ദ്യോതിപ്പിക്കുന്നു] മനുഷ്യൻ ഈ ജീവിതത്തിൽ തന്നെ ഒരു മരണാവസ്ഥ പ്രാപിക്കാത്തിടത്തോളം അല്ലാഹു അവൻെറ ദുആ സ്വീകരിക്കുന്നതല്ല...... നമസ്കാരം സർവോന്നതമായ ദുആയാണ്. എന്നാൽ, ജനങ്ങൾ അതിനെ ഗൗനിക്കുന്നില്ല. പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ നബി (സ) തിരുമേനി വുസൂ ചെയ്ത് നമസ്കരിക്കുകയും, ദുആ ചെയ്യുകയും ചെയ്യുമായിരുന്നു. അല്ലാഹുവിൻെറ സാമീപ്യം കരസ്ഥമാക്കുന്നതിന് നമസ്കാരത്തെക്കാളുപരിയായ ഒരു മാർഗവുമില്ലെന്ന് നാം അനുഭവിച്ചറിഞ്ഞതാണ്.''

[തഖാരീറെ ജൽസ സാലാന 1906 പേജ് 6—8]

''നമസ്കാരം സ്വന്തം ഭാഷയിൽ അനുഷ്ഠിക്കാൻ പാടില്ല. അല്ലാഹു ഏതു ഭാഷയിൽ ഖുർആൻ ഇറക്കിയിരിക്കുന്നുവോ ആ ഭാഷയെ കൈയൊഴിക്കരുത്. സുന്നത്തായക്കപ്പെട്ട കാര്യങ്ങൾ പറഞ്ഞതിനുശേഷം തങ്ങളുടെ ആവശ്യങ്ങൾ മാതൃഭാഷയിൽ, ദൈവസ്മരണയോടെ അല്ലാഹുവിനോട് ചോദിക്കുന്നതിൽ വിരോധമില്ല. എന്നാൽ, വേദഭാഷയെ ഒരിക്കലും ഉപേക്ഷിക്കരുത്. [വേദഭാഷ ഉപേക്ഷിച്ച ക്രിസ്ത്യാനികൾ എന്തു നേടി? ഒന്നുംതന്നെ ബാക്കിയാവാത്ത സ്ഥിതിയാണ് അവർക്കുണ്ടായത്.]'' [മൽഫൂസാത്ത് വാള്യം 3 പേജ് 288]

''അഞ്ചുനേര നമസ്കാരങ്ങളിൽ നിങ്ങൾ ദുആ ചെയ്യുക. മാതൃഭാഷയിൽ ദുആ ചെയ്യുന്നതും നിഷിദ്ധമല്ല. മനസ്സാന്നിധ്യം ലഭിക്കാത്ത നമസ്കാരത്തിന രുചിയുണ്ടാകാത്തപോലെതന്നെ വിനയമില്ലാത്തിടത്തോളം മനസ്സാന്നിധ്യവും ലഭ്യമാകുന്നില്ല. ഉരുവിടുന്നത് എന്താണെന്ന ബോധമുണ്ടെങ്കിൽ മാത്രമേ വിന



Scanned by CamScanner

യഭാവം സംജാതമാവൂ  അതിലൂടെയാണ് സ്വന്തം ഭാഷയിൽ തങ്ങളുടെ ആവശ്യങ്ങൾ അവതരിപ്പിക്കാനുള്ള ഉത്സാഹവും അഭിനിവേശവും ഉണ്ടാകുന്നത്. എന്നാൽ, നമസ്കാരം സ്വന്തം ഭാഷയിൽ അനുഷ്ഠിക്കാമെന്ന് ഇപ്പറഞ്ഞതിൽനിന്ന് ആരും മനസ്സിലാക്കരുത്. സുന്നത്താക്കപ്പെട്ട ദുആകൾക്കും ദൈവസ്മരണകൾക്കും ശേഷം മാതൃഭാഷയിൽ ദുആ ചെയ്യുക എന്നതാണ് എന്റെ വിവരണത്തിന്റെ താൽപര്യം. നമസ്കാരത്തിലെ നിശ്ചിതവചനങ്ങളിൽ അല്ലാഹു പ്രത്യേക ബർക്കത്ത് വെച്ചിരിക്കുന്നു. നമസ്കാരം എന്നത് ദുആയുടെ തന്നെ പേരാണ്. അതുകൊണ്ട് ഇഹത്തിലേയും പരത്തിലേയും ആപത്തുകളിൽനിന്ന് രക്ഷ ലഭിക്കുന്നതിനും പര്യവസാനം ഭദ്രമായിരിക്കുന്നതിനുംവേണ്ടി നമസ്കാരത്തിൽ ദുആ ചെയ്യുവിൻ. തന്റെ ഭാര്യാമക്കൾക്കുവേണ്ടിയും ദുആ ചെയ്യുക. സന്മാർഗിയായിത്തീരുകയും സകലതരം തിന്മയിൽ നിന്നും സുരക്ഷിതനായിരിക്കുകയും ചെയ്യുക ''

[മൽഫൂസാത്ത് വാള്യം 6 പേജ് 146]

അല്ലാഹു പറഞ്ഞു: 'എന്റെ ദർബാറിൽ ഹാജരായി സങ്കടം ബോധിപ്പിക്കാൻ നിങ്ങളാഗ്രഹിക്കുന്നെങ്കിൽ നമസ്കാരം തന്നെയാണ് എന്റെ ദർബാർ.' ഈ വാക്കുകൾ, ആകാശങ്ങളുടേയും ഭൂമിയുടേയും സർവലോകങ്ങളുടേയും നാഥനും ഉടമസ്ഥനുമായ അല്ലാഹുവിനെ അന്വേഷിക്കുന്ന അസ്വസ്ഥരായ ആത്മാക്കൾക്ക് ഒരു സുവിശേഷമാണ്. വരിക, ഹസ്റത്ത് മസീഹ് മൗഊദ് [അ] ന്റെ അനുഗൃഹീത വചനങ്ങളിലേക്ക് വീണ്ടും ശ്രദ്ധ തിരിച്ച് അല്ലാഹുവിന്റെ ദർബാറിൽ ഹാജരായി നമുക്ക് നമ്മുടെ ആവശ്യങ്ങൾ ചോദിക്കാം. വേദന തിങ്ങിയ ഹൃദയത്തോടെ ഉയരുന്ന കൈകളെ അവനൊരിക്കലും ശൂന്യമായി മടക്കുകയില്ല.

ഹസ്റത്ത് മസീഹ് മൗഊദ് [അ] പറയുന്നു:

'നഫ്ല്'' (ഐച്ഛികകർമം) മുഖേന ഉൽകൃഷ്ടമായ പദവിയും സാമീപ്യവും മനുഷ്യൻ കരസ്ഥമാക്കുന്നു. എത്രത്തോളമെന്നാൽ അല്ലാഹുവിന്റെ വലിമാരുടെ കൂട്ടത്തിൽ അവർ



Scanned by CamScanner

പ്രവേശിക്കമോറാകുന്നു. അപ്പോഠം അല്ലാഹു പറയും.

مَنْ عَادَى لِي وَلِيًّا فَقَدْ بَارَزْتُهُ لِلْحَرْبِ

ആരാണോ എന്റെ വലിയുടെ ശത്രുവായിരിക്കുന്നത് അയാളോടു ഞാൻ പറയുന്നു, ഇനിഞാനുമായി യുദ്ധത്തിന് തയ്യാറായിക്കൊള്ളുക. കുട്ടി നഷ്ടപ്പെട്ടസിംഹിയെപോലെ അല്ലാഹു അയാളുടെമേൽ ചാടി വീഴുന്നുവെന്ന് ഹദീസിൽ വന്നിട്ടുണ്ട്.

ചുരുക്കത്തിൽ ആ പദവി കരസ്ഥമാക്കുന്നതിനു മനുഷ്യൻ സദാ പരിശ്രമിച്ചുകൊണ്ടിരിക്കണം. മരണം വന്നെത്തുന്നത് എപ്പോഴാണെന്ന് ഒരു നിശ്ചയവുമില്ല. അശ്രദ്ധനായിരിക്കുന്നത് സത്യവിശ്വാസിക്ക് ഭൂഷണമല്ല; അല്ലാഹുവിനെ (തൊട്ടു) ഭയമുള്ളവനായിരിക്കേണ്ടതാണ്.''

[മൽഫൂസാത്ത് വാള്യം 2 പേജ് 200]

ഹസ്റത്ത് നാഫ്ലയെ മൗഊദ് (വാഗ്ദത്തപൗത്രൻ)— നസ്വറല്ലാഹു മർഖദഹു—ഒരു ഖുത്ബഃയിൽ പറഞ്ഞു:

''അല്ലാഹുവിന്റെ തൃപ്തി കൈവരിക്കുന്നതിനുവേണ്ടി അവന്റെ ദാസൻ നമസ്കാരവും ദുആയും മുറുകെ പിടിക്കേണ്ടതാകുന്നു ... വാസ്തവത്തിൽ അഞ്ചുനേരത്തെ നമസ്കാരം ഓരോ നേരത്തേയും ദുആയുള്ള ഒരു താങ്ങായി പ്രയോജനപ്പെടുന്നു വിശുദ്ധ ഖുർആനിലെ ഓരോ കല്പനയുമനുസരിച്ച് ജീവിക്കുക. കേവലം നമസ്കാരംമാത്രം അനുഷ്ഠിക്കുകയും പള്ളികളിൽവന്ന് നഫ്ലുകൾ നീട്ടി നമസ്കരിച്ച് ജനശ്രദ്ധ ആകർഷിക്കുകയും അതോടൊപ്പം റമസാനിലെ നോമ്പുനോല്ക്കുകയും ഹജ്ജ്കർമം നിർവഹിക്കുകയും സക്കാത്ത് നല്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവഴിക്കുകയും ചെയ്താൽ മാത്രം പോരാ. വിശുദ്ധ ഖുർആനിൽ എഴുന്നൂറ് കല്പനകളുണ്ട്. അവയെല്ലാം അനുസരിച്ച് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. എന്തെന്നാൽ അല്ലാഹു, ഒന്നോ പകുതിയോ കാര്യങ്ങളെ കുറിച്ചല്ല മനുഷ്യനോട് ചോദിക്കുക. പ്രത്യുത, വിശുദ്ധ ഖുർആനനുസരിച്ച് ജീവിച്ചോ ഇല്ലയോ എന്നാണ് ചോദിക്കുന്നത്. ഈ പരമ്പരയിൽ ഓരോ സൽകർമവും അതിന്റെ അവസരത്തിനൊത്ത് ചെയ്യേണ്ടതായുണ്ട്.



Scanned by CamScanner

ഏതെങ്കിലും രോഗിയുടേയോ വിദ്യാർഥിയുടേയോ ഉറക്കത്തിനു ഭംഗമുണ്ടാക്കുന്ന വിധത്തിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നത് പുണ്യമല്ലെന്നു മാത്രമല്ല, അതു പാപവും കൂടിയാണ് ......... ബലിയാടിനെപ്പോലെ സ്വന്തം കഴുത്ത അല്ലാഹുവിൻെറ തിരുമുമ്പിൽ സമർപ്പിക്കുക; ആട് അതിൻെറ കഴുത്ത് കശാപ്പുകാരൻെറ മുമ്പിൽവയ്ക്കുന്നതുപോലെ തന്നെ. എന്നാൽ ബലപ്രയോഗത്താലല്ല; തികഞ്ഞ സംതൃപ്തിയോടെ അപ്രകാരം ചെയ്യുക/...... മനുഷ്യന്, ധനവും സമ്പത്തും പ്രതാപവും അന്തസ്സും അറിവും സൂക്ഷ്മ ബുദ്ധിയും ജീവിതവും സന്താനവുമൊക്കെ അല്ലാഹു പ്രദാനം ചെയ്തിരിക്കുന്നു. അതിലെ ഓരോ വസ്തുവിനേയും അല്ലാഹുവിൻെറ കല്പന അനുസരിച്ച് വിനിയോഗിക്കുക.........അല്ലാഹു പറഞ്ഞിരിക്കുന്നു. [തഹജ്ജുദ് നമസ്കാരം] സ്വന്തംപോലും കേൾക്കാത്ത നിലയിൽ ധീരെ പതുക്കെയും മററുള്ളവർ കേൾക്കുന്നത്ര ഉറക്കെയും നമസ്കരിക്കരുത്.''

[അൽഫസ്ൽ 1981 മാർച്ച് 7 ഖുത്ബ: ജുമുഅ.]

## എല്ലാം 'അല്ലാഹുവിന്ന് വണങ്ങുന്നു:

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) വീണ്ടും പറയുന്നു:

''ഓരോ നിമിഷവും അല്ലാഹുവിനെ ആരാധിക്കുന്നതിലും തസ്ബീഹും തഹ്മീദും ചെയ്യുന്നതിലും സർവ വസ്തുക്കളും മുഴുകിയിരിക്കുകയാണ്. നിങ്ങളൊന്നു കണക്കുകൂട്ടി നോക്കുക. നമ്മുടെ ശരീരത്തിൽതന്നെ കോടിക്കണക്കിന് ജീവാണുക്കളുണ്ട്. ഖുർആനിക വചനമനുസരിച്ച് സദാസമയവും അതായത് ഇരുപത്തിനാല് മണിക്കൂറും, രാപ്പകൽ അല്ലാഹുവിനെ വണങ്ങുന്നതിലും അവനെ പ്രകീർത്തിക്കുന്നതിലും സ്തുതിപാടുന്നതിലും അവയെല്ലാം മുഴുകിയിരിക്കുന്നു. നമ്മുടെ ശരീരത്തിനുള്ളിലിരിക്കുന്ന കോടിക്കണക്കിന് ജീവാണുക്കളുടെ ആരാധനയ്ക്കെതിരിൽ നമ്മുടെ സ്വന്തം ആരാധനയ്ക്ക് എന്തു പ്രസക്തിയാണുള്ളത്? നമ്മുടെ ഇബാദത്ത് ആ ജീവാണുക്കളുടെ ഇബാദത്തിൻെറ ആയിരത്തിലൊരു ഭാഗംപോലും എത്തുന്നില്ല. ഇക്കാര്യം നിരവധി ആയത്തുകളിലൂടെ അല്ലാഹു നമ്മുടെ ശ്രദ്ധയിൽപ്പെടുത്തുന്നു: 'ജീവനുള്ളതും ഇല്ലാത്തതുമായി

ഞാൻ സൃഷ്ടിച്ചിട്ടുള്ള ഓരോ വസ്തുവും എന്നെ ആരാധിക്കുന്നതിൽ മുഴുകിയിരിക്കുകയാണ്. അവ എന്നെ പ്രകീർത്തിക്കുകയും പ്രശംസിക്കുകയും ചെയ്യുന്നു. അവ എൻെറ ഗരിമയും മഹിമയും വിളംബരം ചെയ്യുന്നു. അവ ഓരോന്നും എൻെറ നിയന്ത്രണത്തിലാണ്. എൻെറ ആജ്ഞാനുസരണം അവ പ്രവർത്തിക്കുന്നു. ഞാൻ പറയുന്നത് അവ ചെയ്യുന്നു. ഞാൻ വിലക്കുന്നത് അവ ഉപേക്ഷിക്കുന്നു. ഉദാഹരണത്തിന്, ജലത്തിൻെറ പ്രവൃത്തിയെടുക്കരുതെന്ന് അല്ലാഹു അഗ്നിയോട് കല്പിച്ചിരിക്കുന്നു. അഗ്നി എപ്പോഴെങ്കിലും ജലത്തിൻെറ പ്രവൃത്തിയെടുക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ? അഗ്നി അല്ലാഹുവിൻെറ മുമ്പിൽ പ്രണമിച്ചുകൊണ്ട് അവനോടുള്ള അനുസരണത്തിൽ 'കത്തുക' എന്ന പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുന്നു. അതും അല്ലാഹുവിൻെറ നിയന്ത്രണത്തിൽതന്നെയാണെന്ന് അറിയിക്കാൻവേണ്ടി ചില സന്ദർഭങ്ങളിൽ ജലത്തിൻെറ പ്രവൃത്തിയുമെടുക്കാൻ അവൻ അതിനോട കല്പിക്കുന്നു. ഉദാഹരണത്തിന്, ഹസ്റത്ത് ഇബ്റാഹീം[അ]നെ ശത്രുക്കൾ അഗ്നികുണ്ഡത്തിലേക്കെറിഞ്ഞ സന്ദർഭം. അപ്പോൾ അല്ലാഹുവിൽനിന്ന് 'ബർദൻവ്വസലാമൻ' ആയിത്തീരാൻ ആ അഗ്നിക്ക് കല്പന ലഭിച്ചു.* അതായത്, അഗ്നിയിൽ അന്തർഭവിച്ചിട്ടുള്ളത് 'കത്തുക' എന്ന ഗുണമാണ്. ജലത്തിൻെറ ഗുണം അതിലില്ല. പക്ഷേ, 'കത്തുക' എന്ന പ്രവൃത്തി അഗ്നിയെടുക്കുന്നുണ്ടെങ്കിൽതന്നെ അത് തന്നെയനുസരിക്കുന്നതുകൊണ്ടാണെന്നും അല്ലാതെ അതിന് സ്വയം കത്താനുള്ള ഒരു കഴിവുമില്ലെന്നും ജനങ്ങൾക്ക് ബോധ്യപ്പെടുത്തികൊടുക്കാൻ അല്ലാഹു ആഗ്രഹിച്ചു. അല്ലാഹു എന്താണോ അതിനോട് കല്പിക്കുന്നത് അത് ചെയ്യുന്നു. ഇതുപോലെ മററു വസ്തുക്കളും അല്ലാഹുവിൻെറ കല്പനയനുസരിക്കുന്നു. അല്ലാതെ സ്വയം എന്തെങ്കിലും ഗുണമോ കഴിവോ അതിനില്ലതന്നെ.

ഇതുവെറും വാദമാണെന്നും ഇതിന് തെളിവൊന്നുമില്ലെന്നും ഒരു ഭൗതിക തത്വജ്ഞാനിക്ക് പറയാൻ സാധിക്കു

---

* يَا نَارُ كُونِي بَرْدًا وَسَلَامًا عَلَىٰ إِبْرَاهِيمَ "ഹേ തീയേ, ഇബ്റാഹീമിന് നീ തണുപ്പും സമാധാനവും ആയിക്കൊള്ളൂ". [21 : 70 വിവ]



Scanned by CamScanner

മായിരുന്നു. അതുകൊണ്ടാണ് അല്ലാഹു ഈ രീതിയിലുള്ള പ്രായോഗികവും അത്ഭുതകരവുമായ തെളിവുകൾ നല്കിയിരിക്കുന്നത്. 'കത്തുക' എന്ന ഗുണമുള്ള അഗ്നിയോട് ചിലപ്പോൾ 'ബർദൻവ്വസലാമൻ' ആയിത്തീരാൻ കല്പിക്കുന്നത് അതിനുദാഹരണമാണ്, അതായത് ജലത്തിന്റെ പ്രവൃത്തിയെടുക്കുകയെന്ന്. അഗ്നി മുമ്പൊരിക്കലും ജലത്തിന്റെ പ്രവൃത്തിയെടുത്തിട്ടുണ്ടാവുകയില്ല. അതിനുശേഷവും ഈ പ്രവൃത്തി അഗ്നിയുടേതാവുന്നില്ല. പക്ഷേ, അല്ലാഹു ചില പ്രത്യേക സന്ദർഭങ്ങളിൽ ജലം ചെയ്യുന്ന പ്രവൃത്തിയും അഗ്നിയെക്കൊണ്ട് എടുപ്പിക്കുന്നു. താനുദ്ദേശിക്കുന്നത് ചെയ്യാൻ തനിക്ക് കഴിവുണ്ടെന്ന് കാണിക്കുവാനാണ് അല്ലാഹു ഇങ്ങനെ ചെയ്യുന്നത്. കാരണം സകല വസ്തുക്കളും അവന്റെ നിയന്ത്രണത്തിലാണ്. അവയൊന്നും അവന്റെ ഇഷ്ടത്തിന് വിരുദ്ധം പ്രവർത്തിക്കുകയില്ല. ഹസ്റത്ത് ഇബ്റാഹീം [അ] അഗ്നികുണ്ഡത്തിലെറിയപ്പെട്ടപ്പോൾ അഗ്നിയുടെ 'കത്തുക' എന്ന ഗുണവിശേഷത്തെ അല്ലാഹു വലിച്ചെടുക്കുകയും ജലത്തിന്റെ പ്രവൃത്തിയെടുക്കാൻ അതിനോട് കല്പിക്കുകയും ചെയ്തതു തന്നെ ഇതിനുദാഹരണമാണ്. ഈ പ്രക്രിയയിലൂടെ, ഇരുപത്തിനാലു മണിക്കൂറും 'കത്തുക' എന്ന പ്രവൃത്തിയെടുക്കുന്ന അഗ്നി, അല്ലാഹുവിന്റെ കല്പനകൊണ്ടു മാത്രമാണ് അങ്ങനെ ചെയ്യുന്നതെന്നും അല്ലാതെ അതിന് സ്വയം ഒരു കഴിവുമില്ലെന്നും മററു വസ്തുക്കളും ഇപ്രകാരംതന്നെയാണ് പ്രവർത്തിക്കുന്നതെന്നും അവൻ പറഞ്ഞുതന്നു.

ആരാധനയെ സംബന്ധിച്ചിടത്തോളം, അല്ലാഹുവിന്റെ ഖജനാവ് നിറഞ്ഞു കിടക്കുകയാണ്. അല്ലാഹുവിന് നമ്മുടെ ആരാധനയുടെ ആഗ്രഹമോ ആവശ്യമോ ഉണ്ടാകുന്നില്ല. കാരണം, കോടിക്കണക്കിന് സൃഷ്ടികൾ സദാസമയവും അവനെ ആരാധിക്കുകയും കീർത്തനം ചെയ്യുകയും സ്തുതിപാടുകയും ചെയ്യുന്നതിൽ വ്യാപൃതരാണെന്ന് അവൻ നമ്മോടു പറഞ്ഞിട്ടുണ്ട്. അവന്റെ ഓരോ സൃഷ്ടിയും അവന്റെ കല്പനയനുസരിച്ച് അവനെ ആരാധിക്കുന്നതിലും അനുസരിക്കുന്നതിലും തങ്ങളുടെ ജീവിതനാളുകൾ കഴിച്ചുകൂട്ടുന്നു. അതുകൊണ്ട് അവന് നിങ്ങളുടെ ഇബാദത്ത് ഒരു പ്രശ്നമേയല്ല; അവന് അതിന്റെ



Scanned by CamScanner

ആവശ്യവുമുണ്ടാകുന്നില്ല. പക്ഷേ, നമുക്ക് നമ്മുടെ ജീവിതത്തിലെ ശാരീരികവും ആത്മീയവുമായ അഭിവൃദ്ധിക്ക് അവനെ അനുസരിക്കുകയും ആരാധിക്കുകയും ചെയ്യേണ്ടത് നിർബന്ധമാകുന്നു.

നമ്മുടെ സാഹിത്യങ്ങളിൽ ഹസ്റത്ത് അബൂയസീദ് ബിസ്ത്വാമീ (റ)നെ കുറിച്ചുള്ള ഒരു സംഭവം കാണാം അതിൽ നമുക്ക് വലിയ പാഠമുണ്ട്.

ഹസ്റത്ത് അബൂയസീദ് ബിസ്ത്വാമീ(റ) പറയുന്നു: ഞാൻ എന്റെ ശരീരത്തെ ഓരോ വിഷമങ്ങളിലും അകപ്പെടുത്തി. രാപ്പകൽ അല്ലാഹുവിനെ ആരാധിച്ചുകൊണ്ടിരുന്നു. ഈ പരമ്പര മുപ്പത് വർഷംവരെ തുടർന്നു. അതായത് മുപ്പത് വർഷം രാപ്പകൽ അല്ലാഹുവിന്റെ ആരാധനയിൽ ഞാൻ മുഴുകി. അങ്ങനെ ഞാൻ എന്റെ ശരീരത്തിന് എല്ലാ പ്രയാസങ്ങളും ഏല്പിച്ചു. ഞാൻ ഉറക്കം വളരെ കുറക്കുകയും ഭക്ഷണം അല്പം മാത്രം കഴിക്കുകയും എല്ലാതരം കഠിനപ്രയത്നങ്ങളും നിർവഹിക്കുകയും ചെയ്തു. അങ്ങനെ മുപ്പത് വർഷം പിന്നിട്ടപ്പോൾ ഒരു ദിവസം ഒരു രൂപം എന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു പറഞ്ഞു: 'അബൂയസീദേ, അല്ലാഹുവിന്റെ ഖജനാവ് ഇബാദത്ത് മുഖേന നിറഞ്ഞുകിടക്കുകയാണ്. നിന്റെ ഇബാദത്ത് ഇല്ലെങ്കിലും അതിനൊരു കുറവും വരികയില്ല. ഈ ഇബാദത്തുകളുടെ ഫലമായിമാത്രം നിനക്ക് അല്ലാഹുവിന്റെ സാമീപ്യവും അവന്റെ സംതൃപ്തിയും ലഭിക്കുകയില്ല.
فَإِنْ أَرَدْتَ الْوُصُولَ إِلَيْهِ നീ അവനോളം എത്താനാഗ്രഹിക്കുന്നുവെങ്കിൽ فَعَلَيْكَ بِالذِّلَّةِ وَالْاِحْتِقَارِ وَالْإِخْلَاصِ فِي الْعَمَلِ നീ നിന്റെ ഉള്ളിൽ വിനയവും എളിമയും സ്വയം നിസ്സാരനാണെന്ന് മനസ്സിലാക്കാനുള്ള ബോധവും വളർത്തിയെടുക്കേണ്ടതാണ്. നീ അല്ലാഹുവിന്റെ സാമീപ്യവും അവന്റെ തൃപ്തിയും കൈവരിക്കാനാഗ്രഹിക്കുന്നുവെങ്കിൽ നിശ്ചയമായും ഈ മാർഗം അംഗീകരിച്ചേ പറ്റൂ. കൂടാതെ നിന്റെ കർമങ്ങളിൽ ഇഖ്ലാസ്(ആത്മാർഥത) ഉണ്ടാവുകയും വേണം.

നമ്മുടെ ഇബാദത്തിന്റെ ഫലമായിട്ടാണെങ്കിലും അല്ലാഹുവിന്റെ ഔദാര്യമുണ്ടെങ്കിലേ അവന്റെ സംപ്രീതിയുടേയും



Scanned by CamScanner

സംതൃപ്തിയുടേയും സ്വർഗം നമുക്ക് സമ്പാദിക്കാനാവുയെന്നു മനസ്സിലാക്കുകയാണ് 'ഇഖ്ലാസ്' എന്ന പദത്തിന്റെ ഇസ്ലാമികമായ സാങ്കേതികാർഥം. കേവലം സ്വന്തമായ ഉപാസനകളുടേയും പ്രയത്നങ്ങളുടേയും ഫലമായി മാത്രം അല്ലാഹുവിന്റെ സമ്പ്രീതിയോ അവന്റെ സംതൃപ്തിയുടെ സ്വർഗമോ നമുക്ക് പ്രാപിക്കാനാവുകയില്ല; അവന്റെ സാമീപ്യത്തിനുള്ള മാർഗവും നമുക്കായി തുറക്കപ്പെടുകയില്ല. ചുരുക്കത്തിൽ, ഹസ്റത്ത് അബൂയസീദ് ബിസ്ത്വാമി (റ) നമുക്ക് പറഞ്ഞുതന്നതും, അദ്ദേഹം മുപ്പതുവർഷം ഇബാദത്ത് ചെയ്ത ശേഷവും അദ്ദേഹത്തോട് അല്ലാഹുവിന്റെ ഇച്ഛയനുസരിച്ച് പറയപ്പെട്ടതുമായ കാര്യമിതാണ്. അതായത് നീ മുപ്പത് വർഷം രാപ്പകൽ ആരാധന നടത്തി. ഇതൊരു സ്തുത്യർഹമായ പ്രവർത്തിതന്നെ. പക്ഷേ, ഈ ഇബാദത്തുകൊണ്ടുമാത്രം അല്ലാഹുവിന്റെ സാമീപ്യവും അവന്റെ സമ്പ്രീതിയും കൈവരിക്കാൻ കഴിയുമെന്ന് നീ ഒരിക്കലും വിചാരിക്കണ്ട. നീ അല്ലാഹുവിന്റെ സാമീപ്യവും അവന്റെ സായൂജ്യവും കൈവരിക്കാനാഗ്രഹിക്കുന്നുവെങ്കിൽ നീ നിന്റെ കർമങ്ങളെ സർവസ്വമായി കണക്കാക്കരുത്. മറിച്ച് സ്വയം ഒന്നിനും കൊള്ളാത്തവനും നിസ്സാരനുമായി നിന്നെ കരുതുക. നിന്റെ കർമങ്ങൾ അല്ലാഹുവിന്റെ അടുക്കൽ അനിഷ്ടകരമാകുമോ എന്നും അവന്റെ സന്നിധിയിൽ അത് സ്വീകരിക്കാതെ വരുമോ എന്നുമുള്ള ആശങ്ക എപ്പോഴും നിന്നിലുണ്ടായിരിക്കണം.

ഇപ്രകാരം, ജീവിതം മുഴുവനും ആത്മാർഥതയോടെ ആരാധന നടത്തിയതിനുശേഷവും അല്ലാഹുവിന്റെ ഒരു നിഷ്കളങ്ക ദാസന് തന്റെ മോക്ഷത്തെ സംബന്ധിച്ച് സംതൃപ്തനാകാൻ സാധിക്കുന്നില്ലെന്നു വരുമ്പോൾ ഒരു ദിവസത്തെ ആരാധന കൊണ്ട് നമുക്ക് എങ്ങനെ സംതൃപ്തിയടയാൻ കഴിയും?

'ജുമുഅത്തുൽവിദാ*' യുടെ ഇബാദത്തിൽ ആളുകൾ കൂടുതൽ ഉത്സാഹത്തോടെ പങ്കെടുക്കരുതെന്ന് ഞാൻ പറയുകയില്ല. കാരണം, അല്ലാഹുവിനെ ആരാധിക്കുന്നതിന് ഒരു ദിവസമെങ്കിലും ഉത്സാഹത്തോടെ വരുന്ന ആളുടെ വഴിയിൽ തടസ്സം സൃഷ്ടിക്കുക എന്നത് എന്റെ ജോലിയല്ല. പക്ഷേ, ഇതുകൊണ്ടുമാത്രം നിങ്ങൾക്ക് അല്ലാഹുവിന്റെ തൃപ്തിയോ

* റമസാൻ മാസത്തിലെ അവസാനത്തെ വെള്ളിയാഴ്ച. (വിടപറയൽ ജുമുഅ)



Scanned by CamScanner

അവന്റെ സാമീപ്യമോ കൈവരിക്കാൻ സാധിക്കുകയി ല്ലെന്ന് ഞാൻ പറയുകതന്നെ ചെയ്യും. നിങ്ങൾ ഒരു ദിവസം അതായത് 'ജുമുഅത്തുൽവിദാ' നാളിൽ അല്ലാഹുവിന് ഇബാ ദത്ത് ചെയ്തിട്ടുണ്ടെങ്കിൽ, നിങ്ങൾ നിങ്ങളുടെ ജീവിതത്തി ന്റെ ഒരംശം അവന്റെ ആരാധനാകർമങ്ങളിലും അനുസരണ ത്തിലും കഴിച്ചു കൂട്ടിയെന്നുമാത്രം. അതായത് നിങ്ങളുടെ കടമയുടെ ഒരംശം നിങ്ങൾ നിറവേററി. ഇത് നല്ലകാര്യം തന്നെ. പക്ഷേ, 'ജുമുഅത്തുൽവിദാ'യോ റമസാനിലെ അവ സാനത്തെ രാത്രികളിലെ നമസ്കാരമോ, അല്ലാഹുവിനോടും അവന്റെ ദാസൻമാരോടുമുള്ള നിങ്ങളിലർപ്പിതമായ കടമക ളിൽനിന്ന് നിങ്ങളെ സ്വതന്ത്രരാക്കുന്നുവെന്ന് നിങ്ങളൊരി ക്കലും വിചാരിക്കരുത്. അങ്ങനെ ഒരിക്കലുമല്ല. പ്രത്യുത ജീവിതം മുഴുവനുമുള്ള കഠിന പ്രയത്നങ്ങൾക്കും ഇബാദത്തുകൾ ക്കും ശേഷവും നിങ്ങളെപ്പോഴും ഇങ്ങനെ പ്രാർഥിച്ചുകൊണ്ടി രിക്കുക, 'അല്ലാഹുവേ, ഞങ്ങൾ ഞങ്ങളുടെ നിസ്സാരമായ പരി ശ്രമങ്ങൾ നിന്റെ തൃപ്പാദങ്ങളിലർപ്പിച്ചിരിക്കുന്നു. നീ ഇത് തള്ളിക്കളയാനാണ് ആഗ്രഹിക്കുന്നതെങ്കിൽ നിന്റെ കാലുകൾ കൊണ്ട് തട്ടിയെറിയൂ പക്ഷേ, നീ അനുഗ്രഹദാതാവാണ്; പരമകാരുണികനും കരുണാമയനുമായ അല്ലാഹുവാണ്. നീ അങ്ങനെ ചെയ്യുകയില്ലെന്നും പ്രത്യുത നിന്റെ അനുഗ്രഹം ഒന്നുകൊണ്ടുമാത്രം ഞങ്ങളുടെ ഈ നിസ്സാര പരിശ്രമങ്ങൾ സ്വീകരിക്കുകയും നിന്റെ സാമീപ്യത്തിന്റെയും സംതൃപ്തിയു ടേയും വഴികൾ ഞങ്ങൾക്കായി തുറക്കുകയും ചെയ്യുമെന്നുമാണ് ഞങ്ങളുടെ പ്രതീക്ഷ.''

''ഹസ്റത്ത് നബി (സ) തിരുമേനി ഹസ്റത്ത് മുആദ് (റ) നോടു ചെയ്ത ഒരു വസിയ്യത്ത് അവസാനമായി ഞാൻ കേൾപ്പിക്കാനാഗ്രഹിക്കുന്നു. സഹോദരങ്ങൾ ഇത് സശ്രദ്ധം കേൾക്കുക. ഈ വസിയ്യത്ത് കേട്ടതിനുശേഷം മരണംവരെ ഒരു മനുഷ്യനും തന്റെ ഒരു സൽകർമത്തിലും തൃപ്തിയടയാൻ ഒരു വിധേനയും സാധിക്കുകയില്ലെന്ന് ഞാൻ മനസ്സിലാ ക്കുന്നു. ദീർഘമായൊരു വസിയ്യത്താണിത്. അതിലെ വാക്കുകൾ അപ്പടി ഞാൻ വായിക്കുന്നില്ല. തർജുമ മാത്രം



Scanned by CamScanner

കോംപിക്കുന്നതാണ്.   നബി (സ) തിരുമേനി ഒരുദിവസം ഹസ്റത്ത് മുആദ് (റ) നോട് പറഞ്ഞു.

مُعَاذُ اِنِّى مُحَدِّثُكَ بِحَدِيثٍ اِنْ أَنْتَ حَفِظْتَهُ
نَفَعَكَ

മുആദേ, ഞാൻ നിന്നോട് ഒരു കാര്യം പറയുകയാണ്.  അത്. നീ ഓർമവെച്ചാൽ നിനക്ക് ഫലം ചെയ്യും.  നീ അതു മറന്നു കളഞ്ഞാൽ  اِنْقَطَعَتْ حُجَّتُكَ عِنْدَ اللهِ  അല്ലാഹുവി ൻെറ അനുഗ്രഹം നിനക്ക് കരസ്ഥമാക്കാൻ സാധിക്കുകയില്ല; മോക്ഷം പ്രാപിക്കുന്നതിനായി തൃപ്തികരമായ ഒരു തെളിവും നിൻെറയടുക്കൽ അവശേഷിക്കുകയുമില്ല.

يَا مُعَاذُ اِنَّ اللهَ تَبَارَكَ وَتَعَالَى خَلَقَ سَبْعَةَ اَمْلَاكٍ
قَبْلَ اَنْ يَخْلُقَ السَّمٰوٰتِ وَالْاَرْضِ

മുആദേ, അല്ലാഹു ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുന്നതിനു മുമ്പേ കാവൽക്കാരായ ഏഴു മലക്കുകളെ സൃഷ്ടിച്ചു. (ആകാശങ്ങൾ എന്നു പറഞ്ഞതിൻെറ വിവക്ഷിതം ആത്മീയമായി ഉയർന്ന ആളുകൾ താമസിക്കുന്ന ആത്മീയാകാശങ്ങളാണെന്ന് ഈ ഹദീസിൻെറ ഉള്ളടക്കത്തിൽനിന്ന് മനസ്സിലാകുന്നു.) ആ മലക്കുകളെ ഓരോ ആകാശത്തിൻേറയും കാവൽക്കാരായി നിയമിച്ചിരിക്കുന്നു  തങ്ങളുടെ സ്ഥാനത്ത് നില്ക്കുകയും അല്ലാഹുവിൻെറ അനുമതിയുള്ള ആളുകളുടെ കർമങ്ങൾ അതുവഴി മുന്നോട്ടുകൊണ്ടുപോകാനനുവദിക്കുകയുമായിരുന്നു അവരുടെ ജോലി. നബി കരീം (സ) പറഞ്ഞു. മനുഷ്യൻെറ കർമങ്ങൾ സൂക്ഷിക്കുകയും നിത്യേനയുള്ള പ്രവർത്തനങ്ങൾ എഴുതി വയ്ക്കുകയും ചെയ്യുന്ന മലക്കുകൾ, അല്ലാഹുവിൻെറ ഒരു ദാസൻ രാവിലെ മുതൽ വൈകുന്നേരംവരെ ചെയ്ത കർമങ്ങളുമായി ആകാശത്തേയ്ക്കുയർന്നു. ആ കർമങ്ങൾ പരിശുദ്ധമാണെന്നും അത് വളരെയധികമുണ്ടെന്നും ആ മലക്കുകൾ ധരിച്ചു. അവർ ഒന്നാം ആകാശത്തെത്തി. അവിടെ കാവൽ നില്ക്കുന്ന മലക്കി നോട് പറഞ്ഞു: 'അല്ലാഹുവിൻെറ സന്നിധിയിൽ അവൻെറ



Scanned by CamScanner

ഒരു ദാസൻെറ കർമങ്ങൾ സമർപ്പിക്കാനാണ് ഞങ്ങൾ വന്നിട്ടുള്ളത്. അത് വളരെ പരിശുദ്ധമാണ്.' അപ്പോൾ കാവൽക്കാരനായ മലക്ക പറഞ്ഞു: 'നിൽക്കൂ! നിങ്ങൾക്ക് മുന്നോട്ട് പോകാൻ അനുവാദമില്ല. നിങ്ങൾ മടങ്ങിപ്പോകുക. ഈ കർമങ്ങൾ കൊണ്ടുപോയി ഇതിൻെറ ഉടമസ്ഥൻെറ മുഖത്തെറിയുക. പരദൂഷണം പറയുന്നവൻെറ കർമങ്ങൾ ഇതുവഴി മുന്നോട്ട് കൊണ്ടുപോകാനനുവദിക്കരുതെന്ന നിർദേശത്തോടെയാണ് അല്ലാഹു എന്നെ ഇവിടെ നിറുത്തിയിരിക്കുന്നത്. നിങ്ങൾ ഏതൊരുത്തൻെറ കർമങ്ങളുമായിട്ടാണോ വന്നിട്ടുള്ളത് അവൻ സദാ പരദൂഷണം പറയുന്നവനാകുന്നു

റസൂലെകരീം (സ) പറഞ്ഞു: മററൊരു ദാസൻെറ കർമങ്ങളുമായി വേറെ ചില മലക്കുകൾ ആകാശത്തേക്കുയർന്നു. 'ഈ കർമങ്ങൾ വളരെ ശുദ്ധമാണ്. ഇയാൾ ഇത് ധാരാളമായി അനുഷ്ഠിക്കുകയും ചെയ്തു' എന്നൊക്കെ അവർ അന്യോന്യം പറഞ്ഞുകൊണ്ടിരുന്നു. കാരണം അവയിൽ പരദൂഷണത്തിൻെറ കലർപ്പില്ലായിരുന്നു. അതുകൊണ്ടുതന്നെ ഒന്നാം ആകാശത്തിൻെറ കാവൽക്കാരൻ അവരെ കടന്നുപോകാൻ അനുവദിച്ചു. പക്ഷേ, അവർ രണ്ടാനാകാശത്തെത്തിയപ്പോൾ അവിടെ കാവൽനിന്നിരുന്ന മലക്ക് അവരെ വിളിച്ചു. അദ്ദേഹം പറഞ്ഞു: നിൽക്കൂ! തിരിച്ചുപോവൂ. ഈ കർമങ്ങൾകൊണ്ടുപോയി അവയുടെ ഉടമസ്ഥൻെറ മുഖത്തെറിയുക. ഞാൻ അന്തസ്സിൻേറയും ആത്മാഭിമാനത്തിൻേറയും കാര്യങ്ങൾ നോക്കുന്ന മലക്കാകുന്നു. പൊങ്ങച്ചവും, ആത്മാഭിമാനവും കലർന്ന കർമങ്ങൾ ഇതുവഴി മുന്നോട്ട് പോകാതിരിക്കാനാണ് ഞാനിവിടെ നിയോഗിതനായിട്ടുള്ളത്. ഈ കർമങ്ങളുടെ ഉടമസ്ഥൻ ജനങ്ങളുടെ സദസ്സുകളിലിരുന്ന് തൻെറ കർമങ്ങളിൽ അന്തസ്സും ആത്മാഭിമാനവും പ്രകടിപ്പിച്ചിരുന്നു.'

നബിതിരുമേനി (സ) പറഞ്ഞു: മലക്കുകളുടെ ഒരു കൂട്ടം വേറൊരാളുടെ കർമങ്ങളുമായി ആകാശത്തേക്കുയർന്നു. ആ മലക്കുകളുടെ ദൃഷ്ടിയിൽ അയാളുടെ കർമങ്ങൾ പ്രകാശപൂരിതമായിരുന്നു. ആ കർമങ്ങളിൽ ദാനധർമങ്ങളും അടങ്ങിയിട്ടുണ്ട്. നോമ്പും നമസ്കാരവും അതിലുണ്ടായിരുന്നു. തൻെറ



Scanned by CamScanner

നാഥനായ അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ആ ദാസൻ ചെയ്ത കഠിനപ്രയത്നം കണ്ട് ആ മലക്കുകൾ അത്ഭുതപ്പെട്ടു. ആ കർമ്മങ്ങളിൽ പരദൂഷണത്തിന്റേയോ ആത്മാഭിമാനത്തിന്റേയോ കലർപ്പുണ്ടായിരുന്നില്ല. തന്നിമിത്തം ഒന്നും രണ്ടും ആകാശങ്ങളിലെ മലക്കുകൾ കടന്നുപോകാൻ അവരെ അനുവദിച്ചു. എന്നാൽ, മൂന്നാം ആകാശത്തിന്റെ പ്രവേശന കവാടത്തിൽ ചെന്നപ്പോൾ അവിടെ കാവൽ നില്ക്കുന്ന മലക്ക് പറഞ്ഞു: 'നില്ക്കൂ! ഈ കർമ്മങ്ങളുടെ ഉടമസ്ഥന്റെ അടുത്തേക്ക് മടങ്ങി ചെല്ലുക. അവ അയാളുടെ മുഖത്തെറിയുക. അഹങ്കാരത്തിന്റെ കാര്യങ്ങൾ നോക്കുന്ന മലക്കാണ് ഞാൻ. അഹങ്കാരത്തിന്റെ ചുവ കലർന്നിട്ടുള്ള ഒരു കർമ്മവും ഇതുവഴി കടന്നുപോകാനനുവദിക്കരുതെന്ന നിർദേശത്തോടെയാണ് എന്നെ നിറുത്തിയിരിക്കുന്നത്. ഈ കർമ്മങ്ങളുടെ ഉടമസ്ഥൻ മഹാ അഹങ്കാരിയാണ്. എല്ലാം താൻതന്നെയെന്ന് അയാൾ കരുതി മററുള്ളവരെ അയാൾ നിസ്സാരരായി കണ്ടു. അവരോട് അഹങ്കാരത്തോടും ഗർവോടുംകൂടി അയാൾ പെരുമാറി. സദസ്സുകളിൽ തന്റെ വ്യക്തിത്വം അയാൾ പ്രകടിപ്പിച്ചു. അയാളുടെ കർമ്മങ്ങൾ നിങ്ങളുടെ ദൃഷ്ടിയിൽ നല്ലതാണെന്നു തോന്നുന്നുവെങ്കിലും അത് അല്ലാഹുവിന്റെയടുക്കൽ സ്വീകാര്യമല്ല.

നബി (സ) തിരുമേനി പറഞ്ഞു: 'മലക്കുകളുടെ ഒരു സംഘം പിന്നൊരാളുടെ കർമ്മങ്ങളുമായി ആകാശത്തേക്കുയന്നു.

يزهر مرا كما يزهر الكوكب الدرى ആ കർമ്മങ്ങൾ മലക്കുകൾക്ക് തിളക്കമാർന്ന വലിയ നക്ഷത്രംപോലെ ശോഭയുള്ളതായി തോന്നി. അവയിൽ നമസ്കാരവും തസ്‌ബീഹും ഹജ്ജും ഉംറയുമെല്ലാമുണ്ടായിരുന്നു. മൂന്നാകാശവും പിന്നിട്ട് അവർ നാലാനാകാശത്തിന്റെ കവാടത്തിലെത്തി അപ്പോൾ അവിടെ കാവൽ നില്ക്കുന്ന മലക്ക് പറഞ്ഞു: നിൽക്കൂ! ഈ കർമ്മങ്ങളുമായി ഇതിന്റെ ഉടമസ്ഥന്റെ അടുത്തേക്കു തന്നെ ചെല്ലുക. അത് അവന്റെ മുഖത്തെറിയുക. ഞാൻ, തന്നിഷ്ടക്കാരന്റെ കാര്യങ്ങൾ നോക്കുന്ന മലക്കാകുന്നു. തന്നിഷ്ടം പ്രവർത്തിക്കുന്നതാരാണോ, തന്റെ പ്രവൃത്തി മുഖേന തന്നെ അല്ലാഹുവിനു പങ്കാളിയായി കരുതുന്നതാരാണോ അയാളുടെ



Scanned by CamScanner

കർമങ്ങൾ ഈ നാലാം ആകാശത്തിന്റെ കവാടത്തിലൂടെ കടന്നുപോകാൻ വിടരുതെന്ന് അല്ലാഹു കല്പിച്ചിരിക്കുന്നു. ഈ വ്യക്തിയുടെ എല്ലാ പ്രവൃത്തിയിലും തന്നിഷ്ടം പ്രകടമായിരുന്നു. അയാളുടെ കർമങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ സ്വീകാര്യമല്ല.

റസൂൽകരീം (സ) പറഞ്ഞു: മലക്കുകളുടെ അഞ്ചാമത്തൊരു വിഭാഗം മറ്റൊരാളുടെ കർമങ്ങളുമായി ആകാശത്തേക്കുയർന്നു് വിവാഹ രാത്രിയിൽ സർവാലങ്കാരങ്ങളോടെ അണിഞ്ഞൊരുങ്ങി മണവാളന്റെ മണിയറയിലേക്ക് പൂമണം ചൊരിഞ്ഞ് വന്നെത്തിയ ഒരു മണവാട്ടിയെപ്പോലെയാണ് ആ കർമങ്ങളുടെ സ്ഥിതിയെന്ന് പ്രസ്തുത മലക്കുകൾ ധരിച്ചു. എന്നാൽ, നാലാകാശവും കടന്ന് അഞ്ചാമാകാശത്തെത്തിയപ്പോൾ അവിടെ കാവൽനിന്ന മലക്ക പറഞ്ഞു: 'നിൽക്കൂ! ഈ കർമങ്ങൾ തിരിച്ചുകൊണ്ടുപോയി ഇതിന്റെ ഉടമസ്ഥന്റെ മുഖത്തെറിയുക. ഇതു സ്വീകരിക്കാൻ നിന്റെ ദൈവം തയ്യാറല്ലെന്ന് അയാളോടു പറയുക. انا ملك الحسد ഞാൻ അസൂയയുടെ കാര്യങ്ങൾ നോക്കുന്ന മലക്കാകുന്നു. അസൂയ കലർന്ന കർമങ്ങൾ ഈ അഞ്ചാം ആകാശവാതിലിലൂടെ കടന്നുപോകാൻ അനുവദിക്കരുതെന്ന് എന്റെ രക്ഷിതാവ് എന്നോടു ആജ്ഞാപിച്ചിരിക്കുന്നു. ഈ വ്യക്തി അറിവു സമ്പാദിക്കുന്നവരോടും സൽകർമങ്ങളനുഷ്ഠിക്കുന്നവരോടും അസൂയപ്പെട്ടിരുന്നു. ഇയാളുടെ കർമങ്ങൾ ഇതുവഴി കൊണ്ടുപോകാൻ ഞാൻ അനുവദിക്കുകയില്ല.'

നബി തിരുമേനി (സ) പറഞ്ഞു: 'മലക്കുകളുടെ ആറാമത്തൊരു സംഘം അടുത്തൊരാളുടെ കർമങ്ങളുമായി ആകാശത്തേക്കുയർന്നു. അഞ്ച് ആകാശവും താണ്ടി അവർ ആറാം ആകാശത്തെത്തി ആ കർമങ്ങളിൽ നോമ്പും നമസ്കാരവും സക്കാത്തും ഹജ്ജും ഉംറയുമൊക്കെയുണ്ടായിരുന്നു. ഇവയെല്ലാം അല്ലാഹുവിന്റെ സന്നിധിയിൽ സ്വീകാര്യമായതാണെന്നാണ് മലക്കുകൾ കരുതിയത്. പക്ഷേ, ആറാമത്തെ ആകാശത്തെത്തിയപ്പോൾ അവിടെ കാവൽനില്ക്കുന്ന മലക്ക് പറഞ്ഞു: 'നിൽക്കൂ!



Scanned by CamScanner

മുന്നോട്ടുപോകരുത്. اِنَّهُ كَانَ لَا يَرْحَمُ اِنْسَانًا مِنْ عِبَادِ اللّٰهِ قَطُّ അല്ലാഹുവിന്റെ ദാസൻമാരോട് ഒരിക്കലും കരുണ കാണിക്കാത്തയാളാണ് ഈ വ്യക്തി. കരുണ കാണിക്കാത്തവരുടെ കർമങ്ങൾ ഈ വാതിലിലൂടെ വിടാതിരിക്കാനാണ് എന്നെ നിയോഗിച്ചിട്ടുള്ളത്. നിങ്ങൾ മടങ്ങിപ്പോയ്ക്കൊള്ളുക. അല്ലാഹുവിന്റെ ദാസൻമാരോട് കരുണ കാണിക്കുന്നതിനുപകരം അവരോട് അക്രമം പ്രവർത്തിക്കുകയായിരുന്നു നീ ചെയ്തതെന്ന് പറഞ്ഞ് ഈ കർമങ്ങൾ അതിന്റെ ഉടമസ്ഥന്റെ മുഖത്തെറിയുകയും അങ്ങനെയുള്ള നിനക്ക് കാരുണ്യം ചെയ്ത് നിന്റെ കർമങ്ങൾ അല്ലാഹു എങ്ങനെ സ്വീകരിക്കാനാണെന്ന് അവനോടു ചോദിക്കുകയും ചെയ്യുക. കാണിക്കുന്നതിനു പകരം അവരോട് അക്രമം പ്രവർത്തിക്കുകയായിരുന്നു നീ ചെയ്തതെന്ന് പറഞ്ഞ് ഈ കർമങ്ങൾ അതിന്റെ ഉടമസ്ഥന്റെ മുഖത്തെറിയുകയും അങ്ങനെയുള്ള നിനക്ക് കാരുണ്യംചെയ്ത് നിന്റെ കർമങ്ങൾ അല്ലാഹു എങ്ങനെ സ്വീകരിക്കാനാണെന്ന് അവനോട് ചോദിക്കുകയും ചെയ്യുക.

നബീ അക്റം (സ) പറഞ്ഞു. മററു ചില മലക്കുകൾ ഒരു ദാസന്റെ കർമങ്ങളുമായി ആകാശത്തിനുശേഷം ആകാശവും വിവിധ കവാടങ്ങളും പിന്നിട്ട് ഏഴാം ആകാശത്തെത്തി. നമസ്കാരവും നോമ്പും ഇസ്ലാമിക കർമശാസ്ത്രവും അവയിലടങ്ങിയിരുന്നു. തേനീച്ചയുടെ മൂളൽപോലുള്ള ശബ്ദം ആ കർമങ്ങളിൽ നിന്നു് കേൾക്കാമായിരുന്നു. മലക്കുകൾ അയാളുടെ കർമങ്ങളെപ്പററി അഭിമാനത്തോടെ അന്യോന്യം സംഭാഷണം ചെയ്യുന്നതായിരുന്നു ആ ശബ്ദം. അതായത്, നാം അത്യുത്തമ കർമങ്ങളാണ് അല്ലാഹുവിന്റെ സന്നിധിയിൽ സമർപ്പിക്കാൻ കൊണ്ടുപോകുന്നത്, ഈ കർമങ്ങൾ സൂര്യപ്രകാശംപോലെ തിളങ്ങുന്നുണ്ട് എന്നൊക്കെ പറഞ്ഞ് അവർ മുന്നോട്ടുപോകുകയാണ്. അത് വളരെ ഭാരമേറിയതായിരുന്നു. എത്രത്തോളമെന്നാൽ മൂവായിരം മലക്കുകളാണ് അവ ചുമന്നിരുന്നത്. അവർ ഏഴാം ആകാശത്തിന്റെ വാതിൽക്കലെത്തി. അപ്പോൾ അവിടെ കാവൽനിന്ന മലക്ക് അവരോടു പറഞ്ഞു: നിൽക്കൂ! നിങ്ങൾക്ക് മുന്നോട്ടു പോകാനാവു



Scanned by CamScanner

കയില്ല. നിങ്ങൾ തിരിച്ചുപോവുക. ഈ കർമങ്ങൾ ഇതിന്റെ ഉടമസ്ഥന്റെ മുഖത്തെറിയുക. കാരണം അല്ലാഹുവിന്റെ തൃപ്തി മാത്രം കാംക്ഷിച്ചുകൊണ്ടുള്ള നിഷ്കല്മഷമായ കർമങ്ങളല്ലാതെ ഇതുവഴി കടത്തിവിടരുതെന്ന് എനിക്ക് കല്പന ലഭിച്ചിരിക്കുന്നു. അല്ലാഹു അല്ലാത്തവർക്കുവേണ്ടിയാണ് അയാൾ ഈ കർമങ്ങളെല്ലാം ചെയ്തിട്ടുള്ളത്. ''അറാദ ബിഹീ റഫ്അത്തൻ ഇൻദൽഫുഖഹായി'' ഈ വ്യക്തി കർമശാസ്ത്രപണ്ഡിതൻമാരുടെ സദസ്സിലിരുന്ന് പൊങ്ങച്ചത്തോടെ കഴുത്തുയർത്തി തന്റെ പാണ്ഡിത്യത്തെപ്പററിയും ഗവേഷണപാടവത്തെപ്പററിയും വീമ്പിളക്കുമായിരുന്നു. അതുമൂലം തന്റേതായ ഉന്നതപദവിയും മഹത്ത്വവും വെളിപ്പെടുത്തുകയാണ് അയാളുടെ ലക്ഷ്യം. അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടിയല്ല അയാൾ ഈ കർമങ്ങൾ ചെയ്തത്. പ്രത്യുത പ്രകടനത്തിനു വേണ്ടിയായിരുന്നു. ''വ ദികറൻ ഇൻദൽഉലമാഇ വ സ്വീത്തൻ ഫിൽമദാഇനി'' ഈ ലോകത്ത് ഒരു മഹാത്മാവായി അറിയപ്പെടണമെന്നും ആലിംകളുടെ ഇടയിൽ താനൊരു ചർച്ചാവിഷയമാകണമെന്നും അയാൾ ആഗ്രഹിച്ചു.

''അമറനീ റബ്ബീ അൻ അദഅ അമലഹു യുജാവിസ്നീ ഇലാ ഗയ്രി വ കുല്ലു അമലിൻ ലം യകുനില്ലാഹിത്തആലാ ഖാലിസ്വൻ ഫഹുവരിയാഉൻ'' അല്ലാഹുവിനുവേണ്ടി പ്രത്യേകപ്പെടുത്തിയിട്ടില്ലാത്തതും, ലോകമാന്യത കലർന്നിട്ടുള്ളതുമായ ആ കർമങ്ങൾ അല്ലാഹുവിന്റെ സന്നിധിയിൽ സ്വീകരിക്കപ്പെടുകയില്ല. അങ്ങനെയുള്ള കർമങ്ങൾ മുന്നോട്ടുകൊണ്ടുപോകാനനുവദിക്കരുതെന്ന് ഞാൻ കല്പിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ തിരിച്ചുചെന്ന് ഈ കർമങ്ങൾ ഇതിന്റെ ഉടമസ്ഥന്റെ മുഖത്തെറിയുക.

നബീകരീം (സ) പറഞ്ഞു. വേറെ ചില മലക്കുകൾ പിന്നൊരാളുടെ കർമങ്ങളുമായി ആകാശങ്ങളിലേയ്ക്കുയർന്നു. ഏഴ് ആകാശങ്ങളുടേയും കാവൽക്കാരായ മലക്കുകൾ അവരെ പോകാനനുവദിച്ചു. ആ കർമങ്ങളോട് മലക്കുകൾക്ക് അവമതിപ്പൊന്നുമുണ്ടായിരുന്നില്ല. ആ കർമങ്ങളിൽ സക്കാത്തും നോമ്പും നമസ്കാരവും ഹജ്ജും ഉംറയും സൽസ്വഭാവവും ദൈവ



Scanned by CamScanner

സ്മരണയുമുണ്ടായിരുന്നു. അവ അല്ലാഹുവിന്റെ തിരുമുമ്പിൽ സമർപ്പിക്കാനായി മലക്കുകൾ മുന്നോട്ടു നീങ്ങി. ആകാശങ്ങളിലെ മലക്കുകളും അവരോടൊപ്പം ചേർന്നു. കവാടങ്ങളെല്ലാം പിന്നിട്ട് അവർ, അല്ലാഹുവിന്റെ തിരുസന്നിധിയിലെത്തി. ആ മലക്കുകൾ അല്ലാഹുവിന്റെ സവിധത്തിൽ ഇപ്രകാരം ബോധിപ്പിച്ചു. ''ഞങ്ങളുടെ നാഥാ, നിന്റെ ഈ ദാസൻ എപ്പോഴും നിന്റെ ആരാധനയിൽ മുഴുകിയിരിക്കുന്നു. അദ്ദേഹം വലിയ സൽക്കർമിയാണ്. തന്റെ വിലപ്പെട്ട സമയം മുഴുവനും നിന്റെ അനുസരണത്തിൽ ചെലവഴിക്കുന്നു. അദ്ദേഹം വളരെ ആത്മാർഥതയുള്ള ദാസനാണ്. അദ്ദേഹത്തിൽ ന്യൂനതകളൊന്നും തന്നെയില്ല.'' ചുരുക്കിപ്പറഞ്ഞാൽ, അവർ അദ്ദേഹത്തെ മുക്തകണ്ഠം പ്രശംസിച്ചു. അല്ലാഹു പറഞ്ഞു: ''കർമങ്ങളെഴുതി ഭദ്രമായി സൂക്ഷിക്കുന്നതിനുവേണ്ടിയാണ് ഞാൻ നിങ്ങളെ നിയോഗിച്ചിട്ടുള്ളത്. മനുഷ്യന്റെ പ്രത്യക്ഷമായ കാര്യങ്ങൾ കാണുകയും അവ നിങ്ങൾ എഴുതിവയ്ക്കുകയും ചെയ്യുന്നു. 'വ അനർ റഖീബു അലാ ഖൽബിഹീ' ഞാനവന്റെ ഹൃദയത്തെ കാണുന്നു. 'ഇന്നഹു ലം യറവ്നീ ബിഹാദൽഅമലി' ഈ കർമങ്ങൾകൊണ്ട് അവൻ എന്റെ തൃപ്തിയല്ല കാംക്ഷിച്ചത്. യഥാർഥത്തിൽ അയാളുടെ ഉദ്ദേശ്യവും ലക്ഷ്യവും മറ്റൊന്നായിരുന്നു. 'അറാദബിഹീ ഗയ്രീ' എനിക്കു പുറമെ മാറ്റാരെയോ സംതൃപ്തനാക്കാൻ അയാൾ ആഗ്രഹിച്ചു. 'ഫഅലയ്ഹി ലഅ്നത്തീ' അയാളുടെമേൽ എന്റെ ശാപമുണ്ട്.'' അപ്പോൾ എല്ലാ മലക്കുകളും വിളിച്ചു പറയും. 'ഞങ്ങളുടെ നാഥാ, അയാളുടെ മേൽ നിന്റെയും ഞങ്ങളുടെയും ശാപമുണ്ടാവട്ടെ.' അയാളുടെമേൽ ഏഴാകാശങ്ങളും അതിലുള്ള മുഴുവൻ സൃഷ്ടിജാലങ്ങളും ശാപം ചൊരിയാൻ തുടങ്ങും.

ഹസ്റത്ത് മുആദ് (റ) നബി (സ) യുടെ ഈ വസിയ്യത്ത് കേട്ടപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം വിറകൊണ്ടു. അദ്ദേഹം ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ഞങ്ങളുടെ കർമങ്ങളുടെ അവസ്ഥ ഇതാണെങ്കിൽ, എനിക്ക് എങ്ങനെയാണ് മോക്ഷം ലഭിക്കുക. അവിടന്ന് പറഞ്ഞു: 'ഇഖ്തദിബീ' നീ എന്റെ സുന്നത്തനുസരിച്ച് പ്രവർത്തിക്കുക. അല്ലാഹുവിന്റെ ദാസൻ



Scanned by CamScanner

എത്ര നല്ല പ്രവൃത്തി ചെയ്താലും അതിൽ ചില വീഴ്ചകൾ ഉണ്ടാകുമെന്ന് വിശ്വസിക്കുക. തൻമൂലം നീ നിന്റെ കർമ്മങ്ങളിൽ ഊററം കൊള്ളരുത്. രക്ഷിതാവായ അല്ലാഹ തന്റെ ദാസന്റെ പ്രവൃത്തികളിലുള്ള ന്യൂനതകളെ മാപ്പു ചെയ്യുന്നവനാണെന്ന് ഉറച്ച വിശ്വസിക്കുകയാണ് വേണ്ടത്. 'വ ഹാഫിള് അലാ ലിസാനിക്ക' നിന്റെ നാവിനെ നീ നിയന്ത്രിക്കുക. ആരേയും അതുമുഖേന വിഷമിപ്പിക്കരുത്. തെററായ കാര്യങ്ങൾ നിന്റെ നാവിലൂടെ പുറത്തു വരരുത്. നീ സ്വയം മററുള്ളവരെക്കാൾ ഭക്തനും സാത്വികനുമാണെന്ന് മനസ്സിലാക്കാതിരിക്കുക. നിന്റെ മേന്മയെ നീ വിളംബരം ചെയ്യരുത്. 'വലാ തുദ്ഖിൽ അമലദ്ദുൻയാ ബിഅമലിൽ ആഖിറത്തി' അല്ലാഹുവിന്റെ പ്രീതിയാർജിക്കുന്നതിനും പരലോകജീവിതം ഗുണകരമാകുന്നതിനുമായി നീ ചെയ്യുന്ന പ്രവൃത്തികളിൽ ലൗകിക സുഖം കൂട്ടിക്കലർത്താതിരിക്കുക. ജനങ്ങളിൽ കുഴപ്പവും ലഹളയും ഉണ്ടാക്കുന്നതിനും അവരെ ഭിന്നിപ്പിക്കുന്നതിനും ശ്രമിക്കരുത്. അങ്ങനെ നീ ചെയ്താൽ പുനരുത്ഥാന നാളിൽ നരകത്തിലെ നായ നിന്നെ കടിച്ചുകീറുന്നതാണ്. ജനങ്ങളുടെ മുന്നിൽ അവരെ കാണിക്കാനായി നീ ഒന്നും പ്രവർത്തിക്കാതിരിക്കുക.''

(റൂഹുൽബയാൻ വാള്യം 1 പേജ്. 76, 77)

ഈ പറഞ്ഞ കാര്യങ്ങളെല്ലാം 'ഇഖ്തദബ്ബി' എന്നതിന്റെ വിശദീകരണവും വ്യാഖ്യാനവുമാകുന്നു. ചുരുക്കമിതാണ്: ഭൗതികമായ സുഖലോലുപതയിൽ നിന്നെല്ലാം പൂർണ്ണമായും വിട്ടകന്ന് വിനയാന്വിതനായി തന്റെ നാഥന്റെ തിരുസന്നിധിയെ പരമലക്ഷ്യമാക്കി, മനുഷ്യകുലത്തിനു കാരുണ്യവും അനുഗ്രഹവുമായ നബി (സ) ജീവിച്ചു കാണിച്ചതുപോലെ നാം ജീവിതം നയിക്കാൻ പ്രയത്നിക്കുകയാണെങ്കിൽ, അതായത് നാം അല്ലാഹുവിനോടുള്ള കടപ്പാട് നിറവേററാൻ ശ്രമിക്കുന്നതോടൊപ്പം അവന്റെ ദാസരോടുള്ള കടപ്പാടും നിറവേററാൻ ശ്രമിക്കുകയും മനുഷ്യകുലത്തോട് കരുണയും കൃപയുമുള്ളവരായിരിക്കുകയും അവർക്ക് സേവനം ചെയ്യുന്നവരായിത്തീരുകയും സ്വന്തം പ്രാർഥനയും പ്രവൃത്തിയുംമൂലം അവരുടെ ദുഃഖം ദൂരീകരിക്കുന്നവരാവുകയും അവർ നമുക്ക്



Scanned by CamScanner

നമ്മുടെ സ്വന്തം സഹോദരന്മാരേക്കാളധികം പ്രിയങ്കരരും നാം അവർക്ക് നമ്മുടെ സഹോദരന്മാരേക്കാളുപരി ഉപകാരം ചെയ്യുന്നവരുമായിത്തീരുകയുമാണെങ്കിൽ അല്ലാഹ്ഹ തന്റെ മഹത്തായ അനുഗ്രഹംമുഖേന നമ്മെ അവന്റെ മടിത്തട്ടിൽ എടുത്തിരുത്തുന്നതാണ്. കാരണം അവന്റെ അനുഗ്രഹം മുഖേനയല്ലാതെ നമുക്ക് മോക്ഷം കരസ്ഥമാക്കാനാവുകയില്ല. നബി (സ) തിരുമേനിയേക്കാളധികം പ്രിയങ്കരനായി അല്ലാഹ്ഹവിന് മററാരുണ്ടാകാനാണ്?

ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. സഹാബിമാർ നബി (സ) തിരുമേനിയോട് ചോദിച്ചു: 'അങ്ങേയ്ക്കും അങ്ങയുടെ പ്രവർത്തനഫലമായിട്ടാണോ അതല്ല അല്ലാഹുവിന്റെ ഔദാര്യം മുഖേനയാണോ മോക്ഷം ലഭിക്കുക.' അവിടന്ന് പറഞ്ഞു: 'എനിക്കും എന്റെ പ്രവർത്തനഫലമായിട്ടല്ല, അല്ലാഹ്ഹവിന്റെ ഔദാര്യം മുഖേന മാത്രമാണ് മോക്ഷം ലഭ്യമാകുന്നത്.' (ബുഖാരീ കിതാബുൽ മർളാ)

നാം നമ്മുടെ കർമങ്ങളെല്ലാം നബി (സ) തിരുമേനിയുടെ തിരുസുന്നത്തനുസരിച്ച് അനുഷ്ഠിക്കാത്തിടത്തോളം, അങ്ങയെ അനുസരിക്കാത്തിടത്തോളം നമുക്ക് സമാധാനവും സംതൃപ്തിയും ഉണ്ടാകുക അസാധ്യമാണ്. നബി (സ) തിരുമേനിയുടെ സുന്നത്തനുസരിച്ച് നാം ജീവിക്കുന്നുണ്ടോ ഇല്ലയോ എന്ന് അല്ലാഹുവിന് മാത്രമേ അറിയൂ. അതുകൊണ്ട് അന്ത്യശ്വാസം വരെ അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ടിരിക്കുക: അല്ലാഹ്ഹവേ, ഞങ്ങളെന്തെങ്കിലും പ്രവർത്തിച്ചോ ഇല്ലയോ എന്ന കാര്യം ഞങ്ങൾക്കറിയില്ല. ഞങ്ങൾ എല്ലാം ചെയ്താൽ തന്നെയും അപ്പോഴും ധാരാളം ബലഹീനതകൾ ഞങ്ങളുടെ പ്രവർത്തികളിൽ ഉണ്ടാകുമെന്നും നിന്റെ സന്നിധിയിൽ അത് സ്വീകാര്യ യോഗ്യമാവുകയില്ലെന്നും ഞങ്ങൾക്കറിയാം. അതിനാൽ, ഞങ്ങളുടെ കർമങ്ങൾക്ക് അംഗീകാരം നല്കണമെന്ന് ഞങ്ങൾ പറയുന്നില്ല. മറിച്ച്, നീ നിന്റെ ഔദാര്യം കൊണ്ട് ഞങ്ങളെ സ്വീകരിക്കുകയും നിന്റെ സാമീപ്യത്തിന്റേയും സംതൃപ്തിയുടേയും മാർഗങ്ങൾ ഞങ്ങൾക്കായി തുറന്നു തരുകയും ഈ ലോകത്തും പരലോകത്തും ഞങ്ങളെ നിന്റെ



Scanned by CamScanner

സ്വർഗത്തിൻെറ അവകാശികളാക്കിത്തീർക്കുകയും ചെയ്യുവാനാണ് ഞങ്ങൾ അപേക്ഷിക്കുന്നത്. അല്ലാഹുമ്മ ആമീൻ.''
(അൽഫസ്ൽ 1966 ജനുവരി 9)

ഇനി പരദൂഷണത്തേയും അഹങ്കാരത്തേയും സംബന്ധിച്ച് അല്പം ചില കാര്യങ്ങൾ വിവരിക്കാം. പരദൂഷണത്തെ സംബന്ധിച്ച് അല്ലാഹു പറയുന്നു:

''വിശ്വസിച്ചവരേ, അധിക ഊഹങ്ങളും നിങ്ങൾ ഉപേക്ഷിക്കുവിൻ. നിശ്ചയം, ചില ഊഹങ്ങൾ കുറ്റകരമാണ്. അന്യൻെറ രഹസ്യങ്ങളിലേക്ക് ചുഴിഞ്ഞു നോക്കരുത്. നിങ്ങളിൽ ചിലർ മറ്റു ചിലരെ കുറിച്ച് പരദൂഷണം പറയുകയുമരുത്. മരിച്ചുകിടക്കുന്ന സ്വസഹോദരൻെറ മാംസം ഭക്ഷിക്കുവാൻ നിങ്ങളിലാരെങ്കിലും ഇഷ്ടപ്പെടുമോ? നിങ്ങളത് വെറുക്കുന്നുവല്ലോ. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുവിൻ. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാമയനുമാകുന്നു.'' (വി: ഖുർആൻ 49 : 13)

ഖുദ്സിയായ ഒരു ഹദീസിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: 'പരദൂഷണം എന്താണെന്ന് നിങ്ങൾക്കറിയാമോ? സഹാബത്ത് മറുപടി പറഞ്ഞു: അല്ലാഹുവും അവൻെറ റസൂലും നന്നായി അറിയുന്നു. അവിടന്ന് പറഞ്ഞു: തൻെറ സഹോദരൻെറ അസാന്നിദ്ധ്യത്തിൽ അയാൾ ഇഷ്ടപ്പെടാത്ത കാര്യം പറയുക. ചോദിക്കപ്പെട്ടു: അക്കാര്യം സത്യവും എൻെറ സഹോദരനിൽ ഉള്ളതുമാണെങ്കിലും അത് പരദൂഷണമാകുമോ? അവിടന്ന് പറഞ്ഞു: അവൻെറ അഭാവത്തിൽ നീ പറഞ്ഞ ന്യൂനത അവനിലുണ്ടെങ്കിൽ അതാണ് പരദൂഷണം. നീ പറഞ്ഞ അക്കാര്യം അവനിൽ ഉള്ളതേയല്ലെങ്കിൽ അത് അവൻെറമേൽ കുറ്റംകെട്ടി പറയലായിരിക്കും.'
(ഹദീഖത്തുസ്സ്വാലിഹീൻ പേജ് 357)

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു. ''പരദൂഷണം പറയുന്നവൻ തൻെറ മരിച്ച സഹോദരൻെറ ഇറച്ചി തിന്നുകയാണ് ചെയ്യുന്നതെന്ന് ഖുർആനിൽ പറയുന്നു. സ്ത്രീകളിലാണ് ഈ രോഗം അധികവും കാണുന്നത്. അർധ



Scanned by CamScanner

രാത്രിവരെ ഇരുന്ന് അവർ അന്യരുടെ കുററങ്ങളും കുറവുകളും ചർച്ചചെയ്യും. രാവിലെ എഴുന്നേററ് വീണ്ടും ഇതേ പ്രവർത്തി ആരംഭിക്കുകയായി. ഇതിൽനിന്ന് രക്ഷനേടേണ്ടത് അനിവാര്യമാണ്. സ്ത്രീകളുടെ ഒരു പ്രത്യേക അധ്യായംതന്നെ ഖുർആനിലുണ്ട്. നബി (സ) തിരുമേനി അരുളിയതായി ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു. 'ഞാൻ സ്വർഗത്തിൽ സാധുക്കളെ ധാരാളമായി കണ്ടു. നരകത്തിലാകട്ടെ അധികവും സ്ത്രീകളെയാണ് കണ്ടത്.'

(മൽഫൂസാത്ത് വാള്യം 8 പേജ് 441)

അല്ലാഹുവിൻെറ വെറുപ്പിനും മനുഷ്യൻെറ നാശത്തിനും ഹേതുകമായ രണ്ടു ദുശ്ശീലങ്ങളാണ് പരദൂഷണവും അഹങ്കാരവുമെന്ന് മുകളിൽ ഉദ്ധരിച്ച ഖുദ്സിയായ ഹദീസിൽനിന്ന് നാം മനസ്സിലാക്കിയിട്ടുണ്ടല്ലോ.

'ബറാഹീനെ അഹ്മദിയ്യ' നാലാം ഭാഗം പേജ് 520, 521 ൽ സയ്യിദുനാ ഹസ്റത്ത് മസീഹ് മൗഊദ് (അ) തനിക്കുണ്ടായിട്ടുള്ള ഒരു ഇൽഹാമിനെ സംബന്ധിച്ച് ഇപ്രകാരം പറയുന്നു.

''ഒരു കാലത്ത് ഈ വിനീതൻെറ സഹപാഠിയായിരുന്ന മൗലവി അബൂസഈദ് മുഹമ്മദ് ഹുസയ്ൻ ബട്ടാലവി തൻെറ പഠനം പൂർത്തീകരിച്ച് ബട്ടാലയിൽവന്നു. അദ്ദേഹത്തിൻെറ പുത്തൻ ചിന്താഗതികൾ ബട്ടാലാനിവാസികൾക്ക് ദഹിക്കാതിരുന്നപ്പോൾ അഭിപ്രായ ഭിന്നതയുള്ള പ്രശ്നത്തിൽ ബഹുമാനപ്പെട്ട മൗലവി സാഹിബുമായി വാദപ്രതിവാദം നടത്തുന്നതിന് ഒരു വ്യക്തി ഈ വിനീതനെ നിർബന്ധിക്കുകയുണ്ടായി. അങ്ങനെ ഒരു ദിവസം വൈകുന്നേരം ആ വ്യക്തിയോടൊപ്പം ഞാൻ മൗലവി സാഹിബിൻെറ വീട്ടിൽ പോയി. മൗലവി സാഹിബിനെ അദ്ദേഹത്തിൻെറ പിതാവിനോടൊപ്പം പള്ളിയിൽവച്ച് ഞാൻ കണ്ടു. പിന്നീടുണ്ടായ സംഭവത്തിൻെറ ചുരുക്കമിതാണ്. മൗലവി സാഹിബ് അപ്പോൾ ചെയ്ത പ്രസംഗത്തിൽനിന്നു അദ്ദേഹത്തിൻെറ ചിന്താഗതിയിൽ ആക്ഷേപാർഹമായതോ അധികപററായതോ ആയ ഒന്നുമില്ലെന്ന് മനസ്സിലായി. അതുകൊണ്ട് അല്ലാഹുവിനുവേണ്ടി ആ വാദപ്രതിവാദം ഞാൻ ഉപേക്ഷിച്ചു.



Scanned by CamScanner

ആ വാദപ്രതിവാദം വേണ്ടെന്നുവച്ചതിനെ സംബന്ധിച്ച് സൂചന നല്കിക്കൊണ്ട് ഔദാര്യവാനായ അല്ലാഹു രാത്രിയിൽ എന്നെ അഭിസംബോധനം ചെയ്തുകൊണ്ട് പറഞ്ഞു:

'അല്ലാഹു നിന്റെ ഈ പ്രവർത്തിയിൽ സംതൃപ്തനായിരിക്കുന്നു. അവൻ നിനക്ക് അനുഗ്രഹം നല്കും; എത്രത്തോളമെന്നാൽ, രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽ നിന്ന് അനുഗ്രഹം തേടും.' ഇതിനുശേഷം കുതിരസ്സവാരി ചെയ്യുന്ന രണ്ടു രാജാക്കന്മാരെ ദർശനത്തിൽ ഞാൻ കണ്ടു.

അവിടെവച്ച് അല്ലാഹുവിനും അവന്റെ റസൂലിനും വേണ്ടി സവിശേഷമായ വിനയവും താഴ്മയും ഞാൻ അവലംബിച്ചതു നിമിത്തം എന്റെ പ്രവർത്തിയെ നിഷ്ഫലമാക്കാൻ ഉദാരമതിയായ അല്ലാഹു ആഗ്രഹിച്ചില്ല.''

## ഒന്നാമത്തെ കുററം

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

''പുനരുഥാന നാളിൽ ശിർക്ക് കഴിഞ്ഞാൽ ഏററവും വലിയ വിപത്ത് അഹങ്കാരം ആയിരിക്കും. ഇരുലോകത്തും മനുഷ്യനെ നിന്ദിതനാക്കുന്ന വിപത്താണത്. ഓരോ ഏകദൈവവിശ്വാസിയെയും അല്ലാഹുവിന്റെ കാരുണ്യം പിന്തുണയ്ക്കുന്നു. എന്നാൽ, അഹങ്കാരിയെ പിന്തുണയ്ക്കുന്നില്ല. ഏകദൈവവിശ്വാസിയാണെന്ന് ശയ്ത്താനും വീരവാദം മുഴക്കിയിരുന്നു. പക്ഷേ, അവന്റെ തലയിൽ അഹങ്കാരമുണ്ടായിരുന്നു അല്ലാഹുവിന്റെ പ്രിയപ്പെട്ട ദാസനായ ആദമിനെ നിന്ദിതനായിക്കാണുകയും അധിക്ഷേപിക്കുകയും ചെയ്ത കാരണത്താൽ അവൻ ശിക്ഷിക്കപ്പെടുകയും ശാപവലയം അവന്റെ കഴുത്തിൽ വീഴുകയും ചെയ്തു. അങ്ങനെ എന്നെന്നേക്കുമായി ഒരു വ്യക്തി നശിക്കാനിടയായ ഒന്നാമത്തെ കുററകൃത്യം അഹങ്കാരം തന്നെയായിരുന്നു.'' (ആയിനയെ കമാലാത്തെ ഇസ്ലാം പേജ് 598)
വീണ്ടും പറയുന്നു :

''മനുഷ്യന്റെ പിന്നിൽനിന്ന് വിട്ടുമാറാത്ത അനർഥകാരിയാണ് അഹങ്കാരം. അഹങ്കാരം ശയ്ത്താനിൽ നിന്ന് വരു



Scanned by CamScanner

ന്നവെന്നും അത് അഹങ്കാരിയെ ശയ്ത്താനാക്കി മാറ്റുന്നുവെന്നും അറിഞ്ഞു കൊള്ളുക. മനുഷ്യൻ ആ വഴിയിൽ നിന്നു് പൂർണമായും അകലാത്തിടത്തോളം സത്യം സ്വീകരിക്കാനും അല്ലാഹുവിൻെറ കാരുണ്യം കരസ്ഥമാക്കാനും അവനു ഒരിക്കലും സാധിക്കുകയില്ല. കാരണം, ഈ അഹങ്കാരം അവൻെറ മാർഗത്തിൽ ഒരു തടസ്സമായിത്തീരുന്നു. ചുരുക്കിപ്പറഞ്ഞാൽ, അഹങ്കാരം ലവലേശം ഉണ്ടാകുവാൻ പാടില്ല. പാണ്ഡിത്യത്തിലും സമ്പത്തിലും പ്രൗഢിയിലും വ്യക്തിത്വത്തിലും കുടുംബമഹിമയിലും മാതാവിൻേറയും പിതാവിൻേറയും തറവാട്ടു പാരമ്പര്യത്തിലുമൊന്നും തന്നെ അഹങ്കാരം കൊള്ളരുത്. അധികവും അഹങ്കാരം ഉടലെടുക്കുന്നത് ഇക്കാര്യങ്ങളിൽ നിന്നാണ്. പൊങ്ങച്ചത്തിൽ നിന്നു് മനുഷ്യൻ മോചിതനാകാത്തിടത്തോളം പ്രതാപവാനായ അല്ലാഹുവിൻെറ ദൃഷ്ടിയിൽ പ്രിയങ്കരനും പരിശുദ്ധനുമാകുവാൻ സാധിക്കുകയില്ല. ശാരീരിക ദുരാവേശങ്ങളുടെ പ്രേരക ശക്തിയെ കത്തിച്ചുകളയുന്ന ദിവ്യമായ ജ്ഞാനദീപ്തി അവനു ലഭ്യമാവുകയുമില്ല. കാരണം ഈ പൊങ്ങച്ചം ശയ്ത്താൻെറ അംശമാകുന്നു. ആദമിനെക്കാറം താൻ വലിയവനാണെന്നു് മനസ്സിലാക്കുകയും ''അന ഖയ്റുമ്മിൻഹു ഖലക്ത്തനീ മിൻനാറിൻ വ്വ ഖലക്ത്തഹു മിൻത്വീനിൻ''— അവനെക്കാറം ഉത്തമനാണു ഞാൻ. നീ എന്നെ തീയിൽനിന്നു് സൃഷ്ടിച്ചു; അവനെ കളിമണ്ണിൽ നിന്നു സൃഷ്ടിച്ചു— എന്നു പറയുകയും ചെയ്യുവനാണ് ശയ്ത്താൻ. (പ്രഭാഷണങ്ങറം പേജ് 9)

''അഹങ്കാരവും ദ്രോഹപ്രവൃത്തിയും നിന്ദാർഹമാണ്. അത് ഒരണുവോളമായാൽപോലും സുദീർഘകാലത്തെ സൽകർമങ്ങളെ നിഷ്ഫലമാക്കുന്നു. പർവതത്തിൽ താമസമാക്കിയിരുന്ന ഒരു ഭക്തൻെറ സംഭവം ചരിത്രത്തിൽ വന്നിരിക്കുന്നു. കുറേക്കാലം മഴ പെയ്യാതിരുന്ന ആ പ്രദേശത്ത് ഒരു ദിവസം പാറക്കെട്ടുകളുടേയും കല്ലുകളുടേയും മേൽമാത്രം മഴ വർഷിച്ചതിൽ പരിഭവം തോന്നിയ പ്രസ്തുത ഭക്തൻ അല്ലാഹുവിനെ ആക്ഷേപിക്കുകയുണ്ടായി. യഥാർഥത്തിൽ വയലുകളിലും തോട്ടങ്ങളിലുമായിരുന്നുവല്ലോ ഈ മഴ പെയ്യേണ്ടിയിരുന്നത്? എന്നിട്ട് എന്തുകൊണ്ടാണ് പാറക്കെട്ടുകളിൽമാത്രം



Scanned by CamScanner

മഴ വർഷിച്ചത് ? ഇത് വയലുകളിൽ വർഷിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു ? ഇതായിരുന്നു ആ ഭക്തന്റെ ആക്ഷേപം. എന്നാൽ, ഇക്കാരണത്താൽ അല്ലാഹു ആ ഭക്തന്റെ വിലായത്തിനെതന്നെ എടുത്തുകളഞ്ഞു. അദ്ദേഹമാകട്ടെ ആകെ സ്വാസ്ഥത നശിച്ചവനായി, അദ്ദേഹം മറ്റൊരു പുണ്യവാന്റെ ശുപാർശ തേടിയെങ്കിലും, പറയപ്പെട്ടു: നീ ആക്ഷേപമുന്നയിച്ച കാരണംകൊണ്ടാണ് നിനക്ക് വിനാശമുണ്ടായത്.''

(മൽഫൂസാത്ത് വാള്യം 6 പേജ് 57)

വീണ്ടും പറയുന്നു:

→ ''അഹങ്കാരം ഉപേക്ഷിക്കുവാൻ ഞാനെന്റെ ജമാഅത്തിനെ ഉപദേശിച്ചുകൊള്ളുന്നു. ഗർവ് പ്രതാപവാനായ നമ്മുടെ അല്ലാഹുവിന്റെ ദൃഷ്ടിയിൽ അങ്ങേയററം അനിഷ്ടകരമായിട്ടുള്ളതത്രെ. എന്നാൽ, ഗർവ് എന്താണെന്ന് നിങ്ങൾ പക്ഷേ, പൂർണമായും മനസ്സിലാക്കിയിട്ടില്ലായിരിക്കാം. അതുകൊണ്ട് എന്നിൽനിന്നു' അതറിഞ്ഞുകൊള്ളുക. എന്തെന്നാൽ ഞാൻ അല്ലാഹുവിന്റെ പരിശുദ്ധാത്മാവു മുഖേനയാണ് സംസാരിക്കുന്നത്. തന്റെ സഹോദരനെക്കാൾ കൂടുതൽ പണ്ഡിതനും ബുദ്ധിമാനും സമർഥനുമാണെന്ന് കരുതിക്കൊണ്ട് അവനെ താഴ്ത്തിക്കാണുന്നവൻ അഹങ്കാരിയാകുന്നു. ബുദ്ധിയുടേയും ജ്ഞാനത്തിന്റേയും ഉറവിടം അല്ലാഹുവാണെന്ന് കരുതുന്നതിനുപകരം താൻതന്നെ എന്തോ ആണെന്നാണ് അയാൾ കരുതുന്നത്. അയാളെ മാനസികമായി നിലതെററിയവനാക്കുകയും താൻ താഴ്ന്നവനായിക്കരുതിയ തന്റെ സഹോദരന് ഏറെ ഉയർന്ന ബുദ്ധിയും ജ്ഞാനവും സാമർഥ്യവും നല്കുകയും ചെയ്യുവാൻ അല്ലാഹു കഴിവുള്ളവനല്ലേ? ഇപ്രകാരം ഏതെങ്കിലും സമ്പത്തിന്റേയോ ഉത്തുംഗസ്ഥാനത്തിന്റേയോ പേരിൽ തന്റെ സഹോദരനെ ഇകഴ്ത്തിക്കാണുന്നവനും ഗർവിഷ്ഠനാകുന്നു. കാരണം ഈ സ്ഥാനമാനങ്ങളെല്ലാം അല്ലാഹുവാണ് തനിക്ക് നല്കിയതെന്ന യാഥാർഥ്യത്തെ അയാൾ വിസ്മരിച്ചുകളഞ്ഞു. താൻ നൊടിയിടകൊണ്ട് നീചരിൽ നീചനായിത്തീർന്നേക്കുമാറ് തനിക്ക് ദുർഭാഗ്യം വരുത്തിവയ്ക്കുവാനും താൻ ചെറിയവനായിക്കരുതുന്ന തന്റെ



Scanned by CamScanner

സഹോദരന് ധാരാളം സമ്പത്തും ഐശ്വര്യവും നല്കുവാനും അല്ലാഹുവിന് ശക്തിയുണ്ടെന്ന വസ്തുത മനസ്സിലാക്കാത്തവനും അന്ധനുമാണവൻ. ശരീരാരോഗ്യത്തിലോ സൗന്ദര്യത്തിലോ ആകാരസൗഷ്ഠവത്തിലോ ഉള്ളൂക്കിലോ താൻ കേമനാണെന്നു കരുതിക്കൊണ്ട് സ്വസഹോദരനെ നിന്ദിച്ചു പറയുകയും പരിഹസിക്കുകയും അവനാമങ്ങൾ വിളിച്ച് അപഹാസ്യനാക്കുകയും ചെയ്യുന്നവനും അഹങ്കാരിയാകുന്നു. തന്റെമേൽ ക്ഷണനേരംകൊണ്ട് വൈകല്യങ്ങൾ ഉണ്ടാക്കുകയും താൻ നിന്ദിതനായിക്കരുതിയ തന്റെ സഹോദരനെക്കാൾ നിന്ദ്യത തനിക്ക് വരുത്തിവയ്ക്കുകയും താൻ ഇകഴ്ത്തിക്കണ്ട സഹോദരന് കുറഞ്ഞുപോകാത്തതും നിഷ്ഫലമാകാത്തതുമായ സമ്പൽശക്തി ഒരു ദീർഘകാലംവരെ നല്കുകയും ചെയ്യാൻ കഴിവുള്ളവനായ അല്ലാഹുവിന്റെ ഉണ്മയെക്കുറിച്ച് അറിവില്ലാത്തവനും അഹങ്കാരിയത്രെ. കാരണം, അവൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നവനാണ്. സ്വന്തം ശക്തിയിൽ ആശ്രയമർപ്പിച്ചുകൊണ്ട് ദുആ ചെയ്യുന്നതിൽ അലസത കാണിക്കുന്നവനും അഹങ്കാരിതന്നെ. എന്തുകൊണ്ടെന്നാൽ അയാൾ ശക്തിപ്രഭാവത്തിന്റേയും മഹത്വത്തിന്റേയും ഉറവിടത്തെ തിരിച്ചറിഞ്ഞില്ല. താൻതന്നെ ചിലതൊക്കെയാണെന്ന് അയാൾ മനസ്സിലാക്കി.

അല്ലയോ എന്റെ പ്രിയപ്പെട്ടവരേ, ഈ കാര്യങ്ങളെല്ലാം ഓർമവച്ചുകൊള്ളുക. ഏതെങ്കിലും വശത്തൂടെ അല്ലാഹുവിന്റെ ദൃഷ്ടിയിൽ, നിങ്ങളറിയാതെ അഹങ്കാരികളായിത്തീരാനിടവരാതിരിക്കട്ടെ. തന്റെ ഒരു സഹോദരന്റെ തെറ്റായ വാക്കിനെ ഗർവോടെ തിരുത്തുന്നവനും അഹങ്കാരത്തിന്റെ അംശമുള്ളവനാണ്. തന്റെ സഹോദരന്റെ സംസാരത്തെ മര്യാദയോടെ കേൾക്കാനാഗ്രഹിക്കാതെ മുഖം തിരിക്കുന്നവനും അഹങ്കാരത്തിൽ പങ്കുകാരനാണ്. തന്റെ അടുത്തിരിക്കുന്ന സാധു സഹോദരനെ അവഗണിക്കുന്നവനും അഹങ്കാരത്തിൽ ഭാഗഭാക്കാണ്. ദുആ ചെയ്യുന്നവനെ പരിഹാസച്ചിരിയോടെ നോക്കുകയും ദൈവനിയുക്തനായ വരിഷ്ഠാത്മാവിനെയും റസൂലിനെയും പൂർണമായും അനുസരിക്കാൻ സന്നദ്ധമാവാതിരിക്കുകയും ദൈവ നിയോഗിതന്റെയും റസൂലിന്റെയും വാക്കുകളെ സശ്രദ്ധം കേൾക്കാതിരിക്കുകയും അവരുടെ



Scanned by CamScanner

ലിഖിതങ്ങളെ മനസ്സിരുത്തി വായിക്കാതിരിക്കുകയും ചെയ്യുന്നവനും അഹങ്കാരത്തിൽ നിലകൊള്ളുന്നവനാണ്. നിങ്ങൾ നാശമടയാതിരിക്കുകയും നിങ്ങളുടെ ബന്ധുമിത്രാദികളോടൊപ്പം മോക്ഷപ്രാപ്തിക്കർഹരായിത്തീരുകയും ചെയ്യുന്നതിന് അഹങ്കാരത്തിന്റെ കണികപോലും നിങ്ങളിലുണ്ടാവാതിരിക്കാൻ പരിശ്രമിക്കുവിൻ. അല്ലാഹുവിലേക്ക് മുഖം തിരിക്കുക. ഈ ലോകത്തെ നിങ്ങളുടെ സ്നേഹവസ്തുക്കളിലെല്ലാത്തിനേക്കാളുമധികം സ്നേഹം നിങ്ങൾ അവനോടു കാണിക്കുക. ഈ ലോകത്ത് ഭയപ്പെടാവുന്നതിൽവച്ച് ഏററവുമധികം അവനെ നിങ്ങൾ ഭയപ്പെടുവിൻ. നിങ്ങളുടെമേൽ കരുണ ചൊരിയുന്നതിനുവേണ്ടി നിങ്ങൾ ഹൃദയശുദ്ധിയും ഉദ്ദേശശുദ്ധിയും ഉള്ളവരായിത്തീരുകയും ലളിതവും സൂദരിദ്രവും നിരുപദ്രവകരവുമായ ജീവിതം നയിക്കുകയും ചെയ്യുക.

(നസൂലുൽ മസീഹ് പേജ് 24, 25)

''മനുഷ്യൻ വലിയ വലിയ തിന്മകൾ നിഷ്പ്രയാസം ഉപേക്ഷിക്കുന്നതായി കാണാം. എന്നാൽ, അവനുതന്നെ അറിയാൻ കഴിയാത്തതും മറഞ്ഞിരിക്കുന്നതുമായ ചില തിന്മകളുണ്ട്. ഇനി തിരിച്ചറിയാൻ കഴിഞ്ഞെങ്കിൽതന്നെ അത് വർജിക്കുക അതിനെക്കാൾ ദുഷ്കരമാണ്. ഉദാഹരണത്തിന് പെട്ടെന്ന് മനസ്സിലാക്കാനും ക്ഷണത്തിൽ ചികിത്സിച്ച് ഭേദമാക്കാനും സാധിക്കുന്ന രോഗമാണ് ശീതജ്വരം. എന്നാൽ, ശരീരത്തിന്റെ അന്തർഭാഗത്ത് നാശമുണ്ടാക്കുന്ന ക്ഷയജ്വരത്തിനുള്ള ചികിത്സയാകട്ടെ വളരെ പ്രയാസകരമാണ്........ പരസ്പരമുള്ള കൂടിച്ചേരലുകളിൽ നിന്നും ഇടപാടുകളിൽനിന്നുമാണ് ഈ സ്വഭാവദൂഷ്യങ്ങൾ ഉണ്ടാകുന്നത്. ചെറിയ ചെറിയ കാര്യത്തിലുള്ള അഭിപ്രായ ഭിന്നത നിമിത്തം ഹൃദയത്തിൽ വെറുപ്പ് വിദ്വേഷം അസൂയ ലോകമാന്യത അഹങ്കാരം എന്നിവ ഉടലെടുക്കുകയും തന്റെ സഹോദരനെ താഴ്ന്നവനായി മനസ്സിലാക്കുകയും ചെയ്യുന്നു അല്ലെങ്കിൽ അല്പനാളത്തെ ചിട്ടയോടെയുള്ള നമസ്കാരം കണ്ട് ആളുകൾ പ്രശംസിക്കാനാരംഭിക്കുമ്പോൾ ലോകമാന്യതയും പൊങ്ങച്ചവും അഹംഭാവവും ഗർവും ഉണ്ടായിത്തീരുകയും ആത്മാർഥത എന്ന തനതായ ലക്ഷ്യം ഇല്ലാതാവുകയും ചെയ്യുന്നു. പ്രതാപവാനായ അല്ലാഹു അവന് സമ്പത്തും ജ്ഞാനവും നല്കുകയോ കുടുംബപരമായ



Scanned by CamScanner

ഏതെങ്കിലും മേന്മയും ബഹുമതിയും അവന് ലഭിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതില്ലാത്ത സഹോദരനെ അവൻ താഴ്ന്നവനായി മനസ്സിലാക്കുന്നു. തൻെറ ഏതെങ്കിലും സഹോദരനോട് അവന് പകയോ വിദ്വേഷമോ ഉണ്ടായാൽ പ്രസ്തുത സഹോദരൻെറ ന്യൂനതകളിൽ അവൻ തൽപരനാവുകയും പിന്നെ രാവും പകലും അയാളുടെ കുററവും കുറവും പറഞ്ഞു നടക്കുകയും ചെയ്യുന്നു. അല്ലെങ്കിൽ ഏതെങ്കിലും വ്യക്തിയുടെ പ്രീതിയാർജിക്കുന്നതിനും അദ്ദേഹത്തിൻെറ സ്നേഹിതനെ പുറന്തള്ളി ആ സ്ഥാനം നേടിയെടുക്കുന്നതിനുമായി, ആ സ്നേഹിതൻെറ ന്യൂനതകൾ— പറയുന്ന ആളിൽ ആ ന്യൂനതകൾ ഉണ്ടായിരുന്നിട്ടുകൂടി— അദ്ദേഹത്തിൻെറ മുമ്പാകെ വിവരിക്കുന്നു. അതിസൂക്ഷ്മമാണ് ഈ തിന്മ. ഇതിനെ ഉപേക്ഷിക്കുക പ്രയാസമത്രെ.

അപ്രകാരംതന്നെയാണ് അഹങ്കാരവും. അത് വിവിധ വർണങ്ങളിലാണുണ്ടാകുന്നത്. ആലിംകൾ ഇൽമിൻെറ വർണത്തിൽ അഹങ്കാരത്തെ പ്രകടമാക്കുന്നു. വൈജ്ഞാനികരംഗത്ത് ഇതര പണ്ഡിതനെ വിമർശിച്ചുകൊണ്ട് അയാളെ ക്ഷതപ്പെടുത്തുകയും അയാളെ നിന്ദിക്കാനും ജനദൃഷ്ടിയിൽ തരംതാഴ്ത്താനും ആഗ്രഹിക്കുകയും രാപ്പകൽ അയാളുടെ ന്യൂനതകൾ പ്രചരിപ്പിക്കുന്നതിൽ മുഴുകുകയും ചെയ്യുന്നു. ഇത്തരം ഒളിഞ്ഞുകിടക്കുന്ന ദോഷങ്ങൾ അകററുക വളരെയേറെ വിഷമമാണ്. എങ്കിലും, ഈ കാര്യങ്ങൾ ചെയ്യാൻ ശരീഅത്ത് അനുവാദം നല്കുന്നില്ല. സാധാരണക്കാർ മാത്രമല്ല, അറിവാളന്മാരും വലിയ വലിയ ദോഷങ്ങൾ ചെയ്യാത്തവരും ഈ തിന്മകളിലകപ്പെടുന്നുണ്ട്. മഹാപണ്ഡിതൻമാരും മഹോന്നത സ്ഥാനികളെന്നു കരുതപ്പെടുന്നവരുമായ വ്യക്തികൾപോലും ഈ തിന്മകളിൽനിന്നു മോചിതരാകുന്നില്ല. ഇതിൽനിന്നുള്ള മോചനം മരണതുല്യമാണ്. ഈ ദോഷങ്ങളുടെ അന്ധകാരത്തിൽനിന്ന് മോചനം നേടാതെ മനസ്സിൻെറ ശുദ്ധീകരണം പരിപൂർണമാകുന്നില്ല. ആത്മശുദ്ധീകരണത്തിനുശേഷം ലഭ്യമാകുന്ന അല്ലാഹുവിൻെറ അനുഗ്രഹങ്ങളുടേയും പൂർണതകളുടേയും അവകാശിയാകാനും മനുഷ്യന് സാധിക്കുന്നില്ല.



Scanned by CamScanner

ഈ വിധത്തിലുള്ള സ്വഭാവദൂഷ്യങ്ങളിൽ നിന്നെല്ലാം മോചനം നേടിയെന്ന ധരിക്കുന്ന ചിലരുണ്ട്. പക്ഷേ, ഏതെങ്കിലുമൊരാളുമായി ഏറ്റുമുട്ടുന്ന ഘട്ടം വരുമ്പോൾ അയാൾ കുപിതനാവുകയും അയാളുടെ കോപവും അഹങ്കാരവും അയാൾക്ക് നിയന്ത്രിക്കാനാവാതിരിക്കുകയും തുടർന്ന പ്രതീക്ഷിക്കാനാവാത്ത വിധത്തിലുള്ള അസഭ്യങ്ങൾ അയാളിൽ നിന്നു പുറത്തുവരുകയും ചെയ്യുകയായി. യഥാർഥത്തിൽ അയാൾ മോചിതനായിട്ടില്ലെന്നും ഒന്നുംതന്നെ അയാൾ സമ്പാദിച്ചിട്ടില്ലെന്നും പരിപൂർണതയുടെ യഥാർഥാടയാളമായതും സാലിഹുകൾക്ക് ലഭ്യമാകുന്നതുമായ പരിശുദ്ധ ജീവിതം അയാൾക്ക് കരഗതമായിട്ടില്ലെന്നും അപ്പോഴാണ് വെളിവാകുന്നത്. ഇതിൽനിന്ന് സ്വഭാവപരമായ പരിശുദ്ധി കൈവരിക്കാൻ വളരെ പ്രയാസമുണ്ടെന്നും പ്രതാപവാനായ അല്ലാഹുവിന്റെ ഔദാര്യം കൂടാതെ അതു ലഭിക്കുക സാധ്യമല്ലെന്നും മനസ്സിലാകുന്നു. ഈ അനുഗ്രഹത്തെ ആർജിക്കുന്നതിന് മൂന്ന് വശങ്ങളുണ്ട്. ഒന്നാമത്തേത് മുജാഹദയും തദ്ബീറും (അങ്ങേയറ്റത്തെ പ്രയത്നവും യുക്തിബോധവും) രണ്ട്, ദുആ (പ്രാർഥന) മൂന്ന്, സത്യാത്മാക്കളുമായുള്ള സഹവാസം.''

(പ്രഭാഷണങ്ങൾ പേജ് 17, 18)

''അഹങ്കാരം പല രീതിയിലുണ്ട്. ചിലപ്പോൾ അത് കണ്ണിലൂടെ നിർഗമിക്കുന്നു. ഒരാളെ തുറിച്ചുനോക്കുമ്പോൾ അതിനർഥം അയാളെ നിസ്സാരനായും തന്നെ ഉന്നതനായും കരുതുന്നുവെന്നാണ്. ചിലപ്പോൾ ആ അഹങ്കാരം നാവിലൂടെ വെളിയിൽ വരുന്നു. ചിലപ്പോൾ അത് തലയിലൂടെ പ്രകടമാകുന്നു. ചിലപ്പോൾ കൈകാലുകളിലൂടെ അത് വെളിവാകുന്നു. ചുരുക്കത്തിൽ അഹങ്കാരത്തിന് അനവധി ഉറവകളുണ്ട്. സത്യവിശ്വാസി അവയിൽനിന്നെല്ലാം അകന്നിരിക്കേണ്ടതാണ്. അഹങ്കാരത്തിന്റെ ദുർഗന്ധം വമിക്കുന്നതും ഗർവ് പ്രകടമാകുന്നതുമായ ഒരു അവയവവും അവനിലുണ്ടാകരുത്.

സൂഫികൾ പറയുന്നു: മനുഷ്യനിൽ ദുഷ്ട സ്വഭാവങ്ങളുടെ നിരവധി ജിന്നുകളുണ്ട്. അവ ആവിർഭവിക്കാൻ തുട



Scanned by CamScanner

ങ്ങിയാൽ തുടച്ചയായി വന്നുകൊണ്ടിരിക്കുന്നതാണ്. എന്നാൽ, ഏററവും ഒടുവിലായി അഹങ്കാരത്തിൻെറ ജിന്നായിരിക്കും മനുഷ്യഹൃദയത്തിൽ കടിയിരിക്കുക. അല്ലാഹുവിൻെറ ഔദാര്യവും സത്യമായ മുജാഹദയും ദുആകളും മുഖേന മാത്രമേ ആ ജിന്നു് പുറത്തുപോവുകയുള്ളൂ.

തങ്ങൾ വിനയാന്വിതരാണെന്നു് മനസ്സിലാക്കുന്ന ഒട്ടേറെ ആളുകളുണ്ട്. പക്ഷേ, അവരിലും ഏതെങ്കിലും തരത്തിലുള്ള അഹങ്കാരമുണ്ടായിരിക്കും. അതുകൊണ്ടു് അഹങ്കാരത്തിൻെറ അതിസൂക്ഷ്മമായ ചെറുകണികയിൽ നിന്നുപോലും മോചനം നേടേണ്ടതാണ്. ചില സന്ദർഭങ്ങളിൽ ഈ അഹങ്കാരം സമ്പത്തുമൂലമുണ്ടാകുന്നു. സമ്പന്നൻ മററുള്ളവനെ ദരിദ്രനായി മനസ്സിലാക്കുകയും തനിക്കെതിരിൽ ഇവനാരാണെന്നു് ചോദിക്കുകയും ചെയ്യുന്നു........അഹങ്കാരം ചിലപ്പോൾ അറിവ്കൊണ്ടും ഉണ്ടായിത്തീരുന്നു. എന്തെങ്കിലും തെററുപറയുന്നതു കേട്ടാൽ പെട്ടെന്നു് പറയുന്നവൻെറ ന്യൂനത കണ്ടുപിടിക്കുകയും 'ഇവന് ഒരു വാക്കുപോലും ശരിയായി ഉച്ചരിക്കാൻ അറിയുകയില്ലെന്നു് പറഞ്ഞ് ബഹളം കൂട്ടുകയും ചെയ്യുന്നു. ഇപ്രകാരം അഹങ്കാരം വിവിധ തരത്തിലാണുള്ളത്. അത്, മനുഷ്യനെ നന്മയിൽനിന്നു് അകററിക്കളയുകയും പ്രയോജനപ്രദമായ കാര്യങ്ങൾ ചെയ്യുന്നതിനു് തടസ്സമായി ഭവിക്കുകയും ചെയ്യുന്നു. ഇതിൽ നിന്നൊക്കെയും രക്ഷപ്രാപിക്കണം. പക്ഷേ, ഇതിൽ നിന്നെല്ലാമുള്ള മോചനം ഒരു മരണത്തെ ആവശ്യപ്പെടുന്നു. ആ മരണം വരിക്കാത്തിടത്തോളം അല്ലാഹുവിൻെറ അനുഗ്രഹം അവനിൽ ഇറങ്ങുകയോ അല്ലാഹ, അവൻെറ ജാമ്യക്കാരനായിരിക്കുകയോ ചെയ്യുന്നതല്ല.''

(മൽഫൂസാത്ത് വാള്യം 6 പേജ് 401, 403)

## സൃഷ്ടികൾക്ക് അല്ലാഹുവിൻെറ ഒരുപദേശം

''നീ അവർക്ക് രണ്ടാളുകളുടെ സ്ഥിതി ഒരുപമയായി വിവരിച്ചുകൊടുക്കുക അവരിലൊരാൾക്ക് നാം മുന്തിരിയുടെ രണ്ടു തോട്ടങ്ങൾ ഉണ്ടാക്കിക്കൊടുത്തു. ഈ തോപ്പുനത്തോട്ടങ്ങൾ കൊണ്ടു് നാം അവ രണ്ടിനേയും ചുററിവളയുകയും രണ്ടിനുമിടയിൽ ഒരു ധാന്യവയൽ ഉണ്ടാക്കുകയും ചെയ്തു. ആ രണ്ടു തോട്ടങ്ങളും അവയുടെ ഫലം നല്കിക്കൊണ്ടിരുന്നു. അത് അതിനു് ഒരു കുറവും വരുത്തിയിട്ടില്ല. അവ രണ്ടിനുമിടയിലൂടെ



Scanned by CamScanner

നാം ഒരു അരുവി ഒഴുക്കുകയും ചെയ്തു. അങ്ങനെ അവന് ധാരാളം ഫലങ്ങൾ ലഭിക്കുന്നുണ്ടായിരുന്നു. അപ്പോൾ തൻെറ കൂട്ടുകാരനോട് സംസാരിച്ചുകൊണ്ടിരിക്കെ അവൻ പറഞ്ഞു: ഞാൻ നിന്നേക്കാൾ അധികം സമ്പത്തുള്ളവനാണ്; ആൾബലത്തിൽ ഏററം ശക്തനുമാണ്. തൻെറ ആത്മാവിനോട് തന്നെ അക്രമം പ്രവർത്തിച്ചുകൊണ്ടിരിക്കെ അവൻ തൻെറ തോട്ടത്തിൽ പ്രവേശിച്ചു. അവൻ പറഞ്ഞു: ഇത് എപ്പോഴെങ്കിലും നശിച്ചുപോകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. നിശ്ചിത (നാശത്തിൻെറ) സമയം വരുമെന്നും ഞാൻ കരുതുന്നില്ല. ഇനി എൻെറ രക്ഷിതാവിങ്കലേക്ക് തിരിച്ചയക്കപ്പെട്ടാൽ തന്നെയും ഇതിനേക്കാൾ നല്ലൊരു രക്ഷാസങ്കേതം ഞാൻ കണ്ടെത്തുന്നതുമാണ്. അവൻെറ കൂട്ടുകാരൻ അവനോട് സംഭാഷണം നടത്തിക്കൊണ്ടിരിക്കെ അവനോട് പറഞ്ഞു: നിന്നെ മണ്ണിൽനിന്നും പിന്നീട് രേതസ്കണത്തിൽനിന്നും സൃഷ്ടിക്കുകയും എന്നിട്ട് നിന്നെ ഒരുത്തമ പുരുഷനായി രൂപപ്പെടുത്തുകയും ചെയ്തിരിക്കുന്നവനെ നീ നിഷേധിക്കുന്നുവോ? എന്നാൽ അല്ലാഹു മാത്രമാണ് എൻെറ നാഥൻ. എൻെറ നാഥനോടൊപ്പം ഒരാളെയും ഞാൻ പങ്കാളിയാക്കുകയുമില്ല. നിൻെറ തോട്ടത്തിൽ നീ പ്രവേശിച്ചപ്പോൾ 'അല്ലാഹു ഉദ്ദേശിച്ചതാണ്' (സംഭവിക്കുക) എന്നും അല്ലാഹുവിൽനിന്നല്ലാതെ ഒരു ശക്തിയും ലഭിക്കുകയില്ല എന്നും എന്തുകൊണ്ട് നീ പറഞ്ഞില്ല. നിന്നേക്കാൾ സമ്പത്തും സന്തതിയും കുറഞ്ഞവനായി നീ എന്നെ കാണുന്നുണ്ടെങ്കിൽ നിൻെറ തോട്ടത്തേക്കാൾ നല്ലത് എൻെറ നാഥൻ എനിക്ക് തന്നേക്കാം. നിൻെറ തോട്ടത്തിൻ മേൽ ആകാശത്തുനിന്ന് അവൻ ഒരു ഇടിത്തീ അയക്കുകയും, അങ്ങനെ അത് വഴുവഴുപ്പുള്ള തരിശുഭൂമി ആവുകയും ചെയ്തേക്കാം. അല്ലെങ്കിൽ അതിലെ വെള്ളം വററിവരണ്ടുപോയേക്കാം. അപ്പോൾ നിനക്ക് അതിനെ അന്വേഷിക്കാൻ സാധിക്കയില്ല. അങ്ങനെ അവൻെറ ഫലങ്ങൾ നശിപ്പിക്കപ്പെട്ടു. തോട്ടം പന്തലുകളോടെ നിലം പതിച്ചതായിരിക്കെ താൻ അതിൽ ചെലവഴിച്ചതിനെക്കുറിച്ച് സങ്കടപ്പെട്ടുകൊണ്ട് അവൻ തൻെറ രണ്ടു കൈപടങ്ങൾ മലർത്തുകയായി. അവൻ പറയുന്നുണ്ടായിരുന്നു: ഹാ! ഞാൻ എൻെറ നാഥനോട് മററാരേയും പങ്കു ചേർക്കാതിരുന്നെങ്കിൽ എത്ര നന്നായേനെ! അല്ലാ

ഹുവിനു പുറമെ അവനെ സഹായിക്കുവാൻ ഒരു കൂട്ടരുമുണ്ടായിരുന്നില്ല. സ്വയം സഹായിക്കാൻ അവന് കഴിവുണ്ടായിരുന്നതുമില്ല. അത്തരം സന്ദർഭങ്ങളിൽ യഥാർഥ സഹായം അല്ലാഹുവിൻേറതു മാത്രമാണ്. പ്രതിഫലം നല്കുന്നതിൽ ഏററവും ഉത്തമൻ അവനാണ്. പരിണിതഫലം നല്കുന്നതിലും ഏററവും ഉത്തമൻ അവൻതന്നെ.'' (18 : 33 - 45)

മനുഷ്യനെ നൈരാശ്യത്തിൻേറയും പരാജയത്തിൻേറയും നാശത്തിൻേറയും അന്ധകാര നിബിഡമായ അഗാധഗർത്തത്തിലേക്ക് വലിച്ചെറിയുന്ന സാത്താനിക വിചാരങ്ങളും ദുർബോധനങ്ങളും ദുആ ചെയ്യുമ്പോഴാം സ്മൃതിപഥത്തിൽ ഓടിയെത്തുന്നു. ഇതിൽനിന്ന് മോചനം നേടുകയെന്നത് മനുഷ്യൻെറ കഴിവിൽപെട്ടതല്ല. വരിക, ദുആ സ്വീകാര്യതയുടെ രഹസ്യമായി ഭവിക്കുന്ന ദുആയുടെ സൂക്ഷ്മസ്ഥാനത്തെ സംബന്ധിച്ച് നമുക്ക് പര്യാലോചിക്കാം. നാം അല്ലാഹുവിനെ കാണുന്നു, അല്ലെങ്കിൽ കുറഞ്ഞപക്ഷം അല്ലാഹു നമ്മെ കാണുന്നു എന്ന നിലയിൽ നമസ്കരിക്കണമെന്ന് ഹദീസിൽ വന്നിട്ടുണ്ട്. നമ്മിൽ സ്വയം ഒരു മരണാവസ്ഥ ഉണ്ടാകാത്തിടത്തോളം നമുക്ക് അല്ലാഹുവിനെ ദർശിക്കാനാവുകയില്ലെന്നുള്ള കാര്യം ഓർമിക്കുക. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു.

''ദുആ ചെയ്യുന്ന ആരം മരിക്കുന്നതുപോലുള്ള അവസ്ഥ പ്രാപിക്കാത്തിടത്തോളം അല്ലാഹു അയാളുടെ ഒരു ദുആയും സ്വീകരിക്കുന്നതല്ല.'' (മൽഫൂസാത്ത് വാള്യം 9 പേജ് 109)

വരുവിൻ, മരണാവസ്ഥ സംജാതമാക്കുന്നതിനായി നമുക്ക് 'ഫനാ' യുടെ മൈതാനത്തിൽ കാൽവയ്ക്കാം. അങ്ങനെ നമുക്ക് അവിടെ, ആകാശങ്ങളുടേയും ഭൂമിയുടേയും സകല ലോകത്തിൻേറയും നാഥനായ അല്ലാഹുവിൻെറ ആകർഷണ നിർഭരവും സൗന്ദര്യപൂരിതവുമായ മുഖം ദർശിച്ച് എന്നെന്നേക്കുമായി അവൻെറ തിരുസന്നിധിയിൽ സാഷ്ടാംഗം പ്രണമിക്കുന്നവരായിത്തീരാം. പിന്നീട് നമ്മുടെ സകല പ്രവൃത്തികളും അല്ലാഹു സ്വയം ചെയ്തു തരുന്നതാണ്. ഈ മരണാവസ്ഥ



Scanned by CamScanner

സംജാതമാകുവാൻ ചില യാഥാർത്ഥ്യങ്ങൾ നമ്മുടെ ഭാവനയിൽ വരേണ്ടതുണ്ട്. അതായത് ഉപര്യുക്ത ഹദീസ് അനുസരിച്ച് ദുആ ചെയ്യുമ്പോൾ മുഴുലോകത്തിൻേറയും നാഥനായ അല്ലാഹുവിൻെറ രാജകീയ സന്നിധി നമ്മുടെ മുമ്പിൽ കാണുമാറാകണം. അവിടെ അല്ലാഹുവിൻെറ സന്നിധാനത്തിൽ അസംഖ്യം മലക്കുകൾ അണിയണിയായി, സംഘംസംഘമായി നില്ക്കുന്നു. അല്ലാഹുവിൻെറ 'കുൻ' (ഉണ്ടാവുക) എന്ന കല്പന പ്രതീക്ഷിച്ച് അത് നടപ്പിലാക്കാനുള്ള സന്നദ്ധതയോടെ നിലകൊള്ളുകയാണ് അവർ. 'കരയിലും കടലിലുമുള്ളതെല്ലാം അവൻ അറിയുന്നു. അവൻ അറിഞ്ഞുകൊണ്ടല്ലാതെ ഒരിലയും കൊഴിഞ്ഞുപോകുന്നില്ല. ഭൂമിയുടെ അന്ധകാരങ്ങളിലുള്ള ഒരു ധാന്യമണിയോ പച്ചയോ ഉണങ്ങിയതോ ആയ വസ്തുക്കളോ സ്പഷ്ടമായ ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്താതെ ഇല്ല' എന്ന് വിശുദ്ധ ഖുർആനിലെ 6 : 60 ൽ പറഞ്ഞതനുസരിച്ച് നാം അല്ലാഹുവിൻെറ സന്നിധിയിൽ ദുആ ചെയ്യുന്നവെന്ന കാര്യം അല്ലാഹുവിനറിയാം.

പക്ഷേ, ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ തന്നത്താൻ ഒരു മരണംവരെ ചെന്നെത്താത്തിടത്തോളം അല്ലാഹു ആരുടേയും ദുആ സ്വീകരിക്കുകയില്ല. അല്ലാഹുവാകട്ടെ അവൻെറ നിയമം നടപ്പിൽ വരുത്തുന്നവനായും അന്യാശ്രയരഹിതനായും തൻെറ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നു. ഉദാഹരണമായി അവൻെറ 'റഹീമിയ്യത്ത്' എന്ന ഗുണം. ഇത് പരിശ്രമത്തിൻെറ അളവനുസരിച്ച് പ്രതിഫലം നല്കുന്ന ഗുണമാകുന്നു. എന്നാൽ, ഉപാധിയില്ലാതെ നല്കുന്നത് അവൻെറ 'റഹ്മാനിയ്യത്ത്' എന്ന ഗുണമനുസരിച്ചാണ്. ഇതേപോലെ മററു ഗുണങ്ങളനുസരിച്ചുള്ള കല്പനകളും 'കുൻ' എന്നു പറഞ്ഞുകൊണ്ട് അല്ലാഹു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. പക്ഷേ, നമ്മുടെ ഓരോ പ്രവൃത്തിയിലും ഒരു മരണാവസ്ഥ സംജാതമാകാത്തിടത്തോളം അല്ലാഹു നമ്മിലേക്ക് ശ്രദ്ധ ചെലുത്തുകയില്ലെന്നു മാത്രമല്ല- അവൻ തൻെറ നിയമപാലനത്തിൽ നമ്മുടെ ദുആയുടെ സ്ഥിതി അറിഞ്ഞിട്ടുകൂടി പരാശ്രയരഹിതനായിരുന്നുകൊണ്ട്—നമ്മുടെ ദുആകളും നമ്മുടെ കർമങ്ങളും നമ്മുടെ മുഖത്തേക്ക് വലിച്ചെറിയുകയും ചെയ്യുന്നതാണ്.



Scanned by CamScanner

ഹദീസിൻെറ വെളിച്ചത്തിൽ പറയുകയാണെങ്കിൽ മുകളിൽ വിവരിച്ച ദൈവികനിയമപ്രകാരം, നാം രാപ്പകൽ ചെയ്യുന്ന കർമങ്ങളെ സംബന്ധിച്ചിടത്തോളം നമുക്ക് ദൈവ സന്നിധിയിലെത്തിച്ചേരുവാൻ ഏഴാകാശങ്ങളിലൂടെ കടന്നു പോകേണ്ടിവരുന്നതാണ്. നബി (സ) പറയുകയുണ്ടായി: അല്ലാഹുവിൻെറ കാരുണ്യം കൂടാതെ ആ ഏഴാകാശവും കടന്നു പോകാൻ എനിക്കും കഴിയുകയില്ല. ഇതു കേട്ടപ്പോാൾ സഹാബത്ത് വിറച്ചുപോയി.

മുസ്‌ലിഹ് മൗഊദ് ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) സേരെറൂഹാനീ എന്ന ഗ്രന്ഥത്തിൽ പറയുന്നു: ഒരാൾ തൻെറ സുഹൃത്തിനെ കാണാൻ പുറപ്പെടുന്നു. അയാൾ സുഹൃത്തിൻെറ വസതിയ്ക്കു മുമ്പിൽച്ചെന്നു. പക്ഷേ, അവിടെ കാവലിനായി നില്ക്കുന്ന നായ അയാളെ മുന്നോട്ടു പോകാൻ അനുവദിക്കുന്നില്ല. ഓരോ കാൽവയ്പിലും നായ അയാളുടെനേരെ ചീറി അടുക്കുകയാണ്. അവസാനം അയാൾ പൊറുതിമുട്ടി ഭയവിഹ്വലനായി മുറവിളി കൂട്ടുകയും അത്യുച്ചത്തിൽ വിളിച്ചു പറയുകയും ചെയ്യുന്നു: നിങ്ങളുടെ ഈ നായയെ തടഞ്ഞുവെക്കുക. നിങ്ങളുമായി കൂടിക്കാഴ്ച നടത്താൻ ഇതെന്നെ അനുവദിക്കുന്നില്ല. ആ സന്ദർഭത്തിൽ വീട്ടുകാരൻ നായയെ തടഞ്ഞു നിറുത്തുകയും കൂടിക്കാഴ്ച സാധ്യമാവുകയും ചെയ്യുന്നു. അല്ലാതെ തൻെറ കൈയ്യൂക്കിനാൽ കൂട്ടുകാരനെ അഭിമുഖീകരിക്കാൻ അയാൾക്ക് സാധിക്കുന്നില്ല.

ഇതേപോലെ ശയ്ത്താനിൽനിന്നു രക്ഷപ്രാപിക്കുന്നതിന് ദുആ ചെയ്യുമ്പോൾ-മരണവെപ്രാളത്തിൻേറയും പേററു നോവിൻേറയും അവസ്ഥപോലെയും മൺപാത്രത്തിലെ തിളച്ചുമറിയുന്ന വെള്ളം പോലെയും-നമ്മുടെ ഹൃദയാന്തരത്തിൽ നിന്നു് സകല മറകളേയും തട്ടിമാററുന്ന ഈ മുറവിളി ഉയരട്ടെ.

നിൻെറ തെരുവീഥിയിൽ ബഹളമെന്താണ്.
വേഗം നീ കാരണമന്വേഷിക്കുക.
പ്രേമലഹരി ബാധിച്ചവൻ
തൻെറ ജീവൻ വെടിയാതിരിക്കാൻ
നിൻെറ തെരുവീഥിയിൽ നിന്നുയരുന്ന വിലാപം
ആരുടേതെന്നു് നീ ഒന്നന്വേഷിക്കുക.



Scanned by CamScanner

നീ സ്നേഹിതനായി വരുന്നില്ലെങ്കിൽ
ഞാൻ മരിച്ചുപോകാനിടവരും.

ഹസ്റത്ത് മസീഹ് മൗഊദിൻെറ സദുപദേശത്താൽ ആവേശഭരിതരായി ഒരേ സ്വരത്തിൽ നമുക്ക് ദുആ ചെയ്യാം. പരാശ്രയരഹിതനായ അല്ലാഹുവേ, ഞാൻ ആശ്രയമില്ലാത്തവനാണ്. എൻെറ വിലാപം നീ ചെവിക്കൊണ്ടാലും. എൻെറ അഭയസ്ഥാനമേ, എൻെറ ഉടയവനേ, ഞാൻ ഉപേക്ഷിക്കപ്പെട്ടവനാണ്. ഹേ എൻെറ പ്രിയനേ, എൻെറ പ്രിയവല്ലഭനേ, എന്നെ ആശ്രയമില്ലാത്തവനായി ഉപേക്ഷിക്കരുതേ. ഞാൻ നിന്നോടൊപ്പമാണ്. നിൻെറ തിരുസന്നിധിയിൽ എൻെറ ആത്മാവിതാ പ്രണാമം ചെയ്യുന്നു.

'അല്ലാഹുമ്മ സജദത്ത് ലക്ക റൂഹീ വ ജനാനീ'

അല്ലാഹുവേ, എൻെറ ശരീരം മാത്രമല്ല എൻെറ ആത്മാവും നിൻെറ സന്നിധിയിൽ കമ്പിടുന്നു.

വാഗ്ദത്തപൗത്രൻ ഹസ്രത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻെറ ഉപദേശപ്രകാരം, എല്ലാ കാര്യങ്ങളും ചെയ്തുതീർത്തതിനുശേഷം നാം ഇങ്ങനെ ദുആ ചെയ്യേണ്ടതാണ്. അല്ലാഹുവേ, സൽകർമങ്ങൾ എത്രതന്നെ ഞങ്ങൾ ചെയ്താലും ഞങ്ങളുടെ ബലഹീനത നിമിത്തം നിനക്കതെല്ലാം തട്ടിത്തെറിപ്പിക്കാൻ സാധിക്കും. അതിനാൽ ഞങ്ങളുടെ കർമങ്ങൾ സ്വീകരിക്കേണമേ എന്ന് ഞങ്ങൾ പറയുന്നില്ല, നിൻെറ ഔദാര്യംകൊണ്ട് നീ ഞങ്ങളെ സ്വീകരിക്കേണമേ എന്നാണ് ഞങ്ങൾ പറയുന്നത്. ശക്തമായ നിൻെറ അസ്തിത്വത്തിൻെറ കോന്തലയെ ദൃഢമായി പിടിച്ചിരിക്കുന്ന ഞങ്ങളുടെ ബലഹീന കരങ്ങളെ നീ തട്ടിമാററാതെ നിൻെറ സ്നേഹനിർഭരമായ മടിത്തട്ടിൽ എന്നെന്നേക്കുമായി ഞങ്ങളെ ഇരുത്തുകയും ഞങ്ങളുടെ സകല പ്രവൃത്തികളും നീ തന്നെ നിർവഹിക്കുകയും ചെയ്താലും. ആമീൻ.

വിശുദ്ധ ഖുർആനിൽ സൂറത്തുൽ ഹജ്ജിൽ അല്ലാഹു പറയുന്നു: ''ബലിമൃഗത്തിൻെറ മാംസമോ രക്തമോ അല്ലാഹുവിങ്കൽ എത്തിച്ചേരുകയില്ല. എന്നാൽ, നിങ്ങളിൽനിന്നുള്ള



Scanned by CamScanner

ക്കതി അവനിലെത്തുന്നു.'' അതുകൊണ്ട് ഓർമ്മിച്ചുകൊള്ളുക. വേദന തിങ്ങുന്ന ഹൃദയത്തിൽനിന്നും പുറത്തുവരുന്ന ഈ നില വിളി, മരണംപോലെ എല്ലാ മറകളേയും ഭേദിച്ച്, നമ്മുടേയും നമ്മുടെ രക്ഷിതാവിൻേറയുമിടയിൽ തടസ്സമായി നില്ക്കുന്ന ആ ഏഴാകാശങ്ങളുടെ ഉന്നതവും അനന്തവുമായ മഹാപർവതങ്ങളെ തരണം ചെയ്ത് സർവ്വലോകനാഥൻെറ രാജകീയ ദർബാറിലെ സർവോന്നത സിംഹാസനത്തിൻെറ കാലിൽ ചെന്നിടിക്കുകയും അത്യുഗ്രമായ പ്രകമ്പനത്താൽ അതിന് ഇളക്കമേല്പിക്കുകയും ചെയ്യുമ്പോൾ പരാശ്രയരഹിതനായ അല്ലാഹു ഈ ദുആ ചെയ്യുന്ന ദാസൻെറ മരണാവസ്ഥയിലേക്ക് ശ്രദ്ധിക്കുകയും, അവൻ 'കുൻ' എന്ന കല്പന പുറപ്പെടുവിച്ചുകൊണ്ട് എന്താണോ ആ ദാസൻ ചോദിച്ചത് അത് നിവൃത്തിയാക്കി കൊടുക്കുകയും ചെയ്യുന്നു. അങ്ങനെ അവൻ ചോദിച്ചതോ അതിനെക്കാൾ ഉത്തമമായതോ അവന് ലഭ്യമാകുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

''ദുആ ചെയ്യുമ്പോൾ, അല്ലാഹുവിൻെറ ശ്രദ്ധ തിളച്ചു പൊന്തിവരികയും ശാന്തിയും സമാധാനവും യഥാർഥമായ ആനന്ദവും കരഗതമാവുകയും ചെയ്യുന്നുവെന്നത് അല്ലാഹുവിൻെറ പണ്ടുമുതലേയുള്ള ആത്മീയമായ ഒരു പ്രകൃതിനിയമമാണ്. ഇത് തൃപ്തികരമായ ഒരു ദൃഷ്ടാന്തമല്ലേ? നാം ഗുണപ്രദമായിട്ടുള്ള കാര്യമാണ് ചോദിക്കുന്നതെങ്കിൽ അതുതന്നെ നമുക്ക് കിട്ടുന്നു. എന്നാൽ, അറിവില്ലാത്ത പൈതൽ തൻെറ മാതാവിനോട് തീക്കനൽ ചോദിക്കുന്നതുപോലെ, അല്ലെങ്കിൽ മിനുസം കണ്ട് പാമ്പിനെ ആവശ്യപ്പെടുന്നതുപോലെ നമ്മുടെ ദുആയിൽ നമുക്ക് ഹാനികരമായ കാര്യമാണ് നാം ചോദിക്കുന്നതെങ്കിൽ അല്ലാഹു അത് നല്കാതെ നമുക്ക് ഗുണപ്രദമായിട്ടുള്ളത് നല്കുന്നതാണ്''

(അയ്യാമുസ്സുൽഹ് പേജ് 9, 10)

''ദുആ സ്വീകരിക്കുകയെന്നാൽ അല്ലാഹുവിൻെറയടുത്ത് ശബ്ദമെത്തുകയും, ദുആ ചെയ്തിട്ടുണ്ടെന്ന് അല്ലാഹു അറിയുകയും ചെയ്യുന്ന സമ്പ്രദായമാണെന്നും അതല്ലാതെ മറെറാന്നുമല്ലെന്നും ആരാണോ പറയുന്നത് യഥാർഥത്തിൽ അയാൾ അല്ലാഹുവിനെ പരിഹസിക്കുകയാണ് ചെയ്യുന്നത്. അയാൾക്ക് അല്ലാഹുവിൻെറ ഗ്രന്ഥത്തെകുറിച്ചോ അവൻെറ മതത്തെ



Scanned by CamScanner

ക്കറിച്ചോ ഒരു വിവരവുമില്ല. ദുആ കേൾക്കുന്നത്, സ്വീകരിക്കുന്നതിൽ ഉൾപ്പെട്ടതാണെങ്കിൽ അതിനേക്കാൾ അബദ്ധം മറ്റൊന്നുമില്ല. അങ്ങനെ വരുമ്പോൾ തന്റെ ദുആ സ്വീകരിക്കപ്പെട്ടുവെന്ന് ഓരോരുത്തർക്കും പറയാം. കാരണം, ദുആ സ്വീകരിക്കുകയെന്നത് ദുആ ചെയ്യുവെന്ന അറിവാണെങ്കിൽ ആരുടെ ദുആയാണ് അല്ലാഹു അറിയാത്തത്. പ്രതാപവാനായ അല്ലാഹു തന്റെ അലീം, ഖബീർ, സമീഅ് എന്നീ ഗുണങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ കാര്യവും കേൾക്കുന്നു. ഓരോ വ്യക്തിയുടേയും ശബ്ദം അവനോളം എത്തുന്നു. ഇങ്ങനെ എല്ലാ കാര്യവും കേൾക്കുന്ന സ്ഥിതിക്ക് സത്യവിശ്വാസിയുടേയും സത്യനിഷേധിയുടേയും ദുആയിലുള്ള വ്യത്യാസമെന്താണ്?''

(ആയിനയെ കമാലാത്തെ ഇസ്ലാം പേജ് 240, 241)

''ദുആ ചെയ്യുന്നതിൽ വിനയം മാത്രം പോരെന്ന് ഓർമ്മിക്കുക. ഇഹത്തിലും പരത്തിലും നന്മ ലഭിക്കുന്നതിനുവേണ്ടി ഭയഭക്തിയും പരിശുദ്ധിയും ചൊവ്വായ സംസാരവും പൂർണ്ണമായ ദൃഢതയും സമ്പൂർണ്ണ സ്നേഹവും തികഞ്ഞ ശ്രദ്ധയും ഉണ്ടായിരിക്കേണ്ടതാണ്. ആരാണോ ദുആ ചെയ്യുന്നത് അല്ലെങ്കിൽ ആർക്കുവേണ്ടിയാണോ ദുആ ചെയ്യുന്നത് ആ ദുആ ചെയ്യുന്ന കാര്യം ദൈവികോദ്ദേശ്യത്തിന് വിരുദ്ധമാകാൻ പാടുള്ളതല്ല. എന്തുകൊണ്ടെന്നാൽ, ചില സന്ദർഭങ്ങളിൽ ദുആയിൽ മറ്റുള്ള എല്ലാ നിബന്ധനകളും പാലിക്കപ്പെട്ടിട്ടുണ്ടാകാമെങ്കിലും ചോദ്യകർത്താവ് ആവശ്യപ്പെട്ട കാര്യം നല്കുക എന്നത് അല്ലാഹുവിന്റെ പക്കൽ അവന്റെ ഉദ്ദേശ്യത്തിന്നെതിരായിത്തീരുന്നു. അത് അയാൾക്ക് പൂർത്തിയാക്കിക്കൊടുക്കുന്നതിൽ നന്മയുണ്ടാവുന്നില്ല. ഉദാഹരണത്തിന് തീക്കനലോ പാമ്പോ കണ്ടിട്ട് അത് വേണമെന്ന് പറഞ്ഞ് വാശി പിടിച്ചു കരയുന്ന കുഞ്ഞിന് അതു നല്കുവാൻ ഏതെങ്കിലും മാതാവ് തയ്യാറാകുമോ? അല്ലെങ്കിൽ പ്രത്യക്ഷത്തിൽ ഭംഗിയുള്ളതായി തോന്നുന്ന വിഷം അവർ കുഞ്ഞിനെ കുടിപ്പിക്കുമോ? കുട്ടിയുടെ ഈ ഇംഗിതം നിറവേററാൻ മാതാവ് ഒരിക്കലും ഒരുമ്പെടുന്നില്ല. അഥവാ അവർ അതിന് തയ്യാറായെങ്കിൽതന്നെ തൽക്കാലം ജീവൻ ബാക്കിയായി കുട്ടി



Scanned by CamScanner

രക്ഷപ്പെട്ടാലും, ഏതെങ്കിലും അവയവത്തിന് കേട് സംഭവിക്കുകയും പ്രായപൂർത്തിയെത്തുമ്പോൾ ആ കുട്ടി മൂഢയായ തൻെറ മാതാവിൻെറ ബദ്ധവിരോധിയായി പരിണമിക്കുകയും ചെയ്യും.

ഇതിനുപുറമേ ദുആയുടേതായി മററു പല നിബന്ധനകളുമുണ്ട്. അവയെല്ലാം പാലിക്കാത്തിടത്തോളം ദുആയെ ദുആ എന്നു പറയാനാവുകയില്ല. ദുആ ചെയ്യുന്നവരായാലും ദുആക്കു വേണ്ടി ആവശ്യപ്പെടുന്നവരായാലും അവരിൽ പൂർണമായ ഭയഭക്തിയും ദൈവസാമീപ്യത്തിനുള്ള യോഗ്യതയും ഉണ്ടാകാത്തിടത്തോളം ദുആയുടെ ഫലപ്രതീക്ഷ ശങ്കനീയമായിരിക്കും. ദുആയുടെ അംഗീകാരത്തിന് അല്ലാഹുവിൻെറ ഇച്ഛ ഉണ്ടാകാത്തിടത്തോളം ദുആയുടേതായ നിബന്ധനകളൊന്നും ഒത്തു വരുകയുമില്ല. പൂർണമായ ശ്രദ്ധയിൽനിന്നു് നമ്മുടെ നിശ്ചയദാർഢ്യം അകന്നുപോവുകയും ചെയ്യും.''

(ബറക്കാത്തുദ്ദുആ പേജ് 13)

''അല്ലാഹുവിൻെറ സന്നിധിയിൽ കരയുന്നതുകൊണ്ടോ നിലവിളിക്കുന്നതുകൊണ്ടോ ഒന്നുംകിട്ടാൻ പോകുന്നില്ലെന്ന ചിലരുടെ ധാരണ തികച്ചും അബദ്ധവും നിരർഥകവുമാണ്. അങ്ങനെയുള്ളവർ അല്ലാഹുവിൻെറ അസ്തിത്വത്തിലോ അവൻെറ ശക്തിമത്തായ ഗുണവിശേഷങ്ങളിലോ അവൻെറ നിയന്ത്രണത്തിലോ വിശ്വസിക്കാത്തവരാണ്. അവരിൽ യഥാർഥ വിശ്വാസമുണ്ടെങ്കിൽ അങ്ങനെ പറയാൻ അവർക്ക് ധൈര്യമുണ്ടാകുകയില്ല......ഞാൻ നിങ്ങളോട് സത്യമായും പറയുന്നു. അല്ലാഹുവിൽ അത്യത്ഭുതകരമായ കഴിവുകളും പരിധിയില്ലാത്ത അനുഗ്രഹവും ഐശ്വര്യവുമുണ്ട്. അത് ദർശിക്കുന്നതിനും പ്രാപിക്കുന്നതിനും സ്നേഹത്തിൻെറ നയനം ഉണ്ടാകുവിൻ. നിഷ്കളങ്കമായ സ്നേഹമുണ്ടെങ്കിൽ അല്ലാഹു അധികമായി ദുആ കേൾക്കുകയും സഹായിക്കുകയും ചെയ്യുന്നതാണ്.''

(മൽഫൂസാത്ത് വാള്യം 1 പേജ് 252, 253)

''പൂർണമായ നിലയിൽ പരിശുദ്ധിയാർജിക്കുന്നതിനു് ജ്ഞാനംമാത്രം മതിയാകുന്നതല്ല. അതിനോടൊപ്പം വേദനാനിർഭരമായ ദുആകളുടെ പരമ്പര തുടർന്നു കൊണ്ടുപോകേണ്ടതും നിർബന്ധമാണ്. കാരണം അല്ലാഹു ഐശ്വര്യവാനും പരാ



Scanned by CamScanner

ശ്രുയ രഹിതനമാകുന്നു. അവന്റെ അനുഗ്രഹത്തെ ആകർഷിക്കുന്നതിന് കരച്ചിലും വിലാപവും നിഷ്കളങ്കതയും പരിശുദ്ധിയും വേദനയും നിറഞ്ഞ ദുആകൾ അത്യന്താപേക്ഷിതമാണ്. നിങ്ങൾക്കറിയാം സിംഹക്കുട്ടി തന്റെ അമ്മയെ നല്ലവണ്ണം തിരിച്ചറിയുകയും സ്നേഹിക്കുകയും ചെയ്യുന്നു. അമ്മയും അതിനെ സ്നേഹിക്കുന്നു. എങ്കിലും അമ്മയുടെ അകിടിൽ പാല് നിർഗമിക്കുന്നതുമായി കുട്ടിയുടെ കരച്ചിലിന് വളരെ ബന്ധമുണ്ട്. ഒരു വശത്ത് കുട്ടി വിശപ്പിന്റെ കാഠിന്യത്താൽ വേദനയോടെ നിലവിളിക്കുമ്പോൾ മറുവശത്ത് ആ നിലവിളി തള്ളയുടെ ഹൃദയത്തിൽ സ്വാധീനം ചെലുത്തുകയും അങ്ങനെ അകിടിൽ നിന്ന് പാല് പുറപ്പെടുകയും ചെയ്യുന്നു. ഇതേപോലെ ആത്മീയക്ഷീരം നിർഗമിക്കുന്നതിനും തൻമൂലം തന്റെ ദാഹം ശമിപ്പിക്കുന്നതിനുമായി ഓരോ അപേക്ഷകനും അല്ലാഹുവിന്റെ തിരുമുമ്പിൽ കരഞ്ഞ് കരഞ്ഞ് തന്റെ ആത്മീയ വിശപ്പും ദാഹവും പ്രകടിപ്പിക്കേണ്ടതാണ്. ചുരുക്കത്തിൽ പരിശുദ്ധിയാർജിക്കുന്നതിന് ജ്ഞാനം മാത്രം മതിയാകുന്നില്ല. കുട്ടികളെപ്പോലെ സങ്കടപ്പെട്ടുള്ള നിലവിളിയും അനിവാര്യമാകുന്നു.

നമ്മുടെ ആത്മാവ് പാപപങ്കിലമാണെന്നും, നമ്മുടെ ദുആയ്ക്ക് ഒരു ഫലവുമില്ലെന്നും നമ്മുടെ ദുആയ്ക്ക് സ്വാധീനശക്തിയില്ലെന്നുമൊക്കെ വിചാരിച്ച് നിരാശരാവരുത്. കാരണം അല്ലാഹുവിന്റെ സ്നേഹത്തിനുവേണ്ടിയാണ് യഥാർഥത്തിൽ മനുഷ്യമനസ്സ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. മനുഷ്യമനസ്സ് പാപത്തിന്റെ അഗ്നിമുഖേന ജ്വലിക്കുന്നുണ്ടെങ്കിൽതന്നെയും ആ അഗ്നിയെ അണയ്ക്കാൻ കഴിയുന്ന ഒരു പശ്ചാത്താപശക്തി അവനിലുണ്ട്. വെള്ളം എത്രതന്നെ തിളപ്പിച്ചാലും ആ തിളച്ചവെള്ളം അഗ്നിയുടെമേൽ വീണാൽ അത് ആ അഗ്നിയെ അണച്ചുകളയുന്നത് നിങ്ങൾ കാണുന്നില്ലേ?

(ബറാഹീനെ അഹ്മദിയ്യ വാല്യം 5 പേജ് 33, 34)

''കേവലമായ വാക്കുകൾ ഉരുവിട്ടുകൊണ്ടുള്ള പ്രാർഥന മാത്രം പോര. പ്രത്യുത അതിനോടൊപ്പം ഒരു താപവും നോവും നൊമ്പരവും ഉണ്ടാകേണ്ടത് ആവശ്യമാണ്. ദുആ ചെയ്യുന്ന ആൾ സ്വയം മരണംപോലുള്ള ഒരവസ്ഥ പ്രാപിക്കാത്തിടത്തോളം അല്ലാഹു ദുആ സ്വീകരിക്കുന്നില്ല. ദുആയുടെ



Scanned by CamScanner

അഭ്യർഥന വിഷമംപിടിച്ച ഒരു കാര്യമാണ്. ജനങ്ങൾ അതിന്റെ യാഥാർഥ്യത്തെ അറിയുന്നവരല്ല ഇന്ന സമയത്ത് ഇന്ന കാര്യത്തിനുവേണ്ടി ദുആ ചെയ്തിരുന്നുവെന്നും പക്ഷേ, ഗുണമൊന്നുമുണ്ടായില്ലെന്നും ധാരാളമാളുകൾ എന്നിക്കെഴുതാറുണ്ട്) ഇങ്ങനെ അവർ അല്ലാഹുവിനെ തെററു ധരിക്കുകയും നിരാശരായി നാശമടയുകയും ചെയ്യുന്നു. ദുആയുടെ നിബന്ധന പാലിക്കാതെ ദുആ ചെയ്യുകയാണെങ്കിൽ അത് ഫലമുള വാക്കുകയില്ലെന്നു അവർ മനസ്സിലാക്കുന്നില്ലേ. മനസ്സുരുകുകയും ആത്മാവ് വെള്ളംപോലെ അല്ലാഹുവിന്റെ സന്നിധിയിൽ വീഴുകയും നോവും നൊമ്പരവും ഉണ്ടാവുകയും അതിനോടൊപ്പം അക്ഷമനും എടുത്തു ചാട്ടക്കാരനും ആകാതിരിക്കുകയും സഹനത്തോടും സ്ഥിരനിഷ്ഠയോടുംകൂടി ദുആയിൽ മുഴുകുകയും ചെയ്യേണ്ടത് ദുആയുടെ നിബന്ധനകളിൽ ഉൾപ്പെട്ടതാണ്. ഇത്തരം ദുആകൾ സ്വീകരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കാം.''

(മൽഫൂസാത്ത് വാള്യം 9 പേജ് 109)

അൽമുസ്‌ലിഹ്മൗഊദ് (റ) പറയുന്നു:

യഥാർഥത്തിൽ, മതത്തിന് ജീവനും സത്തയും ആത്മാവും എന്നൊന്നുണ്ടെങ്കിൽ അത് ദുആ ഒന്നു മാത്രമാകുന്നു. എന്തെങ്കിലും ഉരുവിട്ടുകൊണ്ട് ദുആ ചെയ്തുകഴിഞ്ഞുവെന്ന് ധരിക്കുന്നതിനു ദുആ എന്നു പറയാവുന്നതല്ല. ദുആ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഉരുകുന്നതിന്റെ പേരാണ്. വിധേയത്വത്തിന്റേയും വിനയത്തിന്റേയും പ്രതീകമാകുന്നതിന്റെ പേരുമാണ് ദുആ. വിധേയത്വത്തിന്റേയും വിനയത്തിന്റേയും അവസ്ഥ ഉള്ളിൽ ഉണ്ടാകാതെ കേവലം ആചാരപരമായ നിലയിൽ കുറച്ചു വാക്കുകൾ ഉരുവിട്ടുകൊണ്ടുപോകുകയും ദുആ ചെയ്യുന്ന സമയത്ത് ഹൃദയവും മസ്തിഷ്കവും ശരീരത്തിന്റെ ഓരോ അണുവും സ്നേഹത്തിന്റെ ജ്യോതിസ്സ്കൊണ്ട് വിറയ്ക്കാതിരിക്കുകയും ചെയ്യുന്ന വ്യക്തി ദുആയെ പരിഹസിക്കുകയാണ് ചെയ്യുന്നത്. അയാൾ തന്റെ സമയം പാഴാക്കി അല്ലാഹുവിന്റെ കോപം വിലയ്ക്കു വാങ്ങുന്നു. അതുകൊണ്ട്, നിങ്ങളുടെ നാവിൽനിന്ന് പുറത്തുവരുന്നതും എന്നാൽ നിങ്ങളുടെ ഹൃദയത്തിൽ തട്ടാതിരിക്കുന്നതുമായ ദുആ നിങ്ങൾ ചെയ്യരുത്. അത് ദുആ അല്ല; അല്ലാഹുവിന്റെ കോപത്തെ ജ്വലിപ്പിക്കുന്ന ഒരു സാത്താനിക ആയുധമാണ്. നിങ്ങൾ ദുആ



Scanned by CamScanner

ചെയ്യുമ്പോൾ ഓരോ അണുവും അല്ലാഹുവിൻെറ പ്രഭാവത്തിന് സാക്ഷിയായിരിക്കുകയും നിങ്ങളുടെ മസ്തിഷ്ക്കത്തിൻെറ ഓരോ മൂലയും അവൻെറ കഴിവുകളെ പ്രതിഫലിപ്പിച്ചുകൊണ്ടിരിക്കുകയും നിങ്ങളുടെ ഹൃദയത്തിൻെറ ഓരോ അവസ്ഥയും അവൻെറ ദാനങ്ങളുടെ രുചി ആസ്വദിച്ചുകൊണ്ടിരിക്കുകയും വേണം. അപ്പോഴാണ്, അപ്പോൾ മാത്രമാണ് നിങ്ങൾ ദുആ ചെയ്യുന്നവരായി മനസ്സിലാക്കപ്പെടുക.

ഈ അവസ്ഥ സംജാതമാവുക എന്നത് പ്രത്യക്ഷത്തിൽ പ്രയാസകരമായി തോന്നാം. എന്നാൽ, അല്ലാഹുവിൻെറ സ്നേഹത്തിനുമേൽ സത്യവിശ്വാസത്തിൻെറ അടിത്തറ കെട്ടിപ്പടുത്തിട്ടുള്ളവന് ഇതിനേക്കാൾ എളുപ്പമായ മറെറാരു കാര്യവുമില്ല. എന്നു മാത്രമല്ല, അവൻെറ സ്വഭാവം വിശിഷ്ടതരമായിത്തീരുകയും അവനെപ്പോഴും അതിൽനിന്നു് ആനന്ദം ആസ്വദിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതാണ്. അങ്ങനെയുള്ള മനുഷ്യന് ഒററയ്ക്കു മാറിനിന്നിട്ടോ മുസല്ലയിൽ ചെന്നിരുന്നിട്ടോ ദുആ ചെയ്യേണ്ട ആവശ്യമുണ്ടാകുന്നില്ല. പ്രത്യുത അദ്ദേഹം രഹസ്യത്തിലും പരസ്യത്തിലും ദുആ ചെയ്തുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിൻെറ നാവിലൂടെ ഓരോ വാക്കുകൾ പുറപ്പെടുമ്പോഴും അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ വിവിധതരം കാഴ്ചകൾ ഉദിച്ചുവരുന്നു. അദ്ദേഹത്തിൻെറ മനസ്സ് തൻെറ ഉടമസ്ഥനും സ്രഷ്ടാവുമായ അല്ലാഹുവിൻെറ കാരുണ്യത്തിൻെറ പടിവാതിൽക്കൽ വീഴുന്നു. അദ്ദേഹം തൻേറയും മുഴലോകത്തിൻേറയും മേൽ കാരുണ്യമുണ്ടാകുന്നതിനുവേണ്ടി യാചിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.''

(തഫ്സീർകബീർ വാള്യം 5 ഭാഗം 2 പേജ് 182)

ഹസ്റത്ത് സാഹിബിൻെറ വിവരണം വായിച്ചപ്പോൾ മനോഹരവും എല്ലാ കാര്യങ്ങളും അന്തർഭവിച്ചിട്ടുള്ളതുമായ ഒരു ദുആ ഓർമ്മവന്നു. ആകർഷണ നിർഭരമായ ആ ദുആ രാവും പകലും എഴുന്നേല്ക്കുമ്പോഴും ഇരിക്കുമ്പോഴും നടക്കുമ്പോഴുമൊക്കെ ചെയ്യേണ്ടതാണ്. കാരണം ഹസ്രത്ത് മുസ്‌ലിഹ്മൗഊദ്(റ) ജമാഅത്തിനെ ഉപദേശിച്ചുകൊണ്ടു പറയുകയുണ്ടായി.

''ചെറുപ്പക്കാരുടെ ഇടയിൽ ദൈവസ്മരണയുടെ പ്രാധാന്യത്തെ വിവരിച്ചുകൊണ്ടുള്ള ഇത്തരം ഉപദേശപ്രസംഗങ്ങൾ



Scanned by CamScanner

ധാരാളം ഉണ്ടാകേണ്ടതാണ്. പള്ളികളിൽ ഇരിക്കുന്നതും ദൈവസ്മരണ ചെയ്യുന്നതും ശീലമാക്കാത്തിടത്തോളം അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അടയാളങ്ങൾ അവർക്ക് കാണുവാൻ സാധിക്കുകയില്ലെന്ന് അവരോട് പറയണം. ദൈവസ്മരണയിലേക്ക് ശ്രദ്ധ ചെലുത്തുന്നില്ലെങ്കിൽ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ ദർശനവും സത്യമായ സ്വപ്നങ്ങളും കശ്ഫുകളും ഇൽഹാമുകളും ലഭ്യമാവുന്നതല്ല.''

(അൽഫസ്ൽ 1942 സപ്തംബർ 7)

ഹസ്റത്ത് നാഫ്ലയെ മൗഊദ് (റഹ്) പറയുന്നു:

''ജമാഅത്തിലുള്ളവരെല്ലാംതന്നെ അധികമധികമായി തസ്ബീഹം തഹ്മീദും സ്വലാത്തു ചൊല്ലുന്നവരായിത്തീരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.''

(അൽഫസ്ൽ 1968 മാർച്ച് 22)

''എല്ലാ വശത്തുടെയും അല്ലാഹുവിന്റെ സ്മരണയിൽ മുഴുകിയിരിക്കേണ്ടത് നമ്മുടെ കടമയാണ്. ഈ അർഥത്തിൽ, അതായത് നമ്മുടെ ഹൃദയങ്ങളിലും നമ്മുടെ നാവുകളിലും അവന്റെ സ്മരണയുണ്ടാവണം. ഈ അർഥത്തിൽ, അതായത്, നമ്മുടെ വ്യക്തിപരമായ ബന്ധം ഔദാര്യവാനായ നമ്മുടെ റബ്ബിനോടാവണം. ഈ അർഥത്തിൽ, അതായത്, നാം നമ്മുടെ ബുദ്ധിയും ശക്തിയുമനുസരിച്ച് അവന്റെ ഉൽകൃഷ്ടഗുണവിശേഷങ്ങളേയും അവന്റെ മനോഹരമായ നാമങ്ങളേയും തിരിച്ചറിയുന്നവരായിത്തീരണം; നമുക്ക് ആ നാമങ്ങളുടെ ജ്ഞാനം ലഭിക്കണം. അതനുസരിച്ച് നാം നമ്മുടെ ജീവിതം വാർത്തെടുക്കുന്നവരായി മാറണം. ആ നിറം നാം നമ്മുടെ കർമങ്ങളുടെമേൽ പൂശുന്നവരായിത്തീരണം. മനുഷ്യരോടു മാത്രമല്ല, അല്ലാഹുവിന്റെ മുഴുസൃഷ്ടികളുടെയും ക്ഷേമൈശ്വര്യങ്ങൾക്ക് ഏർപ്പാടു ചെയ്യുന്നവരായിത്തീരണം. അതുകൊണ്ട് ജമാഅത്ത് അധികമധികമായി ദൈവസ്മരണയിൽ, നാവുകൊണ്ടുള്ള സ്മരണയിലും ഹൃദയംകൊണ്ടുള്ള സ്മരണയിലും മുഴുകേണ്ടതാണ്.''

(അൽഫസ്ൽ 1977 മെയ് 11)

''ഭൗതികമായി എന്താണോ നിങ്ങൾ പ്രവർത്തിക്കുന്നത് അതു തുടർന്നുകൊണ്ടേയിരിക്കുക. പക്ഷേ, അതു ചെയ്യുമ്പോഴും ദൈവസ്മരണയിൽ മുഴുകേണ്ടതാണ്. ദൈവസ്മരണ നിത്യ



Scanned by CamScanner

ശീലമാക്കിയാൽ നിങ്ങളുടെ മേലും, നിങ്ങളുടെ വീട്ടുകാരുടെ മേലും, നിങ്ങളുടെ ബന്ധുക്കളുടെ മേലും, നിങ്ങളുടെ കുട്ടികളുടെ മേലും അല്ലാഹുവിൽ നിന്നു് വലിയ വലിയ അനുഗ്രഹങ്ങൾ ഇറങ്ങുന്നതാണ്.''

[അൽഫസ്ൽ 1980 ജൂൺ 15]

ധാരാളമായി അല്ലാഹുവിനെ സ്മരിക്കുക. ആയിരക്കണെക്കിന് പ്രാവശ്യം سبحان الله الحمد لله الله اكبر لا إله إلا الله എന്നു് ചൊല്ലുക. അല്ലാഹുവിന്റെ മററു ഗുണ വിശേഷങ്ങളും എടുത്തുപറയുക.'' (അൽഫസ്ൽ 1978 ഏപ്രിൽ9)

അല്ലാഹു വിശുദ്ധ ഖുർആനിൽ ദുആ ചെയ്യാൻ ഉപദേശിച്ചു കൊണ്ടു പറയുന്നു: فاذكروني اذكركم

''അതുകൊണ്ടു് എന്നെ സ്മരിക്കുവിൻ, ഞാൻ നിങ്ങളെ സഹായിക്കാം''. (2 : 153)

فاذكروا الله قياما وقعودا وعلى جنوبكم

''നിന്നും ഇരുന്നും നിങ്ങളുടെ പാർശ്വങ്ങളിൽ കിടന്നും നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുവിൻ.'' (4 : 104)

واذكر اسم ربك وتبتل اليه تبتيلا

''എന്നാൽ, നിന്റെ നാഥന്റെ നാമത്തെ സ്മരിക്കുക. (മററു ശ്രദ്ധകൾ) വിട്ടൊഴിഞ്ഞ് സർവാത്മനാ അവനിലേക്ക് മനസ്സർപ്പിക്കുകയും ചെയ്യുക.''

ഹസ്റത്ത് അബുദർദാഅ് (റ) നിവേദനം ചെയ്യുന്നു.

''തിരുനബി (സ) ഒരവസരത്തിൽ സഹാബിമാരെ അഭിസംബോധന ചെയ്തു പറഞ്ഞു. ഞാൻ നിങ്ങൾക്ക് ഏററവും ഉത്തമവും പൊന്നും വെള്ളിയും ചെലവു ചെയ്യുന്നതിനേക്കാൾ ഉന്നതവും ധർമയുദ്ധം ചെയ്ത് ശത്രുക്കളെ സംഹരിച്ച് സ്വയം രക്തസാക്ഷിയായിത്തീരുന്നതിനേക്കാൾ ശ്രേഷ്ഠവുമായ ഒരു കാര്യം പറഞ്ഞുതരട്ടെയോ. സഹാബത്ത് പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ പറഞ്ഞു തന്നാലും. അവിടന്നു് പറഞ്ഞു: ذكر الله അത് അല്ലാഹുവിനെ ദിക്ക്ർ ചെയ്യലാണ്.



Scanned by CamScanner

ഹസ്റത്ത് ബുസ്റബ്ന അബ്ദില്ലാ (റ) നിവേദനം ചെയ്യുന്നു. ''ഒരാൾ തിരുനബിയുടെ സന്നിധിയിൽ ഹാജരായി. അയാൾ പറഞ്ഞു: ബലഹീനതനിമിത്തം ഇസ്ലാമിൻെറ കല്പനകൾ പൂർണ്ണമായും നിറവേററാൻ എനിക്ക സാധിക്കുന്നില്ല. എനിക്ക കൂടുതൽ ഫലം ലഭ്യമാകുന്നതും ചെയ്യാൻ എളുപ്പമുള്ളതു, എല്ലാം അടങ്ങിയിട്ടുള്ളതും പ്രത്യേകമായ ഒരു കാലത്തും ദേശത്തും അവസ്ഥയിലും ഒതുങ്ങിനില്ക്കാത്തതും നിർബന്ധ കാര്യങ്ങൾ നിർവഹിച്ചതിനുശേഷം ഐച്ഛികമായ കാര്യങ്ങളിൽ നിന്നും മാപ്പ് കിട്ടുന്നതുമായ എന്തെങ്കിലും കർമം പറഞ്ഞുതന്നാലും. അവിടന്നു പറഞ്ഞു:

അല്ലാഹുവിൻെറ സ്മരണയാൽ നിൻെറ നാവ് എപ്പോഴും ശീതളമായിരിക്കട്ടെ. അതായത് നീ എപ്പോഴും ദൈവസ്മരണയിലിരിക്കുക.''

ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു നബി (സ) തിരുമേനി അരുൾ ചെയ്തു.

''ആരാണോ ദിവസത്തിൽ നൂറുപ്രാവശ്യം 'സുബ്ഹാനല്ലാഹി വബിഹംദിഹീ' എന്ന സ്തോത്രം ചൊല്ലുന്നത് അയാളുടെ പാപം ദൂരീകരിക്കപ്പെടുന്നു; അത് സമുദ്രത്തിലെ നുരയുടെ അത്രയായാലും ശരി.'' ഹദീസിൽ വന്നിരിക്കുന്നു. സഹാബിമാർ ഒരിക്കൽ പറഞ്ഞു:

''അല്ലാഹുവിൻെറ ദൂതരെ ഇന്ന ഇന്ന ദുആകൾ ഞങ്ങൾ ചെയ്യുന്നുണ്ട്. എന്നാൽ, ഒരു സഹാബി പറഞ്ഞു: അല്ലാഹുവിൻെറ ദൂതരേ, ഞാനൊരു ദുആയും ചെയ്യുന്നില്ല. അങ്ങയുടെ മേൽ സ്വലാത്ത് ചൊല്ലുകയും അങ്ങേയ്ക്കുവേണ്ടി ദുആ ചെയ്യുകയും മാത്രമാണ് ഞാൻ ചെയ്യുന്നത്. അപ്പോൾ നബി (സ) തിരുമേനി പറഞ്ഞു: നിനക്ക് മററ് ദുആകളൊന്നും ചെയ്യേണ്ട ആവശ്യമില്ല. കാരണം, എനിക്കവേണ്ടി ആരാണോ ദുആ ചെയ്യുന്നത് അവൻെറ എല്ലാ പ്രവൃത്തിയും അല്ലാഹുതന്നെ ചെയ്യുന്നതായിരിക്കും.

ഇതേപോലെ മറെറാരവസരത്തിൽ നബി (സ) തിരുമേനി സദസ്സിലേക്ക് വന്നു. അവിടത്തെ പരിശുദ്ധവദനം സന്തോഷംകൊണ്ട് ചുവന്നിരുന്നു. അവിടന്നു് അരുളി:



Scanned by CamScanner

അല്ലാഹു എന്നോട് പറഞ്ഞു. ആരാണോ നിന്റെമേൽ ഒരു പ്രാവശ്യം സ്വലാത്തു ചൊല്ലുന്നത് ഞാൻ അവന്റെ പത്തു പാപം പൊറുത്തു കൊടുക്കുന്നതാണ്. അവന് പത്തു പുണ്യം എഴുതുകയും അവന്റെ പത്തു പദവികൾ ഉയർത്തുകയും ചെയ്യും.''

سُبْحَانَ اللّٰهِ وَبِحَمْدِهِ سُبْحَانَ اللّٰهِ الْعَظِيْمِ

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّآلِ مُحَمَّدٍ

എന്നുള്ള പ്രാർഥന ധാരാളമായി ചൊല്ലിക്കൊണ്ടിരിക്കുക. കാരണം എല്ലാ കാര്യങ്ങളും അന്തർഭവിച്ചിട്ടുള്ള ഒരു ദുആയാണിത്.[1]

ഹസ്റത്ത് മസീഹ് മൗഊദിന്റെ പ്രിയപ്പെട്ട മകൾ ഹസ്റത്ത് സയ്യിദാ നവാബ് മുബാറക്കാ ബേഗം സാഹിബ (റ) അരുൾ ചെയ്യുന്നു:[2]

''എന്റെ കട്ടിൽ ഹസ്റത്ത് മസീഹ് മൗഊദിന്റെ കട്ടിലിന് വളരെ അടുത്തായിരുന്നു. ഞാൻ രാത്രിയിൽ ഉണരുമ്പോൾ, മസീഹ് മൗഊദ് (അ) കണ്ണടച്ചിട്ടുണ്ടാകുമെങ്കിലും അവിടത്തെ ചുണ്ടുകൾ ചലിക്കുന്നതായും سُبْحَانَ اللّٰهِ وَبِحَمْدِهٖ سُبْحَانَ اللّٰهِ الْعَظِيْمِ എന്ന ദുആ അവിടന്ന് ഉരുവിടുന്നതായും എനിക്ക് മനസ്സിലാകാറുണ്ടായിരുന്നു. ഉണരുമ്പോഴും തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോഴുമൊക്കെ ദുആ ചെയ്യണമെന്ന് ഞാൻ വളരെ ചെറുതായിരുന്നപ്പോഴും അവിടന്ന് എന്നെ ഉപദേശിച്ചുകൊണ്ടിരുന്നു.''

(അൽഫസ്ൽ 1972 നവംബർ 24)

---

1 ഞാൻ അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. മഹിതസ്ഥാനീയനായ അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ പ്രകീർത്തിക്കുന്നു. അല്ലാഹുവേ, മുഹമ്മദ് നബിയിലും അവിടത്തെ സന്തതികളിലും നീ അനുഗ്രഹം ചൊരിഞ്ഞാലും.

2 മസീഹ് മൗഊദ് [അ] വഫാത്താകുമ്പോൾ അവർക്ക് ഒമ്പത് വയസ്സേയുണ്ടായിരുന്നുള്ളൂ.

നാഫ്ലയെ മൗഊദ് ഹസ്റത്ത് മിർസാ നാസിർഅഹ്മദ് സാഹിബ് (റഹ്) പറയുന്നു:

''ദിക്ർ ചെയ്യുന്ന ശീലം അല്പം ഉണ്ടാക്കിയെടുക്കേണ്ടി വരും. വളരെയേറെയാളുകൾക്ക് ആ ശീലമുണ്ട്. എപ്പോഴും ദിക്ർ ചെയ്തുകൊണ്ടിരിക്കുന്ന ആളുകളേയും എനിക്കറിയാം. നടക്കുമ്പോഴും ഇരിക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും ഉറങ്ങുമ്പോഴും ഉണരുമ്പോഴുമൊക്കെ അവർ ദിക്ർ ചെയ്യുന്നു.

ഉറങ്ങാൻ കിടക്കുമ്പോൾ ദിക്ർ ചെയ്തുകൊണ്ടിരുന്നാൽ അയാളുടെ ഉറക്കം മുഴുവനും ദിക്റിൽ തന്നെയായി ഗണിക്കപ്പെടുന്നു. കാരണം അയാൾ ദിക്ർ ചെയ്യുന്നതിൽനിന്ന് മനഃപൂർവം പിൻമാറിയതല്ല; നിർബന്ധിതനാവുകയായിരുന്നു ഉറക്കത്തിലേക്ക് പ്രവേശിച്ചപ്പോൾ അയാളുടെ നാവ് അല്ലാഹുവിന്റെ ദിക്റിൽനിന്നു താനേ ഒഴിഞ്ഞു നിന്നു. എങ്കിലും അയാളുടെ ഹൃദയം അല്ലാഹുവിനെ ദിക്ർ ചെയ്യുന്നു. ഹൃദയവും ശരീരവും ഒപ്പം ആരംഭിച്ച പ്രവർത്തനം അയാളുടെ ഹൃദയം നിർവഹിച്ചുകൊണ്ടിരിക്കുന്നു അയാളുടെ ഹൃദയത്തിന്റെ ശബ്ദം അല്ലാഹുവിന്റെ ദിക്ക്റിൽതന്നെയാണുള്ളത്. (1978 ഏപ്രിൽ 9 അൽഫസ്ൽ)

സർവലോകനാഥനായ അല്ലാഹുവിന്റെ സ്നേഹംതേടി ദാഹിച്ച് വലയുന്ന ആത്മാക്കളുടെശ്രദ്ധയെ സകല കാര്യങ്ങളും അന്തർഭവിച്ചിട്ടുള്ള ഒരു ദുആയിലേക്ക് ക്ഷണിക്കണമെന്ന് ഞാൻ അതിയായി ആഗ്രഹിക്കുന്നു. അത് ഉപര്യുക്ത നിർദ്ദേശങ്ങളനുസരിച്ച്, അതിയായി സ്നേഹിക്കുന്ന നമ്മുടെ രക്ഷിതാവിന്റെ സ്നേഹനിർഭരമായ മടിത്തട്ടിൽ അതിവേഗം നമ്മെ ഇരുത്തുവാൻ പര്യാപ്തമായതാണ്. പിന്നീട്, മാതാവിനേക്കാൾ അധികം നമ്മെ സ്നേഹിക്കുന്ന അല്ലാഹു സ്വയംതന്നെ നമ്മുടെ പ്രവൃത്തികൾ ചെയ്യുന്നതായിരിക്കും. കാരണം, ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

''അല്ലാഹുവിന്റെ ഉദാരത അത്ഭുതകരമായ പ്രകാശത്തിന്റെ രൂപത്തിൽ നബി (സ) യിലേക്ക് പോകുന്നതും, നബി (സ) തിരുമേനിയുടെ നെഞ്ചിൽ ചെന്നെത്തുന്നതും



Scanned by CamScanner

അവിടെനിന്ന് അസംഖ്യം ചാലുകളായി പിരിയുന്നതും ഓരോ അംശവും അതിന്റെ അവകാശികാംക്ക് ലഭിക്കുന്നതും ഞാൻ കാണുന്നു. നബി (സ) മുഖേനയല്ലാതെ ഒരു ഔദാര്യവും നിശ്ചയമായും മററുള്ളവർക്ക് ലഭിക്കുകയില്ല. നബിയുടെമേൽ സ്വലാത്ത് ചൊല്ലുക എന്നാൽ എന്താണ്? അനുഗ്രഹജ്യോതിസ്സിന്റെ നിർദ്ദരിയായ റസൂൽ കരീം (സ) തിരുമേനിയുടെ സിംഹാസനത്തെ കലുക്കുകയാകുന്നു അത്. അല്ലാഹുവിന്റെ ഔദാര്യവും അനുഗ്രഹവും ആർജിക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തി, ആ ഉദാരതയിൽ സ്പന്ദനമുണ്ടാക്കുന്നതിന്നായി നബി (സ) തിരുമേനിയുടെ മേൽ അധികമധികമായി സ്വലാത്ത് ചൊല്ലുന്നത് ശീലമാക്കട്ടെ.

(അൽഹക്കം പത്രം വാള്യം 7 പേജ് 7)

വരുവിൻ! സർവലോക പരിപാലകനായ അല്ലാഹുവിന്റെ തൃപ്തിയാർജിക്കുന്നതിനുവേണ്ടി അവൻതന്നെ പഠിപ്പിച്ച വിശുദ്ധ സ്വലാത്ത് നമുക്കെപ്പോഴും ചൊല്ലിക്കൊണ്ടിരിക്കാം. ഈ ദുആ ചെയ്യുന്നതിനോടൊപ്പം നമ്മുടെ രക്ഷിതാവിന്റെ വിശേഷ ഗുണങ്ങളും ഓർമിക്കുകയാണെങ്കിൽ നിശ്ചയമായും അപരിമേയമായ ആസ്വാദ്യത നമുക്കുണ്ടാകുന്നതാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

“പറയുക, എന്റെ നാഥന്റെ വചനങ്ങൾ എഴുതുവാൻ വേണ്ടി ഒരു സമുദ്രം മഷിയാക്കുകയാണെങ്കിൽ നിശ്ചയമായും, എന്റെ നാഥന്റെ വചനങ്ങൾ എഴുതിത്തീരുംമുമ്പേ സമുദ്രം വററിപ്പോകുമായിരുന്നു; അതിനു സമാനമായി വേറൊന്ന് സഹായത്തിനായി നാം കൊണ്ടുവന്നാൽ പോലും.'' (18:110)

അതുകൊണ്ട് ദുആ ചെയ്യുന്നതിനുമുമ്പേ ആരോടാണോ നാം ദുആ ചെയ്യുന്നത് അവന്റെ ശക്തിവിലാസങ്ങളുടെ ഒരു മിന്നലാട്ടം നമ്മുടെ കൺമുമ്പിൽ വരേണ്ടത് അത്യാവശ്യമാണ്. എങ്കിൽ മാത്രമേ ദുആ സ്വീകാരത്തിന്റെ അവിഭാജ്യഘടകമായ നോവും നൊമ്പരവും നമ്മുടെ ഹൃദയത്തിൽ ഉണ്ടാവുകയുള്ളൂ. അപ്പോൾ അല്ലാഹു നാം ചെയ്യുന്ന അർഥനയെ അംഗീകരിക്കാൻ അതീവതല്പരനാകും.



Scanned by CamScanner

മസീഹ് മൗഊദ് (അ) പറയുന്നു:

''എൻെറ വിശപ്പകററുവാൻ എൻെറ മാതാവ് കാണിച്ച ഉത്സാഹത്തേക്കാളധികം ആവേശത്തോടും ഉത്സാഹത്തോടും കൂടി അല്ലാഹു എൻെറ ദുആ സ്വീകരിക്കുന്നതിന് തയ്യാറാകുന്നു.

അങ്ങനെ നമ്മുടെ യജമാനരായ നബി (സ) തിരുമേനിയോടു പറഞ്ഞ അതേ വാക്കുകൾ വിനീതരായ നമ്മോടും സർവ്വ ലോക പരിപാലകൻ പറയുമാറാകും. ''ഒരു പിടി മണ്ണായ ഈ മനുഷ്യന് ഞാൻ പൊറുത്തുകൊടുക്കുകതന്നെ ചെയ്യും.'' ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

''അവൻെറ കഴിവുകൾ അപരിമിതങ്ങളാണ്. അവൻെറ അത്ഭുതകരമായ പ്രവർത്തനങ്ങൾക്ക് അററമില്ല. ഇഷ്ടദാസർക്കായി അവൻ തൻെറ നിയമംപോലും മാററുന്നു; എന്നാൽ അതും അവൻെറ നിയമങ്ങളിൽപ്പെട്ടതുതന്നെയാണ്. ഉള്ളിൽ പ്രത്യേകമായൊരു മാററമുണ്ടാക്കി പുതിയൊരു ആത്മാവുമായി അല്ലാഹുവിൻെറ സന്നിധിയിൽ ഒരാൾ ഹാജരാകുമ്പോൾ അല്ലാഹുവും ആ ആൾക്കുവേണ്ടി ഒരു മാററമുണ്ടാക്കി പുതിയ രൂപത്തിൽ അവന് ദർശനം നല്കുന്നു. ആ അല്ലാഹുവിനെ സാധാരണക്കാർക്ക് മനസ്സിലാവുകയില്ല. ബലഹീന വിശ്വാസികൾക്ക് ബലഹീനനായ നിലയിൽ അവൻ, തന്നെ വെളിപ്പെടുത്തുന്നു. അവൻെറ തിരുമുമ്പിൽ ദൃഢവിശ്വാസത്തോടെ വരുന്നവർക്കാകട്ടെ അവരെ സഹായിക്കാൻ താൻ ശക്തവാനാണെന്ന് അവൻ കാണിച്ചുകൊടുക്കുന്നു. ഇപ്രകാരം മാനുഷികമായ മാററങ്ങൾക്ക് സമാനമായി അല്ലാഹുവിൻെറ ഗുണവിശേഷങ്ങളിലും മാററങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. വിശ്വാസപരമായി ജീവനില്ലാത്തവരുടെ കാര്യത്തിലാകട്ടെ, അവരെ സഹായിക്കുന്നതിൽ-നഊദുബില്ലാഹ് - അല്ലാഹുവും ജീവനില്ലാത്തവനായിത്തീരുന്നു. എന്നാൽ, അല്ലാഹു തൻെറ നിയമത്തിനുള്ളിൽ നിന്നുകൊണ്ട് തൻെറ പരിശുദ്ധിക്കനുസൃതമായിതന്നെയാണ് ഈ എല്ലാ പരിവർത്തനങ്ങളും വരുത്തുന്നത്.
(ചശ്മയെ മഅ്രിഫ: 96, 97)

''സൂര്യചന്ദ്രനക്ഷത്രാദികളെകൊണ്ട് വിതാനിച്ചിരിക്കുന്ന ഈ ആകാശവും വിവിധതരം സൃഷ്ടികളെകൊണ്ട് നിറച്ചിരിക്കുന്ന മനോഹരമായ ഈ ഭൂമിയും ഒരു പ്രയാസവും കൂടാതെ



Scanned by CamScanner

സൃഷ്ടിച്ചവനായ അല്ലാഹുവിൻെറ ശക്തിപ്രഭാവത്തിൻെറ അതിരു് കണ്ടെത്തുവാൻ ആർക്കെങ്കിലും സാധിക്കുമോ''

(സുർമചശ്മയെ ആര്യ പേജ് 55)

''യുസബ്ബിഹു ലില്ലാഹി മാ ഫിസ്സമാവാത്തി
വൽ അർളി വഹുവൽ അസീസുൽഹക്കീം.

അതായത് ആകാശത്തുള്ളവരും ഭൂമിയിലുള്ളവരും അവൻെറ പരിശുദ്ധ നാമത്തെ സ്മരിക്കുന്നു. ആകാശഗോളങ്ങളിലും പാർപ്പുകാരുണ്ടെന്നുള്ള സൂചനയാണ് ഇതിലുള്ളത്. അവരും അല്ലാഹുവിൻെറ മാർഗദർശനത്തിന് വിധേയരാണ്.''

(ഇസ്ലാമീ ഉസൂൽ കീ ഫിലോസഫീ പേജ് 58-62)

വീണ്ടും പറയുന്നു:

വലിയ വലിയ ആകാശഗോളങ്ങളെ സംബന്ധിച്ചും അവയുടെ മഹത്ത്വത്തെയും അത്ഭുതങ്ങളെയും സംബന്ധിച്ചും ഞാൻ ചിന്തിച്ചപ്പോൾ ദൈവീകോദ്ദേശ്യത്തോടെ അവൻെറ കല്പനയനുസരിച്ച് തന്നെയാണ് ഇതെല്ലാം ഉണ്ടായിട്ടുള്ളതെന്നു് എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. അപ്പോൾ ഞാനറിയാതെ എൻെറ ഹൃദയത്തിൽ നിന്നു വാക്കുകൾ ഉയർന്നു: ''ഞങ്ങളുടെ സർവശക്തനായ നാഥാ! നീ എത്രമാത്രം പ്രതാപവാനും കഴിവുടയവനുമാണ്. നിൻെറ പ്രവർത്തനങ്ങൾ എത്രയും അത്ഭുതകരവും വിവേകപൂർണവുമാണ്. നിൻെറ ശക്തിപ്രഭാവത്തെ നിഷേധിക്കുന്നവൻ വിവരമില്ലാത്തവനത്രെ. 'ഏതു് വസ്തുവിൽനിന്നാണ് അവൻ ഇവയൊക്കെ സൃഷ്ടിച്ചതെന്നു'' ചോദിച്ച് നിന്നെ ആക്ഷേപിക്കുന്നവൻ വിഡ്ഢിയാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

ആകാശങ്ങളുടെ നാഥനും ഭൂമിയുടെ നാഥനും പ്രപഞ്ചമഖിലത്തിൻെറയും നാഥനുമായ അല്ലാഹുവിനാകുന്നു സർവ സ്തോത്രങ്ങളും. (അൽജാസിയ 37)

ഓരോ അണുവിൻേറയും ഏററവും താഴ്ന്ന അവസ്ഥയിൽ നിന്നു് ഏററവും ഉന്നതമായ അവസ്ഥയിലേക്ക് ഘട്ടംഘട്ടമായി പരിപാലിച്ച് വളർത്തുകയും, താൻ ഇച്ഛിക്കുന്നവരെ നശിപ്പിക്കുകയും ശാരീരികവും ആത്മീയവുമായ ശക്തിയാർജിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് അതു നല്കുകയും ചെയ്യുന്ന



Scanned by CamScanner

വൻ എന്നാണ് റബ്ബ് എന്നതിൻെറ വിവക്ഷിതം. ഇപ്രകാരം റബ്ബുൽ ആലമീൻെറ ശക്തിപ്രഭാവങ്ങളെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ മനുഷ്യന് വിറയൽ അനുഭവപ്പെടുന്നു. അപ്പോൾ ഹൃദയം എല്ലാത്തിനേയും അവഗണിച്ചുകൊണ്ട് വിളിച്ചു പറയും: സർവ ലോകങ്ങളുടേയും നാഥാ, നിൻെറ മഹത്വത്തേയും പ്രതാപത്തേയും സംബന്ധിച്ച് ചിന്തിക്കുമ്പോൾ ഭയംകൊണ്ട് ഞാൻ വിറച്ച് പോകുന്നു. നിൻെറ അത്യുഗ്രമായ ശക്തികളെ ഭാവനയിൽപോലും എനിക്ക് പ്രാപിക്കാൻ സാധിക്കുകയില്ല. ആ ശക്തിപ്രഭാവംനിമിത്തം ഞാൻ നിന്നെ സ്നേഹിക്കുന്നു. പിന്നീട് എല്ലാം അല്ലാഹുവിൽ അർപിച്ചുകൊണ്ട് അവൻ സുജൂദിൽ വീഴുകയായി. അപ്പോൾ, ഏററവുമധികം സ്നേഹിക്കുന്ന സർവലോക നാഥൻ തൻെറ ദാസൻെറ അനുസരണശീലം കണ്ട്, അവനെ അന്ധകാരങ്ങളുടെ കയത്തിൽനിന്നും, ഇരുളടഞ്ഞതും ആഴമുള്ളതുമായ കുഴിയിൽ നിന്നും പുറത്തെടുത്ത് ആകാശത്തിൻെറ ഉന്നതങ്ങളിലേക്കുയർത്തി, തൻെറ സ്നേഹനിർഭരമായ മടിത്തട്ടിൽ ഇരുത്തുന്നു. പിന്നീട് ആ ഭക്തദാസൻെറ എല്ലാ പ്രവൃത്തിയും അല്ലാഹുതന്നെ ചെയ്യുകയായി.

കരയുന്ന മനസ്സോടും വേദന തിങ്ങുന്ന ഹൃദയത്തോടും കൂടി നാമൊരു ദുആ ചെയ്യുന്നു. വരുവിൻ! അതിൻെറ സാരത്തെ സംബന്ധിച്ച് ഒന്നു ചിന്തിക്കാം.

സുബ്ഹാനല്ലാഹി വബിഹംദിഹീ
സുബ്ഹാനല്ലാ ഹിൽ അളീം.

അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ ആലി മുഹമ്മദ് അല്ലാഹു പരിശുദ്ധൻ. അല്ലാഹുവേ, എനിക്കെന്തെല്ലാം നഷ്ടമുണ്ടായോ അതെല്ലാം എൻെറ ബലഹീനത നിമിത്തമാണുണ്ടായത്. ഞാൻ തന്നെയാണ് അക്രമി. ആർക്കെങ്കിലും നഷ്ടം വരുത്തുന്നതിൽനിന്ന് നീ പരിശുദ്ധനാണ്. പിന്നീട് അവനറിയാതെ പറഞ്ഞുപോകും,

ലാഇലാഹ ഇല്ലാ അൻത സുബ്ഹാനക്ക
ഇന്നീ കൻതു മിനള്ളാലിമീൻ

അല്ലാഹുവേ, നിന്നെ കൂടാതെ സഹായത്തിന്നപേക്ഷിക്കാനർഹനായ ഒരു ശക്തിയുമില്ലതന്നെ. കാരണം, അല്ലാഹു



Scanned by CamScanner

വിന് പുറമെയുള്ളതെല്ലാം ബലഹീനമാണ്. ആരേയും സാഹയിക്കാൻ അവർക്കൊന്നും സാധ്യമല്ല. ഈ ദുആയെ സംബന്ധിച്ച് അല്ലാഹു പറഞ്ഞത് സ്മരിക്കുക: ''യൂനുസ് (അ) ഈ ദുആ ചെയ്തില്ലായിരുന്നെങ്കിൽ ഖിയാമത്തുനാറുവരെ അദ്ദേഹം മഹാമത്സ്യത്തിന്റെ വയറിനുള്ളിലിരിക്കുമായിരുന്നു.......'' ഇപ്രകാരം നമ്മെയും ഈ ദുആ എല്ലാ ദുഃഖങ്ങളിൽനിന്നും അകറ്റുന്നതാണ്.

വീണ്ടും മനുഷ്യഹൃദയം തന്റെ നാഥനോടു വിളിച്ചോതുന്നു.

റബ്ബി ഇന്നീ ളലംതു നഫ്സീ വ അഅ്തറഫ്തു
ബി ദൻബീ ഫഗ്ഫിർലീ ദുനൂബീ ഫഇന്നഹു ലാ
യഗ്ഫിറുദ്ദുനൂബ ഇല്ലാ അൻത

എന്റെ നാഥാ, ഞാനെന്റെ ജീവനിൽ അക്രമം ചെയ്തു. ഞാനെന്റെ പാപങ്ങൾ ഏററു പറഞ്ഞുകൊള്ളുന്നു. നീ എന്റെ പാപം പൊറുത്തുതന്നാലും. പൊറുത്തു തരുവാൻ നീയല്ലാതെ മററാരുമില്ല. 'വബിഹംദിഹീ' സർവസ്തുതിയും അല്ലാഹുവിനാകുന്നു. കാരണം, ഞങ്ങൾചെയ്ത ഏതു പ്രവൃത്തിയാണോ നല്ലതായിത്തീർന്നത് അത് നിന്റെ അനുഗ്രഹംകൊണ്ടു മാത്രമാണ്. മററുള്ളതെല്ലാം ബലഹീനമായതിനാൽ അവയ്ക്കൊന്നും ഒന്നിനേയും നല്ലതാക്കി തീർക്കാൻ സാധ്യമല്ല. എന്നാൽ, അല്ലാഹു കാരുണ്യം ചൊരിഞ്ഞ് ബലഹീനതയുടെ ദോഷഫലങ്ങളിൽ നിന്നു് രക്ഷിക്കുമ്പോൾ നാം വിജയം പ്രാപിക്കുന്നു. 'സുബ്ഹാനല്ലാഹിൽ അളീം' സർവലോകങ്ങളുടേയും നാഥാ, നീ സകല വസ്തുക്കളുടേയും ഉടമസ്ഥനാണ്. ഉടമസ്ഥനായതുകൊണ്ടുതന്നെ നീ ആഗ്രഹിക്കുന്നവർക്ക് നീ നല്കുന്നു. നിന്റെ സൗന്ദര്യത്തിന്റെ ഒളി ഈ പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്നു. അത് നിന്റെ അത്യുഗ്രമായ കഴിവുകളെ സൂചിപ്പിക്കുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) കശ്മീരിൽ പര്യടനം നടത്തുമ്പോൾ ഒരിക്കൽ പറഞ്ഞു: പച്ചപ്പട്ടുവിരിച്ചിരിക്കുന്ന താഴ്വരകളും ഒഴുകിക്കൊണ്ടിരിക്കുന്ന അരുവികളും കാണുമ്പോൾ അല്ലാഹുവിനോടുള്ള സ്തുതിയാൽ എന്റെ ഹൃദയം എല്ലാം മറന്നു തുള്ളിച്ചാടുന്നു.

'ചാൻദ്കൊ കൽ ദേക് കർ മെ സഖ്ത് ബേകൽ ഹോഗയാ ക്യുംകെ ഉസ്മെ ഥാ നിശാൻ കഫ്കഫ് ജമാലെ യാർകാ'.



Scanned by CamScanner

ഇന്നലെ ചന്ദ്രനെ കണ്ടിട്ട് ഞാൻ അങ്ങേയററം സംഭ്രമിച്ചു പോയി. കാരണം, അതിൽ സൗന്ദര്യമുടയവനായ അല്ലാഹുവിന്റെ അല്പം ചില അടയാളങ്ങളുണ്ടായിരുന്നു.

പരിശുദ്ധനായ അല്ലാഹുവിന്റെ സൗന്ദര്യപൂരിതമായ ഇവിടത്തെ കാഴ്ചകൾ കാണുമ്പോൾ ഹൃദയത്തിന്റെ ഉള്ളിൽ നിന്ന് വിളിച്ചു പറയുന്നു: ഈ പ്രകാശം ഇത്രമാത്രം സൗന്ദര്യമുള്ളതാകുമ്പോൾ ഇതിനെ സൃഷ്ടിച്ച ആ സ്രഷ്ടാവിന്റെ സൗന്ദര്യം എത്ര മനോഹരമായിരിക്കും.

നാഫിലയെ മൗഊദ് ഹാഫിള് മിർസാ നാസിർ അഹ്മദ് സാഹിബ് (റഹ്) പറയുന്നു: "അല്ലാഹു മഹത്വമുടയവനാണ്. എല്ലാററിനേക്കാളും അതീതനുമാണ്. ഈ മഹാപ്രപഞ്ചത്തിന്റെ ഏതെങ്കിലും ചെറിയഭാഗം നാം നിരീക്ഷിക്കുക. ഉദാഹരണമായി ഒരു മരം തന്നെ എടുക്കാം. മരത്തിന്റെ ഇല കൊഴിയാറുണ്ട്. ചില മരങ്ങളുടെ ഇല കൊഴിയുന്നത് വർഷത്തിലൊരിക്കൽ ഒരേ സമയത്താണ്. ചില മരത്തിന്റെ ഇലകൾ ഹേമന്തത്തിൽ കൊഴിയുന്നു. ചിലതിന്റേത് വസന്തകാലത്ത് കൊഴിയുന്നു. വർഷം മുഴുവനും ഇലകൊഴിച്ചുകൊണ്ടിരിക്കുന്ന മരങ്ങളുമുണ്ട്. പഴയ ഇല കൊഴിയുകയും പുതിയ ഇല ഉണ്ടായിവരുകയും ചെയ്യുന്നു. ഈ പ്രപഞ്ചത്തിലുള്ള ഇലകൾ എണ്ണിത്തിട്ടപ്പെടുത്താൻ സാധിക്കുമോ? പക്ഷേ, അല്ലാഹു പറയുന്നു: എന്റെ അസ്തിത്വം മഹത്വമുടയതാകുന്നു. എന്റെ അറിവിൽപ്പെടാതെ, എന്റെ കല്പന കൂടാതെ മരത്തിൽനിന്ന് ഒരിലയും കൊഴിയുന്നില്ല. ചുരുക്കത്തിൽ അല്ലാഹുവിന്റെ സത്ത മഹത്വമുടയതാണ്. ഇസ്‌ലാമാകട്ടെ അവനെപ്പററി നമുക്ക് ഉദ്ബോധനം നല്കി. അതായത്, അവനെ സംബന്ധിച്ച് അല്പമെങ്കിലും ജ്ഞാനം നമുക്കുണ്ടെങ്കിൽ ഒരു നിമിഷ നേരത്തേക്കുപോലും നാം അവനെ വിസ്മരിക്കാൻ പാടില്ല. കാരണം അവനാണ്, അവൻ തന്നെയാണ് നമ്മുടെ ഉടമസ്ഥൻ. ബാക്കിയുള്ളതെല്ലാം അവന്റെ മുമ്പിൽ നിഷ്പ്രഭമാണ്; നമ്മുടെ സ്വന്തം ആത്മാക്കൾപോലും.

(അൽഫസൽ 1978 ഏപ്രിൽ 19)



Scanned by CamScanner

''അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ ആലി മുഹമ്മദ്'', അല്ലാഹുവേ, മുഹമ്മദ് (സ) ൻെറയും അവിടത്തെ കുടുംബാദികളുടേയും മേൽ നീ കാരുണ്യം ചൊരിഞ്ഞാലും. 'സ്വല്ലി' എന്നതിൻെറ വിവക്ഷിതം നരകത്തിൻെറ അഗ്നിയിൽ നിന്നുള്ള അകൽച്ചയാണ്. അല്ലാഹുവിൽനിന്നുള്ള അകൽച്ചയുടേതായ അഗ്നി. ദുഃഖത്തിൻേറയും ക്ലേശത്തിൻേറയും ശിർക്കിൻേറയും അഗ്നിയിൽനിന്ന് മുഹമ്മദ് നബി (സ) തിരുമേനിയേയും നാം ഉൾപ്പെടെയുള്ള അവിടത്തെ സന്തതികളേയും അകററി നിർത്തേണമേ. അപ്രകാരം തന്നെ മുഹമ്മദ് നബി (സ) തിരുമേനിക്കും അവിടത്തെ സന്തതികൾക്കും ഓരോ നിമിഷവും ആത്മീയവും ഭൗതികവുമായ പുരോഗതി പ്രദാനം ചെയ്യേണമേ. 'ആല്' എന്നതിൽ നാമെല്ലാം ഉൾപ്പെട്ടിരിക്കുന്നുവെന്ന് ഓർക്കുക. നാം നമുക്കുവേണ്ടി ചെയ്യുന്ന ദുആ ഒരുപക്ഷേ സ്വീകാര്യമല്ലാതാകാം. കാരണം ഹസ്റത്ത് ഉമർ (റ) പറയുകയുണ്ടായി: ''നാം നബി (സ) യുടെ മേൽ സ്വലാത്ത് ചൊല്ലാത്തിടത്തോളം നമ്മുടെ ദുആ ആകാശത്തിൻേറയും ഭൂമിയുടേയുമിടയിൽ തങ്ങി നില്ക്കും. അതിലെ ഒരംശവും അല്ലാഹുവിനോളം എത്തുകയില്ല.'' (തിർമിദി) ഹദീസിൽ വന്നിരിക്കുന്നു: ദുആ ചെയ്യുമ്പോൾ ആദ്യം അല്ലാഹുവിനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുകയും പിന്നെ സ്വലാത്ത് ചൊല്ലുകയും അതിനുശേഷം നമുക്കായി പ്രാർഥിക്കുകയും ചെയ്യേണ്ടതാണ്. ഇങ്ങനെ അതൊരു ദുആയുടെ കൂട്ടമായിത്തീരുന്നു.

വരിക, അല്ലാഹുവിൻേറയും അവൻെറ റസൂലിൻേറയും മസീഹ് മൗഊദിൻേറയും അവിടത്തെ ഖലീഫമാരുടേയും വിളിക്ക് ലബ്ബയ്ക്ക് പറഞ്ഞുകൊണ്ട് ഏറെ പതുക്കെയും അധികം ഉറക്കെയുമല്ലാത്ത ശബ്ദത്തിൽ നമുക്കെല്ലാവർക്കും എല്ലായിപ്പോഴും ഈ ഇൽഹാമിയായ സ്വലാത്ത് ചൊല്ലാം; സർവലോകപരിപാലകനായ അല്ലാഹു അവൻെറ സ്നേഹനിർഭരമായ മടിത്തട്ടിൽ നമ്മെ എടുത്തിരുത്തി തൻെറ ദർശനത്തിൻെറയും സ്നേഹവായ്പിൻെറയും ആസ്വാദനം നമുക്ക് തന്നരുളുമാറാകട്ടെ. ഒരു നിമിഷം പോലും തൻെറ സ്നേഹഭരിതമായ ആ മടിത്തട്ടിൽനിന്ന് അവൻ നമ്മെ അകററാതിരി



Scanned by CamScanner

ക്കട്ടെ. കാരണം, നമുക്ക് ഓരോ നിമിഷവും അവനെ ആവശ്യമുണ്ട്. അല്ലെങ്കിൽ നാം നഷ്ടപ്പെട്ടവരുടെ കൂട്ടത്തിലായിപ്പോകും.

രണ്ടാം ശക്തിപ്രഭാവത്തിന്റെ ഒന്നാം പ്രതീകമായ ഹസ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ് നവ്വറല്ലാഹു മർഖദഹു പറയുന്നു:

''ഉദ്ഊനീ അസ്തജിബ്ലക്കും''. ഇതൊരു ആയുധമാണ്. വളരെയേറെ പ്രയോജനപ്പെടുന്ന ആയുധം. പക്ഷേ, അത് പ്രയോഗിക്കുന്ന മനുഷ്യൻ ചിലപ്പോൾ ബലഹീനനായിരിക്കും. അതുകൊണ്ടാണ് അയാൾ ഈ യുദ്ധോപകരണത്തിന്റെ നിഷേധിയായിത്തീരുന്നത്. ദുആയുടേതായ ഈ യുദ്ധോപകരണത്തെ ഇന്ന് മുഴുലോകവും കൈവെടിഞ്ഞിരിക്കുന്നു.........നമ്മുടെ ജമാഅത്ത് അതിനെ മൂർച്ചയുള്ളതാക്കിത്തീർക്കണം. അതിനെ പ്രയോജനപ്രദമാക്കണം. കഴിയുന്നിടത്തോളം ദുആ ചെയ്തുകൊണ്ടിരിക്കുക; തളർന്നു പോകരുത്. 'ലാഇലാഹ ഇല്ലല്ലാഹ്'' എന്നതിനോടൊപ്പം ദുആയുടെ ആയുധത്തിന് മൂർച്ച കൂട്ടുക എന്നതാണ് എന്റെ അവസാനത്തെ വസിയ്യത്ത്. ഞാൻ നിങ്ങളെ ഉപദേശിക്കുന്നു: നിങ്ങൾ അധികമധികമായി ദുആ ചെയ്യുക. വീണ്ടും പറയുന്നു: ധാരാളമായി നിങ്ങൾ ദുആകൾ ചെയ്യുക.'' (ബദ്ർ 1911 ജനു: 13)

ഇക്കാണുന്ന പ്രപഞ്ചത്തിന്റെ യാഥാർഥ്യത്തെകുറിച്ച് ചിന്തിച്ച് ചിന്തിച്ച് വലിയവലിയ ധിഷണാശാലികൾ കഴിഞ്ഞു കടന്നുപോയി. പക്ഷേ, ശരിയായ മാർഗദർശനം താൻ നിയോഗിച്ചയച്ച ആളുകൾ മുഖേനയാണ് അല്ലാഹു വെളിപ്പെടുത്തിയത്.

ഒരു ഹദീസിൽ വന്നിരിക്കുന്നു. അല്ലാഹുവിന്റെ സ്മരണകളിൽവച്ച് ഏറ്റവും ഉത്തമമായത് 'ലാ ഇലാഹ ഇല്ലല്ലാഹ്'' എന്നു പറയുന്നതാണ്. 'ലാ ഇലാഹ ഇല്ലല്ലാഹ്'' എന്നതിൽ പ്രപഞ്ചത്തിന്റെ യാഥാർഥ്യത്തെ അല്ലാഹു നിഗൂഢമാക്കിയിരിക്കുന്നു. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) 'ലാ ഇലാഹ ഇല്ലല്ലാഹ്'' എപ്പോഴും ഉരുവിട്ടുകൊണ്ടിരിക്കാൻ നിർദേശിച്ചിട്ടുണ്ട്. വത്രു, ഇന്നു നമുക്ക് ലാ ഇലാഹ



Scanned by CamScanner

ഇല്ലല്ലാഹ്'' എന്നതിനെ മനനംചെയ്ത് പ്രപഞ്ചത്തിന്റെ യാഥാർത്ഥ്യത്തെ മനസ്സിലാക്കാം.

ആരാധനസ്സർഹൻ അല്ലാഹു അല്ലാതെ മററാരുമില്ല. ഇതാണ് 'ലാ ഇലാഹ ഇല്ലല്ലാഹ്'' എന്നതിന്റെ അർഥം. ആരാധനയിൽ ആദ്യം നമ്മുടെ മുമ്പിൽ വരുന്ന നാമമാണ് നമസ്കാരം. നമസ്കാരത്തിന്റെ അർഥങ്ങളിൽ നാം ചിന്തിക്കുക. അല്ലാഹു, എല്ലാ ന്യൂനതകളിൽനിന്നും പരിശുദ്ധനും സ്തുത്യർഹനും അനുഗ്രഹമുടയവനും അത്യുന്നതനും നിസ്തുല്യനുമാണെന്നൊക്കെ പറഞ്ഞ് നാം അവനെ പുകഴ്ത്തുന്നു. അപ്രകാരംതന്നെ അല്ലാഹുവിന്റെ റഹ്മാനിയ്യത്തും റഹീമിയ്യത്തും മററു വിവിധ സിഫത്തുകളും എടുത്ത് പറഞ്ഞ്, ആ സവിശേഷ ഗുണങ്ങൾ മുഖേന അല്ലാഹുവിന്റെ റഹ്മത്തിനെ വിജ്യംഭിതമാക്കി അവനോട് നാം നമ്മുടെ ആവശ്യങ്ങൾ തേടുന്നു. 'ലാ ഇലാഹ ഇല്ലല്ലാഹ്'' എന്നതിന്റെ അർഥം ആർക്കെങ്കിലും എന്തെങ്കിലും നല്കുവാൻ അല്ലാഹു അല്ലാതെ മറെറാരു അസ്തിത്വവുമില്ലെന്നാണ്. അല്ലാഹുവിനു മാത്രമേ ദാനം ചെയ്യാനുള്ള കഴിവുള്ളൂ. കാരണം സകലവസ്തുക്കളും ബലഹീനമാണ്; അല്ലാഹുവിനെ ആശ്രയിച്ച് നില്ക്കുന്നവയുമാണ്. ഫിർഔനെപോലുള്ള ആളുകൾക്കപോലും ഈ ലോകത്ത് അല്ലാഹുവിനെ ആശ്രയിക്കേണ്ടിവന്നില്ലേ.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

ഭരണാധികാരികളിൽ നിന്ന് അല്ലെങ്കിൽ മററു വ്യക്തികളിൽ നിന്ന് എന്തെങ്കിലും കാര്യം നേടുവാൻ–അത് കിട്ടുമെന്നുള്ള ഭാവനാത്മകമായ ധാരണയിൽ–അവരെ സന്തോഷിപ്പിക്കുന്നതിനുവേണ്ടി മനുഷ്യൻ ഏതെല്ലാം തരത്തിലുള്ള മുഖസ്തുതി പറയുന്നു. അതിനുവേണ്ടി ശിപായിയെപോലും പ്രീണിപ്പിക്കുന്നു. സത്യത്തിൽ, ആ ഭരണാധികാരി സംതൃപ്തനും സന്തോഷവാനും ആയാൽതന്നെ അയാളിൽനിന്ന് താത്ക്കാലികമായ, അല്ലെങ്കിൽ പ്രത്യേക കാലത്തിൽ മാത്രം ഒതുങ്ങുന്ന ഫലം മാത്രമേ പ്രതീക്ഷിക്കാൻ വകയുള്ളൂ. ഈ ഭാവനാത്മകമായ പ്രതീക്ഷയിൽ, ആരിൽനിന്നാണോ കാര്യം നേടേണ്ടത് അയാളുടെ സേവകരെപ്പോലും മനുഷ്യൻ പ്രീണിപ്പെടുത്തുന്നതു കാണുമ്പോൾ എന്റെ ശരീരം വിറകൊള്ളുന്നു അജ്ഞ



Scanned by CamScanner

നായ മനുഷ്യൻ തന്നെപ്പോലുള്ള ഒരുവനിൽ നിന്നു് കാര്യം നേടുന്നതിനായി അവനെ സ്തുതിക്കുന്നതു കാണുമ്പോഴും എന്റെ ഹൃദയം വേദനകൊണ്ടു് നിറയുന്നു. കാരണം, പ്രതിഫലേച്ഛ കൂടാതെയും അർഥന ഇല്ലാതെയും അവന്റെമേൽ സീമാതീതമായ അനുഗ്രഹം ചെയ്ത അല്ലാഹുവിനെ അവൻ ഗൗനിക്കുന്നില്ലല്ലോ. അഥവാ മനുഷ്യൻ, മനുഷ്യനു് എന്തെങ്കിലും ഉപകാരം ചെയ്താൽതന്നെ അതിൽ അത്ഭുതമെന്താണുള്ളതു്? ഞാൻ സത്യമായും പറയുന്നു: അല്ലാഹുവിന്റെ അനുവാദമില്ലാതെ ഒരു സഹായവും ചെയ്യുവാൻ ആർക്കും സാധ്യമല്ല ആവശ്യമുള്ളവനു് സഹായം എത്തുന്നതിനു്മുമ്പേ അതു് എത്തിക്കാൻ തുനിഞ്ഞവനോ അല്ലെങ്കിൽ ആവശ്യക്കാരൻതന്നെയോ ഈ ലോകത്തു് നിന്നു് വിടപറയാറുമുണ്ടു്. അല്ലെങ്കിൽ മാരകമായ രോഗത്തിനടിപ്പെട്ടതിനാൽ, കിട്ടിയഫലം അല്പംപോലും ആസ്വദിക്കാൻ സാധിക്കാത്ത അവസ്ഥയും വന്നെത്താം. യാഥാർഥ്യമിതാണു്: അല്ലാഹുവിന്റെഅനുഗ്രഹവും ഔദാര്യവും മനുഷ്യനോടൊപ്പം ഉണ്ടാകാത്തിടത്തോളം മനുഷ്യനു് ആരിൽനിന്നും ഒരു ഫലവുമെടുക്കാൻ സാധിക്കുകയില്ല. യഥാർഥമായ ഫലം എത്തിക്കുന്നവൻ അല്ലാഹു മാത്രമാണു്. എന്നിരിക്കെ, മനുഷ്യൻ അന്യന്റെ പടിവാതുക്കൽ തന്റെ മൂക്കു് ഉരസ്സുന്നതു് എത്രമാത്രം ലജ്ജാഹീനമാണു്. ദൈവഭയമുള്ള ഒരു സത്യവിശ്വാസിയുടെ അഭിമാനം തന്നെപ്പോലുള്ള ഒരു മനുഷ്യനെ മുഖസ്തുതി പറഞ്ഞു്– അതിന്നാണെങ്കിൽ അവൻ അർഹനമല്ല–കാര്യം നേടിയെടുക്കുവാൻ അനുവദിക്കുകയില്ല. അല്ലാഹു, മുത്തഖിയായ മനുഷ്യനു് എല്ലാ വഴികളും സൗകര്യപ്പെടുത്തിക്കൊടുക്കുന്നു. മററുള്ളവർ അറിയാത്ത വഴിയിലൂടെ അവനു് ജീവിതവിഭവം ലഭിക്കുന്നു. മുത്തഖിയുടെ സംരക്ഷണവും പരിപാലനവും അല്ലാഹു ഏറെറടുക്കുന്നു. ദുൻയാവിനേക്കാളും ദീനിനെ മുന്തിക്കുന്ന തന്റെ ദാസരോടു് അല്ലാഹു കാരുണ്യവും സ്നേഹവും പ്രകടിപ്പിക്കുന്നു. അവൻ പറയുന്നു: 'വല്ലാഹു റഊഫുൻ ബിൽ ഇബാദ്.' അല്ലാഹു തന്റെ ദാസൻമാരോടു് വളരെയേറെ കാരുണ്യമുള്ളവനാകുന്നു.

വീണ്ടും പറയുന്നു :

യഥാർഥത്തിലുള്ള നമസ്കാരം ദുആയിലൂടെ മാത്രമേ ലഭ്യമാവുകയുള്ളൂവെന്ന കാര്യം സ്മരണീയമാണു്. അല്ലാഹു



Scanned by CamScanner

അല്ലാത്തവരോട് ചോദിക്കുകയെന്നത് സത്യവിശ്വാസപരമായ ആത്മാഭിമാനത്തിന് കടക വിരുദ്ധമാണ്. കാരണം, ഇത് അല്ലാഹുവിനുമാത്രം അർഹതപ്പെട്ടതാണ്. മനുഷ്യൻ പരിപൂർണ്ണ വിനയത്തോടെ അല്ലാഹുവിനോട് ചോദിക്കുകയും അവനോടു ആവശ്യപ്പെടുകയും ചെയ്യുന്നില്ലെങ്കിൽ, യഥാർത്ഥ മുസ്ലിമും ശരിയായ മുഅ്മിനും എന്നു പറയപ്പെടുവാൻ അവൻ അർഹനല്ല. മനുഷ്യന്റെ അകവും പുറവുമെല്ലാം അല്ലാഹുവിന് കീഴ്‌വണങ്ങുക എന്നതാണ് ഇസ്‌ലാമിന്റെ യാഥാർത്ഥ്യം. വലിയ എഞ്ചിൻ ധാരാളം ചക്രങ്ങളെ ചലിപ്പിക്കുന്നതുപോലെ മനുഷ്യൻ തന്റെ എല്ലാ പ്രവർത്തനങ്ങളേയും ചലനങ്ങളേയും ആ മഹത്തായ എഞ്ചിന്റെ ശക്തിക്കുനുസൃതമായി ചലിപ്പിക്കുന്നില്ലെങ്കിൽ അവനെങ്ങനെയാണ് അല്ലാഹുവിന്റെ ഉലൂഹിയ്യത്തിനെ അംഗീകരിക്കുവാൻ സാധിക്കുക.

''ഇന്നീ വജ്ജഹ്‌ത്തു വജ്ഹിയ ലില്ലദീ
ഫത്തറസ്സമാവാത്തി വൽഅർള ഹനീഫൻ
വ്വമാ അനാ മിനൽമുശ്‌രിക്കീൻ''.

'തീർച്ചയായും ഞാൻ ഋജുമാനസനായി ആകാശങ്ങളേയും ഭൂമിയേയും സൃഷ്ടിച്ചവന്റെ നേരെ എന്റെ ശ്രദ്ധ തിരിക്കുന്നു. ഞാൻ ബഹുദൈവ വിശ്വാസികളിൽപ്പെട്ടവനല്ല.' എന്ന് പറയുവാൻ യഥാർത്ഥ ഹനീഫിനു മാത്രമേ സാധിക്കുകയുള്ളൂ. പറയുന്നതുപോലെ തന്നെ അവിടേക്ക് ശ്രദ്ധ തിരിക്കുകയും ചെയ്യുമ്പോൾ നിസ്സംശയം അയാൾ മുസ്‌ലിമായി. മാത്രമല്ല, അയാൾ ഹനീഫും മുഅ്മിനും ആയിത്തീരുന്നു. എന്നാൽ ആരാണോ അല്ലാഹുവിനെക്കൂടാതെ മററുള്ളവരെ വിളിച്ചു പ്രാർത്ഥിക്കുന്നത്, ഓർമിച്ചുകൊള്ളുക! അവർ അങ്ങേയററം പിന്തള്ളപ്പെട്ടവരും വലിയ നിർഭാഗ്യരുമാണ്. വാക്‌സാമർത്ഥ്യവും ബാഹ്യപ്രകടനങ്ങളും അല്ലാഹുവിന്റെ സന്നിധിയിൽ വിലപ്പോവാത്ത ഒരു സമയം നിശ്ചയമായും വരുന്നുണ്ട്...... ചുരുക്കത്തിൽ അല്ലാഹുവിനെ വിട്ട് മററുള്ളവരോടു മനുഷ്യൻ സഹായാഭ്യർത്ഥന നടത്തുകയെന്നത് അങ്ങേയററം ലജ്ജാകരവും ഹൃദയത്തെ വിറകൊള്ളിക്കുന്നതുമായ കാര്യമാണ്.''

(മൽഫൂസാത്ത്)



Scanned by CamScanner

വീണ്ടും വിശുദ്ധ മസീഹ് മൗഊദ് (അ) പറയുന്നു:

കലിമയുടെ അർഥത്തിലേക്ക് ചിന്തിക്കുക 'ലാഇലാഹ ഇല്ലല്ലാഹ്'...... ഇത് മുസ്‌ലിംകൾക്ക് പഠിപ്പിക്കപ്പെട്ട വിശുദ്ധ ഖുർആന്റെ സംക്ഷിപ്തമാണ്...... ഹദീസിൽ വന്നിരിക്കുന്നു. 'ആരാണോ ലാഇലാഹ ഇല്ലല്ലാഹ് എന്നു പറഞ്ഞത് അവൻ സ്വർഗത്തിൽ പ്രവേശിച്ചു. ഇതിന്റെ പൊരുൾ മനസ്സിലാക്കുന്നതിൽ ജനങ്ങൾക്ക് തെറ്റു പറ്റിയിട്ടുണ്ട്. നാവു കൊണ്ടു ഈ കലിമ ഉച്ചരിച്ചാൽ കാര്യം നേടാമെന്നാണ് അവർ ധരിക്കുന്നത്. അല്ലാഹുവിന്റെ ബന്ധം വാക്കുകളുമായിട്ടല്ല, ഹൃദയങ്ങളുമായിട്ടാണ്. പ്രസ്തുത കലിമയുടെ പൊരുൾ ഹൃദയത്തിൽ പ്രവേശിപ്പിക്കുകയും അല്ലാഹുവിന്റെ മഹത്വം ഹൃദയത്തിൽ പൂർണമായും നിലയുറപ്പിക്കുകയും ചെയ്തിട്ടുള്ളവർ നിശ്ചയമായും സ്വർഗത്തിൽ പ്രവേശിക്കും..... ശ്രേഷ്ഠമായ ഈ വചനം മറ്റ് ആരാധ്യരെയെല്ലാം നിഷ്പ്രഭമാക്കുന്നു. പൊയ് ദൈവങ്ങളെയെല്ലാം ഹൃദയത്തിൽ നിന്നു് നിഷ്കാസനം ചെയ്ത് ഏകനായ അല്ലാഹുവിനുവേണ്ടി അതിനെ പരിശുദ്ധമാക്കണം. ചില വിഗ്രഹങ്ങൾ ഗോചരമാണ്. എന്നാൽ, അഗോചരമായ ചില വിഗ്രഹങ്ങളുമുണ്ട്. ഉദാഹരണമായി അല്ലാഹുവിനുപുറമെ മറ്റു മാർഗങ്ങളുടെമേൽ വിശ്വാസമർപ്പിക്കുന്നതു് ഒരു വിഗ്രഹമാണ്; പുറത്തറിയാത്തതാണീ വിഗ്രഹം...... മനുഷ്യൻ തന്റെ കക്ഷത്തിൽ ഇടുക്കിപ്പിടിച്ചിരിക്കുന്ന അതിസൂക്ഷ്മമായ ഈ വിഗ്രഹത്തെ നിർമാർജനം ചെയ്യുക ദുഷ്കരമാണ്. വലിയ വലിയ തത്വചിന്തകർക്കും വൈദ്യൻമാർക്കുപോലും അവയെ നിഷ്കാസനം ചെയ്യാനാവുന്നില്ല. അങ്ങേയറ്റം സൂക്ഷ്മമായ ഈ കീടത്തെ അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹം ലഭിച്ച ക്രാന്തദർശികളല്ലാതെ കാണുകയില്ല. അതു മനുഷ്യന് വലിയ വിനയാണ്. ശരീരേച്ഛയുടേതായ ഈ വിഗ്രഹം മനുഷ്യനെ അല്ലാഹുവിനോടും സമസൃഷ്ടികളോടുമുള്ള കടമ നിറവേറ്റുന്നതിൽ നിന്നു തടയുന്നു. കുറേയൊക്കെ വായിക്കുകയും ലേഖനങ്ങൾ എഴുതുകയും ചെയ്ത വിദ്വാനെന്നു പറയുന്നവർ, ബിരുദം നേടിയവർ, മൗലവി എന്നു പറയുന്നവർ, ഹദീസ് പഠിച്ചിട്ടുള്ളവർ ഇവരാരും തങ്ങളിൽ കുടികൊള്ളുന്ന വിഗ്രഹങ്ങളെപ്പറ്റി ബോധവാന്മാരാകുന്നില്ല; അവരതിനെ പൂജിക്കുകയാണ് ചെയ്യുന്നത്!

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

''രാപ്പകൽ പരിശുദ്ധ കലിമ ചൊല്ലുവാൻ മുസ്ലിംകൾ താക്കീതു ചെയ്യപ്പെട്ടതിന്റെ കാരണം അതു കൂടാതെ ഒരു തരത്തിലുള്ള ധീരതയും ഉണ്ടാവുകയില്ല എന്നതാണ്. മനുഷ്യൻ ലാഇലാഹ ഇല്ലല്ലാഹ് എന്നു പറയുമ്പോൾ, അതിന്റെ അർഥം എല്ലാ മനുഷ്യരുടേയും വസ്തുക്കളുടേയും ഭരണാധികാരികളുടേയും ഓഫീസർമാരുടേയും ശത്രുക്കളുടേയും സുഹൃത്തുക്കളുടെയുമെല്ലാം ശക്തിയും ബലവും അല്ലാഹുവിന്റെ മുമ്പിൽ നിഷ്പ്രഭമായി എന്നാണ്. മനുഷ്യന്റെ ദൃഷ്ടിയിൽ, അല്ലാഹുവിനെ കൂടാതെ മറ്റെല്ലാ വസ്തുക്കളും ഒന്നുമല്ലാതായിത്തീരുന്നു. ആ ഘട്ടത്തിൽ മനുഷ്യൻ ധീരതയോടെയും തന്റേടത്തോടെയും പ്രവർത്തിക്കുന്നു. ഭയപ്പെടുത്തുന്ന ഒരാൾക്കും അവനെ പേടിപ്പെടുത്താൻ സാധിക്കുകയില്ല.

(മൽഫൂസാത്ത് വാള്യം 10 പേജ് 147)

വരൂ, 'ലാഇലാഹ ഇല്ലല്ലാഹ്' എന്ന പരിശുദ്ധ വചനത്തെകുറിച്ച് അഗാധമായി ചിന്തിച്ചുകൊണ്ട് ഓരോ നിമിഷവും നമുക്കത് ചൊല്ലിക്കൊണ്ടിരിക്കാം. അപ്പോൾ നാം എല്ലായിടത്തും അല്ലാഹുവിനെതന്നെ ദർശിക്കും. സർവവും നശ്വരമാണ്. ആകാശങ്ങളും ഭൂമിയും പ്രപഞ്ചത്തിന്റെ ഓരോ അണുവും സർവലോക പരിപാലകന്റെ മുമ്പിൽ പ്രണമിക്കുകയും അല്ലാഹുവിനെ ആശ്രയിച്ചു നില്ക്കുകയും ചെയ്യുന്നു. ആർക്കെങ്കിലും എന്തെങ്കിലും തന്നനുഗ്രഹിക്കുവാൻ അല്ലാഹു അല്ലാതെ മറ്റൊരു അസ്തിത്വവുമില്ലെന്ന വിശ്വാസത്തോടെ, വേദനിച്ചും ഉത്സാഹം കാണിച്ചും ദുആ ചെയ്യുകയാണെങ്കിൽ ആ വേദന ദുആ സ്വീകാര്യത്തിന്റെ നിമിത്തമാവുകയും അല്ലാഹു തന്നെ നമ്മുടെ സകല പ്രവൃത്തികളും സ്വയം നിർവഹിക്കുമാറാവുകയും ചെയ്യും.

അല്ലയോ പരീക്ഷിക്കുന്നവരേ, ഈ മരുന്നുകൂടി ഒന്നു പരീക്ഷിച്ചുനോക്കുക.

വരിക, നമ്മുടെ ദുആ ധാരാളമായി അല്ലാഹു സ്വീകരിക്കുന്നതിനുവേണ്ടി, അവന്റെ കല്പനയനുസരിച്ചുതന്നെ നമ്മുടെ



Scanned by CamScanner

ഭാര്യാ മക്കളോടൊപ്പം ഹസ്റത്ത് മസീഹ് മൗഊദിന്റെ ജീവിത മാതൃകയെ പിൻപററിക്കൊണ്ട് നമുക്ക് പ്രവർത്തിക്കാം.

ഹസ്റത്ത് മസീഹ് മൗഊദിന്റെ സുശിക്ഷണം ലഭിച്ച പുണ്യവാനായ ഹസ്രത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് അരുളം ചെയ്യുന്നു:

''വാതിലടച്ച് മുറിയ്ക്കുള്ളിൽ ഏകനായിരിക്കുക എന്നത് ഹസ്റത്ത് മസീഹ് മൗഊദിന്റെ ഒരു ശീലമായിരുന്നു. ഒരിക്കൽ അവിടത്തെ ഒരു കുട്ടി വാതിലിൽ ശക്തിയായി മുട്ടിക്കൊണ്ടു പറഞ്ഞു: ഉപ്പാ വാതിൽ തുറക്ക്! അവിടന്ന് ഉടനെ എഴുന്നേററ് വാതിൽ തുറന്നു. കുട്ടി ഉള്ളിൽ കടന്ന് തിരിഞ്ഞു മറിഞ്ഞൊന്നു നോക്കി ഇറങ്ങിപ്പോയി. ഹസ്റത്ത് മസീഹ് മൗഊദ് (അ) വാതിലടച്ചു. രണ്ടു മിനുട്ടിനുശേഷം വീണ്ടും ആ കുട്ടി വന്നു വാതിലിൽ മുട്ടി. ഉപ്പാ വാതിൽ തുറക്ക്! അവിടന്ന് വളരെ സമാധാനത്തോടും സന്തോഷത്തോടും കൂടി എഴുന്നേററു വാതിൽ തുറന്നു. ഇപ്രാവശ്യം ആ കുട്ടി ഉള്ളിൽ കടന്നില്ല. വെളിയിൽ നിന്ന് എത്തിനോക്കി എന്തോ ചിലത് പതുക്കെ പറഞ്ഞശേഷം ഓടിപ്പോയി. ഹസ്റത്ത് മസീഹ് മൗഊദ് (അ) പൂർണ സംതൃപ്തിയോടെ വാതിലടച്ചു. തന്റെ പ്രധാന ജോലി തുടർന്നു. അഞ്ചു മിനിററിനുശേഷം വീണ്ടും ആ കുട്ടി ഉപ്പാ വാതിൽ തുറക്ക് എന്നു പറഞ്ഞു ഒച്ചവച്ചു; കുട്ടി ബഹളം കൂട്ടുകയും വാതിൽ തുറക്കുവാൻ നിർബന്ധിക്കുകയുമായിരുന്നു. അവിടന്നു പ്രസന്നതയോടെ കസാരയിൽ നിന്നെഴുന്നേററു വാതിൽ തുറന്നു. മസീഹ് മൗഊദിന്റെ നാവിൽ നിന്നു അതൃപ്തിയുടെ ഒരു വാക്കുപോലും വീണില്ല. നീ എന്തിനു വന്നുവെന്നോ എന്താണ് നീ തെരയുന്നതെന്നോ അവിടന്നു തിരക്കിയില്ല. കൂടെക്കൂടെ വന്നു എന്നെ ശല്യപ്പെടുത്തുന്നതിന്റെ ഉദ്ദേശ്യമെന്താണെന്നും അദ്ദേഹം ചോദിച്ചില്ല. തന്റെ ജോലി തടസ്സപ്പെടുത്തുന്നതിന് കുട്ടിയെ അവിടന്നു ശാസിച്ചതേയില്ല. ഹസ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് (റ) പറയുന്നു: ഞാൻ എണ്ണി നോക്കിയപ്പോറാം ഒരു പ്രാവശ്യമല്ല, ഏതാണ്ട് ഇരുപത് പ്രാവശ്യം ആ കുട്ടി ഇങ്ങനെ ചെയ്യുകയുണ്ടായി.



Scanned by CamScanner

എങ്കിൽ കൂടി ഒരു പ്രാവശ്യംപോലും ഹസ്റത്ത് മസീഹ് മൗഊദിൻെറ വായിൽ നിന്ന് ആട്ടിയോടിക്കുന്നതോ വെറുപ്പുളവാക്കുന്നതോ ആയ ഒരു വാക്കുപോലും പുറപ്പെട്ടില്ല.''

(മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽകോട്ടി എഴുതിയ സീറത്ത് മസീഹ് മൗഊദ്)

ഹസ്റത്ത് മസീഹ് മൗഊദിൻെറ ജീവിതത്തിലെ മററൊരു സംഭവത്തെ വിവരിച്ചുകൊണ്ട് ഹസ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് പറയുന്നതു കാണുക:

ചില സന്ദർഭങ്ങളിൽ കുട്ടികൾ മസീഹ് മൗഊദിന് കഥകൾ കേൾപ്പിക്കാൻ തുടങ്ങും. അവിടന്നു ശ്രദ്ധാപൂർവം അതു കേൾക്കും. അതിൽ താല്പര്യമുണ്ടായിട്ടല്ല; കുട്ടികളുടെ മനസ്സ് വ്രണപ്പെടാതിരിക്കാനും കുട്ടികൾക്ക് അവിടുന്ന് നല്കുന്ന ശിക്ഷണത്തിന് എതിരായി പ്രവർത്തിച്ചുവെന്നു വരാതിരിക്കാനുമാണ് അങ്ങനെ ചെയ്യുന്നത്. കുട്ടികളുടെ ശിക്ഷണത്തിന് അവരോടുള്ള ആദരവും സഹനവും അനിവാര്യമാണ്.

(സീറത്തുൽ മഹ്ദി വാള്യം 1 പേജ് 156)

ഹസ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് [നവ്വറല്ലാഹു മർക്കദഹു] ഇപ്രകാരം വിവരിക്കുന്നു.

തൻേറയും മററുള്ളവരുടേയും കുട്ടികൾ ഹസ്റത്ത്മസീഹ് മൗഊദിൻെറ കട്ടിലിൽ ഇരിക്കുന്നത് പല പ്രാവശ്യം ഞാൻ കണ്ടിട്ടുണ്ട്. അദ്ദേഹത്തെ പായയിൽനിന്നു ഉന്തിത്തള്ളി അവർ അവിടെയിരിക്കുമായിരുന്നു. താൻ കുട്ടിക്കാലത്ത് കേട്ടിട്ടുള്ള തവളയുടെയും കാക്കയുടെയും പക്ഷിയുടെയും കഥകൾ അവിടന്നു അവർക്ക് പറഞ്ഞുകൊടുക്കും. മണിക്കൂറുകളോളം ഇങ്ങനെ കേൾപ്പിക്കാറുമുണ്ട്. റൂമിയുടെ 'മസ്നവി' കേൾപ്പിക്കുന്നതുപോലെ ഏററ രസകരമായാണ് ഹസ്റത്ത് സാഹിബ് അവർക്ക് അത് പറഞ്ഞുകൊടുത്തിരുന്നത്.

ചില സന്ദർഭങ്ങളിൽ വീട്ടിൽവച്ചും ഹസ്റത്ത്മസീഹ് മൗഊദ് (അ) കുട്ടികൾക്ക് കഥകൾ പറഞ്ഞു കൊടുക്കാറുണ്ട്. ഒരു നല്ല മനുഷ്യൻെറയും ഒരു ചീത്ത മനുഷ്യൻെറയും കഥ മിക്കപ്പോഴും അവിടന്നു കേൾപ്പിക്കുമായിരുന്നു. അതിൻെറ ചുരുക്കമിതാണ്. ഒരു നല്ല മനുഷ്യനും ഒരു ചീത്തമനുഷ്യനു



Scanned by CamScanner

മുണ്ടായിരുന്നു. രണ്ടുപേരും അവരുടേതായ രീതിയിൽ പ്രവർത്തിച്ചു. ഒടുവിൽ ചീത്ത മനുഷ്യന്റെ പര്യവസാനം വളരെ മോശമായിത്തീരുകയും നല്ല മനുഷ്യന് നല്ല പര്യവസാനമുണ്ടായിവരുകയും ചെയ്തു. (സീറത്തുൽ മഹ്ദി ഭാഗം 1 പേ:54)

ഹസ്റത്ത് മൗലവി അബ്ദുൽകരീം സാഹിബ് ഒരു സംഭവം വിവരിച്ചിരിക്കുന്നു. അദ്ദേഹം പറയുന്നു: ഹസ്റത്ത് സാഹിബ് മക്കളെ ശിക്ഷിക്കുന്നതിന് അങ്ങേയററം എതിരുള്ള ആളാണ്. അത്തരം ഒരു കാര്യത്തിലും ആ മഹാത്മാവ് കോപിക്കാറുണ്ടായിരുന്നില്ല. ഇവിടെ പ്രായമുള്ള ഒരു മനുഷ്യന് തന്റെ കുട്ടിയെ തല്ലുന്ന ശീലമുണ്ടായിരുന്നു. ഹസ്റത്ത് സാഹിബ് ഇതറിഞ്ഞപ്പോൾ വളരെ ദുഃഖിച്ചു. അയാളെ വിളിപ്പിച്ച് വേദനയോടെ ഉപദേശിച്ചു പറഞ്ഞു: എന്റെ പക്കൽ, ഇങ്ങനെ കുട്ടികളെ അടിക്കുന്നത് ശിർക്കിൽപ്പെട്ടതാണ്. അടിക്കുന്നവനായ ദുഃസ്വഭാവി നന്നാക്കുന്നതിലും സംരക്ഷിക്കുന്നതിലും തന്നെ സ്വയം പങ്കുചേർക്കാൻ ആഗ്രഹിക്കുന്നവനാണ്. രക്തത്തിളപ്പുള്ള ഒരു മനുഷ്യൻ ഏതെങ്കിലും കാര്യത്തിൽ ശിക്ഷ കൊടുക്കുമ്പോൾ അരിശം മൂത്ത് മൂത്ത് ശത്രുവായി മാറുന്നു. അയാൾ കുററത്തിനുള്ള ശിക്ഷയുടെ പരിധി ലംഘിക്കുക മാത്രമല്ല മൈലുകളോളം അപ്പുറത്ത് കടക്കുന്നു. ഉത്തരവാദിത്വബോധമുള്ളവനും വികാരത്തിന്നധീനനാകാത്തവനും പൂർണമായും സഹിക്കുന്നവനും സൗശീലനും സമാധാന ചിത്തനും മേൻമയുള്ളവനുമായ ഒരാൾക്ക് തന്റെ കുട്ടിയെ ഉചിതമായ നിലയിൽ ശിക്ഷിക്കാനോ അല്ലെങ്കിൽ കണ്ണുരുട്ടി ഭയപ്പെടുത്താനോ അവകാശമുണ്ട്. എന്നാൽ കോപത്തിന്നടിപ്പെട്ടവനും നീചനും ബുദ്ധിക്രമം തെററിയവനുമായ മനുഷ്യൻ ഒരിക്കലും തന്നെ, കുട്ടികൾക്ക് ശിക്ഷണം നല്കാൻ അർഹനല്ല. അഹോ കഷ്ടം! ആ ശിക്ഷ കൊടുക്കുവാൻ എടുക്കുന്ന താൽപര്യം ദുആയിൽ കാണിക്കുകയും ഉരുകുന്ന ഹൃദയത്തോടെ കുട്ടികൾക്കായി ദുആ ഇരക്കുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായേനെ! കാരണം, മാതാപിതാക്കൾ കുട്ടികൾക്കായി ചെയ്യുന്ന ദുആ പ്രത്യേകം സ്വീകരിക്കപ്പെടുന്നതാണ്.''

(മൽഫൂസാത്ത് വാല്യം 2 പേജ് 4)

''മാർഗദർശനം നല്കലും യഥാർത്ഥമായ ശിക്ഷണം കൊടുക്കലും അല്ലാഹുവിന്റെ പ്രവൃത്തിയാണ്. കഠിനമായി കുട്ടി



Scanned by CamScanner

കളെ ശിക്ഷിക്കുകയും തൊട്ടതിനും പിടിച്ചതിനുമൊക്കെ അവരെ ശകാരിക്കുകയും ചെയ്ത് നേരെയാക്കാൻ ശ്രമിക്കുന്നതും തന്റെ ഇച്ഛാനുസാരമുള്ള ഒരു മാർഗത്തിൽ അവരെ കൊണ്ടു വരുവാൻ പ്രയത്നിക്കുന്നതും സന്മാർഗത്തിന്റെ ഉടമാവകാശം സ്വയം ഏറ്റെടുക്കുന്നതുപോലെയാണ്. ഒരു തരത്തിലുള്ള ഗോപ്യമായ ശിർക്കാണിത്. നമ്മുടെ ജമാഅത്ത് ഇതിൽ നിന്ന് മോചനം നേടേണ്ടതാണ്. നാം നമ്മുടെ കുട്ടികൾക്കായി ദുആ ചെയ്യുകയും സാധാരണ നിലയിൽ അടിസ്ഥാന തത്വങ്ങളും മര്യാദകളും അവരെ പഠിപ്പിക്കുകയും ചെയ്യുന്ന വല്ലോ. ഇതിനേക്കാൾ ഉപരിയായി ഒന്നുമില്ല. പിന്നീട് പൂർണമായും നാം അല്ലാഹുവിൽ ഭരമേല്പിക്കുന്നു. സൗഭാഗ്യത്തിന്റെ ബീജം ആരിലാണോ ഉള്ളത് അവർക്കായി സമയമാകുമ്പോൾ അത് മുളച്ച് പുറത്തുവരുകതന്നെ ചെയ്യും.

(മൽഫൂസാത്ത് വാല്യം 2 പേജ് 5)

വരൂ, നമുക്കെല്ലാം ഹസ്റത്ത് മസീഹ് മൗഊദിന്റെ കാലടിപ്പാടുകളിലൂടെ സഞ്ചരിച്ച് നമ്മുടെ കുട്ടികൾക്ക് ആത്മീയ നഭോമണ്ഡലത്തിൽ മുന്നോട്ട് ഗമിക്കാനുള്ള സുശിക്ഷണം നല്കുകയും ദുആകളുടെ സഹായത്തോടെ എല്ലാ രംഗങ്ങളിലും മുഴുലോകത്തെയും മുന്നോട്ട് നയിക്കുകയും ചെയ്യാം.

★



Scanned by CamScanner

## ON THIS BOOKLET

Acceptance of Prayer is the Malayalam Version of the Urdu original composed by Rasheedudheen Khan.

The treatise compiles the invaluable observations made by Hazrath Masih-e-Mauood (Peace be on him) and the Khalifas who followed him (May Allah be pleased with them all) on the nature, significance and place of true Prayer in our lives.

In an age that boasts of its advances in Science and Technology, man remains sad and baffled, besieged by the forces of violence and injustice. He has lost his inward peace to recover which this booklet gives him precious guidelines.

The Malayalam rendering is done by Maulvi Muhammad Ismail Sahib H.A Ahmadiyya Muslim Missionary now at Cochin.

– Publisher

Scanned by CamScanner